# ചന്ദ്രമാസവും മുസ്‌ലിം സമുദായത്തിലെ ഭിന്നിപ്പുകളും

ഡോ. പി.എ. കരീം

## സമർപ്പണം



ഡോ. ഇഖ്ബാലിന്റെ കാവ്യ ലോകവുമായി ബന്ധപ്പെട്ട നാൾ മുതൽ മഹാകവിയെ ഗുരുസ്ഥാനത്ത് പ്രതിഷ്ഠിച്ചു. ഒപ്പം സഞ്ചരിക്കുന്നതിൽ ആനന്ദം കണ്ടെത്തി. മാനസിക സംഘർഷങ്ങൾക്ക് ഇഖ്ബാൽ കവിതകൾ ആശ്വാസത്തിന്റെ തെളിനീരായി. സമുദായത്തെയോർത്ത് വേവലാതിപ്പെടുമ്പോൾ കാര്യവും കാരണവും പരിഹാരവും അദ്ദേഹം പറഞ്ഞു തന്നു.

പള്ളികളുടെ നാലുകെട്ടുകൾക്കകത്ത് മറയിരുത്തപ്പെട്ട ദീനുൽ ഇസ്‌ലാമിനെ മഹാപ്രപഞ്ചത്തിന്റെ വിശാലതയിലേക്ക് വലിച്ചിട്ടു, മഹാകവി. പ്രകാശം ചൊരിയുന്ന കൈപ്പത്തിയുമായി ആധുനിക ഫറോവമാരോടേറ്റുമുട്ടാൻ സമുദായത്തെ ആഹ്വാനം ചെയ്തു, അദ്ധേഹം. കണ്ണിലും കരളിലും അന്ത്യപ്രവാചകനെ കുടിയിരുത്താതെ ഇന്ന് ഭൂമിയിലും നാളെ മഹ്ശറിലും രക്ഷയില്ല എന്ന് മുന്നറിയിപ്പ് നൽകി: 'ഹേ മുസൽമാൻ, നീ ചിതറിയ മുത്തുമണികളായി കിടന്നിട്ടെന്തുകാര്യം? ഇതാ ഈ ചരടെടുക്കു. ഇതു പ്രവാചക സ്നേഹമാണ്. നിന്നെ ഈ ചരടിൽ കോർത്തെടുക്കു. അത് മാലോകരെ അണിയിക്കു'.

മഹാകവിയുടെ ദൈവ വിശ്വാസവും പ്രവാചക പ്രേമവും സമുദായ തൽപരതയും സഹജീവി സ്നേഹവും വിമോചന മനസ്സും ഏതൊരു വിശ്വാസിയെയും ത്രസിപ്പിക്കാൻ പോന്നതു തന്നെ!

ഈ കൊച്ചു പുസ്തകം മഹാകവിയുടെ നിയോഗത്തോട് നീതി പുലർത്തുമെന്ന പ്രതീക്ഷയിൽ അദ്ദേഹത്തിനുവേണ്ടി സമർപ്പിക്കുന്നു.

- ഗ്രന്ഥകാരൻ.

₹.180 50

# ചന്ദ്രമാസവും
# മുസ്‌ലിം സമുദായത്തിലെ
# ഭിന്നിപ്പുകളും

# ചന്ദ്രമാസവും മുസ്‌ലിം സമുദായത്തിലെ ഭിന്നിപ്പുകളും

ഡോ. പി.എ. കരീം

പ്രസാധനം:

**നേച്ചുറൽ ഹൈജീൻ ചാരിറ്റബിൾ ട്രസ്റ്റ്, കോഴിക്കോട്**

**Chandramasavum Muslim Samudayathiley Bhinnipukalum**
Lunar Month & Muslims)

Auther : **Dr. P.A. Kareem**
Email: pakareemdr@hotmail.com

Publisher : Natural Hygiene Charitable Trust. Regd.
Calicut
Email: hygienecure1@gmail.com

First Edition : 2014
Copies : 1000
Price : ₹ 100
Printing : K.T. Printers, Mukkam

## ഉള്ളടക്കം

### ഭാഗം I
### ചന്ദ്രമാസ നിരീക്ഷണം


1. സൂര്യകുടുംബം ........ .14
2. സൂര്യൻ ........ .15
3. കറക്കം ........ .16
4. ചന്ദ്രൻ ........ .19
5. മാസനിരീക്ഷണം ........ .25
6. പിറവി വിരൽത്തുമ്പിൽ ........ .29
7. ഉദയം ........ .31
8. അബദ്ധപഞ്ചാംഗങ്ങൾ ........ .33
9. പരിഷ്കരണങ്ങൾ ........ .38
10. ഭിന്നിപ്പിന്റെ സന്ദേശം ........ .44
11. ഖുർആനും സുന്നത്തും ........ .48


### ഭാഗം II
### നിരൂപണങ്ങൾ


1 'ന്യൂമൂണും മാസപ്പിറവിയും' ........ .62

– അബ്ദുൽ ഹമീദ് മദീനി

2.'മാസപ്പിറവി നബിചര്യയിലും ശാസ്ത്രത്തിലും' ........ .72

– പി.ഒ. ഉമർ ഫാറൂഖ്

3.'മാസപ്പിറവിയും ഭിന്നതക്കുള്ള പരിഹാരവും' ........ .81

– ഡോ. കെ. മുഹമ്മദ് സാജിദ്


### ഭാഗം III
### സംഘടനകൾ പുതിയ ദൈവങ്ങൾ


1. ഭിന്നിപ്പ് ശിർക്കാണ് ........ .85
2. വിശ്വാസികൾ ഒറ്റ ശരീരം ........ .90
3. എന്തിനാണ് പള്ളി? ........ .94
4. എന്തിനാണ് സമ്മേളനങ്ങൾ? ........ .98
5. അനുയായികൾ എന്ത് ചെയ്യണം? ........ .101
6. സമുദായം ആരെ അനുസരിക്കണം? ........ .106
7. അല്ലാഹു എവിടെ?. ........ .108
8. എന്തുകൊണ്ട് പീഢനം? ........ .113

# പിറവി

**الحمد للّه  ربّ العالمين والصلواة والسلام على رسوله الامين اللّهم صلّ على**
**محمد وعلى آل محمد كما صليت على ابراهم وعلى آل ابراهم وبارك على**
**محمد وعلى آل محمد كما باركت على ابراهيم  وعلى آل ابراهيم  انك حميد مجيد .**
**ربّ اشرح لى صدري ويسّرلى امرى واحلل عقدة من لسانى يفقهوا قولى - آمين**

അല്ലാഹു ഭൂനിവാസികൾക്കു വേണ്ടി സംവിധാനിച്ച ചന്ദ്ര മാസക്കലണ്ടർ അപ്രായോഗികമാണെന്നും ഓരോ നാട്ടിലും പല ദിവസങ്ങളിൽ മാസാരംഭം കുറിക്കണമെന്നും അങ്ങനെ സമുദായം ഭിന്നിച്ചുകൊണ്ടിരിക്കണമെന്നും വാദിക്കുന്ന മത നേതൃത്വങ്ങളോടുള്ള പ്രതിഷേധമാണ് ഈ പുസ്തകം.

ഇതിന്റെ രചയിതാവ് പാമരനാണ്. ഖലീഫാ ഉമറിന്റെ ഉത്തരവിനെ ചോദ്യം ചെയ്ത ആ ഗ്രാമീണ പെണ്ണിനെപ്പോലെ. ഭരണകർത്താക്കളും പണ്ഡിതരും നേതാക്കളും, ദൈവിക വചനങ്ങൾക്കും പ്രവാചക ചര്യകൾക്കും എതിരായി നീങ്ങുമ്പോൾ അവരെ തിരുത്താൻ ശ്രമിക്കുന്നത് ധർമ്മ സമരമാണ് എന്നാണല്ലോ തിരുവചനം. ഈ പുസ്തകത്തിന്റെ ഇന്ധനം അതുമാത്രമാണ്.

മുസ്‌ലിംകൾ  ഒറ്റക്കെട്ടായി നിൽക്കുക. അല്ലാഹുവിനെയും പ്രവാചകനെയും ഉയരങ്ങളിൽ പ്രതിഷ്ഠിക്കുക,  വിസ്മൃതിയിലാണ്ടുപോയ സുന്നത്തിനെ പുനഃസ്ഥാപിക്കുക എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്.

ഇതൊരു പുതിയ ഗവേഷണമാണ്. ഗവേഷണം (ഇജ്തിഹാദ്) ഇസ്ലാമിൽ വളരെ പുണ്യപ്പെട്ട കർമ്മമാണ്. ഗവേഷണത്തിൽ തെറ്റ് പറ്റിയാൽ ഒരു പ്രതിഫലം, ശരിയായാൽ രണ്ട് പ്രതിഫലം എന്നാണ്. തെറ്റാണെങ്കിലും ഒരു പ്രതിഫലമെങ്കിലും നേടാമല്ലോ.

സമുദായത്തെ  ശിഥിലീകരിക്കുന്നവരോടുള്ള  രോഷപ്രകടനവും ഇതിന്റെ ഒടുവിലുണ്ട്. ഇസ്‌ലാമിക ദാർശനിക  കവി ഡോ. അല്ലാമ മുഹമ്മദ് ഇഖ്ബാലിന്റെ വേവലാതികളുമുണ്ട്.

വിഷയവുമായി ബന്ധപ്പെട്ട് മൂന്ന് ഗ്രന്ഥങ്ങളെ നിരൂപണ വിധേയമാക്കുന്നുണ്ട്. അത് ഗ്രന്ഥകാരൻമാരോടുള്ള  വൈരാഗ്യമല്ല. സോദ്ദേശ്യ പ്രേരിതമാണ്.  വേദനിപ്പിക്കുന്ന വല്ല പരാമർശവും ഈ പുസ്തകത്തിലുണ്ടെങ്കിൽ ഉദ്ദേശ്യ ശുദ്ധികൊണ്ട് പൊറുക്കുക.

**ഡോ. പി.എ. കരിം**

കോഴിക്കോട്
ജ.അവ്വൽ 1435 /മാർച്ച് 2014

pakareemdr@hotmail.com

# ആമുഖം

## പ്രൊഫ. കെ. അഹമ്മദ് കുട്ടി

*(1993 മാർച്ച് 11ലെ ചന്ദ്രികാ ദിനപത്രത്തിൽ മർഹൂം പ്രഫ. കെ. അഹ്മദ് കുട്ടി -കേരളാ നദ്‌വത്തുൽ മുജാഹിദീൻ, ഗോളശാസ്ത്ര വിഭാഗം തലവൻ, മുൻ പ്രിൻസിപ്പാൾ പി.എസ്.എം.ഒ, കോളേജ് തിരൂരങ്ങാടി - ചന്ദ്രപ്പിറവിയെ സംബന്ധിച്ച് എഴുതിയ ലേഖനമാണ് ഈ പുസ്തകത്തിന്റെ ആമുഖമായി തെരഞ്ഞെടുത്തിരിക്കുന്നത്.)*

# മാസപ്പിറവി

സൂര്യനും ചന്ദ്രനും നമുക്ക് ചുറ്റും മത്സരിച്ചോടിക്കൊണ്ടിരിക്കുന്ന രണ്ട് അത്‌ലറ്റുകളാണെന്ന് നമുക്ക് സങ്കൽപ്പിക്കാം. മാനാഞ്ചിറ മൈതാനിയിൽ വൃത്താകൃതിയിലുള്ള രണ്ട് ട്രാക്കുകളുണ്ടാക്കി അതിലൂടെയാണ് അവർ ഓട്ടമത്സരം നടത്തുന്നത്. ട്രാക്കുകളുടെ കേന്ദ്രത്തിൽ ഒരു റഫറി മത്സരം വീക്ഷിക്കുന്നു. ഔട്ടർ ട്രാക്കിലൂടെയാണ് സൂര്യൻ ഓടുന്നത്. ഇന്നർ ട്രാക്കിലൂടെ ചന്ദ്രനും. സൂര്യൻ ഒരു റൗണ്ട് പൂർത്തിയാക്കുമ്പോഴേക്ക് കൂടുതൽ വേഗതയിൽ ഓടുന്ന ചന്ദ്രൻ അനേകം റൗണ്ടുകൾ പൂർത്തിയാക്കുന്നു. ഓരോ റൗണ്ട് കഴിയുമ്പോഴും ചന്ദ്രൻ സൂര്യനെ ഓവർടെയ്ക്ക് ചെയ്യുന്ന കൃത്യമായ സമയം റഫറി സ്റ്റോപ്പ് വാച്ചിൽ കുറിക്കുന്നു. ഇതാണ് ന്യൂമൂൺ സമയം. **ചന്ദ്രൻ സൂര്യനെ മറികടക്കുന്ന അവസ്ഥയെയാണ് ന്യൂമൂൺ, അമാവാസി, മാസപ്പിറവി എന്നൊക്കെ പറയുന്നത്. ഒരു ഓവർ ടെയ്ക്കിംഗ് കഴിഞ്ഞ് ചന്ദ്രൻ സൂര്യന്റെ മുമ്പിൽ എത്തിക്കഴിഞ്ഞാൽ ആ ചന്ദ്രനെയാണ് നാം ഹിലാൽ എന്ന് വിളിക്കുന്നത്.**

ഈ ഉദാഹരണം ഇനി ആകാശത്തിലേക്ക് പകർത്താം. ഭൂമിയിലുള്ള നമ്മളാണ് റഫറിമാർ. **സൂര്യനും ചന്ദ്രനും കിഴക്കുദിച്ച് പടിഞ്ഞാറസ്തമിക്കുന്നതായി** അനുഭവപ്പെടുന്നു. യഥാർത്ഥത്തിൽ നമ്മെയും വഹിച്ച് കൊണ്ട് ഭൂമി പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് തിരിയുകയാണ്. തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ വൃക്ഷങ്ങളും കെട്ടിടങ്ങളും എതിർദിശയിൽ നീങ്ങിക്കൊണ്ടിരിക്കുന്നത് അനുഭവപ്പെടാറുണ്ടല്ലോ. അതുപോലെയാണ് സൂര്യനും ചന്ദ്രനും കിഴക്കുദിച്ച് പടിഞ്ഞാറസ്തമിക്കുന്നതും. ഈ ദൈനംദിന ചലനത്തെ

തൽക്കാലം മറക്കാം. ഇതിനുപുറമെ സൂര്യനും ചന്ദ്രനും മറ്റൊരു ചലനമുണ്ട്. സൂര്യൻ പ്രതിദിനം ഒരു ഡിഗ്രി വേഗതയിലും ചന്ദ്രൻ പ്രതിദിനം 13 ഡിഗ്രി 11 മിനുട്ട് വേഗതയിലും പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് നീങ്ങുന്നുണ്ട്. ഈ ചലനങ്ങളെയാണ് മാനാഞ്ചിറയിലെ ഓട്ടമത്സരത്തോട് ഉപമിച്ചത്. മെല്ലെ നീങ്ങുന്ന സൂര്യൻ നമുക്ക് ചുറ്റും ഒരു റൗണ്ട് പൂർത്തിയാക്കുവാൻ 365 ദി. 6 മ. 9 മി. 10 സെ. എടുക്കുമ്പോൾ ചന്ദ്രൻ 27 ദി. 7 മ. 43 മി. 11.5 സെ. കൊണ്ട് ഒരു റൗണ്ട് പൂർത്തിയാക്കുന്നു. ഒരു മാസപ്പിറവിക്ക് ശേഷം 27 ദി. 7 മ. 43 മി. 11.5 സെ. കഴിഞ്ഞാൽ ചന്ദ്രൻ അതിന്റെ പഴയ സ്ഥാനത്ത് (സൂര്യനെ ഓവർടെയ്ക്ക് ചെയ്ത സ്ഥാനത്ത്) എത്തിച്ചേരുമെങ്കിലും സൂര്യൻ അപ്പോഴേക്കും 27 ഡിഗ്രിയോളം കിഴക്കോട്ട് നീങ്ങിയിട്ടുണ്ടാകും. അതിനാൽ സൂര്യനോടൊപ്പമെത്താൻ ചന്ദ്രന് പിന്നെയും രണ്ട് ദിവസം കൂടി സഞ്ചരിക്കേണ്ടി വരുന്നു. രണ്ട് മാസപ്പിറവികൾക്കിടയിലുള്ള സമയ ദൈർഘ്യം ശരാശരി 29 ദി. 12 മ. 44 മി. 2.9 സെ. ആയിരിക്കും. ഓരോ മാസവും ഇത് കൂടിയും കുറഞ്ഞുമിരിക്കും.

ഒരു മാസപ്പിറവിക്കു ശേഷം ആദ്യമായി കാണുന്ന ചന്ദ്രനാണ് ഹിലാൽ. മാസപ്പിറവി ഉണ്ടാകുന്നത് പകൽ സമയത്താണെങ്കിൽ ഉടനെ ഹിലാൽ കാണുകയില്ല. കാരണം സൂര്യന് വളരെ തൊട്ട് കിടക്കുന്ന ഹിലാൽ സൂര്യപ്രകാശത്തിൽ കുളിച്ച് പോകും. സൂര്യൻ അസ്തമിച്ച് കഴിഞ്ഞാൽ സൂര്യന്റെ കിഴക്ക് സ്ഥിതിചെയ്യുന്ന ഹിലാൽ (ഓവർ ടെയ്ക്കിങ്ങിന് മുമ്പ് ചന്ദ്രൻ സൂര്യന്റെ പടിഞ്ഞാറ് ഭാഗത്തായിരുന്നു. ഓവർ ടെയ്ക്കിങ്ങിന് ശേഷം ചന്ദ്രൻ സൂര്യന്റെ കിഴക്ക് ഭാഗത്തേക്ക് നീങ്ങി) പടിഞ്ഞാറെ ചക്രവാളത്തിൽ തെളിഞ്ഞുവരുന്നു. **അപ്പോഴാണ് മാസം കാണുന്നത്. മാസപ്പിറവിയുണ്ടാകുന്നത് രാത്രിയാണെങ്കിൽപോലും ഉടനെ ഹിലാൽ കാണുക സാധ്യമല്ല**. കാരണം, സൂര്യൻ ഭൂമിയുടെ മറുഭാഗത്താണല്ലോ. സൂര്യനോട് തൊട്ട് സ്ഥിതി ചെയ്യുന്ന ചന്ദ്രനെ പിന്നെ എങ്ങനെ കാണാൻ കഴിയും? ആ രാത്രിയും തൊട്ടടുത്ത പകലും കഴിയുമ്പോഴേക്ക് ചന്ദ്രൻ സൂര്യനിൽ നിന്ന് വളരെ അകന്ന് കിഴക്കോട്ട് നീങ്ങിയിട്ടുണ്ടാകും. പിന്നെ സൂര്യൻ അസ്തമിക്കുമ്പോൾ സാമാന്യം വലിയ ഹിലാൽ ദൃശ്യമാകുകയും ചെയ്യും.

നേരത്തെ പറഞ്ഞ ഓട്ടമത്സരത്തിന്റെ ഉദാഹരണം ഒന്നുകൂടി പരിഗണിക്കാം. സൂര്യൻ ഓടുന്ന ട്രാക്ക് സമതലമാണെന്നും ചന്ദ്രന്റെ ട്രാക്കിന്റെ ഒരു പകുതി ഈ സമതലത്തിൽ നിന്നും അൽപം ഉയർന്നും മറ്റേ പകുതി അൽപം താഴ്ന്നും കിടക്കുന്നുവെന്നും കരുതുക. ഈ ഉയർച്ചയും താഴ്ചയും കാരണം ഓവർ ടെയ്ക്കിങ്ങ് സമയത്ത് ചിലപ്പോൾ സൂര്യ ന്റെ മുഖം റഫറിക്ക് കാണാം. ചില പ്പോൾ ചന്ദ്രൻ സൂര്യന്റെ മുഖത്തെ റഫറിയിൽ നിന്നും മറച്ചുപിടി ക്കും. ഇങ്ങനെ ചന്ദ്രൻ സൂര്യന്റെ മുഖത്ത് മറച്ചുപിടിക്കുന്ന അവ സ്ഥയെയാണ് സൂര്യഗ്രഹണം എന്ന് പറയുന്നത്. അപ്പോൾ ചന്ദ്രൻ സൂര്യനെ മറികടക്കുന്ന ന്യൂമൂൺ സമയത്ത് തന്നെയാണ് സൂര്യ ഗ്രഹണം ഉണ്ടാകുന്നത്. എന്നാൽ എല്ലാ മാസവും ന്യൂമൂൺ സമ യത്ത് എന്തുകൊണ്ട് സൂര്യഗ്രഹണം ഉണ്ടാകുന്നില്ല? ചന്ദ്രന്റെ ട്രാക്ക് ഒരു ഭാഗത്ത് ഉയർന്നും മറുഭാഗത്ത് താഴ്ന്നും കിടക്കുന്നു എന്ന തുതന്നെയാണ് അതിന്റെ കാരണം. കൃത്യമായി പറഞ്ഞാൽ ചന്ദ്രന്റെ സഞ്ചാരപഥത്തിന്റെ പ്രതലം സൂര്യന്റെ സഞ്ചാരപഥത്തിന്റെ പ്രത ലവുമായി 5 ഡിഗ്രി 8 മിനുട്ട് ചരിഞ്ഞാണ് കിടക്കുന്നത്. ഈ ചരിവ് ഇല്ലായിരുന്നുവെങ്കിൽ, എല്ലാ മാസവും ന്യൂമൂൺ സമയത്ത് ഒരു സൂര്യഗ്രഹണവും പൗർണ്ണമി സമയത്ത് ഒരു ചന്ദ്രഗ്രഹണവും ഉണ്ടാ കുമായിരുന്നു.

മാസപ്പിറവിയുടെ കാര്യം പറയുന്നേടത്ത് സൂര്യഗ്രഹണത്തിന്റെ കാര്യം എന്തിന് പറയുന്നു എന്ന് ചോദിച്ചേക്കാം. **സൂര്യഗ്രഹണം കൃത്യമായി കണക്ക് കൂട്ടി കണ്ട് പിടിക്കുവാൻ കഴിയുമെങ്കിൽ, മാസപ്പിറവി അഥവാ ന്യൂമൂൺ സമയവും കൃത്യമായി കണ്ട് പിടി ക്കുവാൻ കഴിയും. കാരണം, അത് രണ്ടും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. ന്യൂമൂൺ സമയ നിർണ്ണയത്തിൽ സംശയം പ്രകടിപ്പിക്കുന്നവർ, സൂര്യഗ്രഹണം മുൻകൂട്ടി നിർണ്ണയിക്കുന്ന തിനെ ചോദ്യം ചെയ്യാറില്ല. ഗ്രഹണം സത്യമായി പുലരും എന്ന ബോധ്യം അവർക്കുണ്ട്. എങ്കിൽ സൂര്യഗ്രഹണത്തിന്റെ അതേ പദവിയുള്ള മാസപ്പിറവിയും മുൻകൂട്ടി നിർണ്ണയിക്കുവാൻ കഴിയും എന്ന കാര്യത്തിൽ അവർ സംശയിക്കേണ്ടതില്ല.**

മാസപ്പിറവിയെക്കുറിച്ചും ഗ്രഹണങ്ങളെക്കുറിച്ചും മുൻകൂട്ടി നട ത്തുന്ന പ്രവചനം തെറ്റിപോകുവാൻ വല്ല സാധ്യതയുമുണ്ടോ?

സൂര്യൻ, ചന്ദ്രൻ, ഗ്രഹങ്ങൾ എന്നിവയുടെ ചലനങ്ങൾ മനുഷ്യൻ നിരീക്ഷിക്കുവാൻ തുടങ്ങിയിട്ട് കാലം ഏറെയായി. അവയുടെ ആവർത്തിച്ചാവർത്തിച്ച് വരുന്ന ഉദയാസ്തമയങ്ങളും ഗ്രഹണങ്ങളും മനുഷ്യനിൽ എല്ലാ കാലത്തും കൗതുകം ജനിപ്പിച്ചിട്ടുണ്ട്. ആദ്യം നഗ്നനേത്രങ്ങളെ മാത്രം മനുഷ്യൻ ആശ്രയിച്ചു. പിന്നീട് ദൂരദർശിനികളിലൂടെ കൂടുതൽ വ്യക്തമായ ചിത്രങ്ങൾ ശേഖരിച്ചു. നിരീക്ഷണങ്ങളിലൂടെ ലഭിച്ച അറിവ് പിൻതലമുറകൾക്ക് കൈമാറി. ഈ അറിവ് ഗണിതശാസ്ത്ര സൂത്രവാക്യങ്ങളിലും നിയമങ്ങളിലും കോർത്തിണക്കാമെന്ന് കണ്ടെത്തി. ഈ സൂത്രവാക്യങ്ങളുപയോഗിച്ച് സൂര്യചന്ദ്രന്മാരുടെ ഉദയാസ്തമയങ്ങൾ, ഗ്രഹണം എന്നിവ ഇപ്പോൾ എവിടെ വെച്ചുണ്ടാകുമെന്ന് പ്രവചിച്ചുനോക്കി. പ്രവചനം ശരിയാണോ എന്ന് സമയം വരുമ്പോൾ പരിശോധിച്ച് ഉറപ്പ് വരുത്തി. പ്രവചനവും യാഥാർത്ഥ്യവും തമ്മിൽ നേരിയ വ്യത്യാസമുണ്ടായപ്പോഴൊക്കെ അതിന്റെ കാരണം കണ്ട് പിടിച്ച് സൂത്രവാക്യങ്ങളിൽ ആവശ്യമായ മാറ്റം വരുത്തി. അങ്ങനെ അനേകം വർഷങ്ങളിലൂടെ പ്രവചനവും നിരീക്ഷണവും മാറി മാറി നടത്തി ഗണിതശാസ്ത്ര ഫോമുലകൾ കുറ്റമറ്റതാക്കിത്തീർത്തു. ഈ ഫോമുലകൾ ഉപയോഗിച്ച്, സൂര്യചന്ദ്രന്മാരുടെയും ഗ്രഹങ്ങളുടെയും സ്ഥാനങ്ങൾ എവിടെയാണെന്ന് കാണിക്കുന്ന സമയവിവരപ്പട്ടിക ഇന്ന് ലോകത്തിന്റെ എല്ലാ ഭാഗത്തും മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നുണ്ട്. ഗ്രീൻവിച്ച് വാനനിരീക്ഷണ കേന്ദ്രത്തിൽ നിന്നും അമേരിക്കൻ 'നാവൽ ഒബ്സർവേറ്ററി'യിൽ നിന്നും കൽക്കത്തയിലെ 'പൊസിഷണൽ അസ്ട്രോണമി സെന്ററി'ൽ നിന്നും ഈ പട്ടികകൾ ലഭിക്കുന്നു. റെയിൽവെ ഗൈഡ് വാങ്ങുന്ന പോലെ വാനനിരീക്ഷണ കേന്ദ്രത്തിൽ നിന്ന് സൂര്യചന്ദ്രന്മാരുടെ ഗൈഡും വാങ്ങാം. പക്ഷെ രണ്ടു ഗൈഡുകളും തമ്മിൽ വ്യത്യാസമുണ്ട്. റയിൽവെ ഗൈഡ് നോക്കി, നാളെ വൈകുന്നേരം 6 മണിക്ക് മംഗലാപുരം മദ്രാസ് മെയിൽ കോഴിക്കോട്ടെത്തും എന്ന് നമുക്ക് പ്രവചിക്കാം. പക്ഷെ സമയ വിവരപ്പട്ടികയനുസരിച്ച് വണ്ടി 6 മണിക്ക് കോഴിക്കോട്ട് എത്തിയെന്ന് വരില്ല. അപ്പോൾ നമ്മുടെ 'പ്രവചനം' തെറ്റും. എന്നാൽ വണ്ടി കൃത്യസമയത്ത് മംഗലാപുരം വിടുകയും ആവശ്യമായ വേഗതയിൽ ഓടുകയും വഴിമദ്ധ്യേ യാതൊരു തട

സ്സവും നേരിടാതിരിക്കുകയും ചെയ്താൽ അത് കൃത്യസമയത്ത് കോഴിക്കോട്ട് എത്തുകതന്നെ വേണം. അക്കാര്യം നൂറു ശതമാനവും നമുക്കുറപ്പുണ്ട്. എന്നാൽ സൂര്യചന്ദ്രന്മാരുടെ ഗൈഡ് വ്യത്യസ്തമാണ്. അതിലെ സമയവിവര പട്ടിക അനുസരിച്ച് മാത്രമേ അവയുടെ ഉദയാസ്തമയങ്ങൾ സംഭവിക്കൂ. കാരണം ഉദയാസ്തമയങ്ങൾ എപ്പോഴാണെന്ന് നോക്കിയാണ് ആ പട്ടികകൾക്ക് രൂപം നൽകിയത്. ഈ പട്ടിക ലംഘിച്ച് കൊണ്ട് സൂര്യചന്ദ്രന്മാർ വല്ലപ്പോഴും ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്തിരുന്നുവെങ്കിൽ വാനനിരീക്ഷണ കേന്ദ്രങ്ങൾ അത് കണ്ടുപിടിക്കുമായിരുന്നു. തീവണ്ടികളുടെ വരവും പ്രതീക്ഷിച്ച് റെയിൽവെ സ്റ്റേഷൻ 24 മണിക്കൂറും ഉണർന്നു പ്രവർത്തിക്കുമ്പോലെ, സൂര്യചന്ദ്രന്മാരുടെ വരവും കാത്ത് വാനനിരീക്ഷണ കേന്ദ്രങ്ങളിലെ ദൂരദർശിനികൾ എല്ലാ സമയവും അവയുടെ കണ്ണ് തുറന്ന് വെച്ചിരിക്കുകയാണ്.

സമയം തെറ്റി ഉദിക്കുവാനോ അസ്തമിക്കുവാനോ ഉള്ള ഒരു വിദൂര സാധ്യതയുണ്ട്. **സൂര്യന്റെയോ ചന്ദ്രന്റെയോ സഞ്ചാരപഥങ്ങളിൽ ആകസ്മികമായി മാറ്റങ്ങൾ സംഭവിക്കുകയോ അവയുടെ വേഗത കൂടുകയോ കുറയുകയോ ചെയ്യുകയാണെങ്കിൽ നമ്മുടെ ടൈംടേബിൾ തെറ്റും. യാ തൊരു സംശയവുമില്ല. പക്ഷെ അങ്ങനെയുള്ള ആകസ്മിക സംഭവങ്ങൾ ഉണ്ടാകുകയാണെങ്കിൽ നമ്മുടെ മാസപ്പിറവി മാത്രമല്ല തെറ്റിപ്പോകുക നമസ്കാര സമയവും തെറ്റും. ഭൂമിയിലുള്ള മുഴുവൻ ക്ളോക്കുകളുടെയും സമയം തെറ്റും, ഭൂമിയിലെ നമ്മുടെ നിലനിൽപ്പ് തന്നെ അവതാളത്തിലാകും**. അത് കൊണ്ട് ആ വിദൂര സാധ്യത നമുക്ക് മാറ്റി നിറുത്താം. ചുരുക്കത്തിൽ സൂര്യനും ചന്ദ്രനും കഴിഞ്ഞ കാലങ്ങളിൽ എങ്ങനെ സഞ്ചരിച്ചുവോ അതേ രൂപത്തിൽ അതേ വേഗതയിൽ ഭാവിയിലും സഞ്ചരിക്കുകയാണെങ്കിൽ നമ്മുടെ ടൈംടേബിൾ അനുസരിച്ച് തന്നെയായിരിക്കും അവയുടെ ഉദയാസ്തമയങ്ങൾ ഉണ്ടാകുക.

വർഷത്തിൽ നാലു ദിവസങ്ങളിലാണ് നാം ചന്ദ്രനെ തിരഞ്ഞു നോക്കാറുള്ളത്. ശഅബാൻ, റമസാൻ, ദുൽഖഅ്ദ്, ദുൽഹജ്ജ് എന്നീ മാസങ്ങളിലെ 29-ാം ദിവസങ്ങളിൽ. പിന്നെ ചന്ദ്രനെ നാം തിരിഞ്ഞു നോക്കാറില്ല. എന്നാൽ എല്ലാ സമയത്തും ചന്ദ്രനെ

നോക്കിക്കൊണ്ടിരിക്കുന്ന വാനനിരീക്ഷണ കേന്ദ്രങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചിലത് ഒക്കൾടേഷൻ അഥവാ നക്ഷത്ര ഗ്രഹണം നോക്കിക്കൊണ്ടിരിക്കുന്നു. ചന്ദ്രൻ ഒരു നക്ഷത്രത്തെ നമ്മളിൽ നിന്ന് മറച്ചുപിടിക്കുമ്പോൾ അതിന് ഒക്കൾടേഷൻ എന്ന് പറയുന്നു. നക്ഷത്രത്തിന് ഗ്രഹണം ബാധിക്കുകയും പിന്നീട് അതിന് മോചനം ലഭിക്കുകയും ചെയ്യുന്ന കൃത്യസമയങ്ങൾ ചില വാനനിരീക്ഷണ കേന്ദ്രങ്ങൾ മുൻകൂട്ടി പ്രഖ്യാപിക്കുന്നു. ജപ്പാനിലെ ടോകിയോയിൽ പ്രവർത്തിക്കുന്ന ഇന്റർ നാഷണൽ ലൂണാർ ഒക്കൾടേഷൻ സെന്റർ ഇത്തരം ഒരു കേന്ദ്രമാണ്. അവരുടെ മുൻകൂർ പ്രഖ്യാപനം ശരിയാണോ എന്ന് ഒക്കൾടേഷൻ സമയത്ത് അവർ പരിശോധിക്കുന്നു. ഈ ലേഖനത്തിന്റെ തുടക്കത്തിൽ പറഞ്ഞ 'നിരീക്ഷണവും പ്രവചനവും' എന്ന പ്രക്രിയ ഇപ്പോഴും തുടരുന്നുണ്ടെന്നർത്ഥം. അങ്ങനെ ആകാശ ഗോളത്തിൽ ചന്ദ്രന്റെ സ്ഥാനം മുൻകൂട്ടി പ്രഖ്യാപിക്കുന്ന ജ്യോതി ശാസ്ത്രജ്ഞന് അത് പരിശോധിച്ച് തിട്ടപ്പെടുത്താനുള്ള അനേകം അവസരങ്ങൾ നക്ഷത്ര ഗ്രഹണങ്ങൾ പ്രദാനം ചെയ്യുന്നു. **എന്നാൽ ആ പരിശോധനയിലൊന്നും യാതൊരുതാളപ്പിഴവും കാണിക്കാത്ത ചന്ദ്രൻ മേൽപറഞ്ഞ നാലു ദിവസങ്ങളിൽ മാത്രം സൂര്യാസ്തമയത്തോടെ താളം തെറ്റി സഞ്ചരിക്കുമെന്ന് കരുതാൻ യാതൊരു ന്യായവുമില്ല.**

ന്യൂമൂണിനെ സംബന്ധിച്ചും മറ്റും പ്രാഥമിക വിവരം മാത്രമുള്ള ചില ആളുകൾക്കുണ്ടാകുന്ന ഒരു അബദ്ധധാരണ ചൂണ്ടിക്കാണിക്കാം. ന്യൂമൂൺ ഉണ്ടാകുമ്പോൾ ഭൂമി, ചന്ദ്രൻ, സൂര്യൻ, എന്നിവ ഒരേ നേർരേഖയിലായിക്കൊള്ളണമെന്നില്ല. ഭൂമി, ചന്ദ്രൻ, സൂര്യൻ എന്നിവയുടെ കേന്ദ്ര ബിന്ദുക്കൾ യഥാക്രമം E M S എന്നാണെന്ന് കരുതുക. E യുടെയും S ന്റെയും ഇടയിലൂടെ M കടന്ന് പോകുമ്പോഴാണ് ന്യൂമൂണും സൂര്യഗ്രഹണവും ഉണ്ടാകുന്നത്. ഇങ്ങനെ കടന്നു പോകുമ്പോഴൊക്കെ ന്യൂമൂൺ ഉണ്ടാകും. പക്ഷെ സൂര്യ ഗ്രഹണമുണ്ടാകണമെങ്കിൽ ഒരു ഉപാധി കൂടിയുണ്ട്. E S എന്ന നേർരേഖയിൽ നിന്ന് M ന്റെ കോണീയ അകലം (M E S എന്ന കോൺ) 88 മിനുറ്റിൽ കുറവായിരിക്കണം. ഈ അകലം 58 മിനുട്ടിൽ കുറവാണെങ്കിൽ ഒരു പൂർണ്ണ സൂര്യഗ്രഹണമുണ്ടാകും.

അപ്പോൾ ഒരു സൂര്യഗ്രഹണമുണ്ടാകാനുള്ള മിനിമം കണ്ടീഷൻ പോലും M ന്റെ അകലം 88 മിനുട്ടിൽ കുറയണമെന്നേയുള്ളൂ. അല്ലാതെ M എന്ന ബിന്ദു E S രേഖയിൽ ആയിരിക്കണമെന്നില്ല. ഇത് ഒന്നുകൂടി വിശദമാക്കാം. ഭൂമിയുടെ ഉപരിതലത്തിൽ ഒരു സ്ഥല ത്തിന്റെ സ്ഥാനം നിർണ്ണയിക്കുന്നത് അക്ഷാംശ രേഖകളെയും (ലാ റ്റിറ്റ്യൂഡ്) ധ്രുവാംശ രേഖകളെയും (ലോൻജിറ്റ്യൂഡ്) അടിസ്ഥാന മാക്കിയാണ്. ആദ്യത്തേത് ഭൂമദ്ധ്യരേഖയിൽ നിന്ന് വടക്കോ തെക്കോ എത്ര ഡിഗ്രി എന്നും രണ്ടാമത്തേത് ഗ്രീനിച്ച് ധ്രുവാംശ രേഖയിൽ നിന്ന് കിഴക്കോ പടിഞ്ഞാറോ എത്ര ഡിഗ്രി എ ന്നും കാണിക്കുന്നു. ഇതുപോലെ ആകാശഗോളത്തിൽ സൂര്യൻ, ചന്ദ്രൻ എന്നിവയുടെ സ്ഥാനം നിർണ്ണയിക്കുവാൻ ഒരു ഖഗോള ലാറ്റി റ്റ്യൂഡും ലോൻജിറ്റ്യൂഡും നിർവചിക്കപ്പെട്ടിട്ടുണ്ട്. സൂര്യൻ അതിന്റെ വാർഷിക സഞ്ചാരത്തിൽ ആകാശഗോളത്തിൽ വരക്കുന്ന വൃത്ത മാണ് ക്രാന്തിവൃത്തം അഥവാ എക്സിപ്റ്റിക്. ഈ വൃത്തത്തിൽ നിന്ന് വടക്കോട്ടും തെക്കോട്ടും അളക്കുന്ന ദൂരങ്ങളെ ലാറ്റിറ്റ്യൂ ഡെന്നും ഈ വൃത്തത്തിലെ ഒരു പ്രത്യേക ബിന്ദുവിൽ നിന്ന് വൃത്ത ത്തിലൂടെ അളക്കുന്ന ദൂരങ്ങളെ ലോൻജിറ്റ്യൂഡെന്നും പറയുന്നു.

സൂര്യന്റെ ലാറ്റിറ്റ്യൂഡ് എപ്പോഴും പൂജ്യമായിരിക്കും. ഭൂമദ്ധ്യരേ ഖയിലൂടെ സഞ്ചരിക്കുന്ന ഒരാളുടെ ലാറ്റിറ്റ്യൂഡ് എപ്പോഴും പൂജ്യ മായിരിക്കും പോലെ അതിന്റെ ലോൻജിറ്റ്യൂഡ് വ്യത്യാസപ്പെട്ടുകൊ ണ്ടേയിരിക്കും. എന്നാൽ ചന്ദ്രന്റെ ലാറ്റിറ്റ്യൂഡ് പൂജ്യം ഡിഗ്രിയിൽ നിന്ന് തുടങ്ങി 5 ഡിഗ്രി 8 മിനുട്ട് വരെ വർദ്ധിക്കുകയും പിന്നെ പൂജ്യം ഡിഗ്രിയിലേക്ക് കുറയുകയും പിന്നെ 5ഡി. 8 മിനുട്ട് വരെ പോയി വീണ്ടും പൂജ്യം ഡിഗ്രിയിലേക്ക് വരികയും ചെയ്യുന്നു. ചന്ദ്രൻ സൂര്യന്റെ സഞ്ചാരപഥത്തെ (എക്ളിപ്റ്റിക്) ഛേദിക്കുന്ന ബിന്ദുക്കളാണ് നോഡ്. ചന്ദ്രൻ നോഡിലെത്തുമ്പോൾ അതിന്റെ ലാറ്റിറ്റ്യൂഡ് പൂജ്യമായിരിക്കും.

●

# സൂര്യകുടുംബം

അനന്തമജ്ഞാതമവർണനീയം
ഈ ലോക ഗോളം തിരിയുന്ന മാർഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്ന്
നോക്കുന്ന മർത്യൻ കഥയെന്തറിഞ്ഞു!

കവിഭാവന ഭൂഗോളമാണ്. ഭൂഗോളമെന്നത് പ്രവിശാലമായ മഹാപ്രപഞ്ചത്തിലെ ഒരു അണു മാത്രമാണ്. എങ്കിൽ പ്രപഞ്ചമെന്നത് എന്തായിരിക്കുമെന്ന് ഊഹിച്ചുനോക്കൂ. പ്രപഞ്ചത്തെ സംബന്ധിച്ച് മനുഷ്യന്റെ അറിവ് തുലോം പരിമിതമാണ്. എങ്കിലും നക്ഷത്രഗോള സമൂഹത്തിൽ അൽപം ചിലതിന്റെ സഞ്ചാരപഥങ്ങൾ, വലുപ്പം, ആകൃതി, ഉദയം, അസ്തമയം, മുതലായ അറിവുകൾ കൃത്യമായി മനുഷ്യൻ മനസ്സിലാക്കിയിട്ടുണ്ട്. നമ്മോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഗോള സമൂഹമാണ് സൗരയൂഥം, അഥവാ സൂര്യ കുടുംബം. സൂര്യനും ഗുരുത്വാകർഷണബലത്താൽ സൂര്യനോടു ചേർന്നു നിൽക്കുന്ന മറ്റു ജ്യോതിർഗോളങ്ങളും ഉൾപ്പെട്ടതാണ് സൗരയൂഥം. എട്ട് ഗ്രഹങ്ങളും അവയുടെ 166 ഉപഗ്രഹങ്ങളും സൗരയൂഥത്തിൽ പെടുന്നു. ഈ സൂര്യ കുടുംബത്തിലെ ഒരു അംഗമാണ് ഭൂമി. ഭൂമിയുടെ നാലിലൊന്ന് വലുപ്പമുള്ള ചന്ദ്രൻ, ഭൂമിയുടെ ഉപഗ്രഹമാണ്. അത് ഭൂമിക്ക് ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു.

*'ഭൂമി ഉൾപ്പടെയുള്ള ആകാശ ഗോളങ്ങളെ നിശ്ചലതയിൽ നിന്നും നിർജ്ജീവതയിൽ നിന്നും സ്വതന്ത്രവും സജീവവുമാക്കുകയും സ്വന്തമായ വഴികൾ തെളിച്ചുകൊടുക്കുകയും ജീവ സാന്നിധ്യത്തിന്നുതകുമാറ് സുരക്ഷിതമായി സംവിധാനിക്കുകയും ചെയ്തു, ദൈവം. സൗരോർജ്ജത്തിന്റെ പ്രഭാ കേന്ദ്രമായി സൂര്യനെയും അവ ഭൂമിയിലേക്ക് പ്രതിഫലിപ്പിക്കാനായി ചന്ദ്രനെയും സ്ഥാപിക്കുകയും ചെയ്തു. ഗോളങ്ങൾക്ക് സ്വയം കറങ്ങാനും നിശ്ചിത ഭ്രമണപഥത്തിലൂടെ പ്രദക്ഷിണം വെക്കാനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നൽകി. അങ്ങനെ അവയെല്ലാം കൃത്യമായ കണക്കിന്റെയും തെറ്റുപറ്റാത്ത നിയമത്തിന്റെയും പരിധിക്കകത്ത് കറങ്ങിത്തിരിയുകയും നീന്തിത്തുടിക്കുകയുമാണ്- മനുഷ്യർക്ക് പാഠമായിക്കൊണ്ട്'*

*(വി. ഖുർആൻ 21/32,33-25/61,62)*

●

# സൂര്യൻ

സൂര്യന്റെ ചുറ്റും അനുസരണയോടെ പ്രദക്ഷിണം വെക്കാൻ വിധിക്കപ്പെട്ട വിനീതനായ അടിമയാണ് ഭൂമി. ഭൂമിയുടെ നിലനിൽപ്പിന്നാധാരം സൂര്യനാണ്. സൂര്യനിൽ നിന്നാണ് ഭൂമിക്കും ഭൂനിവാസികൾക്കും ആവശ്യമായതെല്ലാം ലഭിക്കുന്നത്. സൂര്യ പ്രകാശം ഭൂമിയിൽ ജീവൻ പ്രദാനം ചെയ്യുന്നു. ജീവജാലങ്ങളെ നിലനിർത്തുന്നതും അവയുടെ ജീവിതം സുഖകരമാക്കിത്തീർക്കുന്നതും സൗരോർജ്ജം തന്നെ. സൂര്യന്റെ സ്ഥാനവും ഭൂമിയിൽ നിന്നുള്ള അകലവും ഭൂമിയിലെ ജൈവസാന്നിധ്യത്തിന് അനുഗുണമാവും വിധമാണ് സംവിധാനിക്കപ്പെട്ടിരിക്കുന്നത്. സൂര്യനില്ലെങ്കിൽ ഭൂമിയില്ല എന്ന് വ്യക്തം.

സൂര്യൻ ചലിക്കുന്നതിനനുസരിച്ച് (ഭൂമി കറങ്ങുന്നതിനനുസരിച്ച്) സമയം നീങ്ങികൊണ്ടിരിക്കുന്നു. ഒരു കറക്കം പൂർത്തിയാകുമ്പോൾ ഒരു ദിവസം. ഇത്തരം ഏഴുദിവസങ്ങളാണ് ഒരു ആഴ്ച എന്ന് ആദിമകാലം മുതൽ മനുഷ്യൻ മനസ്സിലാക്കി വെച്ചിട്ടുണ്ട്.

പ്രഭാതമാണ് ഒരു ദിവസത്തിന്റെ ആരംഭം എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സൂര്യനാണ് പ്രഭാതത്തിന്റെ പുത്തൻ പ്രതീക്ഷകളുമായി ഭൂമിയെയും ഭൂനിവാസികളെയും വിളിച്ചുണർത്തി കർമ്മോൽസുകരാക്കുന്നത്. സൂര്യൻ പ്രഭാതത്തിൽ വെളിച്ചം വീശുന്നതോടെ ഭൂമിയിൽ ജീവന്റെ തുടിപ്പുകൾ താളം ചവിട്ടുകയായി. ഉറങ്ങിയവർ ഉണരുന്നു. തളർന്ന് കിടന്നവർ ഉന്മേഷഭരിതരാവുന്നു. പൂക്കൾ വിടർന്ന് സൗരഭ്യം പരത്തുന്നു. ഇലകൾ ആഹാര സ്വീകരണത്തിന് തയ്യാറെടുക്കുന്നു. പൂമ്പാറ്റക്കും തേനീച്ചക്കും പൂന്തേൻ നുകരാൻ നേരമായി. ആകാശത്തെ പറവകളും മണ്ണിലെ ജന്തുക്കളും ഇര തേടാനിറങ്ങുന്നു. മനുഷ്യൻ തന്റെ ജീവിതോപാധിയുടെ അന്വേഷണമാരംഭിക്കുന്നു. സൂര്യകിരണങ്ങ

ളുടെ ഊഷ്മളത ഉന്മേഷത്തിന്റെയും ആമോദത്തിന്റെയും ഉണർവ്വോടെ ഭൂമിയിൽ ഒരു പുതിയ ദിവസത്തിനാരംഭം കുറിക്കുന്നു.

അല്ലാഹു ആദ്യമുണ്ടാക്കിയത് ഭൂമിയാണ്. അപ്പോൾ ഭൂമിയിൽ തീർത്തും ഇരുട്ടായിരുന്നു. പിന്നീടാണ് അവൻ ഭൂമിക്കു വേണ്ടി ആകാശത്തെ, സൂര്യനെ സംവിധാനിച്ചത്. അപ്പോഴാണ് ഭൂമിയിൽ പ്രകാശം വീണതും പകൽ ആരംഭിച്ചതും രാപ്പകലിന്റെ വ്യത്യാസങ്ങൾ അനുഭവപ്പെട്ട് തുടങ്ങിയതും.

ഒരു ദിവസത്തിന്റെ ദൈർഘ്യം എത്രയെന്ന് സൂര്യനാണ് ഭൂനിവാസികൾക്ക് കാണിച്ചു കൊടുക്കുന്നത്. അഥവാ പ്രഭാതോദയം മുതൽ അടുത്ത പ്രഭാതോദയം വരെ ഒരു ദിവസം. രാത്രി 12 മണി മുതൽ അടുത്ത രാത്രി 12 മണിവരെ എന്നത് ചില സൗകര്യങ്ങൾക്കുവേണ്ടി പറയുന്നതാണ്. രാത്രി 12 മണിയാവുമ്പോൾ രാവിലെ തുടക്കം കുറിച്ച ഒരു ദിവസത്തിന്റെ മുക്കാൽ ഭാഗവും പിന്നിട്ട് കഴിഞ്ഞു. ഇനി അൽപം മണിക്കൂറുകൾ മാത്രമേ അടുത്ത ദിവസം ആരംഭിക്കാൻ ബാക്കിയുള്ളു. അപ്പോൾ പുതിയ ദിവസത്തെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പുകൾ നടപ്പുദിവസത്തിന്റെ പാതിരാവ് പിന്നിടുന്നതോടെ ആരംഭിക്കേണ്ടതുണ്ടല്ലോ. ആ രാത്രിയെ അടുത്ത ദിവസത്തിന്റെ രാവ് എന്ന് പറയാൻ അതാണ് കാരണം. അഥവാ മുന്നൊരുക്കത്തിന്റെ രാവ്. കല്യാണരാവ്, ക്രിസ്തുമസ് രാവ്, പെരുന്നാൾ രാവ്, എന്നെല്ലാം പറയുന്നത് നിശ്ചിത ദിവസത്തിന്റെ തലേന്നാൾ രാത്രി 12 മണിക്ക് ശേഷം ആരംഭിക്കുന്ന മുന്നൊരുക്കത്തിന്റെ രാവിനെയാണ്.

ഒരു ദിവസത്തിന്റെ അവസാനത്തെ നമസ്കാരമാണ് ഇശാ. ഇശായുടെ പരമാവധി സമയം പാതിരാവ് വരെയാണ്. ദിവസത്തിന്റെ മുക്കാൽ ഭാഗവും കഴിയുന്നതിന്ന് മുമ്പ് ഇശാ നമസ്ക്കരിക്കണമെന്ന് ചുരുക്കം. തഹജ്ജുദ് നമസ്കാരത്തിന്റെ സമയം പാതിരാവിന് ശേഷമാണ്. അഥവാ പുതിയ ദിവസത്തിന്റെ മുന്നൊരുക്കം തഹജ്ജുദോടെ ആരംഭിക്കുന്നു.

●

# കറക്കം

മുസ്‌ലിംകൾ കഅ്ബയെ ചുറ്റുന്ന അതേ രീതിയിൽ ചന്ദ്രൻ ഭൂമിയെ വലം വെക്കുന്നു. ഭൂമി സ്വയം കറങ്ങിക്കൊണ്ട് സൂര്യനെയും. സൗരയൂഥത്തിലെ ഇതര ഗ്രഹങ്ങളെല്ലാം സ്വയം കറങ്ങുകയും എല്ലാവരും കൂടി സൂര്യനെ വലം വെക്കുകയും ചെയ്യുന്നു. സൂര്യനാകട്ടെ സ്വയം കറങ്ങിക്കൊണ്ട് തന്റെ ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയുമായി തന്നേക്കാൾ വലിയ മറ്റൊരു നക്ഷത്ര കുടുംബത്തെ വലംവെക്കുന്നു. അവരെല്ലാവരുംകൂടി അതിനെക്കാൾ വലിയ മറ്റൊന്നിനെ, അക്കൂട്ടർ അതിനപ്പുറമുള്ളതിനെ. അങ്ങനെ അത്യുന്നതിയുടെയും അപാരതയുടെയും പ്രവിശാലതയിലേക്ക് ഈ കറക്കവും പ്രദക്ഷിണവും അനന്തമായി നീളുന്നു. അറ്റമില്ലാത്ത ഈ കറക്കങ്ങളും പ്രദക്ഷിണങ്ങളും ആകാശഗംഗയിൽ ഉത്തരംകിട്ടാത്ത വിസ്മയ പ്രപഞ്ചം തീർക്കുന്നു. തങ്ങളെ കറക്കിയെറിഞ്ഞ അദൃശ്യപരാശക്തിക്ക് ചുറ്റും പ്രപഞ്ചമൊന്നടങ്കം കീഴ്‌വണക്കത്തിന്റെ പ്രദക്ഷിണം നിർവഹിക്കുകയാണോ?

നമുക്ക് ഭൂമിയിലേക്ക് വരാം. ഭൂമിയിൽ മുള്ളിലും മുരടിലും തുമ്പിലും തുരുമ്പിലും മണ്ണിലും വിണ്ണിലും കാറ്റിലും കോളിലും ഈ കറക്കവും പ്രദക്ഷിണവും സദാ സജീവമാണ്. ഈ ചാക്രിക സ്ഥിരതയാണ് അവയുടെ ജൈവസാന്നിധ്യം വിളിച്ചോതുന്നത്. അതെ, പ്രപഞ്ചത്തിൽ യാതൊന്നുമില്ല, സ്വയം കറങ്ങുകയും മറ്റൊന്നിനെ പ്രദക്ഷിണം വെക്കുകയും ചെയ്യാത്തതായിട്ട്. ക്ഷേത്രാങ്കണത്തിൽ വലംവെക്കുന്നതും പള്ളിമുറ്റത്തെ ശയനപ്രദക്ഷിണവും കഅബാലയത്തിലെ ത്വവാഫും മേൽ പറഞ്ഞ പ്രാപഞ്ചിക നിയമത്തിന്റെ സാക്ഷീകരണമാവാം. പ്രാപഞ്ചിക പ്രദക്ഷിണങ്ങൾ ആന്റി ക്ലോക്ക്‌വൈസിലാണ്. മുസ്‌ലിംകളുടെ ത്വവാഫും അതെ. കേന്ദ്രബിന്ദുവിനെ ഇടതുവശത്ത് നിർത്തിക്കൊണ്ടുള്ള പ്രദക്ഷിണം. ഈ രീതിയിൽ ഒരാൾ വട്ടം കറങ്ങുമ്പോൾ കേന്ദ്രബിന്ദുവിൽനിന്നുള്ള

ഊർജ്ജ പ്രവാഹം അയാളുടെ ഹൃദയ പേശികൾക്ക് ബലം നൽകുകയും രക്തപ്രവാഹം വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഒരു സൈക്കിൾ, സ്റ്റാന്റിൽ നാട്ടാതെ നിർത്തിയിടാൻ സാധ്യമല്ല. എന്നാൽ അത് ഓടിക്കൊണ്ടിരിക്കുമ്പോൾ ചക്രങ്ങളുടെ കറക്കം കാരണം സ്റ്റാന്റില്ലാതെ നിൽക്കുകയും ചെയ്യുന്നു. പമ്പരത്തിന്റെ അവസ്ഥയും ഇതു തന്നെ. ഒരു വസ്തുവിനെ സജീവമായി നിലനിർത്തണമെങ്കിൽ അതിനൊരു ചാക്രികചലനം അനിവാര്യമാണ്. പ്രപഞ്ച നിലനിൽപ്പിന് രൂപകൽപ്പന ചെയ്യപ്പെട്ട ഈ ശാസ്ത്രമാണ് മനുഷ്യൻ സൈക്കിൾ നിർമ്മണത്തിന് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. സൈക്കിളിന്റെ കറക്കം നിൽക്കുമ്പോൾ അത് താഴെവീഴും. പമ്പരത്തിന്റെ കറക്കം അവസാനിക്കുന്നതോടെ അതിന്റെ അസ്തിത്വം നഷ്ടപ്പെടും. കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമിയും ചന്ദ്രനും സൂര്യനും ഗോളസമൂഹങ്ങളുമെല്ലാം ചരമം പ്രാപിക്കുന്നത് ഇങ്ങനെയാവാം. അന്ത്യ നാളിൽ സൂര്യൻ പടിഞ്ഞാറുദിക്കുമെന്ന് വേദപുസ്തകങ്ങളിലുണ്ട്. ഒരു ചക്രം തന്റെ കറക്കം അവസാനിപ്പിക്കുന്നത് എതിർ ദിശയിലേക്ക് കറങ്ങിക്കൊണ്ടാണല്ലോ. അന്ത്യനാളിൽ ഭൂമി തിരിച്ച് കറങ്ങുമ്പോൾ സൂര്യൻ പടിഞ്ഞാറ് ഉദിക്കും.

●

# ചന്ദ്രൻ

നമുക്കിനി ചന്ദ്രനിലേക്ക് തിരിക്കാം. മനുഷ്യൻ ചന്ദ്രനിൽ കാൽകുത്തിയിട്ടുണ്ടെന്നും ഇല്ലെന്നും അഭിപ്രായമുണ്ട്. അത് ശരിയോ തെറ്റോ ആവട്ടെ, നമ്മുടെ ചർച്ച മറ്റൊന്നാണ്. ചന്ദ്രൻ എന്തിനാണ് ഭൂമിക്ക് ചുറ്റും കറങ്ങുന്നത്? ഇങ്ങനെയൊരു ഉപഗ്രഹമില്ലാതെ തന്നെ ഭൂമിക്ക് സ്വയം കറങ്ങാമായിരുന്നു. സൂര്യനെ വലംവെക്കുകയും ആകാമായിരുന്നു. എന്നാൽ ഈയൊരു സേവകൻ ഭൂമിക്ക് നിശ്ചയിക്കപ്പെട്ടതിന് പിന്നിൽ പ്രത്യേക ലക്ഷ്യങ്ങളില്ലാതില്ല.

ഭൂമിയും ഭൂമിക്ക് മുകളിലായി ആകാശ ലോകത്ത് നാം കാണുന്ന നക്ഷത്ര ഗോളസമൂഹങ്ങളും, തമ്മിൽ കൂട്ടിയിടിക്കാതെ കിറുകൃത്യമായി ചലിച്ചുകൊണ്ടിരിക്കുന്നത് അവയുടെ ഗുരുത്വാകർഷണ ബലം കൊണ്ടാണ്. സൂര്യനിൽ നിന്ന് ഭൂമിയിലേക്കും തിരിച്ചും പ്രവഹിക്കുന്ന കാന്തശക്തി അവയെ നിശ്ചിത രേഖയിലൂടെ ചലിപ്പിക്കുകയും സ്ഥാന ചലനം സംഭവിക്കാതെ കാക്കുകയും ചെയ്യുന്നു. ചന്ദ്രൻ ഭൂമിക്ക് ചുറ്റും കറങ്ങുന്നത് ഭൂമിയിൽ നിന്നുള്ള ഗുരുത്വാകർഷണബലത്തിലാണ്.

എന്നാൽ ചന്ദ്രനിൽ നിന്നും മറ്റൊരു ശക്തി പ്രവാഹം ഭൂമിയിലേക്കുമുണ്ട്. അത് പക്ഷെ സൂര്യനും ഭൂമിയും തമ്മിലുള്ളതുപോലെയോ ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്കുള്ളതുപോലെയോ സ്ഥായിയല്ല. അനുദിനം വ്യത്യാസപ്പെട്ടുക്കൊണ്ടിരിക്കുന്ന പ്രവാഹമാണത്. ഓരോ ദിവസവും ചന്ദ്രനിൽ നിന്ന് ഭൂമിയിലേക്ക് വരുന്ന കാന്തിക മർദ്ദം വ്യത്യസ്ത അളവിലായിരിക്കും. ഈ മർദ്ദം പക്ഷെ ഭൂമിയെ ബാധിക്കുന്നില്ല. മറിച്ച് ഭൂമിയിലുള്ളവയെയാണ് ബാധിക്കുന്നത്. എത്ര അളവിലാണോ സൂര്യപ്രകാശം ചന്ദ്രനിൽ തട്ടുന്നത് അത്ര അളവിലായിരിക്കും ചന്ദ്രനിൽ നിന്ന് ഭൂമിയിലേക്കുള്ള ഊർജ്ജ പ്രവാഹം എന്ന് ചുരുക്കം. ഓരോ ദിവസവും ചന്ദ്രനെ വ്യത്യസ്ത വലിപ്പത്തിലാണല്ലോ നാം കാണുന്നത്. ആ പ്രകാശചിത്രം സൂര്യനിൽ നിന്നും ചന്ദ്രൻ സ്വീകരിച്ച് പ്രതിഫലി

പ്പിക്കുന്ന സൂര്യപ്രകാശമാണ്. അത് ഭൂമിയിലേക്ക് ചന്ദ്രൻ വഴിയാണ് വരുന്നത് എന്നർത്ഥം.

സൂര്യപ്രകാശവും ചന്ദ്രപ്രകാശവും ഭൂമിയിൽ പതിക്കുന്നത് ഒരുപോലെയല്ല. സൂര്യൻ 24 മണിക്കൂറും ഭൂമിക്ക് പ്രഭ ചൊരിയുന്നില്ല. ചന്ദ്രൻ പക്ഷെ 24 മണിക്കൂറും പ്രഭ ചൊരിയുന്നു. സൂര്യൻ പൂർണ്ണതയോടെ നേരിട്ട് വെളിച്ചം തരുമ്പോൾ ചന്ദ്രൻ വ്യത്യസ്ത അളവിൽ പ്രതിഫലിപ്പിക്കുകമാത്രമാണ് ചെയ്യുന്നത്. ഒരു മാസത്തിന്റെ ആദ്യ ദിവസം ചന്ദ്രനിൽ തട്ടുന്ന സൂര്യപ്രകാശത്തിന്റെ 2% മാത്രമേ ഭൂമിക്ക് കാണുകയുള്ളൂ. അത് ഭൂമിയിൽ ഗോചരമാകുന്നതിനെയാണ് ഒന്നാം ചന്ദ്രപ്പിറ എന്ന് പറയുന്നത്.

സൂര്യനും ഭൂമിയും ചന്ദ്രനും മാസത്തിൽ ഒരിക്കൽ ഒരു നേർരേഖയിൽ വന്ന് ചേരും. അന്ന് ഭൂമിയിൽ നിന്ന് ചന്ദ്രനെ ഒട്ടും കാണാൻ പറ്റില്ല. കാരണം സൂര്യന്നും ഭൂമിക്കും ഇടയിൽ ചന്ദ്രൻ സ്ഥിതി ചെയ്യുന്നതുകൊണ്ട് സൂര്യപ്രകാശം മുഴുവനും സൂര്യനിലേക്ക് പ്രതിഫലിക്കുന്നു. ഇതിനെയാണ് കറുത്ത വാവ് എന്ന് പറയുന്നത്. സൂര്യഗ്രഹണ സാധ്യത അന്നേ ദിവസമാണ്. പിറ്റേ ദിവസം ചന്ദ്രന്റെ സ്ഥാനം അല്പം തെറ്റിയിട്ടുണ്ടാകും. അപ്പോൾ സൂര്യകിരണങ്ങൾ ചന്ദ്രബിംബത്തിന്റെ ഒരറ്റത്ത് പ്രത്യക്ഷപ്പെടുന്നു. ആ ദിവസമാണ് ചന്ദ്രമാസത്തിലെ ഒന്നാം തീയതി. ഈ പ്രകാശതലം ദിനംപ്രതി വലുതായിക്കൊണ്ടിരിക്കും, ചന്ദ്രന്റെ സ്ഥാനം നിത്യവും മാറിക്കൊണ്ടിരിക്കുന്നതിനാൽ. പതിനാലാമത്തെ ദിവസം സൂര്യ കിരണങ്ങൾ പതിക്കുന്ന ഭാഗം മുഴുവനും നാം കാണുന്നു. അതാണ് പൗർണ്ണമി. ചന്ദ്രഗ്രഹണം സംഭവിക്കാനുള്ള സാധ്യതയും അന്നു തന്നെയാണ്. ഈ പൗർണ്ണമി ചില മാസങ്ങളിൽ 14നും ചിലപ്പോൾ 15 നും മറ്റുചിലപ്പോൾ 16 നും ആയേക്കാം. അതുകൊണ്ടാണ് ഇവ പൗർണ്ണമിനാളുകൾ എന്ന് വിളിക്കപ്പെടുന്നത്. ഈ മൂന്നു ദിവസങ്ങളിൽ ചന്ദ്രനെ നാം ഏതാണ്ട് വൃത്താകൃതിയിൽ കാണും.

വീണ്ടും ചന്ദ്രൻ വിപരീത ദിശയിൽ ചെറുതായിക്കൊണ്ടിരിക്കും. അതുപക്ഷെ മറുകരയിൽ അവസാനിക്കുന്ന രീതിയിലായിരിക്കും. മറ്റൊരു വാക്കിൽ പറഞ്ഞാൽ പൗർണ്ണമി വരെ ചന്ദ്രന്റെ രണ്ട് കൊമ്പുകളും കിഴക്കോട്ട് ചൂണ്ടുന്നു. പൗർണ്ണമിക്ക് ശേഷം അവ പടിഞ്ഞാറോട്ട് ചൂണ്ടുന്നു. പ്രകാശിക്കുന്നഭാഗം ഒരു ദിശയിൽ നിന്ന് മറുദിശയിലേക്ക് മറഞ്ഞുപോകുന്നു. ഈ പ്രക്രിയ

തുടരുമ്പോൾ ചന്ദ്രൻ ഭൂനിവാസികൾക്ക് വ്യത്യസ്ത ചന്ദ്രക്കലകളായി പ്രത്യക്ഷപ്പെടുന്നു. മാസത്തിൽ ഒരു ദിവസം ഒഴികെ മറ്റെല്ലാ ദിസങ്ങളിലും 24 മണിക്കൂറും ഈ ചന്ദ്രപ്രഭ ഭൂമിയിൽ പതിച്ചുകൊണ്ടിരിക്കും. സൂര്യപ്രകാശം കാരണം പകൽ സമയത്ത് തെളിഞ്ഞുകാണില്ലെന്നേയുള്ളു.

## ചന്ദ്രന്റെ സ്വാധീനം ഭൂമിയിൽ

ഇനി സൂര്യപ്രകാശം ചന്ദ്രൻ വഴി ഭൂമിയിൽ പതിക്കുമ്പോൾ ഭൂമിയിലും ഭൂനിവാസികളിലും വല്ല സ്വാധീനമോ പ്രതികരണമോ അതുണ്ടാക്കുന്നുണ്ടോ എന്ന് കൂടി പരിശോധിക്കാം. തീർച്ചയായും ഉണ്ട്. ഓരോ ദിവസവും വ്യത്യസ്തമായ രീതിയിലാണത് സംഭവിക്കുന്നത്.

1. അന്തരീക്ഷ വായുവിൽ മർദ്ദ വ്യത്യാസം അനുഭവപ്പെടുന്നു. ഒന്നാമത്തെ ചന്ദ്രക്കലയുടെ ദിവസം അനുഭവിക്കുന്നതിനേക്കാൾ കൂടുതലായിരിക്കും രണ്ടാം ദിവസം അനുഭവപ്പെടുക. ഈ മർദ്ദ വ്യത്യാസം ചന്ദ്രന്റെ വളർച്ചക്കൊപ്പം വർദ്ധിച്ചുകൊണ്ടിരിക്കും. ചന്ദ്രൻ പൂർണ്ണതയിലെത്തുമ്പോൾ (പൗർണ്ണമി) മർദ്ദം പാരമ്യത്തിൽ എത്തിയിരിക്കും. പിന്നീടത് ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. അതോടെ മർദ്ദവും കുറഞ്ഞുവരും. അവസാനം അമാവാസിയിൽ എത്തുന്നു. ചന്ദ്രനെ ഒട്ടും കാണാത്ത ദിവസം. അന്ന് സൂര്യ രശ്മികൾ ചന്ദ്രനിൽ നിന്ന് ഭൂമിയിലേക്ക് പ്രതിഫലിപ്പിക്കപ്പെടാത്തതിനാൽ അന്തരീക്ഷ വായുവിൽ ചന്ദ്രനിൽ നിന്നുള്ള മർദ്ദം പൂജ്യമായിരിക്കും. അഥവാ ന്യൂനമർദ്ദം. ഇവിടെ മറ്റൊരു കാര്യം എടുത്തുപറയേണ്ടതുണ്ട്. അമാവാസി ദിവസം 24 മണിക്കൂറും ചന്ദ്രൻ സൂര്യ കിരണങ്ങളിൽ നിന്ന് തടയപ്പെടുന്നില്ല. നൂറു ശതമാനവും ചന്ദ്രൻ മറയ്ക്കപ്പെടുന്നത് അൽപം മിനിറ്റുകൾ മാത്രമായിരിക്കും. അതു കഴിയുന്നതോടെ ചന്ദ്രനിൽ വളരെ നേരിയതോതിൽ പ്രകാശം വീഴും. പക്ഷെ അത് ഭൂമിയെ സ്വാധീനിക്കാൻ മാത്രമുണ്ടാകാത്തത് കൊണ്ട് ആ ദിവസത്തെ മുഴുവനായി അമാവാസിദിനം എന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ പിറ്റെ ദിവസം മുതൽ ചന്ദ്രനിൽ നിന്ന് പ്രതിഫലിക്കുന്ന സൂര്യപ്രകാശം ഭൂമിയിൽ സ്വാധീനിക്കപ്പെടാൻ മാത്രമുണ്ടാകും. അതുകൊണ്ടാണ് അമാവാസിയുടെ പിറ്റേന്ന് ചന്ദ്രമാസം ഒന്ന് എന്ന് കണക്കാക്കേണ്ടിവരുന്നത്. അന്ന് പ്രഭാതം മുതൽ മുൻപറഞ്ഞ സ്വാധീനങ്ങളും പ്രതികരണങ്ങളും ഭൂമിയിൽ ആരംഭിക്കുകയായി.

2. ഈ ന്യൂനമർദ്ദം അനുഭവിക്കുന്ന അമാവാസി ദി

വസത്തിലും, അതിനടുത്ത ദിവസങ്ങളിലുമാണ് പരാഗണം നടക്കുന്നത്. ചെടികൾക്കും വിത്തുകൾക്കും വേരു പൊടിയുന്നതും ബീജം സ്രവിക്കുന്നതും അന്നാണ്. അന്ന് ചെടികൾ ഇളക്കി മാറ്റാൻ പാടില്ലെന്നും മരങ്ങൾ മുറിച്ചെടുക്കരുതെന്നും സാമ്പ്രദായിക കാർഷിക നിയമമുണ്ട്. വംശവർധനവിന് തയ്യാറെടുക്കുമ്പോൾ സസ്യങ്ങൾ ഊർജ്ജമത്രയും തദാവശ്യാർത്ഥം വിനിയോഗിച്ചു കൊണ്ടിരിക്കും. തൽഫലമായി അമാവാസി പരിസരങ്ങളിൽ മരം മുറിച്ചെടുത്താൽ അവക്ക് ബലക്കുറവും അൽപ്പായുസ്സുമായിരിക്കും.

3. മനുഷ്യരിലും ഇതര ജീവജാലങ്ങളിലും, ചെടികളിൽ പരാഗണം പോലെ, ഇണ ചേരാനുള്ള ത്വര വർദ്ധിക്കുന്നതും അന്നേദിവസമാണ്. അമാവാസി നാളുകളിലെ ന്യൂനമർദ്ദം കൊടുങ്കാറ്റ്, ചുഴലി, അതിവർഷം, ഭൂകമ്പം, സുനാമി, തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾക്കും കാരണമാകുന്നു. സൂര്യഗ്രഹണ സാധ്യതയും അന്നായിരിക്കും.

4. ഏകദേശം ഇതുതന്നെയാണ് പൗർണമി നാളുകളിലും സംഭവിക്കുന്നത്. ചിത്രം നേരെ മറിച്ചായിരിക്കും എന്ന വ്യത്യാസമേയുള്ളൂ. ന്യൂനമർദ്ദത്തിന് പകരം അതിമർദ്ദമായിരിക്കും അനുഭവപ്പെടുക. പ്രകൃതി പ്രതിഭാസങ്ങൾ അമാവാസിയിലേതു പോലെത്തന്നെ സംഭവിക്കാം. കടലിൽ വേലിയേറ്റം പ്രകടമായിക്കാണാം. ഗ്രഹണം സൂര്യനെയല്ല, ചന്ദ്രനെയാണ് ബാധിക്കുക. പരാഗണം നടന്ന പൂവിൽ സങ്കലനം പൂർണ്ണതയിലെത്തുന്നതും വിത്തിലെ ബീജങ്ങളും കമ്പിലെ വേരുകളും മുളയെടുക്കുന്നതും സ്ത്രീയുടെ അണ്ഡം വളർച്ച പ്രാപിക്കുന്നതും പൗർണ്ണമിയിലായിരിക്കും. ജീവ ശരീരങ്ങളിൽ രക്ത ചംക്രമണം വർധിക്കുന്നു. അതുവഴി രക്തം ശുദ്ധീകരിക്കപ്പെടുന്നു. കഫം പുറന്തള്ളപ്പെടുന്നതുമൂലം ആസ്തമ,- കഫക്കെട്ട് രോഗങ്ങൾ, രക്തം ശുദ്ധീകരിക്കപ്പെടുന്നതിനാൽ ചർമ്മരോഗങ്ങൾ എന്നിവ വർദ്ധിക്കുന്നു. കിഡ്നി സ്റ്റോൺ പുറന്തള്ളപ്പെടുന്നതിനാൽ വേദന കൂടുന്നു. പ്രസവങ്ങൾ ഏറെയും നടക്കുന്നത് പൗർണമി നാളിലായിരിക്കും. കാരണം അന്തരീക്ഷത്തിലെ അതിമർദ്ദം ഗർഭസ്ഥശിശു എളുപ്പം പുറം തള്ളപ്പെടാൻ സഹായിക്കുന്നു.

പൗർണമി നാളുകളിലും അമാവാസിയിലും മതവിശ്വാസികൾക്ക് ഉപവാസവും പ്രത്യേക ആരാധനകളും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഉപവസിക്കുമ്പോൾ രക്ത ശുദ്ധീകരണം നടക്കും. ഉപ

വാസം പൗർണ്ണമി-അമാവാസികളിലാവുമ്പോൾ ശുദ്ധീകരണ പ്രക്രിയ ഇരട്ടിയായി വർദ്ധിക്കുകയും ചെയ്യും. ആധുനിക പഠന ങ്ങൾ പൗർണ്ണമി-അമാവാസികളിൽ ജലപാനം മാത്രം കൊണ്ട് തൃപ്തിപ്പെടുന്നത് രോഗശമനത്തിന് വളരെ നല്ലതാണെന്ന് അഭി പ്രായപ്പെട്ടിരിക്കുന്നു.

യഥാർത്ഥത്തിൽ ചന്ദ്രൻ ആകാശത്തിലാണെങ്കിലും അവന്റെ കർമ്മങ്ങളത്രയും ഭൂമിയിലാണ് നടപ്പാക്കപ്പെടുന്നത്. അപ്പോൾ ചന്ദ്രനെ അടിസ്ഥാനപ്പെടുത്തി നിർമ്മിക്കപ്പെടുന്ന കലണ്ടറുകൾ മാത്രമേ ഭൂനിവാസികൾക്ക് അനുഗുണമാവുക യുള്ളു. പ്രകൃതി സൗഹൃദ (Eco Friendly) പഞ്ചാംഗം എന്ന വിശേഷണത്തിന് ചന്ദ്രമാസ കലണ്ടർ മാത്രമാണ് അർഹതപ്പെട്ടി രിക്കുന്നത്. വേദഗ്രന്ഥങ്ങൾ മനുഷ്യ കുലത്തിന് സമർപ്പിച്ചതും ഇതുതന്നെയാണ്.

മാസത്തിൽ ഒരു ദിവസം മാത്രമാണ് അമാവാസിയുടെ സ്വാധീനം പൂർണ്ണമായ തോതിൽ ഭൂമിയിൽ അനുഭവപ്പെടുക. ഭൂമി മുഴുക്കെ ആ ദിവസം തന്നെ അത് സംഭവിക്കും. പൗർണ്ണമി ദിവ സവും ഇങ്ങനെത്തന്നെ. ഒരു മാസത്തിൽ രണ്ട് അമാവാസിയോ രണ്ട് പൗർണ്ണമിയോ ഉണ്ടാവില്ല. അതുകൊണ്ടുതന്നെ ചന്ദ്രമാസ ത്തിന്റെ ഒന്നാം തീയതി ഭൂമിയിൽ എല്ലായിടത്തും ഒരേ ദിവസം തന്നെയായിരിക്കണം. അമാവാസി സംഭവിച്ച ദിവസത്തിന്റെ (ന ട്ടുച്ച സമയത്താണ് അത് സംഭവിക്കുന്നത്) പിറ്റേ ദിവസം ഒന്നാം തിയ്യതി. പക്ഷെ ആ ദിവസം ഓരോ നാട്ടിലും തുടക്കം കുറിക്കു ന്നത് അതതിടങ്ങളിലെ പ്രാദേശിക പ്രഭാതോദയത്തോടെ ആയി രിക്കുമെന്ന് മാത്രം.

**തീയതിയാണ് ചന്ദ്രൻ**

ഒരു മാസത്തിന്റെ ദൈർഘ്യം എത്രയെന്ന് ചന്ദ്രനാണ് ഭൂനി വാസികൾക്ക് കാണിച്ചുകൊടുക്കുന്നത്. ചന്ദ്രൻ ആകാശത്ത് വ്യത്യസ്ത മുഖഭാവത്തോടെ 29/30 ദിവസങ്ങളിൽ പ്രത്യക്ഷപ്പെ ടുന്നു. ആ കാലയളവിനെയാണ് ഒരു മാസം എന്ന് വിളിക്കപ്പെടേ ണ്ടത്. മനുഷ്യോൽപ്പത്തി മുതൽ മാസം ഇങ്ങനെയാണ് കണ ക്കാക്കപ്പെടുന്നത്. സൂര്യമാസ കലണ്ടർ പിന്നീടുണ്ടാക്കപ്പെട്ടതാ ണ്. അതിന് പക്ഷെ കൃത്യത പോരാ. അത് പ്രകൃതിവിരുദ്ധവുമാ ണ്. 365.25 ദിവസം എന്നത് ഈ വിരുദ്ധതക്ക് തെളിവാണ്.

മാസത്തിലെ തീയതികൾ മനസ്സിലാക്കാൻ ചന്ദ്രന്റെ വലു പ്പവ്യത്യാസം പഠിച്ചാൽമതി. ഭൂമിയിൽ എവിടെവെച്ചും ആകാശത്ത്

ചന്ദ്രനെ കാണാൻ കഴിയും. രാത്രിയിൽ കൂടുതൽ തെളിച്ചത്തോടെയും പകലിൽ മങ്ങിയും കാണാം. ഓരോ ചന്ദ്രക്കലയും അതതു ദിവസത്തിന്റെ തീയതിയെ കുറിക്കുന്നു. കണ്ണുകൊണ്ട് പെട്ടെന്ന് കാണാൻ കഴിയാത്ത ചന്ദ്രക്കലകളുള്ള ചുരുക്കം ദിവസങ്ങളിൽ തീയതി മനസ്സിലാക്കാൻ, തെളിഞ്ഞു കാണുന്ന ദിവസങ്ങളിൽ നിന്ന് കൂട്ടുകയോ കിഴിക്കുകയോ ചെയ്താൽ മതി. അടുത്തമാസം ഒന്നാം തീയതി എന്നായിരിക്കുമെന്നറിയാൻ നടപ്പുമാസം തന്നെ കണക്കുകൂട്ടാവുന്നതാണ്. ഇക്കാലത്ത് ഇതെല്ലാം ആകാശത്തേക്ക് നോക്കാതെ തന്നെ സാധിക്കുമെങ്കിലും ആദിമ കാലത്ത് മനുഷ്യൻ ഭൂമിയിലിരുന്ന് ചന്ദ്രനെ നിരീക്ഷിച്ചായിരുന്നു തീയതികൾ മനസ്സിലാക്കിയിരുന്നത്. കപ്പൽയാത്രക്കാരും ഇതര സഞ്ചാരികളും മരുഭൂനിവാസികളും കൊടുംവനാന്തരങ്ങളിൽ ജീവിച്ചവരും അപരിഷ്കൃതരെന്ന് നാം വിശേഷിപ്പിക്കുന്ന പൗരാണിക സമൂഹങ്ങളും നക്ഷത്രനിരീക്ഷണത്തിൽ പ്രാവീണ്യം നേടിയിരുന്നു. അതിന്റെ ഭാഗമാണ് ഇന്ത്യയിൽ ഹിന്ദുസമൂഹം ഇന്നും കൈവശം വെച്ചിരിക്കുന്ന ജോതിഷം.

സൂര്യന്നും ചന്ദ്രന്നും ഇതര നക്ഷത്രങ്ങൾക്കും കൃത്യമായ കുറ്റമറ്റ സഞ്ചാരപഥങ്ങളും പ്രകടനങ്ങളും കാഴ്ചവെക്കാനാവുന്നതുകൊണ്ടാണ് മനുഷ്യന് തന്റെ വ്യവഹാരങ്ങൾക്ക് അവയെ അവലംബിക്കാൻ സാധിക്കുന്നത്. പ്രപഞ്ചത്തെ സംവിധാനിച്ച പരാശക്തിയുടെ ചാതുരിക്കു മുമ്പിൽ നമുക്ക് തലകുനിക്കേണ്ടിവരും. ഒരാൾ സൂര്യനെ അടിസ്ഥാനമാക്കി സമയം നിർണ്ണയിക്കുകയും ചന്ദ്രനെ അടിസ്ഥാനമാക്കി തീയതികൾ കണക്കാക്കുകയും ചെയ്യുമ്പോൾ അയാൾ പ്രകൃതി നിയമങ്ങളെ അനുധാവനം ചെയ്യുന്നു എന്നുപറയാം. മറ്റൊരർത്ഥത്തിൽ അയാൾ ദൈവത്തെ അനുസരിക്കുന്നു എന്നും പറയാം. മറിച്ചാവുമ്പോൾ അതു ദൈവധിക്കാരം ആയിത്തീരുന്നു.

●

# മാസ നിരീക്ഷണം

1. ഓരോ മാസത്തിലും 7 വളരുന്ന ഹിലാലും 7 ക്ഷയിക്കുന്ന ഹിലാലും (ചന്ദ്രക്കല) ഉണ്ടാകും.

2. ആദ്യത്തെ വളരുന്ന ഹിലാൽ സാധാരണയായി ദൃശ്യമാകുന്നത് മാസത്തിന്റെ ഒന്നാമത്തെ ദിവസം സൂര്യൻ അസ്തമിച്ചതിനു ശേഷമാണ്. ഇത് ലോകത്ത് എല്ലാ സ്ഥലങ്ങളിലും കാണുകയില്ല.

3. അവസാനം ക്ഷയിക്കുന്ന ചന്ദ്രക്കല (ഉർജൂനുൽ ഖദീം) കാണുന്നത് മാസം അവസാനിക്കുന്നതിന് ഒരു ദിവസം മുമ്പെയാണ്. പ്രഭാതത്തിൽ കിഴക്ക് ഭാഗത്ത്. ഉദാ: 29 ദിവസങ്ങളുള്ള മാസത്തിൽ 28ന്, 30 ദിവസങ്ങളുള്ള മാസത്തിൽ 29ന്.

4. മാസത്തിന്റെ അവസാനത്തെ ദിവസം (അമാവാസി) ചന്ദ്രക്കല ഭൂമിയിൽ നിന്നും കാണുക സാധ്യമല്ല. ഇത് 29 നോ 30 നോ ആകാം.

5. ആദ്യത്തെ ദിവസം സൂര്യൻ അസ്തമിച്ചതിനു ഏകദേശം ഒരു മണിക്കൂറിനുള്ളിൽ ചന്ദ്രൻ അസ്തമിക്കും.

6. രണ്ടാമത്തെ ദിവസം ഇത് രണ്ട് മണിക്കൂറോളം കഴിഞ്ഞായിരിക്കും.

7. ഏഴാമത്തെ ദിവസം സൂര്യാസ്തമയ സമയത്ത് ചന്ദ്രൻ ആകാശത്ത് ഉച്ചിയിലായിരിക്കും. അന്ന് ഏതാണ്ട് അർദ്ധരാത്രി അസ്തമിക്കും.

8. മാസത്തിന്റെ നടുവിൽ പൂർണ്ണ ചന്ദ്രനുണ്ടാകും. ഏകദേശം അർദ്ധരാത്രി അത് ഉച്ചിയിലെത്തും.

9. അടുത്ത ദിവസം രാവിലെ സൂര്യൻ ഉദിക്കുമ്പോൾ ചന്ദ്രൻ അസ്തമിച്ചിരിക്കുകയില്ല.

10. തുടർന്ന് ചന്ദ്രൻ ക്ഷയിച്ചു തുടങ്ങുന്നു. ചന്ദ്രാസ്തമയം ദിനംതോറും വൈകിക്കൊണ്ടിരിക്കും. എല്ലാദിവസവും നോക്കുന്ന ഒരാൾക്ക് തീയതി മനസ്സിലാക്കുക പ്രയാസകരമല്ല. ഇനിയുള്ള ദിവസങ്ങളിൽ നിരീക്ഷണം നടത്തേണ്ടത് സൂര്യോദയത്തിനു മുമ്പാണ്. കിഴക്കോട്ട് നോക്കണം.

11. ചന്ദ്രമാസത്തീയതികൾ എഴുതി വെക്കാതെ ഓർമ്മിക്കുക എളുപ്പമാണ്. സാധാരണയായി ഏഴാം ദിവസം ഏതാണ്ട് പകുതി ചന്ദ്രക്കലയായിരിക്കും. 15ന് പൂർണത പ്രാപിക്കുന്നു. 22ന് ക്ഷയിച്ചു കൊണ്ട് വീണ്ടും പകുതി ചന്ദ്രക്കലയായി മാറുന്നു. ക്ഷയിക്കുന്ന ചന്ദ്രക്കലയുടെ ആദ്യരൂപം മാസം അവസാനിക്കുന്നതിനു 7 ദിവസം മുമ്പ് കാണാം. ഇത് കാണുന്ന ദിവസം ഏതോ അടുത്ത ആഴ്ചയിലെ അതേ ദിവസം ആയിരിക്കും അടുത്ത മാസത്തിന്റെ ഒന്നാം തീയതി.

12. മാസം 29 ആണോ 30 ആണോ എന്നറിയാൻ അവസാനം വരെ കാത്തിരിക്കേണ്ടതില്ല. ചന്ദ്രക്കലയുടെ വളർച്ചയും അതിന്റെ സഞ്ചാരവും (മനാസിൽ) ഇതിനെ കാണിക്കും. തെളിഞ്ഞ അന്തരീക്ഷമുള്ള രാത്രികളിൽ ഏതാനും മാസം തുടർച്ചയായി നിരീക്ഷിച്ചാൽ ഇത് എളുപ്പം ആർക്കും മനസ്സിലാക്കാവുന്നതാണ്.

13. ഓരോ ദിവസവും ചന്ദ്രന്റെ സഞ്ചാരം ഏതാണ്ട് 6 വിരൽ (12 ഡിഗ്രി) ആയിരിക്കും.

14. 30ന്റെ മാസങ്ങളിൽ 5ഓ 6ഓ വിരലുകളായിരിക്കും. ( 10 ഓ 12 ഓ ഡിഗ്രി) ചന്ദ്രക്കലകൾ നേർത്തവയായിരിക്കും.

15. 29ന്റെ മാസങ്ങളിൽ 6ഓ 7ഓ വിരലുകളായിരക്കും. (12-14 ഡിഗ്രി). ചന്ദ്രക്കലകൾ തടിച്ചവയായിരിക്കും

16. 5,6,7എന്നീ തീയതികളിൽ ചന്ദ്രനെ നിരീക്ഷിച്ചാൽ തീയതി ശരിയാണോ എന്നറിയാൻ സാധിക്കും.

17. മാസം 29 ന്റേതാണെങ്കിൽ ഏഴിൽ ഏതാണ്ട് അർദ്ധ ചന്ദ്രനായിരിക്കും. ഈ മാസങ്ങളിൽ സൂര്യന്റെ അസ്തമയവും

പൂർണ്ണ ചന്ദ്രന്റെ ഉദയവും ഏതാണ്ട് ഒരേ സമയത്തായിരിക്കും.

18. 30ന്റെ മാസങ്ങളിൽ ഏഴാമത്തെ ചന്ദ്രക്കല മെലിഞ്ഞതായിരിക്കും . പൂർണ്ണ ചന്ദ്രൻ സൂര്യസ്തമയത്തിനു കുറച്ചു മുമ്പെ ഉദിക്കുകയും ചെയ്യും.

19. 22-ാം തീയതി രാവിലെ സൂര്യോദയത്തിനു മുമ്പു നോക്കുമ്പോൾ ചന്ദ്രൻ ഏതാണ്ട് ഉച്ചിയിൽ കാണും. അത് പകുതിയിൽ കൂടുതലാണെങ്കിൽ അത് 30ന്റെ മാസമായിരിക്കും.

20. സൂര്യോദയ സമയത്ത് ഏതാണ്ട് പകുതിയാണെങ്കിൽ 29ന്റെ മാസമായിരിക്കും. നിരീക്ഷണം സൂര്യോദയത്തിനു മുമ്പ് നടത്തണം.

21. അടുത്ത ദിവസം അത് ചന്ദ്രക്കലയുടെ രൂപം പ്രാപിക്കും. ഇങ്ങനെ കാണുന്ന ദിവസം അടുത്ത ആഴ്ചയിൽ ഇതേ ദിവസം പുതുമാസത്തിന്റെ ഒന്നാം തീയതി ആയിരിക്കും. ചന്ദ്രക്കലയുടെ രൂപം ആയോ എന്ന സംശയം ഉണ്ടായാൽ അടുത്ത ദിവസത്തെ നിരീക്ഷണം കൊണ്ട് അത് മനസ്സിലാകും.

22. 30ന്റെ മാസത്തിൽ 22നു പകുതിയിൽ കൂടുതലുണ്ടാകും. 23ന് പകുതിയാകും. 24ന് ചന്ദ്രക്കലയായി മാറുകയും ചെയ്യും. ഈ ദിവസമായിരിക്കും അടുത്ത മാസത്തിന്റെ ഒന്നാം തീയതി.

23. അവസാനമായി തെറ്റുപറ്റാത്തവിധം കാണുന്ന 'ഉർജൂനുൽ ഖദീം' പോലെ കാണുന്ന അവസാനത്തെ ചന്ദ്രക്കല നിരീക്ഷിക്കണം.

24. ഇതിനായി 25-ാം തീയതി മുതൽ നിരീക്ഷണം തുടങ്ങണം. 25ന് ഫജ്ർ നമസ്കാരത്തിനു ശേഷം നോക്കുമ്പോൾ (കിഴക്ക്)ചന്ദ്രക്കല കാണുവാൻ സാധിക്കും.

25. അടുത്ത ദിവസം (26-ാം തീയതി) അത് മുമ്പത്തേതിനേക്കാൾ താഴെ കിഴക്ക് ഉണ്ടായിരിക്കും.

26. 27ന് അതിനേക്കാളും താഴെയായിരിക്കും. അതിന്റെ ആകൃതിയിലും വ്യത്യാസമുണ്ടായിരിക്കും.

27. മാസം 29 ന്റേതാണെങ്കിൽ 28ന് സൂര്യോദയത്തിനു മുമ്പ് കിഴക്ക് വളരെ താഴെയായി നേരിയ ഒരു ചന്ദ്രക്കല കാണും. ഇതാണ് അവസാനത്തെ ചന്ദ്രക്കലയായ 'ഉർജൂനുൽ ഖദീം' പോലെയെന്നു ഖുർആനിൽ പറഞ്ഞ ചന്ദ്രക്കല.

28. മാസം 30 ന്റേതാണെങ്കിൽ 'ഉർജൂനുൽ ഖദീം' കാണുന്നത് 29 നായിരിക്കും. 30ന് കാണുകയില്ല. കാരണം അത് അത്രയും താഴെ സൂര്യപ്രഭയിലായിരിക്കും.

29. 29ന്റെ മാസത്തിൽ 29ന് നോക്കിയാൽ ചന്ദ്രൻ ഉദിക്കുന്നത് കാണുകയില്ല. ഏതാനും മിനുട്ടുകൾക്ക് മുമ്പ് ഉദിക്കുമെങ്കിലും സൂര്യനോട് അടുത്ത് പോയതിനാൽ കാണുകയില്ല. ഇതാണ് അമാവാസി ദിവസം.

30. ഈ ദിവസത്തിനു ശേഷം വരുന്ന ദിവസം മാസത്തിന്റെ ഒന്നാം തീയതിയായിരിക്കും.

ഇത്തരത്തിൽ ചന്ദ്രക്കലകളെ നിരീക്ഷണം നടത്തി മാസപ്പിറവിയും തീയതികളും മനസ്സിലാക്കുന്നതിനെയാണ് **صوموا لرأيته وافطروا لرأيته** എന്ന നബി വചനം കൊണ്ടുദ്ദേശിക്കുന്നത്. ഈ നിരീക്ഷണത്തിൽ വല്ലപ്പോഴും അവ്യക്തതയോ സംശയമോ വന്നാലാണ് മുപ്പത് തികക്കുക എന്ന് തിരുമേനി പറഞ്ഞത്.

●

# പിറവി വിരൽത്തുമ്പിൽ

സൂര്യൻ, ഭൂമി, ചന്ദ്രൻ തുടങ്ങിയ ഗ്രഹങ്ങളുടെ രൂപവും ഭാവവും ചലനങ്ങളും മാർഗ രേഖകളും സംബന്ധിച്ച കൃത്യമായ കണക്കുകൾ ഇന്ന് മനുഷ്യന്റെ കൈവശമുണ്ട്. അതുകൊണ്ട് തന്നെ സൂര്യൻ എപ്പോൾ ഉദിക്കും, അസ്തമിക്കും, ഗ്രഹണം എപ്പോൾ സംഭവിക്കും, എത്ര നേരം നിലനിൽക്കും തുടങ്ങിയ കാര്യങ്ങൾ മുൻകൂട്ടിപ്പറയാൻ നമുക്ക് സാധിക്കുന്നു. ഈ പ്രവചനങ്ങൾ കൃത്യമായി പുലരുകയും ചെയ്യുന്നു. അതേപോലെ ചന്ദ്രന്റെ അമാവാസി, ഒന്നാംതീയതി, പൗർണ്ണമി, ഉദയം, അസ്തമയം, ഗ്രഹണം തുടങ്ങിയവയല്ലാം നൂറ്റാണ്ടുകൾക്കപ്പുറത്തേക്കും ഇപ്പുറത്തേക്കും കണക്കുകൂട്ടിപ്പറയാൻ മനുഷ്യൻ പഠിച്ചിരിക്കുന്നു. ഗോള സമൂഹങ്ങൾ ഒരു സെക്കന്റിന്റെ ഒരംശംപോലും തെറ്റാതെ കൃത്യമായി ചലിക്കുന്നതുകൊണ്ടാണ് ഇത് സാധിക്കുന്നത്. ആകാശഭൂമികളെയും അവയിലുള്ളവയെയും മനുഷ്യർക്ക് വിധേയമാക്കിക്കൊടുത്തിരിക്കുന്നു എന്ന് ദൈവവചനമുണ്ടല്ലോ. സൂര്യനും ചന്ദ്രനും ഭൂമിയും നക്ഷത്രങ്ങളും കൃത്യതയോടെ സഞ്ചരിക്കുന്നില്ലായിരുന്നുവെങ്കിൽ ഈ കാൽക്കുലേഷനുകളെല്ലാം തെറ്റിപ്പോകുമായിരുന്നു.

**هوالذى جعل الشمس ضياءً والقمر نورًا وقدّره منازل لتعلموا عدد السنين والحساب ما خلق اللّه ذالك الا بالحق يفصّل الايات لقوم يعلمون**

**- ١٠/٥ يونس**

*'പ്രകാശോർജ്ജത്തിന്റെ ഉറവിടമായി സൂര്യനെയും അതിനെ പ്രതിഫലിപ്പിക്കാൻ വേണ്ടി ചന്ദ്രനെയും ചന്ദ്രന്ന് സഞ്ചാരപഥങ്ങളെയും അല്ലാഹു നിശ്ചയിച്ചു. മനുഷ്യർക്ക് ദിവസ - മാസ-വർഷ കണക്കുകൾ മനസ്സിലാക്കാൻ വേണ്ടിയാണിത്. ഇവയൊന്നും അലക്ഷ്യമായി സൃഷ്ടിച്ചതല്ലെന്ന് ആലോചനാ ശേഷിയുള്ളവർക്ക് ബോധ്യപ്പെടും'*

തെറ്റുപറ്റാത്ത ഈ കണക്കിന്റെ പിൻബലത്തിലാണ് മനു

ഷ്യർ ഇന്ന് വാനലോകനിരീക്ഷണത്തിന് ആകാശ വാഹനങ്ങളിൽ യാത്രപുറപ്പെടുന്നതും ബഹിരാകാശത്തും ചില ഗ്രഹങ്ങളിലും ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും. കുറ്റമറ്റ സൃഷ്ടിപ്പിന്റെയും തെറ്റുപറ്റാത്ത ഗണിതത്തിന്റെയും ഉടമയുടെ കൈകളാണ് പ്രപഞ്ച സംവിധാനത്തിന് പിന്നിൽ പ്രവർത്തിക്കുന്നത് എന്നതിന് മറ്റൊരു തെളിവും ആവശ്യമില്ല.

ആകാശ ഗോളങ്ങളുടെ സഞ്ചാര ഗതിയെ സംബന്ധിച്ച വിവരങ്ങൾ വാന നിരീക്ഷണ കേന്ദ്രങ്ങളിൽ നിന്ന് നമുക്ക് ലഭിക്കുന്നു. പത്രമാധ്യമങ്ങളിലൂടെ അവർ ആവശ്യമായ വിവരങ്ങ.ൾ പുറത്തു വിടുന്നുമുണ്ട്. ഇന്റർനെറ്റ് സൗകര്യങ്ങൾ വന്നതോടുകൂടി വീട്ടിനകത്തിരുന്ന് സൂര്യ ചന്ദ്രൻമാരുടെയും നക്ഷത്ര സമൂഹങ്ങളുടെയും സകല വിവരങ്ങളും വിരൽത്തുമ്പിലൂടെ നമുക്ക് സാധിച്ചിരിക്കുകയാണ്. ഈയിടെയായി വീണ്ടും മുന്നോട്ട്പോയി, ഈ വിജ്ഞാനം നാമോരോരുത്തരുടെയും പോക്കറ്റിലിരിക്കുന്ന സെൽഫോണിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നേടത്തോളം മനുഷ്യൻ ആകാശത്തെയും കൈപ്പിടിയിലൊതുക്കിയിരിക്കുന്നു.

ഇന്ന് ചന്ദ്രന്റെ പ്രകാശിത ഭാഗത്തിന്റെ എത്ര ശതമാനം നമുക്കു കാണാം, എത്ര ശതമാനം കാണുകയില്ല, അമാവാസി എന്നാണ്, പൗർണ്ണമി ഏതു ദിവസം, ഒന്നാം തീയതി എന്ന്, ഗ്രഹണം ഉണ്ടാകുമോ, ഉണ്ടാകുമെങ്കിൽ ഭൂമിയിൽ എവിടത്തുകാർക്ക് അത് ദൃശ്യമാകും, എത്ര അളവിൽ, ഏതുസമയത്ത് തുടങ്ങി സകല വിവരങ്ങളും ഈ സെൽഫോണിലൂടെ, അതിന്റെ ചില ബട്ടനുകൾ അമർത്തുന്നതിലൂടെ, വിരൽത്തുമ്പിലൂടെ, നമുക്ക് മനസ്സിലാക്കിയെടുക്കാനും അതനുസരിച്ച് കാര്യങ്ങൾ മുന്നോട്ട് നീക്കാനും സാധിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

വിസ്മയകരമെന്ന് പറയട്ടെ, ഇക്കാലത്താണ് ഒന്നാം ചന്ദ്രനെ കണ്ണുകൊണ്ട് കണ്ടെങ്കിൽ മാത്രമേ ഞങ്ങൾക്ക് ഒന്നാം തീയതി പിറക്കുകയുള്ളുവെന്ന് ഒരു ജനത നിർലജ്ജം വിളിച്ചുപറയുന്നത്!

●

*പുരോഹിതന്നെന്തറിയാം ഇസ്‌ലാമിന്റെ വ്യാപ്തി നമസ്ക്കരിക്കാനൊരിടംകിട്ടുകിൽ അവന്റെ ഇസ്‌ലാം പൂർത്തിയായി.*

*- ഡോ. ഇഖ്ബാൽ*

# ഉദയം

ഭൂമി പടിഞ്ഞാറുനിന്ന് കിഴക്കോട്ട് കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഗോളമാണ് എന്ന് നേരത്തെ പ്രതിപാദിച്ചിട്ടുണ്ട്. അപ്പോൾ ഭൂമിയിൽ നിന്ന് നോക്കുന്നവർക്ക് സൂര്യൻ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് സഞ്ചരിക്കുന്നതായി അനുഭവപ്പെടും. സൂര്യൻ മാത്രമല്ല, ചന്ദ്രനും കിഴക്കുദിക്കുകയും പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യുകയാണ്. നക്ഷത്രങ്ങളും അതെ. സൂര്യൻ ഉദിക്കുന്നതും അസ്തമിക്കുന്നതും നിത്യവും നമുക്ക് കാണാനാകും. എന്നാൽ നിത്യേന ചന്ദ്രൻ കിഴക്കുഭാഗത്തുദിക്കുന്നതും പടിഞ്ഞാറ് അസ്തമിക്കുന്നതും നമുക്ക് കാണാനാവില്ല. കാരണങ്ങൾ പലതാണ്. ഒന്ന്: പകൽ സൂര്യപ്രകാശ പ്രളയം കാരണം ചന്ദ്രനെ കണ്ടുകൊള്ളണമെന്നില്ല. രണ്ട്: ചന്ദ്രൻ സൂര്യനോട് ചേർന്ന് സഞ്ചരിക്കുന്ന സന്ദർഭങ്ങളിലും കാണാനാവില്ല. മൂന്ന്: ചന്ദ്രൻ എന്നും ഒരേ വലിപ്പത്തിലല്ല പ്രത്യക്ഷപ്പെടുന്നത്. അതു ചെറുതായി വരുന്നതിനനുസരിച്ച് നമ്മുടെ ദൃഷ്ടികൾക്ക് ഗോചരമാകാതെ വരും. എന്തായാലും ചന്ദ്രൻ കിഴക്ക് ഭാഗത്ത് മാത്രമേ ഉദിക്കുകയുള്ളൂവെന്ന് നാം മനസ്സിലാക്കിയിരിക്കണം. ഈ ഉദയം പക്ഷെ, ദിവസത്തിന്റെ പല സമയങ്ങളിലായിരിക്കും. ഓരോ ദിവസവും ഏകദേശം ഒരു മണിക്കൂർ വൈകി ഉദിച്ചുകൊണ്ടിരിക്കും. ഉദാഹരണത്തിന് ഒന്നാം തീയതി രാവിലെ ആറുമണിക്ക് കിഴക്കുദിക്കുന്ന ചന്ദ്രൻ രണ്ടാം തീയതി ഏഴുമണിക്കും, മൂന്നാം തീയതി എട്ടുമണിക്കും നാലാം തിയതി ഒൺപതുമണിക്കും അഞ്ചാം തീയതി പത്തുമണിക്കും എന്ന ക്രമത്തിൽ ഉദിച്ചുകൊണ്ടിരിക്കും. അതായത് ഓരോ ദിവസവും സൂര്യനിൽ നിന്ന് സുമാർ 10–15 ഡിഗ്രി മാറിക്കൊണ്ട്; 45–60 മിനിറ്റ് വൈകിക്കൊണ്ട്. രണ്ടാഴ്ചയാകുമ്പോൾ പൂർണ്ണ വളർച്ച പ്രാപിച്ച ചന്ദ്രോദയം സന്ധ്യക്ക് കിഴക്ക് ഭാഗത്ത് കാണാം. വീണ്ടും അതിന്റെ ഉദയസമയം വൈകിക്കൊണ്ടിരിക്കും. മാസം ഇരുപത്തിഏഴിലും ഇരുപത്തിയെട്ടിലും എത്തുമ്പോൾ ഒരു ക്ഷയിച്ച ചന്ദ്രക്കല പ്രഭാത സമയത്ത് കിഴക്ക് ഉദിച്ചുപൊങ്ങുന്നത് കാണാം,

സൂര്യോദയത്തിന് മുമ്പിലായിട്ട്. 29/30 ന് അതിനെ തീരെ കാണാനാവില്ല. കാരണം സൂര്യന്റെ കൂടെ ഏറ്റവും അടുത്തായിട്ടാണ് അന്നേ ദിവസം പുള്ളിക്കാരന്റെ ഉദയം. മാത്രമല്ല സൂര്യനിൽ നിന്ന് പ്രതിഫലിക്കുന്ന പ്രകാശ പ്രളയത്തിൽ ചന്ദ്രൻ മുങ്ങി നിൽക്കുകയാണ്. ആ ദിവസമാണ് അമാവാസി. അമാവാസിയുടെ പിറ്റേന്ന് വീണ്ടും ചന്ദ്രൻ ഏതാനും ഡിഗ്രി സൂര്യനിൽ നിന്ന് അകലുന്നു. 45-60 മിനിറ്റ് വൈകി കിഴക്കുദിക്കുന്നു. പക്ഷെ രാവിലെയായതുകൊണ്ടും വലുപ്പക്കുറവുകൊണ്ടും സൂര്യപ്രകാശംകൊണ്ടും ഭൂനിവാസികൾക്ക് നഗ്ന നേത്രങ്ങൾ കൊണ്ട് കാണാനാവില്ല. പക്ഷെ വൈകുന്നേരമാകുമ്പോൾ സൂര്യൻ അസ്തമിച്ച ശേഷം 48 മിനിറ്റിൽ കൂടുതൽ ചന്ദ്രൻ ആകാശത്തുണ്ടെങ്കിൽ കാണാവുന്നതാണ്. രാവിലെ കിഴക്കുദിക്കുകയും സൂര്യന്റെ പിന്നാലെ സഞ്ചരിച്ചു വരികയും ചെയ്ത ബാലചന്ദ്രനെ നമുക്ക് കാണാനാകും. ആ ചന്ദ്രൻ ആ ദിവസത്തിന്റെ തീയതി - ഒന്നാം തീയതി-കുറിച്ചിട്ട് അസ്തമിക്കാൻ പോവുകയാണ്.

ഈ ബാലചന്ദ്രനെ നോക്കി മുസ്‌ലിം സമുദായം പറയുകയാണ്, അവിടെ പടിഞ്ഞാറൻ ചക്രവാളത്തിൽ ഒന്നാം തീയതിയുടെ ചന്ദ്രപ്പിറ ഉദയം ചെയ്തിരിക്കുന്നു എന്ന്! അവിടംകൊണ്ടും അവസാനിപ്പിക്കാതെ അവർ വീണ്ടും പ്രഖ്യാപിക്കുകയാണ്, ആയതിനാൻ നാളെ ഒന്നാം തീയതി ആയിരിക്കുമെന്നും!? ഇതിനേക്കാൾ വലിയൊരു മണ്ടത്തരവും ആഗോള വിഡ്ഢിത്തവും വിവരക്കേടും വേറെയുണ്ടോ? ഇവിടെ വേറെയും മനുഷ്യ സമൂഹങ്ങളില്ലേ? ഇത് കേൾക്കുമ്പോൾ അവർ മുസ്‌ലിംകളെസ്സംബന്ധിച്ച് എന്താണ് മനസ്സിലാക്കുക? ദൈവം നിശ്ചയിച്ച പ്രകൃതി നിയമങ്ങളെ പച്ചയായി നിഷേധിക്കുകയും ദൈവത്തിന്റെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയും ചെയ്യുന്നത് മാപ്പർഹിക്കാത്ത കുറ്റമല്ലേ! വിവരവും അറിവും കണക്കും ശാസ്ത്രവും അറിയാത്ത ഒരു കാലഘട്ടത്തിലായിരുന്നു എങ്കിൽ ഇപ്പറയുന്നതിന് എന്തെങ്കിലും ന്യായീകരണം ആകാമായിരുന്നു. വിജ്ഞാന ലോകം വിരൽത്തുമ്പിൽ വന്നുനിൽക്കുന്ന ഇന്ന്, നിഷേധിക്കാനാവാത്ത ശാസ്ത്ര സത്യങ്ങളുടെ മുമ്പിൽ ഇത്രത്തോളം പിന്തിരിപ്പൻമാരാവുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതാണോ? ഇത് ദീനിനെ കളവാക്കുകയല്ലേ? ദൈവത്തെ നിഷേധിക്കുകയല്ലേ? പ്രവാചകനെ പരിഹസിക്കുകയല്ലേ?

●

# അബദ്ധ പഞ്ചാംഗങ്ങൾ

### ദിവസം സന്ധ്യക്ക് ആരംഭിക്കുന്നു!

ചന്ദ്രൻ പടിഞ്ഞാറ് ഉദിക്കുന്നു എന്ന് പറയുന്നതിലൂടെ അതിനെ ന്യായീകരിക്കാൻ വേണ്ടി മുസ്ലിം നേതൃത്വങ്ങൾക്കും പണ്ഡിതർക്കും  വേറെയും വിതണ്ഡാവാദങ്ങൾ ഉന്നയിക്കേണ്ടി വരുന്നു. ഇന്നത്തെ ചന്ദ്രക്കല നാളെയുടെ അടയാളമാണ്, ഒരു ദിവസം ആരംഭിക്കുന്നത് സന്ധ്യക്ക് സൂര്യാസ്തമയത്തോടെയാണ് എന്നെല്ലാം പറയാനും നിർബന്ധിതരാകുന്നു. എങ്കിലല്ലേ ആദ്യത്തെ തെറ്റിനെ ന്യായീകരിക്കാനാവൂ. ചന്ദ്രൻ പടിഞ്ഞാറ് ഉദിക്കുകയാണെങ്കിൽ പിന്നെ ദിവസം ആരംഭിക്കേണ്ടത് സന്ധ്യക്ക് തന്നെ! സൂര്യൻ അസ്തമിക്കുമ്പോൾ ദിവസാരംഭം! പിന്നീട് ഇതിനെ ന്യായീകരിക്കാനുള്ള വ്യാഖ്യാന- ദുർവ്യാഖ്യാന കരണം മറിച്ചിലുകൾ!

ഒരു ദിവസം ആരംഭിക്കുന്നത് ഫജ്ർ നമസ്ക്കാരത്തോടെയും അവസാനിക്കുന്നത് ഇശാ നമസ്ക്കാരത്തോടെയും ആണെന്നതോ അസർ മധ്യനമസ്ക്കാരമായി പറയപ്പെടുന്നുണ്ട് എന്നതോ ഇവിടെ പരിഗണിക്കപ്പെടുന്നില്ല. ഒരു വിശ്വാസി ഉറങ്ങാൻ കിടക്കുമ്പോൾ താൻ മരിച്ചുവീഴുകയാണ് എന്ന് പ്രഖ്യാപിക്കുന്നതും പ്രഭാതത്തിൽ ഉണരുമ്പോൾ മരിച്ചു വീണ തന്നെ വീണ്ടും ജീവിപ്പിച്ച ദൈവത്തിന് പ്രണാമമർപ്പിക്കുന്നതും യഥാക്രമം ഒരുദിവസത്തിന്റെ അന്ത്യത്തെയും ആരംഭത്തെയും കുറിക്കുന്നില്ലേ എന്നും ഇവിടെ ചിന്തയില്ല. പൊട്ടിവിടരുന്ന പ്രഭാതത്തിൽ രണ്ട് മാലാഖമാർ മന്ത്രിക്കുമത്രെ: *'മനുഷ്യപുത്രാ, ഇതൊരു പുതിയ ദിവസമാണ്. നിന്റെ കർമ്മങ്ങൾക്ക് നാം സാക്ഷിയാണ്. പാഥേയം ഒരുക്കിവെക്കുക. അന്ത്യനാളിൽ നാം നിന്നോടൊപ്പമുണ്ടാകും.'* ഈ തിരുവചനവും  പ്രദോഷത്തിൽ പ്രഭാതം പ്രതീക്ഷിക്കുന്നവർ വിസ്മരിക്കുകയാണ്.

അറബിഭാഷയിൽ ഉദയസ്ഥാനത്തിന് 'മശ്‌രിഖ്' എന്നും അസ്തമയസ്ഥാനത്തിന് 'മഗ്‌രിബ്' എന്നുമാണ് പ്രയോഗം. അറബി ഭാഷ അറിയുന്ന ആളുകൾ മഗ്‌രിബിൽ മശ്‌രിഖിനെ പരതുന്നത് എന്തു മാത്രം വിരോധാഭാസമല്ല!

**ചന്ദ്രനെ കാണണം !**

ഇവിടെയാണ് പ്രശ്നത്തിന്റെ മർമ്മം. 'നവ ചന്ദ്രനെ കണ്ടി ട്ടു വേണം മാസം ആരംഭിക്കേണ്ടത് എന്നും റമദാൻവ്രതം ആരം ഭിക്കേണ്ടതിനും പെരുന്നാൾ ആഘോഷിക്കുന്നതിനും ബാലചന്ദ്ര ദർശനം അനിവാര്യമാണ് എന്നും പ്രവാചകൻ പറഞ്ഞ സ്ഥിതിക്ക് മേൽപ്പറഞ്ഞ വാദഗതികൾക്കോ ശാസ്ത്ര നിരീക്ഷണങ്ങൾക്കോ പ്രസക്തിയില്ല' എന്നാണ് മുസ്‌ലിം സമുദായ നേതൃത്വങ്ങളുടെ നിലപാട്.

ശരി, നമുക്ക് വിഷയവുമായി ബന്ധപ്പെട്ട തിരുവചനങ്ങൾ അപഗ്രഥിച്ചു നോക്കാം. മുൻകൂറായി മറ്റുചില കാര്യങ്ങൾ പറ യാനുണ്ട്.

സൂര്യന്റെ ചലനത്തിന്റെ അടിസ്ഥാനത്തിലാണ് മുസ്‌ലിം കൾക്ക് നിത്യേനയുള്ള നമസ്കാര സമയം നിശ്ചയിക്കപ്പെട്ടിരി ക്കുന്നത്. മാസത്തിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ആരാ ധനകൾക്ക് ചന്ദ്രനെയും. സൂര്യന്റെ ഉദയം, വളർച്ച, തളർച്ച, അസ്തമയം, തിരോധാനം എന്നിവയെ ആധാരമാക്കി നമസ്കാരം നിർവ്വഹിക്കപ്പെടണമെന്ന് കൽപ്പിക്കപ്പെട്ട കാലത്ത് സമയമറിയാൻ വാച്ച്, ക്ലോക്ക് എന്നീ ഉപകരണങ്ങൾ ഉണ്ടായിരുന്നില്ല. ആകാശ ത്തേക്ക് നോക്കിയും പ്രകൃതിയിലെ പ്രതികരണങ്ങൾ മനസ്സിലാ ക്കിയും അവരത് സാധിച്ചു. സാധ്യമാകുന്നതിന്റെ പരമാവധി കൃത്യ തയോടുകൂടി. പക്ഷെ ഇന്ന് കാലം മാറി. സൂര്യൻ ഉദിക്കാറായിട്ടു ണ്ടോ, ഉദിച്ചുവോ, ഉച്ചിയിലെത്തിയോ, അസ്തമയം സംഭവിച്ചു കഴിഞ്ഞോ എന്നെല്ലാം മനസ്സിലാക്കാൻ ഒന്നര സഹസ്രാബ്ദ ങ്ങൾക്ക് മുമ്പ് അറേബ്യൻ ജനത ചെയ്തുപോന്ന, ആകാശത്തേ ക്കോ, നിഴലിലേക്കോ നോക്കി മനസ്സിലാക്കേണ്ട യാതൊരാവ ശ്യവും ഇന്നില്ല. സൂര്യന്റെ ചലനം കൃത്യമായി കണക്കുകൂട്ടി തയ്യാ റാക്കി വെച്ച കലണ്ടറുകൾ ആശ്രയിച്ചുകൊണ്ടാണ് ലോകമെങ്ങും മുസ്‌ലിംകൾ നമസ്ക്കാര കർമ്മങ്ങൾ നിർവ്വഹിച്ചുപോരുന്നത്. യഥാർത്ഥത്തിൽ ഇങ്ങനെ കണക്കുകൂട്ടി, ഘടികാരം നോക്കി

ബാങ്ക് വിളിക്കാനോ നമസ്ക്കരിക്കാനോ അല്ല പ്രവാചകൻ കൽപ്പിച്ചത്. എന്നിട്ടും കാലത്തിന്റെ തേട്ടവും സൗകര്യവും പരിഗണിച്ചു കൊണ്ടാണ് പുതിയ പരിഷ്കാരം അംഗീകരിക്കപ്പെട്ടിരിക്കുന്നത്. അതിന് പ്രവാചക കാലത്തേതിനേക്കാൾ കൃത്യതയും ഉണ്ട്. ഈ പരിഷ്കാരം കുറ്റമല്ല, പുണ്യമാണ്, നിർബന്ധവുമാണ്.

ബാങ്ക് വിളിക്കാൻ ആശ്രയിക്കുന്ന അതേ കലണ്ടറിൽ അമാവാസിയും ചന്ദ്രപിറവിയും പൗർണ്ണമിയും കൃത്യമായ ഗോളശാസ്ത്രക്കണക്കിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അത് അംഗീകരിച്ച് നടപ്പാക്കാൻ നമ്മുടെ നേതാക്കളും പണ്ഡിതരും സമുദായത്തെ അനുവദിക്കുന്നില്ല. ചന്ദ്രന്റെ കാര്യത്തിൽ മാത്രം ഇപ്പറഞ്ഞതുപോലുള്ള പരിഷ്കാരങ്ങളോ കാലിക മാറ്റങ്ങളോ, കൃത്യതയോ ആയിക്കൂടാ എന്ന ദുർവാശിയാണ് സമുദായ നേതൃത്വങ്ങൾ വെച്ചുപുലർത്തുന്നത്. തീയതികൾക്ക് കൃത്യത വേണ്ടതില്ലെന്നും ഓരോ നാട്ടിലും ഓരോ തീയതി ആയിക്കൊള്ളട്ടെ എന്നും അവർ ഫത്‌വ കൊടുക്കുന്നു! ഭൂമിയിലൊരിടത്തും ചന്ദ്രമാസാടിസ്ഥാനത്തിൽ ഒരു തീയതി ഒരേ ദിവസം ആവുക സാധ്യമല്ലെന്ന ഭീമാബദ്ധവും അവർ എഴുന്നെള്ളിക്കുന്നു. കാരണം ഭൂമി ഉരുണ്ടതായതുകൊണ്ടാണത്രെ!

അപ്പോൾ ഭൂമിയെ ഉരുട്ടിയുണ്ടാക്കിയതാണോ തെറ്റ്? സ്രഷ്ടാവിന്ന് തെറ്റ് പറ്റിയെന്നാണോ ഇവരുടെ വാദം? ഈ ഉരുണ്ട ഭൂമിയിൽ മുസ്‌ലിംകളല്ലാത്ത മറ്റു യാതൊരു സമുദായക്കാർക്കും ശാസ്ത്രജ്ഞൻമാർക്കും ഭൂമി ഉരുണ്ടതായിപ്പോയതിന്റെ പേരിൽ ചന്ദ്രമാസത്തീയതി വ്യത്യസ്ത ദിവസങ്ങളിൽ എണ്ണേണ്ടിവന്നിട്ടില്ലാത്തതെന്തുകൊണ്ട്? മുസ്‌ലിംകളെ തീയതി പറയാൻ പറ്റാത്ത, കൃത്യ തീയതിക്ക് കർമ്മങ്ങൾ അനുഷ്ഠിക്കാൻ അറിയാത്ത, ലോകടിസ്ഥാനത്തിൽ ഒന്നിക്കാൻ കഴിയാത്ത ഒരു ചിതറിയ സമുദായമാക്കി നിലനിർത്തണമെന്നാണാവോ സ്രഷ്ടാവിന്റെ താൽപര്യം?

ശാസ്ത്രം വളരുന്നതിന്റെയും മുഹമ്മദുനബി വരുന്നതിന്റെയും ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പുതന്നെ ഹിന്ദു മതപണ്ഡിതന്മാർ ചന്ദ്രമാസക്കലണ്ടറും ഗോള ശാസ്ത്രക്കലണ്ടറും നിർമ്മിച്ചിട്ടുണ്ട്. അതാണ് പഞ്ചാംഗം. ഹിന്ദുക്കളുടെ വാവുബലി, അമാവാസി – പൗർണ്ണമി പൂജകൾ, വ്രതങ്ങൾ തുടങ്ങിയവ ചന്ദ്രനെ

ആശ്രയിച്ചാണ്. അവരൊന്നും ആകാശത്തേക്ക് നോക്കാതെ ചന്ദ്രമാസത്തിന്റെ കൃത്യ തീയതിക്കു തന്നെ കാര്യങ്ങൾ സാധിക്കുന്നു.

ബാലചന്ദ്രനെ ഓരോ നാട്ടുകാരും കണ്ണുകൊണ്ട് കണ്ട ശേഷം മതി ആ നാട്ടുകാർ ഒന്നാം തീയതി തീരുമാനിക്കാൻ എന്ന് പറയുന്നതിലെ വങ്കത്തവും അപ്രായോഗികതയും എത്രമാത്രമുണ്ടെന്ന് ആലോചിക്കാൻ വലിയ ബുദ്ധിയൊന്നും ആവശ്യമില്ല. മാത്രമല്ല ഭിന്നിക്കരുത്, ഒന്നിച്ചിരിക്കണം എന്ന് ആയിരം തവണ ആവർത്തിക്കുന്ന ഇസ്‌ലാംമതം ഭിന്നിപ്പിന് വഴിമരുന്നിടുമെന്ന് വിശ്വസിക്കാനും വയ്യ. ഇനി ഏതെങ്കിലും ഖുർആൻ സൂക്തമോ പ്രവാചക വചനമോ വായിച്ച് അർത്ഥം വെക്കുമ്പോൾ അത് ഭിന്നിപ്പിന് കാരണമാകുമെന്ന് സംശയിച്ചാൽ (?) അതിനെ ഐക്യത്തിന്നനുകൂലമായി വ്യാഖ്യാനിക്കുകയാണ് വേണ്ടത് എന്നും നമുക്കറിയാം.

കേരളത്തിൽ മുഹർറമാസം ഒന്നാം തീയതി തിങ്കളാഴ്ചയും തമിൾ നാട്ടിൽ ചൊവ്വാഴ്ചയും ഡൽഹിയിൽ ബുധനാഴ്ചയും എന്ന കണക്കിന് പ്രഖ്യാപിക്കപ്പെടുമ്പോൾ സംഭവിക്കുന്ന ആശയക്കുഴപ്പങ്ങൾ ഒന്നാലോചിച്ചുനോക്കൂ. ചന്ദ്രമാസത്തിന്റെ ഒരു തീയതി വെച്ച് ഒരു പരിപാടി സംഘടിപ്പിക്കാൻ മുസ്‌ലിംകൾക്ക് സാധിക്കുമോ? കേരളത്തിലോ ഇന്ത്യയിലോ മൊത്തമായി ഒരു അവധി പ്രഖ്യാപിക്കുവാനാകുമോ? ലോകാടിസ്ഥാനത്തിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടാനാകുമോ? ഒരു വിവാഹക്ഷണക്കത്ത് അയക്കാനാവുമോ? ജനനത്തീയതിയും മരണവും എങ്ങനെ രേഖപ്പെടുത്തി വെക്കും. നബിതിരുമേനി ജനിച്ചത് റബീഉൽ അവ്വൽ 12 നാണ് എന്ന് എങ്ങനെ പറയാൻ പറ്റും? അത് മക്കയിലെ 12 അല്ലേ. 500 കി.മീറ്റർ അപ്പുറമുള്ള മദീനയിൽ മക്കയിലേതിന്റെ പിറ്റേന്നായിരുന്നു ബാലചന്ദ്രനെ കണ്ടിരുന്നത് എങ്കിൽ ഈ ജനനത്തിയതി അവർക്ക് 13 ആകുമല്ലോ. ഡൽഹിക്കാരന്റെ കാഴ്ചക്കണക്ക് പ്രകാരം നബിയുടെ ജനനം 14 നോ 15 നോ ആയിരിക്കും. കാരണം ഗൾഫ് നാടുകളിൽ ഒന്നാം തിയ്യതി ഉറപ്പിച്ച് രണ്ടും മൂന്നും ദിവസങ്ങൾക്ക് ശേഷമാണ് സാധാരണയായി ഉത്തരേന്ത്യയിൽ ഒന്നാം തീയതി വരാറുള്ളത്. അപ്പോൾ നബിയുടെ ജന്മദിനം ഓരോ പ്രദേശത്തുകാർക്കും വ്യത്യസ്ത തിയതികളിലായി രേഖപ്പെടുത്തേണ്ടിവരില്ലേ?.

മകളുടെ വിവാഹത്തിന് കോഴിക്കോട്ട് മാസം കണ്ടതിന്റെ അടിസ്ഥാനത്തിൽ സഫർ 10 ന് പങ്കെടുക്കാൻ ക്ഷണിച്ചാൽ ഗൾഫിൽ നിന്നും ഡൽഹിയിൽ നിന്നും കേരളത്തിലെ തിരുവനന്തപുരത്തു നിന്നുമെല്ലാം അതിഥികൾ വ്യത്യസ്ത ദിവസങ്ങളിലായിരിക്കും എത്തിച്ചേരുക. അതിഥികളും ആതിഥേയരും ഒരുപോലെ ധർമ്മ സങ്കടത്തിലാവും. അവർ ശപിച്ചുകൊണ്ടിരിക്കും. ആരെ? ക്ഷണിച്ചവനെയല്ല. മറിച്ച് ചന്ദ്രനെ മനുഷ്യകുലത്തിന് വിശിഷ്യാ മുസ്‌ലിംകൾക്ക് തീയതിക്കായി നിശ്ചയിച്ചു തന്ന അല്ലാഹുവിനെ! ഇതിൽ പങ്കെടുക്കാൻ വിധിക്കപ്പെടുന്ന അമുസ്‌ലിംകൾക്ക് അല്ലാഹുവിനോടും അവന്റെ ദീനിനോടും മതിപ്പാണോ മടുപ്പാണോ ഉണ്ടാവുക എന്ന് നമ്മളാലോചിക്കേണ്ടതില്ലേ? ദീനിനെസ്സംബന്ധിച്ച് തെറ്റായ സന്ദേശം കൊടുക്കുമ്പോൾ അല്ലാഹുവിന്നെതിരിൽ കോടാലി വീശുകയാണ് നാം ചെയ്യുന്നത് എന്ന് ഓർക്കേണ്ടതുണ്ട്. ദീൻ എന്നാൽ ജനങ്ങൾക്ക് എളുപ്പവും സൗകര്യവും സൗന്ദര്യവുമാണ്. അതിൽ ഏടാകൂടങ്ങളും പ്രയാസങ്ങളും ഉണ്ടാക്കിയിട്ടില്ല എന്ന് അല്ലാഹു പറയുന്നു. താൻ ജനങ്ങളുടെ പ്രയാസങ്ങൾ തീർത്തുകൊടുക്കാൻ വന്നവനാണ് എന്ന് പ്രവാചകനും പറയുന്നു. പ്രവാചകന്റെ പിൻമുറക്കാരാണെന്നവകാശപ്പെടുന്ന മതപണ്ഡിതൻമാരും നേതൃത്വങ്ങളും മറിച്ചാണ് പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നത്. ഇത് അല്ലാഹുവിനോടും പ്രവാചകന്റെ താൽപര്യങ്ങളോടും മുഴുവൻ മുസ്‌ലിം ഉമ്മത്തിനോടും മനുഷ്യ സമൂഹത്തോടുമുള്ള യുദ്ധപ്രഖ്യാപനമാണ്. ഇതുവഴി ഈ ദിനിന്റെ സുന്ദരമുഖമല്ല, വികൃത രൂപമാണ് ഇവർ കാഴ്ചവെക്കുന്നത്.

●

# പരിഷ്കരണങ്ങൾ

എന്നാൽ ചന്ദ്രമാസ നിർണ്ണയമൊഴികെ മറ്റു പല വിഷയങ്ങളിലും സഹീഹായ ഹദീസുകൾക്കെതിരിൽ ആനുകാലിക പരിഷ്കരണങ്ങൾ ഈ സമുദായം നടത്തിയിട്ടുമുണ്ട്.

1. താടിനീട്ടുവീൻ, മീശവെട്ടുവീൻ, കക്ഷരോമം നുള്ളിപ്പറിക്കുവീൻ എന്നാണ് തിരുവചനം. പക്ഷെ, ഷേവിംഗ് സെറ്റ് കണ്ടുപിടിക്കപ്പെട്ട ശേഷം മുസ്‌ലിംകൾ ആരും തന്നെ കക്ഷരോമത്തിന്റെ കാര്യത്തിൽ ഈ ഹദീസ് നടപ്പാക്കുന്നില്ല. പ്രവാചക വചനം അക്ഷരംപ്രതി നടപ്പാക്കണമെന്ന് നേതാക്കൾ നിർബന്ധിക്കുന്നുമില്ല. കക്ഷരോമത്തിന്റെ കാര്യത്തിൽ കാണിക്കുന്ന ഈ വിശാലത ചന്ദ്രമാസനിർണ്ണയത്തിലും ആയിക്കൂടേ? വിശേഷിച്ചും 'മാസം കാണണം' എന്ന് വാദിക്കപ്പെടുമ്പോൾ സമുദായം ഭിന്നിക്കുമെങ്കിൽ? പ്രമാണങ്ങൾ എല്ലായ്പ്പോഴും സമുദായത്തിന്റെ ഐക്യത്തിന്നനുകൂലമായിട്ടാണ് വ്യാഖ്യാനിക്കപ്പെടേണ്ടത് എന്നത് പൊതു തത്വമായിരിക്കെ വിശേഷിച്ചും ?
2. കരികൊണ്ട് പല്ലുതേക്കരുത് എന്നൊരു ഹദീസുണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ ഉമിക്കരികൊണ്ട് പല്ലുതേക്കുന്നത് സർവ്വ സാധാരണമാണ്. എന്തുകൊണ്ട് പണ്ഡിതന്മാർ ഈ ഹദീസ് നടപ്പാക്കാൻ ആഹ്വാനം ചെയ്യുന്നില്ല? ഉമിക്കരി പല്ലിന് ദോഷമാണെന്ന് തെളിയിക്കപ്പെടാത്തതുകൊണ്ടും സർവസാധാരണയായി അത് ഉപയോഗിക്കപ്പെടുന്നത് കൊണ്ടും അതുമൂലം സമുദായത്തിൽ ഭിന്നിപ്പോ പ്രശ്നങ്ങളോ ഭയപ്പെടേണ്ടതില്ലാത്തതുകൊണ്ടുമായിരിക്കാം ഇവിടെ മൗനം. ഈ മൗനം ഭിന്നിപ്പ് ഭയപ്പെടുന്ന മാസനിർണ്ണയത്തിലല്ലേ കൂടുതൽ പ്രസക്തം?
3. 'രാത്രിയിൽ കണ്ണാടി നോക്കരുത് 'എന്നതും സഹീഹായ രേഖയാണ്. എന്നാൽ ഇക്കാലത്ത് ഈ ഹദീസ് പ്രയോഗവൽക്കരിക്കപ്പെടുന്നില്ല. ഉപദേശിക്കപ്പെടുന്നുമില്ല.

കാരണമുണ്ട്. ആയത്തുകളും ഹദീസുകളും വ്യാഖ്യാനിക്കപ്പെടുന്നത് അതിന്റെ സാഹചര്യവും സന്ദർഭവും പരിഗണിച്ചുകൊണ്ടായിരിക്കണം എന്ന കാര്യം എല്ലാവരും അംഗീകരിക്കുന്നു. അക്കാലത്ത് കല്ലുകൾ ഉരസി മിനുസപ്പെടുത്തിയ, പകൽവെളിച്ചത്തിൽ പോലും തെളിഞ്ഞുകാണാത്ത കണ്ണാടികളായിരുന്നു. ഈ കണ്ണാടികൾ രാത്രിയിൽ തികച്ചും അവ്യക്തമായിരിക്കും. മങ്ങിത്തെളിയുന്ന പ്രതിബിംബമായിരിക്കും കാണാൻ സാധിക്കുക. ഒലീവെണ്ണയിൽ മങ്ങി പ്രകാശിക്കുന്ന വിളക്കിനടുത്തുവെച്ച് ഈ കണ്ണാടിയിൽ നോക്കിയാൽ കണ്ണിന് കുഴപ്പം സംഭവിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ മെർക്കുറി പശ്ചാത്തലമുള്ള തെളിച്ചമുള്ള ഇന്നത്തെ കണ്ണാടിയിൽ ഇലക്ട്രിസിറ്റിയുടെ, പകലിനെ വെല്ലുന്ന പ്രകാശത്തിൽ രാത്രി കണ്ണാടി നോക്കുന്നതിൽ യാതൊരു കുഴപ്പവുമില്ല. കാലത്തിനനുസരിച്ച് നാം ഹദീസുകളെ സമീപിക്കുന്നതു കൊണ്ടാണ് ഇക്കാലത്ത് ഈ ഹദീസ് പരാമർശിക്കപ്പെടാത്തത്. .നല്ല കാര്യം. ഹദീസിനെ അക്ഷരാർത്ഥത്തിൽ സമീപിച്ചാൽ രാത്രി വാഹനം ഡ്രൈവ് ചെയ്യാനാവില്ല, ഷേവ് ചെയ്യാനുമാവില്ല.

4. നിന്ന് മൂത്രമൊഴിക്കരുതെന്ന് തിരുവചനമുണ്ട്. പക്ഷെ ലോകമെമ്പാടുമുള്ള മസ്ജിദുകളിൽ നിന്ന് കൊണ്ട് മൂത്രമൊഴിക്കാൻ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. സൗകര്യങ്ങൾക്കുവേണ്ടി നാം വിട്ടുവീഴ്ച ചെയ്യുന്നു.
5. പള്ളിയിൽ പുരുഷൻമാരുടെയും കുട്ടികളുടെയും പിറകിലായിരിക്കണം സ്ത്രീകളുടെ സ്വഫ്ഫുകൾ എന്നാണ് പ്രവാചക കൽപ്പന. പക്ഷെ ഇന്ന് ലോകത്തൊരിടത്തും പള്ളികളിൽ ഇങ്ങനെയില്ല. മറിച്ച് അവർ ഒന്നുകിൽ മറ്റൊരു റൂമിൽ പുരുഷൻമാരുടെ സ്വഫ്ഫിനോട് ചോർന്നോ അല്ലെങ്കിൽ ഒന്നാം നിലയിൽ ഒന്നാം സ്വഫ്ഫിന്റെ നേരെ മുകളിലോ നിൽക്കുകയാണ്. നബിവചനം അതേപടി നടപ്പാക്കുന്നതിൽ ഫിത്ന ഭയപ്പെട്ടതുകൊണ്ടാണിതിങ്ങനെ ആവാമെന്ന് വെച്ചത്. ചന്ദ്രനെ കാണണമെന്ന് പറയുമ്പോഴും ഫിത്ന ഭയപ്പെടുന്നുണ്ടല്ലോ
6. ഹജ്ജിനും ഉംറക്കും ഇവിടെ നിന്ന് പോകുന്നവർ

യലംലമിൽ വെച്ചാണ് ഇഹ്റാം ചെയ്യേണ്ടത്. പക്ഷെ ഇന്നത് സാധ്യമല്ല. നാട്ടിൽ നിന്നോ ജിദ്ദയിൽ ഇറങ്ങിയ ശേഷമോ ആയാൽ മതി എന്ന് ഫത്‌വ കിട്ടി. നല്ല കാര്യം.

7. ഹജ്ജിന്റെയും ഉംറയുടെയും ബലിപെരുന്നാളിന്റെയും പ്രധാനപ്പെട്ട ആചാരമാണ് മൃഗബലി. തിരുമേനി സ്വന്തം കൈകൊണ്ട് നിർവ്വഹിച്ചതും നിർദ്ദേശിച്ചതുമായ പ്രബല സുന്നത്ത്. പക്ഷെ ഇന്നോ? ബാങ്കിൽ പണമടച്ച് മടങ്ങുക യാണ് ഹാജിമാർ. കേരളത്തിൽ പലയിടങ്ങളിലും ദരിദ്ര പ്രദേശങ്ങളിലേക്ക് പണമയച്ചുകൊടുക്കുകയാണ്. കാല ത്തിന്റെ തേട്ടം ദീനിൽ കാലിക പരിഷ്കരണം നടത്താൻ നമ്മെ നിർബന്ധിച്ചു. അതങ്ങനെയാണ് വേണ്ടത്. അതാണ് ദീനിന്റെ താൽപര്യം. ഇസ്ലാം കാലത്തോടൊപ്പം സഞ്ചരി ക്കുന്ന ജീവസ്സുറ്റ പ്രത്യയ ശാസ്ത്രമായിത്തീരുന്നത് അങ്ങ നെയാണ്.

8. ഭൂമിപരന്നതാണ് എന്നാണ് ഖുർആനിലുള്ളത്. ഉരുണ്ടതാണ് എന്ന് ഒരിടത്തും കാണുന്നില്ല. എങ്കിലും നമ്മൾ ഒരു ശാസ്ത്ര സത്യം എന്ന നിലക്ക് ഭൂമിയെ ഉരുണ്ടതായി അംഗീ കരിക്കുകയും ഖുർആൻ സൂക്തത്തെ ശാസ്ത്രത്തിനനു കൂലമായി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. പക്ഷെ ചന്ദ്രോ ദയത്തിന്റെ കാര്യത്തിൽ അതുപറ്റില്ല. ശാസ്ത്ര സത്യം അംഗീകരിക്കാനാവില്ല. കാണുക തന്നെ വേണം!

9. കറുത്ത നൂലിൽ നിന്ന് വെളുത്ത നൂൽ പ്രത്യക്ഷപ്പെടുന്ന തുവരെ അത്താഴം കഴിക്കാമെന്ന് ഖുർആൻ പറഞ്ഞപ്പോൾ രണ്ട് നൂലുകൾ അടുത്തുവെച്ച് കറുപ്പും വെളുപ്പും വേർതി രിഞ്ഞ് കാണാവുന്നത് വരെ പ്രവാചക ശിഷ്യർ സമയം നിർണ്ണയിച്ചിരുന്നു. ഈ പറഞ്ഞതിന്റെ അർത്ഥം അത ല്ലെന്നും രാവും പകലും വേർതിരിയുന്നതുവരെ എന്നാണ തിന്റെ ഉദ്ദേശ്യമെന്നും പിന്നീടാണ് മനസ്സിലായത്. കാലം മാറുമ്പോൾ, കാര്യം വ്യക്തമാവുമ്പോൾ, തിരുത്താനും പരി ഷ്കരിക്കാനും തയ്യാറാവുകയായിരുന്നു അവർ. പക്ഷെ നമുക്ക് ചന്ദ്രമാസത്തിന്റെ കാര്യത്തിൽ പുനർ ചിന്തനം വയ്യ!

10. ഖുർആൻ പറയുന്നു: ‘തീർത്ഥാടനത്തിന്ന് വിളംബരം ചെയ്യ പ്പെട്ടാൽ കാൽനടയായും, മെലിഞ്ഞ ഒട്ടകങ്ങളുടെ പുറ

ത്തുകയറിയും മലമ്പാതകളിലൂടെയും ജനങ്ങൾ ഹജ്ജിന്ന് വന്നുകൊള്ളും'. ഈ ഖുർആൻ വാക്യം നാം അനുസരിക്കുന്നില്ല. ഈ മൂന്ന് രീതിയിലും ആരും തന്നെ ഇന്ന് ഹജ്ജിന്ന് പോകുന്നില്ല. പകരം വിമാനം, കപ്പൽ, ബസ്സ്, കാർ എന്നിവയാണ് ഉപയോഗപ്പെടുത്തുന്നത്. ഇത് പാടില്ല. ഖുർആൻ പറഞ്ഞപ്രകാരം തന്നെ പോകണം എന്ന് ആരും പറയാത്തതെന്താണ്? നാം കാലത്തിനനുസൃതമായി ഖുർആനിനെ വ്യാഖ്യാനിക്കുകയാണ്. അങ്ങനെത്തന്നെയാണ് വേണ്ടത്. പക്ഷെ ചന്ദ്രനെ ഇപ്പോഴും നമുക്ക് നഗ്നനേത്രങ്ങൾകൊണ്ട് കണ്ടേ മതിയാകൂ!

11. കുഷ്ഠരോഗിയെ കണ്ടാൽ സിംഹത്തെ കണ്ട വണ്ണം ഓടിയകലണം എന്നൊരു സ്വഹീഹായ ഹദീസുണ്ട്. പക്ഷെ മുസ്‌ലിംകളാരും തന്നെ ഈ ഹദീസ് അനുസരിക്കാത്തതെന്താണ്? കുഷ്ഠരോഗികളെ കണ്ടാൽ ആരും ഓടിയൊളിക്കുന്നില്ല. ഓടിയകലണമെന്ന് പണ്ഡിതൻമാർ ഉപദേശിക്കുന്നില്ല. മാത്രമല്ല കുഷ്ഠരോഗാശുപത്രികൾ സ്ഥാപിക്കുകയും അവരെ ശുശ്രൂഷിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും അതിന് പ്രോത്സാഹിപ്പിക്കുകയുമാണ്. അതെ, ഇക്കാലത്ത് ഈ ഹദീസ് ഉറക്കെപ്പറയാൻ പറ്റില്ല എന്ന് നമുക്കറിയാം. എന്നിട്ടും മുസ്‌ലിംകൾ ഛിന്നഭിന്നമായാലും വേണ്ടില്ല, ചന്ദ്രനെ കണ്ടതായി 'നമ്മൾ' പ്രഖ്യാപിച്ചിട്ടു മതി ഒന്നാം തീയതി!

12. ഒരുനാട്ടിൽ പകർച്ചവ്യാധികളുണ്ടെന്നുകേട്ടാൽ ആ നാട്ടിലേക്ക് കയറിച്ചെല്ലരുത് എന്നൊരു ഹദീസുണ്ട്. അവിടെ ഉള്ളവർ പുറത്തേക്കോടരുതെന്നും. പക്ഷെ അഭയാർത്ഥി കേമ്പുകളിലും യുദ്ധരംഗങ്ങളിലും പ്രകൃതി ദുരന്തങ്ങൾക്കിരയാകുന്നിടങ്ങളിലും പടർന്നുപിടിക്കുന്ന പകർച്ചവ്യാധികളുടെ നടുവിലേക്ക് മുസ്‌ലിം സന്നദ്ധപ്രവർത്തകർ മരുന്നും സന്നാഹങ്ങളുമായി കുതിച്ചെത്തുന്നു. ശുശ്രൂഷകൾ നടത്തുന്നു. ഒരു പണ്ഡിതനും നേതാവും മേലുദ്ധരിച്ച ഹദീസ്പ്രകാരം അവരെ തടയുന്നില്ല. ഇവിടെയും ഇസ്‌ലാമിന്റെ പൊതു താൽപര്യവും സേവന തൽപരതയുമാണ് നാം പരിഗണിക്കുന്നത്. ഇത്തരം ഹദീസുകളുടെ അക്ഷരങ്ങളിൽ

കടിച്ചുതൂങ്ങുന്നത് മനുഷ്യർക്ക് ദോഷമാകുമെന്ന് നാം തിരിച്ചറിയുന്നു. ഈ തിരിച്ചറിവ് ചന്ദ്രമാസക്കാര്യത്തിലും ആകുന്നതിൽ ആർക്കാണ് ചേതം?

13. മുസ്ലിം പുരുഷൻമാർ സിൽക്ക് (പട്ട്) ധരിക്കരുത് എന്നത് തർക്കമില്ലാത്ത കാര്യമാണ്. എന്നാൽ ലോകമെമ്പാടും മുസ്ലിം പുരുഷൻമാർ യഥേഷ്ടം സിൽക്ക് വസ്ത്രങ്ങൾ ധരിക്കുന്നുണ്ട്. പണ്ഡിതന്മാർ എതിര് പറയുന്നില്ല. പുതിയ വ്യാഖ്യാനം നാം കണ്ടെത്തിയിരിക്കുന്നു.
14. കറുത്ത പാദരക്ഷ ധരിക്കരുത്, ഓർമക്കുറവുണ്ടാകും എന്നതും ഹദീസാണ്. പക്ഷെ മുസ്ലിംകൾ അത് അനുസരിക്കണമെന്ന് എന്ത്കൊണ്ട് ഉപദേശിക്കപ്പെടുന്നില്ല? മൗനമാണ് ഇവിടെ ഭൂഷണം.
15. കുടുമ വെക്കരുത് എന്ന ഹദീസ് കേട്ട് മുടിക്രോപ്പ് ചെയ്യരുത് എന്ന് നാം പറഞ്ഞിരുന്നു. ഇന്നോ ?
16. പുരുഷ വേഷംധരിക്കുന്ന സ്ത്രീയെ അല്ലാഹു ശപിക്കുമെന്ന തിരുവചനം കണ്ട് പെൺകുട്ടികൾ പാന്റ്സ് പോലിരിക്കുന്ന ചുരിദാർ ധരിക്കരുതെന്ന് പ്രഖ്യാപിച്ചിരുന്നു. അതും തിരുത്തി.
17. പെൺകുട്ടികൾ എഴുത്തും വായനയും പഠിച്ചാൽ പ്രേമലേഖനമെഴുതുമെന്ന് വാദിച്ചിരുന്നു. ഇപ്പോൾ മിണ്ടാട്ടമില്ല.
18. ടി വി ഹറാമാണെന്ന് പറഞ്ഞവർ ചാനലുകൾ തുടങ്ങിയിരിക്കുന്നു.
19. ഖുർആനിന്ന് അർത്ഥം പറയുന്നത് തെറ്റാണെന്ന് പ്രസംഗിച്ചിരുന്നവർ പരിഭാഷകൾ ഇറക്കി. ഖുർആൻ ക്ലാസ്സുകൾ ആരംഭിച്ചു. നല്ല കാര്യം.
20. ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണ്, പഠിക്കരുതെന്ന് പ്രചരിപ്പിച്ചിരുന്നവർ ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ നടത്താൻ തുടങ്ങി.
21. പെണ്ണുങ്ങൾ പള്ളിയിൽ പോകരുതെന്ന് പറഞ്ഞവർ സ്ത്രീകൾക്ക് പ്രത്യേകം നമസ്കാരസ്ഥലങ്ങൾ തന്നെ പള്ളിയിൽ ഉണ്ടാക്കിയിരിക്കുന്നു.

എല്ലാമെല്ലാം തിരുത്തി. കാലത്തിന്റെ തേട്ടമനുസരിച്ച് ദീനിൽ പരിഷ്കാരങ്ങൾ ആവാമെന്ന ഗുണപരമായ സന്ദേശങ്ങളാണ് ഇവയെല്ലാം. ഈ ജനപക്ഷ പുനർ വായനകളൊന്നും പക്ഷെ

ചന്ദ്രമാസത്തിന്റെ കാര്യത്തിൽ എന്തുകൊണ്ട് സമുദായം നടപ്പാക്കുന്നില്ല? വിശിഷ്യാ ഓരോ പ്രദേശത്തും പ്രത്യേകം കാണണം എന്ന വാദംകൊണ്ട് മുസ്‌ലിം ലോകം ഭിന്നിച്ചുകൊണ്ടിരിക്കുമ്പോൾ. വ്രതാരംഭവും പെരുന്നാളും പലനാട്ടിലും പല ദിവസങ്ങളിൽ. ഹജ്ജ് കർമ്മങ്ങൾ മക്കയിൽ നടക്കുമ്പോൾ അവരോടൊപ്പം കൂടാൻ സ്വന്തം നാടുകളിൽ മുസ്‌ലിംകൾക്ക് സാധിക്കുന്നില്ല. നാട്ടിലെ തീയതിയുമായി മക്കയിലെത്തുമ്പോൾ ഹാജിമാർക്ക് തീയതി മാറ്റേണ്ടി വരുന്നു. അവിടെ വേറെയാണ് തീയതി. ദുബായിലുള്ള പ്രവാസി വീട്ടിലേക്ക് വിളിക്കുന്നത്, ഞങ്ങൾക്കിന്ന് പെരുന്നാളാണ്, നിങ്ങൾക്കെന്നാണ്'?

ഈയൊരു ചോദ്യവും ആശയക്കുഴപ്പവും ക്രിസ്തുമസ്, ദീപാവലി, തുടങ്ങിയ ആഘോഷങ്ങളിൽ ഇതര മതസ്ഥർക്ക് ഉണ്ടാകുന്നില്ല. ഡിസംബർ 25 ചൊവ്വാഴ്ചയാണ് ക്രിസ്തുമസ് എങ്കിൽ ലോകമെമ്പാടും ക്രിസ്ത്യാനികൾ അന്ന് തന്നെയായിരിക്കും അത് ആഘോഷിക്കുക. ആഗസ്ത് 15 ന് രാവിലെ 8 മണിക്ക് ഇന്ത്യൻ എമ്പസികളിൽ പതാക ഉയർത്തണമെന്നാണ് നിർദ്ദേശമെങ്കിൽ ആഗസ്റ്റ് 15 ന് ഏതാണോ ദിവസം ആ ദിവസം രാവിലെ 8 മണിക്ക് തന്നെ എല്ലാ രാജ്യങ്ങളിലും എമ്പസികളിൽ അക്കാര്യം നടന്നിരിക്കും. ജപ്പാനിൽ 8 മണിക്ക് നടന്ന ചടങ്ങ് നാലുമണിക്കൂറിന്ശേഷം ഇന്ത്യയിൽ ഇവിടുത്തെ എട്ട് മണിക്കും രണ്ടര മണിക്കൂറിന് ശേഷം സൗദിയിൽ അവിടുത്തെ 8 മണിക്കും 3 മണിക്കൂറിന്ശേഷം ലണ്ടനിലെ 8 മണിക്കും 6 മണിക്കൂറിന്ശേഷം അമേരിക്കയിലെ 8 മണിക്കും നടന്നിരിക്കും. ദിവസം അതുതന്നെ, മാറിയിട്ടില്ല. ഇതേ പ്രകാരം മുസ്‌ലിംകൾക്ക് പെരുന്നാളും ഒരേ ദിവസം ലോകം മുഴുക്കെ നിർവ്വഹിക്കാൻ കഴിയും. ചന്ദ്രന്റെ അടിസ്ഥാനത്തിലാണ് മുസ്‌ലിംകൾ തീയതി കണക്കാക്കുന്നത് എന്നതിന്റെ പേരിൽ ദിവസം മാറേണ്ട ആവശ്യം വരുന്നില്ല. കാരണം ദിവസം കണക്കാക്കുന്നത് സൂര്യന്റെ ഉദയംമുതൽ ഉദയംവരെയാണ്. ചന്ദ്രമാസത്തിലെ ഒന്നാം ദിവസം കണക്കാക്കുന്നതും അമാവാസിയുടെ പിറ്റേ ദിവസത്തിന്റെ സൂര്യോദയം മുതൽക്കുതന്നെ. പിന്നെയെങ്ങിനെയാണ് ചന്ദ്രമാസത്തീയതി വ്യത്യസ്ത ദിവസങ്ങളിലാവുക എന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

# ഭിന്നിപ്പിന്റെ സന്ദേശം

ചന്ദ്രമാസത്തിലെ ഒരു തീയതി വ്യത്യസ്ത ദിവസങ്ങളിൽ വരും എന്ന വിവരക്കേട് മുസ്‌ലിം സമുദായം ഇനിയും തുടരുക യാണെങ്കിൽ അവരുടെ ആഘോഷങ്ങളും വ്രതാനുഷ്ഠാനങ്ങളും ആരാധനകളും ലോകത്ത് വ്യത്യസ്ത ദിവസങ്ങളിലായി ഭിന്നിച്ചു കൊണ്ടിരിക്കും. ഐക്യത്തിന്റെയല്ല അനൈക്യത്തിന്റെ സന്ദേശ മായിരിക്കും അവർക്ക് നൽകാനുണ്ടാവുക. അതായത് 'ഭിന്നിക്കാതെ ദൈവിക പാശത്തെ മുറുകെ പിടിക്കുക' എന്ന ഖുർആൻ ആഹ്വാനത്തിന് നേർ വിപരീത സന്ദേശം!

***പ്രവാചകൻ പറഞ്ഞുവല്ലോ, മൂന്ന് കാര്യങ്ങൾ അല്ലാഹു ഇഷ്ടപ്പെടുന്നു: അവന് മാത്രം ഇബാദത്ത് -യാതൊന്നിനെയും അവനിൽ പങ്ക് ചേർക്കാതിരിക്കൽ- ഭിന്നിക്കാതിരിക്കൽ.*** അല്ലാഹുവിൽ പങ്ക് ചേർക്കുന്നതും അവനല്ലാത്തവർക്ക് ഇബാദത്ത് ചെയ്യുന്നതും ഒരിക്കലും പൊറുക്കപ്പെടാത്ത കുറ്റമാണല്ലോ. ഭിന്നിപ്പിനെയും തിരുമേനി അക്കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഭിന്നിക്കാതിരിക്കണമെങ്കിൽ ഗോളശാസ്ത്ര കണക്കുപ്രകാരമുള്ള ചന്ദ്രമാസത്തീയതി മുസ്‌ലിം ലോകം അംഗീകരിക്കുക യാണ് ആദ്യം വേണ്ടത്. അവിടുന്ന് തുടങ്ങണം ഐക്യത്തിന്റെ ബാലപാഠം.

ഇസ്‌ലാമിലെ അടിസ്ഥാന പ്രമാണങ്ങളോട് എതിരാകാത്ത ഒരു കാര്യം സമൂഹ നന്മ ഉദ്ദേശിച്ചുകൊണ്ട് നടപ്പാക്കുന്നതിൽ ഇസ്‌ലാമിന്ന് വിരോധമില്ല എന്ന് മാത്രമല്ല, അത് ദീൻ കൂടിയാകുന്നു. ഉസൂലുൽ ഫിഖ്ഹ് ഇത് അംഗീകരിക്കുന്നുണ്ട്. ഉദാ: ഹെൽമെറ്റ് ധരിക്കൽ, വേഗപ്പൂട്ട്, രാത്രി പത്തുമണിക്ക് ശേഷം ഉച്ചഭാഷിണി നിരോധം. ഈ ഗണത്തിലും ചന്ദ്രനെ നമുക്ക് ഉൾപ്പെടുത്തിക്കൂടാ! സമുദായം ഭിന്നിക്കുന്നതിലാണ് നന്മ എന്ന് പണ്ഡിത മതം!

## ഹാറൂൻ നബിയുടെ മാതൃക

മൂസാ നബി സഹോദരൻ ഹാറൂനെ ഉത്തരവാദിത്ത മേൽപ്പിച്ച് അല്പ കാലം സമുദായത്തിൽ നിന്ന് വിട്ടുനിന്നിരുന്നു. തിരിച്ചുവന്നപ്പോൾ കണ്ട കാഴ്ച, ഇസ്രായീലി സമുദായം ഏക ദൈവാരാധന ഉപേക്ഷിച്ച് പശുപൂജ നടത്തുന്നതായിട്ടാണ്. ക്ഷുഭിതനായ മൂസാ നബി സഹോദരനോട് കയർത്തു: ‘ഇത്രമാത്രം ഗുരുതരമായ അപഭ്രംശം സമുദായത്തിൽ സംഭവിച്ചിട്ടും താൻ എന്തുകൊണ്ട് തടഞ്ഞില്ല.? ഹാറൂൻ നബിയുടെ മറുപടി ഇതാണ്: ഞാൻ അത് തടഞ്ഞാൽ സമുദായം ഭിന്നിക്കുമെന്ന് ഭയപ്പെട്ടു. മൂസാനബി ശാന്തനാവുകയും സമുദായത്തെ ഭിന്നിക്കാൻ അനുവദിക്കാതെ സമർത്ഥമായി പശുപൂജയിൽ നിന്ന് തിരിച്ചുകൊണ്ടുവരികയും ചെയ്തു.

ബഹുദൈവാരാധനയും വിഗ്രഹ പൂജകളും പ്രവാചകൻമാർ ഒരിക്കലും വെച്ചുപൊറുപ്പിക്കില്ല. ഏകദൈവ വിശ്വാസികളെ സംബന്ധിച്ചിടത്തോളം പൊറുക്കപ്പെടാത്ത ഗുരുതര കുറ്റമാണത്. എന്നിട്ടും സമുദായത്തിൽ ഭിന്നിപ്പ് ഭയപ്പെട്ടതുകൊണ്ട് ഹാറൂൻ നബി സഹോദരൻ തിരിച്ചുവരുന്നതുവരെ മൗനം ദീക്ഷിക്കുകയായിരുന്നു. ഭിന്നിപ്പിനെയാണ് കൂടുതൽ ഭയപ്പെടേണ്ടത് എന്ന് സാരം.

ചന്ദ്രമാസം കണക്കുകൂട്ടി കണ്ടെത്തുന്നത് ബഹുദൈവാരാധനയോ വിഗ്രഹപൂജയോ അല്ല. ഭിന്നിപ്പ് ഒഴിവാക്കാൻ പറ്റിയ കുറ്റമറ്റ ഒരു ലളിത മാർഗ്ഗം മാത്രമാണ്. മുസ്‌ലിം സമുദായം ലോകമാസകലം ഛിന്നഭിന്നമാകുന്നതിന് തടയിടാനും ഇതുമൂലം സാധിക്കും. ദൈവത്തിന്റെ പ്രകൃതി നിയമത്തെ അംഗീകരിക്കുന്നു എന്ന നേട്ടവുമുണ്ട്. എന്നിട്ടും നമ്മുടെ സമുദായനേതൃത്വങ്ങൾ ഭിന്നിപ്പിന്റെ വഴികൾ പരതുകയാണ്, പടിഞ്ഞാറൻ ചക്രവാളത്തൽ!

## ഖലീഫ ഉമറിന്റെ മാതൃക

1. മുഅല്ലഫത്തുൽ ഖുലൂബിന്ന് മേലാൽ സക്കാത്തിന്റെ വിഹിതം നൽകില്ല എന്ന് ഉമർ ഉത്തരവിടുന്നു.
2. പട്ടാളക്കാർക്ക് ഗനീമത്ത് സ്വത്തിന്റെ അവകാശവും അദ്ദേഹം നിഷേധിക്കുന്നു.

അവകാശികൾ അതിനെ ചോദ്യം ചെയ്തു. ഖുർആൻ കൽപ്പിച്ച, പ്രവാചകൻ നടപ്പാക്കിയ നിയമം റദ്ദ് ചെയ്യാൻ ഉമറിനെന്തവകാശം?. ഉമറിന്റെ മറുപടി ശ്രദ്ധിക്കുക: *'ഖുർആൻ അനുശാസിക്കുന്നു എന്നതും നബി തിരുമേനി ചെയ്തിട്ടുണ്ട് എന്നതും ഇന്നലെ വരെ ലഭിച്ചുകൊണ്ടിരുന്നു എന്നതും ശരി തന്നെ. പക്ഷെ അത് ഇന്ന് അതേ പടി പ്രയോഗവൽക്കരിക്കുമ്പോൾ രാഷ്ട്രത്തിനും സമുദായത്തിനും കോട്ടമുണ്ടാകുമെങ്കിൽ സുരക്ഷ പരിഗണിച്ച് തൽക്കാലം വേണ്ടെന്ന് വെയ്ക്കാവുന്നതാണ്. മുഅല്ലഫത്തുൽ ഖുലൂബിന്ന് ഇപ്പോൾ സകാത്തിന്റെ ആവശ്യമില്ല. അവരേക്കാൾ അർഹരായവർ വേറെ കിടക്കുന്നു.*

*പട്ടാളക്കാർ മുൻകാല യുദ്ധ വിജയങ്ങളിലൂടെ സ്വത്ത് വാരിക്കൂട്ടിയിരിക്കുകയാണ്. തൻമൂലം അവർക്ക് യുദ്ധത്തിന് സമയവും താൽപര്യവുമില്ലാതായി. ഇനിയും അവരെ യുദ്ധങ്ങൾകൊണ്ട് സമ്പന്നരാക്കിയാൽ രാഷ്ട്ര സുരക്ഷക്ക് അത് ഭീഷണിയാകും. മേലിൽ അവർക്ക് ശമ്പളമാവാം'.*

ഖുർആൻ കൽപ്പനയും തിരുചര്യയും സമുദായരക്ഷക്ക് വേണ്ടി താൽക്കാലികമായിട്ടെങ്കിലും മാറ്റിവെക്കാമെന്ന് ഉമർ കാണിച്ചുതന്നിരിക്കെ, നിങ്ങൾ എന്റെയും ഖലീഫമാരുടെയും സുന്നത്ത് പിൻതുടരണമെന്ന് പ്രവാചകൻ പ്രസ്തവിച്ചിരിക്കെ, സമുദായ നന്മ ഉദ്ദേശിച്ച് ഗോളശാസ്ത്രപ്രകാരം മാസവും തീയതിയും നിർണ്ണയിക്കുന്നതിന് യാതൊരു ആയത്തും ഹദീസും എതിരാകാതിരിക്കെ സമുദായത്തിന്റെ ഏകീകരണത്തിനും സുരക്ഷകക്കും വേണ്ടി ഗോളശാസ്ത്ര കണക്കിനെ അവലംബിക്കുന്നതിൽ എന്താണ് തെറ്റ്? മറിച്ച് ബാലചന്ദ്രനെ കണ്ണുകൊണ്ട് കാണണമെന്ന് വാശിപിടിക്കുന്നവർ ഭിന്നിപ്പിന്റെ വിത്ത് വിതക്കുകയാണ്, സമുദായത്തെ പീഢിപ്പിക്കുകയാണ്.

ആർക്ക് ആളാകുവാൻ വേണ്ടിയാണ് ഈ സമുദായ വേട്ട?

**സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കുന്നു!**

ഗോളശാസ്ത്ര കണക്ക് പ്രകാരം ലോകമെമ്പാടും മുസ്‌ലിംകൾ ഐക്യപ്പെട്ട് ഒറ്റദിവസം ആഘോഷ ആരാധനകൾ നിർവ്വഹിക്കണമെന്ന് പറയുമ്പോൾ അവരെ സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കുന്നവർ എന്ന് ആക്ഷേപിക്കുന്ന പുതിയ തമാശയും നാം കേൾക്കുന്നു. മുസ്‌ലിംകളെല്ലാം സൂര്യോദയത്തിന് ശേഷമാണ്

ഫജ്ർ നമസ്ക്കരിക്കുന്നത് എന്ന് സങ്കൽപ്പിക്കുക. ഒരു കൂട്ടർ വന്ന് അത് തെറ്റാണ് എന്നും സൂര്യോദയത്തിന് മുമ്പ് നിർവ്വഹിക്കണമെന്നും ആവശ്യപ്പെടുമ്പോൾ അവരെ സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കുന്നവർ എന്നുപറയാനൊക്കുമോ? മുസ്‌ലിം കേരളം ഒറ്റക്കെട്ടായി ശിർക്ക് ബിദ്അത്തുകൾ നിർവ്വഹിച്ചുപോന്നപ്പോൾ പുരോഗമന പ്രസ്ഥാനക്കാർ സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കിയതോ? മക്കാ മുശ്രിക്കുകൾ ഒറ്റക്കെട്ടായി ജീവിച്ചുവരുമ്പോൾ അവിടെ ഭിന്നിപ്പും ഛിദ്രതയും ഉണ്ടാക്കി എന്നായിരുന്നുവല്ലോ പ്രവാചകന്റെ പേരിലുള്ള ആരോപണം? യഥാർത്ഥ ഭിന്നിപ്പിന്നുടമകൾ ആരാണെന്ന് ഈ പുസ്തകം വായിച്ചു തീരുന്നതോടെ ബോധ്യപ്പെടും.

●

*എന്താണ് ഖുർആൻ?*
*യജമാനന്ന് മരണ സന്ദേശം*
*അന്നമില്ലാത്ത അടിമക്കും*
*ഒന്നുമില്ലാത്ത അഗതിക്കും ആശ്വാസം.*

*- ഡോ. ഇഖ്ബാൽ*

# ഖുർആനും സുന്നത്തും

**അല്ലാഹു എന്തു പറയുന്നു?**

മാസം ആകാശത്തുനോക്കിക്കണ്ട ശേഷമാണ് നിർണ്ണയിക്കേണ്ടതെന്ന് ഖുർആൻ ഒരിടത്തും പറയുന്നില്ല. 'മാസത്തിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചാൽ ഉപവസിക്കുക' എന്നാണ് ഖുർആൻ പറയുന്നത്. 'സാക്ഷ്യം വഹിക്കുക' എന്നാൽ കണ്ണുകൊണ്ട് കാണുകയാവാം, വിശ്വസിക്കാവുന്ന വഴികളിലൂടെയുള്ള അറിവാകാം, ഒരാൾക്ക് ഏതെങ്കിലും വിധേന ഉത്തമബോധ്യം വരുന്നതിനാലുമാകാം. കണക്കും കണ്ണാടിയുമുള്ള ഇക്കാലത്ത് ആകാശത്തേക്ക് നോക്കേണ്ട യാതൊരാവശ്യവും ഇല്ല. ഖുർആൻ പറഞ്ഞപോലെ ഏതെങ്കിലും വിധേന സാക്ഷ്യം വഹിച്ചാൽ മതി. ഖുർആനെ അനുകൂലിക്കുന്ന വിധത്തിലായിരിക്കണം പ്രവാചക വചനങ്ങളെ വ്യാഖ്യാനിക്കേണ്ടത് എന്ന കാര്യത്തിൽ സംശയവുമില്ലല്ലോ. അതിനാൽ നഗ്നനേത്രങ്ങൾകൊണ്ട് ചന്ദ്രനെക്കണ്ട് തീയതി/മാസം തീരുമാനിക്കണമെന്ന വാദം നിലനിൽക്കത്തക്കതല്ല.

**പ്രവാചകൻ എന്തു പറയുന്നു?**

**عن ابن عمر (رضى) عن النبيّ (صلى) قال: انّا امّة امية لا نكتب ولانحسب الشهرهكذا و هكذا يعنى مرة تسعة عشرين ومرة ثلاثين. (البخاري)**

'എഴുത്തും കണക്കും അറിഞ്ഞുകൂടാത്ത ഒരു സമൂഹമാണ് നാം. ചന്ദ്രമാസം രണ്ട് രീതിയിൽ വരും. ചിലപ്പോൾ 29, മറ്റു ചിലപ്പോൾ 30.'

ചന്ദ്രമാസം നിരീക്ഷണം നടത്തി കണ്ടെത്തുമ്പോഴും ഗണിതശാസ്ത്ര പ്രകാരം കാൽകുലേറ്റ് ചെയ്യുമ്പോഴും മേൽപ്പറഞ്ഞ സംഗതി പരിഗണിക്കണമെന്നാണ് പ്രവാചക വചനത്തിന്റെ ഉദ്ദേശ്യം. അടിസ്ഥാനപരമായ ഒരു ഗോളശാസ്ത്ര വിജ്ഞാനീയ

മാണിത്. ഈ ഹദീസിൽ ആർക്കും തർക്കമില്ല. ഇതിനെ അടിസ്ഥാന രേഖയായി അംഗീകരിച്ചുകൊണ്ട് മാസാരംഭം നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കുന്ന പ്രവാചക വചനങ്ങൾ നമുക്കൊന്ന് പരിശോധിക്കാം.

അവയിൽ رأى എന്ന പദത്തിന്ന് നൽകപ്പെട്ടുപോരുന്ന അർത്ഥകൽപ്പനയാണ്, പ്രകൃതിനിയമങ്ങളെയും ഗോള ശാസ്ത്ര കണക്കുകളെയും തള്ളിക്കളയാനും മുസ്‌ലിം സമുദായത്തെ ഭിന്നിപ്പിക്കുവാനും അല്ലാഹുവിനെയും പ്രവാചകനെയും ദീനിനെയും ജനമധ്യേ അപഹസിക്കാനും കാരണമാക്കുന്നത്.

## കണ്ടു, നോക്കി, മനസ്സിലാക്കി

ഏതുഭാഷയിലും ഒരു പദത്തിന് വ്യത്യസ്ത അർത്ഥങ്ങളുണ്ടാകും. ഏത് അർത്ഥത്തിലാണ് ഒരു പദത്തെ ഒരിടത്ത് മനസ്സിലാക്കേണ്ടത് എന്ന് തീരുമാനിക്കേണ്ടത് അതിന്റെ സന്ദർഭം നോക്കിയിട്ടാണ്. رأى എന്ന പദത്തിന് കണ്ടു, നോക്കി, ദർശനം ചെയ്തു, നിരീക്ഷിച്ചു, ബോധ്യപ്പെട്ടു, അറിഞ്ഞു, സാക്ഷ്യം വഹിച്ചു എന്നെല്ലാം അർത്ഥങ്ങളുണ്ട്. ഈ പദത്തിന് എല്ലാ ഭാഷകളിലും അങ്ങനെത്തന്നെയാണ് വ്യവഹാരം. ഇംഗ്ലീഷിൽ Find, See എന്നീ പദങ്ങളും മേലുദ്ധരിച്ച അർത്ഥങ്ങളിലെല്ലാം ഉപയോഗിക്കുന്നുണ്ട്. ഹിന്ദി/ഉർദുവിൽ 'ദേഖാ' എന്നതിന് ഇതേ അർത്ഥതലങ്ങൾ തന്നെയാണ് ഉള്ളത്.

ചന്ദ്രമാസവുമായി ബന്ധപ്പെട്ട ഹദീസുകളിൽ രണ്ടെണ്ണത്തിലൊഴികെ മറ്റൊന്നിലും رأى എന്ന പദത്തിന് **കണ്ടു** എന്ന് അർത്ഥം കൽപ്പിക്കരുത്. (ആ രണ്ട് ഹദീസുകൾ ഏതാണെന്ന് 51-ാം പേജിൽ വായിക്കാം) കാരണം നവ ചന്ദ്രപ്പിറയെ കണ്ണുകൊണ്ട് കാണുക എന്നത് സാധ്യമേ അല്ല. അതിനാൽ നിരീക്ഷിച്ചു, ബോധ്യപ്പെട്ടു, അറിഞ്ഞു എന്നൊക്കെ അർത്ഥം കൽപ്പിക്കണം. അപ്പോൾ ശാസ്ത്രത്തോട് സംഘട്ടനമില്ലാതെയും മുസ്‌ലിംകൾ ഭിന്നിക്കാതെയും ദീൻ അപഹസിക്കപ്പെടാതെയും കാലത്തോടൊപ്പം മാന്യമായി സഞ്ചരിക്കാൻ മുസ്‌ലിംകൾക്ക് സാധിക്കും. എന്നാൽ **കണ്ടു** എന്ന് അർത്ഥം പറയുമ്പോൾ, ഇന്ന് അനുഭവിക്കുന്ന സകല ആശയക്കുഴപ്പങ്ങൾക്കും ഭിന്നിപ്പിന്നും അത് കാരണമായിത്തീരുകയും ചെയ്യും.

നമുക്ക് മുസ്‌ലിം ഉമ്മത്തിനെ നിലയില്ലാ കയത്തിലെറിയുകയാണോ വേണ്ടത് അതല്ല കര കയറ്റുകയാണോ വേണ്ടത് എന്ന് സമുദായ നേതൃത്വങ്ങൾ ആലോചിക്കേണ്ടതുണ്ട്.

## ഖുർആനിലും ഹദീസിലും

ഖുർആനിലും ഹദീസിലും **رأى** എന്ന പദം കണ്ടു എന്നല്ലാത്ത അർത്ഥങ്ങളിൽ ഉപയോഗിച്ചത് കാണുക:

**الم تر كيف فعل ربّك باصحاب الفيل**

***ആനക്കാരെ അല്ലാഹു ചെയ്തതെന്താണെന്ന് നീ കണ്ടില്ലേ?***

നബി അത് കണ്ടിട്ടില്ല. നമ്മളാരും കണ്ടിട്ടില്ല. കേൾക്കുക മാത്രമാണ് ചെയ്തത്. ഇവിടെ നീ കണ്ടില്ലേ എന്നതിന്റെ അർത്ഥം നിനക്കറിയില്ലേ, നീ പഠിച്ചു മനസ്സിലാക്കിക്കൊള്ളൂ, പറഞ്ഞുതരാം എന്നൊക്കെയാണ്.

**الم تر كيف فعل ربّك بعاد ......**

***ആദ് സമൂഹത്തെ നിന്റെ നാഥൻ എന്തു ചെയ്തുവെന്ന് നീ കണ്ടില്ലേ ?***
ഇവിടെയും മേലുദ്ധരിച്ച അർത്ഥം തന്നെയാണ്. നബി അത് കണ്ടിട്ടില്ല.
നിനക്ക് മനസ്സിലാക്കിത്തരാം എന്നാണർത്ഥം.

***ലാത്തയേയും ഉസ്സയേയും നിങ്ങൾ കണ്ടില്ലേ.*** **...أفرأيتم اللّت والعزّى**

കണ്ടിട്ടില്ല. പക്ഷേ നിങ്ങൾ അറിയുക, മനസ്സിലാക്കുക എന്നാണിവിടെ അർത്ഥം.

***ദീനിനെ കളവാക്കുന്നവനെ നീ കണ്ടില്ലേ***? **أرأيت الذي يكذب بالدين**

നീ മനസ്സിലാക്കികക്കൊള്ളൂ എന്നാണർത്ഥം
ഒരു നബി വചനം ഇങ്ങനെ കാണാം.

**من راى منكم منكرًا فليغيّره بيده وان لم يستطع فبلسانه وان لم يستطع فبقلبه**

***ഒരു അധർമ്മം കണ്ടാൽ കൈകൊണ്ട്, സാധ്യമല്ലെങ്കിൽ നാവുകൊണ്ട്, അതിനും സാധ്യമല്ലെങ്കിൽ മനസ്സുകൊണ്ട് തിരുത്തുക.*** ഇവിടെ അധർമം കണ്ണുകൊണ്ട് കാണണമെന്നില്ല. ബോധ്യപ്പെട്ടാൽ, ഉണ്ടെന്ന് മനസ്സിലായെങ്കിൽ, നിരീക്ഷിച്ചാൽ എന്നെല്ലാം അർത്ഥമാവാം.

അല്ലാഹുവും പ്രവാചകനും **رأى** എന്ന പദത്തിന് കൊടുത്ത അർത്ഥങ്ങളാണ് മേലുദ്ധരിച്ചത്. ആ രീതിയിൽ സന്ദർഭത്തിനൊത്ത്

അർത്ഥ കൽപ്പന നടത്തേണ്ടതാണ് ചന്ദ്രമാസവുമായി ബന്ധപ്പെട്ട رأى എന്ന പദവും.

അടുത്തമാസം പിറക്കാനിരിക്കുന്ന ബാലചന്ദ്രനെ ഈ മാസത്തിലെ ചന്ദ്രക്കലകൾ നോക്കി മനസ്സിലാക്കുന്നതിനെയാണ് ഈ ഹദീസുകളിൽ رأى എന്ന് പ്രയോഗിച്ചിരിക്കുന്നത്. അക്കാര്യം മനസ്സിലാക്കാതെ പോയതാണ് സമുദായത്തിന്ന് പറ്റിയ അമളി. ഈ പാളിച്ച തിരുനബിയുടെ കാലഘട്ടത്തിലോ ഖുലഫാഉകളുടെ കാലത്തോ സംഭവിച്ചതായി അറിയില്ല. കാരണം അവരെല്ലാം അറബിഭാഷയുടെ ശരിയായ പ്രയോഗങ്ങളും അർത്ഥതലങ്ങളും അറിയുന്നവരും പ്രവാചകനിൽ നിന്ന് നേരിട്ടുപഠിച്ചു മനസ്സിലാക്കിയവരുമായിരുന്നുവല്ലോ.

എന്നാൽ ഇസ്‌ലാം ലോകത്തിന്റെ വിദൂരതകളിലേക്ക് വ്യാപിക്കുകയും അറബി ഗ്രന്ഥങ്ങൾ പ്രാദേശിക ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യപ്പെടുകയും ചെയ്തതോടെയാവാം ഇത്തരം സ്ഖലിതങ്ങൾ സംഭവിച്ചുതുടങ്ങിയത്. അങ്ങനെ സംഭവിക്കാൻ സാധ്യതയുമുണ്ട്. കാരണം رأى എന്ന പദത്തിന്ന് ഒന്നമതായി നൽകപ്പെടുന്ന അർത്ഥം **കണ്ടു** എന്ന് തന്നെയാണ്. മറ്റർത്ഥങ്ങളെല്ലാം ദ്വിതീയ തലങ്ങളിലാണ് പ്രയോഗിക്കപ്പെടുന്നത്. ഒന്നാം ചന്ദ്രപ്പിറയെ നഗ്നനേത്രങ്ങൾകൊണ്ട് കാണുക എന്ന സംഗതി ഒന്നാം തീയതിയുടെ സന്ധ്യക്ക് സൂര്യാസ്തമയത്തിന് ശേഷം മാത്രമേ സാധ്യമാകൂ. ഈ കാഴ്ചയെയാണ് رأى എന്ന പ്രയോഗം കൊണ്ട് പ്രവാചകൻ ഉദ്ദേശിച്ചിട്ടുണ്ടാവുക എന്നവർ തെറ്റിദ്ധരിച്ചതാവാം. അങ്ങനെ ഒന്നാം തീയതി, ബാലചന്ദ്രനെ കണ്ട സന്ധ്യക്ക് ആരംഭിക്കുന്നു എന്ന് വിചാരിക്കാൻ തുടങ്ങി. അതോടെ ദിവസാരംഭം ചന്ദ്രമാസ തീയതിപ്രകാരം സൂര്യസ്തമയത്തോടെ തുടങ്ങുന്നു എന്ന് പറയേണ്ടിവരികയും ചെയ്തു. ഗോള ശാസ്ത്രത്തിൽ മനുഷ്യർ അവഗാഹം നേടിയതോടെയാണ് ഇപ്പറയുന്നത് ശരിയല്ല എന്ന് പിൽക്കാലത്ത് ബോധ്യപ്പെടാൻ തുടങ്ങിയത്.

താഴെ ഹദീസുകളെ പുതിയ അർത്ഥ കൽപ്പനകളോടെ നമുക്കൊന്ന് പുനർ വായന നടത്തിനോക്കാം.

**1**

**عن حذيفة بن اليمان رضى قال. سمعت رسول اللّه صلعم يقول:**
**لا تقدّموا الشهرحتّى تروا الهلال قبله او تكملوا العدة ثم صوموا حتى ترواالهلال**
**او تكملوا العدة قبله (ابوداود والنسائى**
**- جامع الاصول في احاديث الرسول لابن الاثير٦/٢٦٨)**

"ഹുദൈഫതുബ്നുൽ യമാനിൽ നിന്ന്. അദ്ദേഹം പറഞ്ഞു: നബി (സ) പറയുന്നത് ഞാൻ കേട്ടു. നിങ്ങൾ ചന്ദ്രക്കല നിരീക്ഷണം നടത്താതെ മാസത്തെ മുന്തിക്കരുത്. നിരീക്ഷണം നടത്തിയില്ലെങ്കിൽ കണക്കുകൂട്ടി തിട്ടപ്പെടുത്താതെ പുതിയമാസമായി കാണരുത്" *(പുതിയ മാസപ്പിറവി - ഹിലാൽ - എന്നായിരിക്കുമെന്നറിയാൻ നടപ്പുമാസ കലകളെ നിരീക്ഷിക്കുന്നതിനെപ്പറ്റിയാണ് ഇപ്പറഞ്ഞത്)*

**2**

**عن عبد اللّه بن عبّاس رضي قال: جاء اعرابى الى النبي صلعم فقال انى رأيت الهلال.**
**فقال. أتشهد ان لااله الاّ اللّه ؟ قال نعم. قال: أتشهد انّ محمداً رسول اللّه؟**
**قال نعم. قال: يا بلال أذن فى الناس ان تصوموا غداً (ابوداوود والنساء والترمذى)**

"അബ്ദുല്ലാഹിബ്നു അബ്ബാസ് റിപ്പോർട്ട് ചെയ്യുന്നു: ഒരു ഗ്രാമീണ അറബി നബി യുടെ അടുത്ത് വന്നു. ഞാൻ ചന്ദ്രമാസ നിരീക്ഷണം നടത്തിയിട്ടുണ്ട് എന്ന് പറഞ്ഞു. അപ്പോൾ നബി നീ ശഹാദത്തുകലിമ അംഗീകരിച്ചു സാക്ഷ്യം വഹിക്കുന്നുവോ എന്ന് ചോദിച്ചു. അയാൾ പറഞ്ഞു: അതെ. അപ്പോൾ നബി ബിലാലിനെ വിളിച്ച് നാളെ നോമ്പ് പ്രഖ്യാപിക്കാൻ കൽപ്പിച്ചു. *(ഇന്ന് അമാവാസിയാണെന്നും നാളെ രാവിലെ ഒന്നാം തിയ്യതി പിറക്കുമെന്നും മനസ്സിലായി)*

**3**

**وفي رواية عن عكرمة انّهم شكوا فى هلال رمضان مرّة. فارادوا ان لا يقوموا ولا**
**تصوموا .فجاء اعرابي من الحرّة يشهد انّه راىالهلال .فاتى به النبي صلعم فقال:**
**أتشهد ان لا اله الاّ اللّه وانى رسول اللّه؟ قال نعم. وشهد أنّه راى الهلال.**
**فامر بلال فناديفى الناس ان يقوموا وان يصوموا (ابو داوود والسائى والترمذى)**

ഇക്രിമിയിൽ നിന്നുള്ള മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ വന്നിരിക്കുന്നു: ഒരിക്കൽ റമദാൻ മാസപ്പിറവിയിൽ സഹാബിമാർ സംശയിച്ചു. നോമ്പ് നോൽക്കാതിരിക്കാനും രാത്രി നമസ്കാരം നിർവ്വഹിക്കാതിരിക്കാനും അവർ ഉദ്ദേശിച്ചു. അപ്പോൾ ഹർറ എന്ന പ്രദേശത്തുനിന്ന് ഒരു ഗ്രാമീണ അറബി വന്നു മാസ നിരീക്ഷണം നടത്തിയതായി സാക്ഷി നിന്നു. അദ്ദേഹത്തെ നബി യുടെ അടുത്തേക്ക് കൊണ്ടുപോയി. നബി അദ്ദേഹത്തോട് നീ ശഹാദത്തു കലിമ അംഗീകരിച്ചു സാക്ഷ്യം വഹിക്കുന്നുവോ എന്ന് ചോദിച്ചു. ഗ്രാമീണൻ 'അതെ' എന്ന് പറഞ്ഞു. താൻ മാസം നിരീക്ഷണം നടത്തിയതായി അറിയിക്കുകയും ചെയ്തു. അപ്പോൾ നബി ബിലാലിനോട് നോമ്പും രാത്രി നമസ്ക്കാരവും പ്രഖ്യാപിക്കാൻ കൽപ്പിച്ചു. *(ഇന്ന് അമാവാസി. നാളെ രാവിലെ ഒന്നാം തിയതി.)*

**4**

**عن عبد اللّٰه بن عمر قال: ترائى الناس الهلال: فاخبرت رسول اللّٰه صلعم انّى رايته فصامه' وامرالناس بصيامه - ابو داوود**

അബ്ദുല്ലാഹിബ്നു ഉമർ റിപ്പോർട്ട് ചെയ്യുന്നു. ജനങ്ങൾ മാസനിരീക്ഷണം നടത്തി. അങ്ങനെ നബിയോട് ഞാൻ എനിക്ക് തിയ്യതി ബോധ്യപ്പെട്ടിട്ടുണ്ട് എന്ന് പറഞ്ഞപ്പോൾ നബി നോമ്പെടുക്കുകയും ജനങ്ങളോട് നോമ്പ് നോൽക്കാൻ കൽപ്പിക്കുകയും ചെയ്തു.

**5**

**عن ابن عمر(رضى) قال رسول اللّٰه صوموا لرؤيته وافطروا لرؤيته (البخارى مسلم)**

ഇബ്നുഉമറിൽ നിന്ന് : നബി പറഞ്ഞു: മാസം നിരീക്ഷണം ചെയ്ത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നോമ്പെടുക്കുകയും അവസാനിപ്പിക്കുകയും ചെയ്യുക.

**6**

**عن الحكم بن اعرج قال انتهبت الى ابن عباس رضى هو متوسد ردائه فىزمزم فقلت له اخبرنى عن صوم يوم عاشوراء فقال اذارأيتالهلال محرم فاعدد واصبح يوم التاسع صائماً. قلت هكذا كانرسول اللّٰه صلعم يصومه؟ قال نعم. (مسلم١١٣٣)**

ഹകമുബ്നു അഅ്റജ് റിപ്പോർട്ട് ചെയ്യുന്നു: ഞാൻ ഇബ്നു അബ്ബാസിന്റെ അടുത്ത് ചെന്നു. അദ്ദേഹം സംസമിന്നരികിൽ തന്റെ

മേൽത്തട്ടം തലയണയാക്കി കിടക്കുകയായിരുന്നു. ഞാൻ പറഞ്ഞു: ആശുറാ നോമ്പിനെപ്പറ്റി പറഞ്ഞു തരൂ. അദ്ദേഹം മറുപടി പറഞ്ഞു. നീ മുഹററത്തിന്റെ പിറവിയെ നിരീക്ഷണം നടത്തിയിട്ടുണ്ടെങ്കിൽ ദിവസം എണ്ണി ഒമ്പതാം നാൾ നോമ്പെടുക്കുക. നബി ഇങ്ങനെയാണോ നോമ്പെടുത്തത്? അദ്ദേഹം പറഞ്ഞു: അതെ.

**7**

**عن ابى هريرة ان النبى( صلى) قال احصوا هلال شعبان لرمضان واذا راوه وجب عليهم الصيام اجماعاً (مغني ابن قدامة ٤ / ٣٦٢ )**

നബി പറഞ്ഞു: ശഅബാൻ മാസത്തിലെ പിറവിയെ റമദാൻ മാസത്തിനു വേണ്ടി നിങ്ങൾ കൃത്യമായി നിരീക്ഷിച്ചു മനസ്സിലാക്കണം. അങ്ങനെ ശഅബാൻ നിരീക്ഷണത്തിലൂടെ (റമദാൻപിറ) നിങ്ങൾക്ക് ബോധ്യപ്പെട്ടാൽ നിങ്ങൾക്കൊന്നടങ്കം (ലോക മുസ്‌ലിംകൾക്കാകമാനം) നോമ്പ് നിർബന്ധമായി.

**8**

**عن ابن عمر قال: قال رسول اللّه صلعم جعل اللّه الاهَلة موا قيت للناس فصوموا لرأيته وافطروا لرأيته فأن غم عليكمفعدوا ثلاثين يوماً - بخارى**

'അല്ലാഹു ചന്ദ്രക്കലകളെ ജനങ്ങൾക്ക് തിയതികളാക്കിയിരിക്കുന്നു. അതിന്റെ നിരീക്ഷണത്തെ അടിസ്ഥാനമാക്കി റമദാൻ വ്രതമനുഷ്ഠിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുക അസാധ്യമായാൽ 30 എണ്ണുക'

**9**

**عن ربعيّ بن حراش قال: قال رسول اللّه صلعم اذا رأيتم الهلال فصوموا واذا رأيتمواه فافطروا فان غم عليكم فاتموا شعبان ثلاثين الا ان تروا الهلال قبل ذالك ثم صوموا رمضان ثلاثين قبل ذالك - ابو داوود والنسائى - جامع الاصول في احاديث الرسول لابن الايثر ٦/٢٦٩**

'റസൂൽ പറഞ്ഞു. നിങ്ങൾ മാസപ്പിറവി നിരീക്ഷിച്ചിട്ടുണ്ടെങ്കിൽ നോമ്പെടുക്കുക. അത് നിരീക്ഷിച്ചിട്ടുണ്ടെങ്കിൽ നോമ്പ് അവസാനിപ്പിക്കുക. ഇനി അസാധ്യമാകുമ്പോൾ ശഅ്ബാൻ മുപ്പത് പൂർത്തിയാക്കുക........ '

**10**

**عن ابن عباس قال ان رسول اللّٰه صلعم ذكر رمضان′ قال: لا تصوموا حتى تروا الهلال ولا تفطرواحتى تروه - فان غم عليكمفاكملواعدة ثلاثين - الموطا و النسائي وفى رواية للنسائي ان ابن عباس قال: عجبت ممن يتقدم الشهر وقد قال رسول اللّٰه صلعم اذا رأيتم الهلال فصوموا واذا رأيتموه فافطروا فان غم عليكم فاكملوا العدة ثلاثين.**

"ഇബ്നുഅബ്ബാസിൽ നിന്ന്. റസൂൽ റമദാൻ മാസത്തെ പരാമർശിച്ച് പറഞ്ഞു. നിങ്ങൾ മാസം നോക്കി നിരീക്ഷിക്കുന്നതുവരെ നോമ്പ് നോൽക്കരുത്. അത് നിരീക്ഷിക്കുന്നതുവരെ നേമ്പ് മുറിക്കുകയും അരുത്. ഇനി അസാധ്യമായാൽ എണ്ണം മുപ്പത് പൂർത്തിയാക്കുക. (അൽമുവത്വ, വന്നസാഈ). നസാഈയുടെ ഒരു റിപ്പോർട്ടിൽ ഇങ്ങനെ കാണാ: ഇബ്നു അബ്ബാസ് പറഞ്ഞു. മാസം (നിരീക്ഷിക്കുന്നതിനുമുമ്പ്) മുന്തിക്കുന്നവരുടെ കാര്യത്തിൽ ഞാൻ അത്ഭുതപ്പെടുന്നു. റസൂൽ പറഞ്ഞു. മാസപ്പിറവി നിരീക്ഷിച്ചാൽ നോമ്പെടുക്കുക. അത് നിരീക്ഷിച്ചാൽ നോമ്പ് മുറിക്കുക. അസാധ്യമായാൽ മുപ്പത് പൂർത്തിയാക്കുക"

**11**

**.عن ابن عباس قال: لا تصوموا قبل رمضان- صوموا لرأيته وافطروا لرأيته فان حالت دونه غيامته فاكملوا ثلاثين (ترمذي′ نسائى′ موطأ)-**

"ഇബ്നു അബ്ബാസിൽ നിന്ന്: അദ്ദേഹം പറഞ്ഞു: നിങ്ങൾ റമദാൻ മാസത്തിന്റെ മുമ്പ് നോമ്പ് നോൽക്കരുത്. ചന്ദ്രനെ നിരീക്ഷിച്ച് നെമ്പെടുക്കുക. നിരീക്ഷിച്ച് നോമ്പ് മുറിക്കുക. ഇനി ചന്ദ്രനെ നിരീക്ഷിക്കുന്നതിന് വല്ല തടസ്സവും നേരിട്ടാൽ മുപ്പത് പൂർത്തിയാക്കുക."

**12**

**عن عائشة ان رسول اللّٰه صلعم كان يتحفظ من هلال شعبان مالا يتحفظ من غيره ثم يصوم لرأية رمضان' فان غم عليه عد ثلاثين يوماً ثم صام – ابوداوود**

ആഇശ റിപ്പോർട്ട് ചെയ്യുന്നു: മറ്റു മാസങ്ങളെ അപേക്ഷിച്ച് ശഅ്ബാൻ മാസത്തെ നബി (സ) പ്രത്യേകം സൂക്ഷ്മ നിരീക്ഷണം നടത്താറുണ്ടായിരുന്നു. പിന്നെ റമദാൻ മാസം ബോധ്യപ്പെട്ടാൽ നോമ്പെടുക്കും. അസാധ്യമായാൽ മുപ്പത് ദിവസം എണ്ണും. പിന്നെ നോമ്പ് നോൽക്കും."

**അസാധ്യമായാൽ 30 തികക്കുക** എന്ന കൽപന കൊണ്ടുദ്ദേശിക്കുന്നത് കൃത്യമായി ചന്ദ്രനിരീക്ഷണം നടത്തിയിട്ടും അവസാന ദിവസം 29-ഓ 30-ഓ എന്ന സംശയം ബാക്കിയുണ്ടെങ്കിൽ 29 ൽ നിൽക്കാതെ 30 ലേക്കു കടക്കുക എന്നാണ്. കാരണം ഇസ്ലാമിലെ ഒരു പൊതു നിയമമാണല്ലോ സംശയമുള്ള ഭാഗത്തു കൂടി നടക്കരുത് എന്നുള്ളത്. സംശയമുള്ളിടത്ത് അമലുകൾ ശരിയാവുകയില്ല. നിരീക്ഷണം അസാധ്യമാകുമ്പോൾ എന്തുചെയ്യണമെന്ന പാഠവും ഇതിലുണ്ട്. കണിശമായ ഗോളശാസ്ത്ര കണക്കിനെ ആശ്രയിക്കാനറിഞ്ഞുകൂടാത്ത സമൂഹത്തിലും കാലഘട്ടത്തിലും ഇത്തരം സാഹചര്യങ്ങളിൽ ചെയ്യാവുന്ന യുക്തമായ നിലപാടാണ് പ്രവാചകൻ പഠിപ്പിച്ചിരിക്കുന്നത്. അല്ലാതെ 29 ന് വൈകുന്നേരം പടിഞ്ഞാറോട്ട് നോക്കി ചന്ദ്രക്കല കണ്ടില്ലെങ്കിൽ പിറ്റേ ദിവസം 30 കണക്കാക്കി നോമ്പെടുക്കാനോ മാസം കണക്കാക്കാനോ അല്ല. കാരണം ചന്ദ്രപ്പിറ കാണാനോ നിരീക്ഷിക്കാനോ പറ്റാത്ത ഒരു സ്ഥലത്തോ സാഹചര്യത്തിലോ ഒരാൾക്ക് അല്ലെങ്കിൽ ഒരു സമൂഹത്തിന് ജീവിക്കേണ്ടി വന്നാൽ മാസങ്ങളോളം അല്ലെങ്കിൽ വർഷം മുഴുവൻ അവർ 30 കണക്കാക്കേണ്ടി വരില്ലേ? ഇത്തരം സാഹചര്യങ്ങൾ ഇന്ന് കൂടുതലാണ്. അന്തരീക്ഷം പൊടിപടലങ്ങൾ നിറഞ്ഞുകിടക്കുകയാണെന്ന് ശാസ്ത്രജ്ഞർ പറയുന്നു. ഇൻഡസ്ട്രിയൽ ഏരിയകളിൽ ഇത് പ്രകടവുമാണ്. കേരളം പോലുള്ള പ്രദേശങ്ങൾ മാസങ്ങളോളം മേഘാവൃതമായിരിക്കും. അങ്ങനെ മാസങ്ങളോളം 30 കണക്കാക്കേണ്ടി വരുമ്പോൾ ചന്ദ്രമാസം 29/30 ആയി വരും എന്ന നബിവചനത്തിന്റെ പ്രസക്തിയെവിടെ ? എല്ലാ മാസവും 30 ൽ ഓടിയാൽ കുറേ ദിവസങ്ങളുടെ വ്യത്യാസം ഒരു വർഷം കൊണ്ടുണ്ടാവുകയും ചെയ്യും.

**13**

عن ربعيّ بن حراش عن رجل من اصحاب الرسول صلعم قال اختلف الناس في آخر يومٍ
من رمضان. فقدم اعرابيان. فشهدا عند رسول اللّه صلعم با اللّهلا اهلاّ الهلال
امس عثية فامر رسول اللّه صلعم الناس ان يفطروا وفي رواية ان يغدواالى مصلاهم
- ابو داوود - جامع الاصول فى احاديث الرسول لابن الايثر ٥ ٧ ٢/٦

“റുബഇബ്നു ഹറാസ് നബിയുടെ സ്വഹാബിമാരിൽ ഒരാളിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു. റമദാനിലെ അവസാന ദിവസം ജനങ്ങൾ

അഭിപ്രായവ്യത്യാസത്തിലായി. അപ്പോൾ രണ്ട് ഗ്രാമീണ അറബികൾ വന്നു. അല്ലാഹുവിന്റെ പേരിൽ സത്യംചെയ്തുകൊണ്ട് **മാസനിരീക്ഷണ പ്രകാരം ഇന്നലെ വൈകുന്നേരത്തോടെ മാസം അവസാനിച്ചിരിക്കുന്നു.** എന്ന് സാക്ഷ്യം വഹിച്ചു. അപ്പോൾ നബി തിരുമേനി ജനങ്ങളോട് നോമ്പ് മുറിക്കാൻ കൽപ്പിച്ചു. മറ്റൊരു റിപ്പോർട്ടിൽ നാളെ രാവിലെ ഈദ്ഗാഹിലേക്ക് പോകാനും കൽപ്പിച്ചു.

**14**

**عن ابي عمير عبد اللّه بن انس بن مالك عن عمومة له من اصحاب رسول اللّه انّ ركباً جاءوا الى رسول اللّه صلعم يشهدون انهم رأوا الهلال بالامس فامرهم ان يفطروا ٰ واذا اصبحو يغدوا الى مصلاّ هم - ابو داوود و النسائى.**

അബൂഉമൈർ അബ്ദുല്ലാഹിബ്നു അനസുബ്നു മാലിക് നബി യുടെ സഹാബിമാരായ തന്റെ പിതൃവ്യൻമാരിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: ഒരു യാത്രാസംഘം നബിയുടെ അടുത്ത് വന്നു. **മാസനിരീക്ഷണ പ്രകാരം ഇന്നലെ വൈകുന്നേരത്തോടെ തങ്ങൾ മാസം അവസാനിപ്പിച്ചിരിക്കുന്നു.** എന്ന് സാക്ഷി പറഞ്ഞു. അപ്പോൾ നോമ്പ് മുറിക്കാനും നാളെ വെളുപ്പിന് മുസ്വല്ലയിലേക്ക് പോകാനും തിരുമേനി കൽപ്പിച്ചു.

ഈ രണ്ടു ഹദീസുകളും ഒരേ സംഭവം തന്നെയാണ് പരാമർശിക്കുന്നത്.

(ഹദീസ് നിദാന ശാസ്ത്രപ്രകാരം ഇവ രണ്ടും സ്വീകാര്യയോഗ്യമായ ഹദീസുകളല്ല എന്ന് ചിലർക്കഭിപ്രായമുണ്ട്. നാം അത് അംഗീകരിക്കുന്നില്ല)

ഏതായാലും മേലുദ്ധരിച്ച 14 ഹദീസുകളുടെയും അർത്ഥം മനസ്സിലാക്കേണ്ടത് رأى എന്ന പദത്തിന് **ഒരു മാസത്തെ മുഴുവൻ ചന്ദ്രക്കലകളെയും നോക്കി നിരീക്ഷണം നടത്തി വരാനിരിക്കുന്ന പിറവിയുടെ ദിവസം മുൻകൂട്ടി മനസ്സിലാക്കുക** എന്നാണ്. കാണുക എന്നൊരു പദപ്രയോഗം ഖുർആനിൽ ഇല്ല. 'സാക്ഷ്യം വഹിക്കുക' എന്നാണ് അല്ലാഹു പ്രയോഗിച്ചിരിക്കുന്നത്. ഖുർആന്റെ വ്യാഖ്യാതാവാണല്ലോ പ്രവാചകൻ. പ്രവാചകന്റെ വചനങ്ങളെ ഖുർആനിന്ന് അനുകൂലമായ രീതിയിൽ മാത്രമെ വ്യാഖ്യാനിക്കാവൂ. അപ്പോൾ ചന്ദ്രമാസവുമായി ബന്ധപ്പെട്ട് **رأى** പ്രയോഗിക്കപ്പെടുമ്പോൾ അതിനെ കണ്ടു എന്നല്ല മറിച്ച് അല്ലാഹു

പറയുന്നതുപോലെ **സാക്ഷ്യം വഹിച്ചു** എന്നാണർത്ഥം കൽപ്പി ക്കേണ്ടത് എന്ന കാര്യത്തിൽ സംശയിക്കരുത്.

നടപ്പുമാസ ചന്ദ്രക്കലകൾ നിരീക്ഷിച്ചാൽ അടുത്ത മാസം ഒന്നാംതിയതി എന്ന് പിറക്കുന്നു എന്ന് എളുപ്പം മനസ്സിലാക്കാൻ കഴിയും. ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മാസം നിർണ്ണ യിച്ച് നോമ്പെടുക്കുക, പെരുന്നാളാഘോഷിക്കുക എന്നാവാനേ തരമുള്ളൂ ഈ ഹദീസുകളുടെ വിവക്ഷ. കാരണം ഒന്നാം ചന്ദ്ര ക്കലയുടെ ഉദയം കണ്ടിട്ട് ഒന്നാം തിയ്യതി ആരംഭിക്കാൻ സാധ്യ മല്ല. സാധ്യത അൽപമെങ്കിലും ഉണ്ടെങ്കിൽ അത് അസ്തമയ സമ യത്ത് മാത്രമായിരിക്കും. അപ്പോഴേക്കും ദിവസം കഴിഞ്ഞുപോ യിട്ടുമുണ്ടായിരിക്കും. ഇത് പ്രവാചകനറിയാമായിരുന്നു.

രണ്ടാമത്തെ കാര്യം, ചന്ദ്രമാസം 29/30 ആയിട്ടുവരും എന്ന പ്രവാചകന്റെ പ്രസ്താവനയാണ്.

അക്കാലത്ത് അവർക്കുണ്ടായിരുന്ന കലണ്ടർ ഒരുമാസം 29 എങ്കിൽ അടുത്ത മാസം 30, പിന്നീട് 29. ശേഷം 30 എന്ന ക്രമ ത്തിൽ മാറിമാറി വരുന്ന നിശ്ചയിച്ചുറപ്പിക്കപ്പെട്ട കലണ്ടറായിരു ന്നു. അത് ശരിയല്ലെന്നും പല രീതിയിലും ഇത് വ്യത്യസ്തമായി വരുമെന്നും പഠിപ്പിക്കുകയായിരുന്നു പ്രവാചകൻ. (ആ കലണ്ടർ പ്രകാരമാണ് പ്രവാചകന്റെ ജനനം റബീഉൽ അവ്വൽ 12 തിങ്കൾ എന്ന് കുറിക്കപ്പെട്ടത്. ശരിയായ ഗോളശാസ്ത്ര കണക്ക് പ്രകാരം അത് റബീഉൽ അവ്വൽ മധ്യത്തിൽ വന്ന പൗർണമിയിലെ തിങ്ക ളാഴ്ചയായിരുന്നു എന്നതാണ് യാഥാർത്ഥ്യം
– റബിഉൽ അവ്വൽ 14)

ഭാവിയിലേക്ക് ശാസ്ത്രജ്ഞർക്ക് പോലും വഴികാട്ടിയാണ് പ്രവാചകന്റെ ഈ പ്രസ്താവന. എല്ലാമാസവും മുൻകൂർ നിശ്ച യിക്കപ്പെട്ട പ്രകാരമാണ് വരികയെങ്കിൽ കണക്ക് കൂട്ടുകയോ ചന്ദ്രൻ പിറന്നോ എന്ന് അന്വേഷിക്കുകയോ ചെയ്യേണ്ട ആവശ്യ മില്ലല്ലോ. ഏതെങ്കിലും ഒരു തീയതി കിട്ടിയാൽ ലോകാരംഭം മുതൽ ലോകാന്ത്യം വരെ തീയതി കണ്ടെത്താൻ പ്രയാസമുണ്ടാകില്ല. മാസം 29–ന്റേതാണോ 30–ന്റേതാണോ എന്ന് നിരീക്ഷ ണം നട ത്തിയെങ്കിൽ മാത്രമേ മനസ്സിലാവുകയുള്ളു. അതുകൊണ്ടാണ് ചന്ദ്രമാസ നിരീക്ഷണം നടത്താതെ മാസം തീരുമാനിക്കരുത് എന്ന് പ്രവാചകൻ പറയുന്നത്.

എന്നാൽ താഴെ കാണിച്ച രണ്ട് ഹദീസുകളിലെ رأى എന്ന പദത്തിന് **കണ്ടു** എന്നു തന്നെയാണ് അർത്ഥം പറയേണ്ടത്. കാരണം ഹിലാലിനെ കാണുന്നത് ഒന്നാം തീയതിയുടെ അവസാനത്തിലോ ശേഷമോ, പടിഞ്ഞാറൻ ചക്രവാളത്തിലായിരിക്കും. അന്നേരത്താണ് പ്രാർത്ഥന.

١ .عن عبادة بن الصامت كان رسول الله صلعم اذا رأى الهلال قال اللهاكبر الله اكبر الحمد لله ولا حول
ولا قوة الا بالله. اللهم إنى أسئلك من خير هذا الشهر واعوذبك من سوء القدر ومن شر يوم الحشر
(أحمد طبر انى دارمي)

1. നബി (സ) ചന്ദ്രപ്പിറവി **കണ്ടാൽ** പ്രാർത്ഥിക്കും. അല്ലാഹു ഏറ്റവും വലിയവൻ. അല്ലാഹു ഏറ്റവും വലിയവൻ അല്ലാഹുവിന്ന് സ്തുതി. അല്ലാഹുവിന്റെ സഹായം കൂടാതെ യാതൊരു കഴിവും ശക്തിയും ആർക്കുമില്ല. ഈ മാസത്തിലെ നന്മയിൽ നിന്ന് ഞാൻ നിന്നോട് ചോദിക്കുന്നു. ദുർവിധിയിൽ നിന്നും വിശമതകളിൽ നിന്നും രക്ഷ തേടുന്നു.

٢ .عن ابن عمر كان رسول الله صلعم اذا رأى الهلال قال اللهم أهله علينا بالأمن والإيمان
والسلامة والإسلام و التوفيق لما تحب وترضى. ربي وربك الله
(أحمد, أبوداود, ترمذى, طبرانى, حاكم)

2. മാസപ്പിറവി **കണ്ടാൽ** നബി (സ) ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. അല്ലാഹുവേ, ഈ പിറവി ഞങ്ങൾക്ക് നിർഭയത്വവും വിശ്വാസവും സുരക്ഷയും ആക്കേണമേ. നിന്നോടുള്ള അനുസരണവും നിന്റെ ഇഷ്ടവും തൃപ്തിയും സഹായവും വർദ്ധിപ്പിക്കുന്നതുമാക്കേണമേ.

## കർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ

ഇനി നമുക്ക് പരിശോധിക്കാനുള്ളത്, കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങൾ ഇവ്വിഷയമായി എന്താണ് പറയുന്നത് എന്നാണ്.

ഗോളശാസ്ത്രജ്ഞരുടെ ഖണ്ഡിതമായ തീരുമാനമനുസരിച്ച് നോമ്പ്-പെരുന്നാൾ ദിവസങ്ങൾ കാലേക്കൂട്ടി നിർണ്ണയിക്കേണ്ടതാണ്. (ഇബ്നുഹജർ, അൽഹൈത്തമി തുഹ്ഫ. വാ 3,പേജ് 382)

ഗോളശാസ്ത്ര പ്രമാണത്തിനെതിരായി മാസനിർണ്ണയംപാടില്ല, കാരണം ഗോളശാസ്ത്രം അനിഷേധ്യമാണ്. സംശയാതീതമാണ്. (ഇമാം സുബുകി - മുഗ്നിൽ മുഹ്താജ് വാ. 1 പേജ് 421)

ചന്ദ്രപ്പിറവിയുടെ അടിസ്ഥാനത്തിൽ നോമ്പ് നോൽക്കുന്നതിന് വല്ലവനും നാടിന്റെ പരിധി നിശ്ചയിച്ചാൽ അവന്റെ വാക്ക്

യുക്തിക്കും ഇസ്‌ലാം മതത്തിനും വിരുദ്ധമാണ്. (ഇബ്നു തൈമിയ്യയുടെ ഫത്‌വകളുടെ സമാഹാരം വാള്യം 25, പേജ്: 111)

നവ ചന്ദ്രോദയം ദർശിക്കാൻ കഴിയാതെ വന്നാൽ സൂര്യന്റെയും ചന്ദ്രന്റെയും ഗതികൾ വീക്ഷിച്ച് കണക്ക് സ്വീകരിക്കുന്നതിലേക്ക് തിരിയണം. (ഇബ്നുറുഷ്ദ്, ബിദായത്തുൽ മുജ്തഹിദ്. വാ. 1 പേജ് 275)

ജോതിശാസ്ത്ര വിദഗ്ധൻമാർക്ക് കണക്കുകൾ അടിസ്ഥാനമാക്കി നോമ്പും പെരുന്നാളും നിർണ്ണ യിക്കാമെന്ന പക്ഷക്കാരാണ് ഇമാം കഫാൽ. അബൂത്വയ്യിബ് എന്നീ പണ്ഡിതൻമാർ (ഫത്ഹുൽ ബാരി വാ, 5, പേജ് 23 ൽ ഇബ്നു ഹജർ) ഖാദി ത്വബരിയും ഇതേ അഭിപ്രായക്കാരനാണെന്ന് ഇമാം റാഫിഇ 'ശറഹുൽ കബീറിൽ' രേഖപ്പെടുത്തിയിട്ടുണ്ട്. മുതറഫ്ബ്നു അബ്ദുല്ല, ഇബ്നു ഖുതൈബി, ഇബ്നു സുറൈജ്, തുടങ്ങിയ ഹദീസ് പണ്ഡിതന്മാരും ഇതേപക്ഷക്കാരായിരുന്നു എന്ന് ഇമാം നവവി പറയുന്നു (ശറഹുൽമുഹദ്ദബ് വാ. 15 പേജ് 270)

ഒരു നാട്ടിൽ നവ ചന്ദ്രൻ ബോധ്യപ്പെട്ടാൽ ഭൂനിവാസികൾക്ക് മുഴുവനും നോമ്പ് നിർബന്ധമായി. (മൗഹിബത്ത് ദിൽ ഫദ്ൽ. വാ. 4 പേജ് 164)

നിഷേധിക്കാൻ കഴിയാത്തവിധം നവചന്ദ്രപ്പിറ സ്ഥിരീകരിക്കപ്പെട്ടാൽ അമുസ്‌ലിംകൾ വഴിയാണെങ്കിലും അംഗീകരിക്കാം. ഉദയം ബുദ്ധിക്ക് ബോധ്യമായാലും മതി. ഒരു വിഭാഗക്കാർ ഇതിൽ ഭിന്നിപ്പ് പ്രകടിപ്പിക്കുന്നത് ശരിയല്ല. (ഇബ്നു ഹജർ ഹൈത്തമി-തുഹ്ഫ 3/373.)

നവചന്ദ്രൻ പിറന്നതായി ജ്ഞാനം ലഭിച്ചാൽ നോമ്പ് നിർബന്ധമായി. അറിവ് ലഭിച്ചത് എത്രദൂര ദേശത്ത് നിന്നാണെന്ന് പരിഗണിക്കേണ്ടതില്ല. (ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ: ഫതാവാ. വാ. 25 പേജ് 107)

**ചന്ദ്രപ്പിറയുടെ അടിസ്ഥാനത്തിൽ നോമ്പെടുക്കുക എന്ന പ്രവാചക കൽപ്പന മുസ്‌ലിം ലോകത്തിന് മുഴുവനായിട്ടുള്ളതാണ്. അതിനാൽ ഏതെങ്കിലും ഒരു സ്ഥലത്ത് ചന്ദ്രപ്പിറ ബോധ്യപ്പെട്ടാൽ മുസ്‌ലിം സമുദായത്തിന് ആകമാനം അത് നിർബന്ധവുമാണ്.**

(ഫിഖ്ഹുസ്സുന്ന. വാ. 2. പേജ് 436)
(ശൈഖ് സാബൂനി. തഫ്സീറു ആയാത്തിൽ അഹ്കാം)
(നൈലുൽ ഔത്താർ വാ. 4, പേജ്. 269)
(ശറഹു മുഹദബ് - ഇമാം നവവി. വാ.6, പേജ്: 274)
(ഇബ്നു ഖുദാമ - മുഗ്നി. വാ- 3. പേജ് 81)
(കിതാബുൽ ഇൻസാഫ് . വാ. 3 പേജ് 273)
(റഹ്മത്തുൽ ഉമ്മ-(നാല് മദ്ഹബുകളുടെ അഭിപ്രായങ്ങൾ-പേജ് 118)
(ഇമാം ശൈബാനി. നൈലുൽ മആരിബ് വാ. 1 . പേജ് 66)
(ശൈഖുൽ ഇസ്‌ലാം മൻസൂറുബ്നു യൂനുസ്: റൗളുൽ മരീഅ്. വാ. 1. പേജ് 46)
(ഫത്ഹുൽ ബാരി. വാ-5- പേജ് 24)
(ഇമാം നവവി ശറഹു മുസ്‌ലിം - വാ. 1. പേജ്. 348)
(അൽഫിഖ്ഹു അലൽ മദാഹിബിൽ അർബഅ. വാ. 1- പേജ് : 550)

●

# നിരൂപണം-1

**'ന്യൂ മൂണും മാസപ്പിറവിയും'**
എ. അബ്ദുൽ ഹമീദ് മദീനി
പ്രസിദ്ധീകരണം യുവത ബുക്സ്.

**1. ഇജ്തിഹാദ്**

*ഖുർആനിന്റെയും സുന്നത്തിന്റെയും വ്യക്തമായ നിർദ്ദേശങ്ങൾകൊണ്ട് സ്ഥിരപ്പെട്ട വിഷയത്തിൽ ഇജ്തിഹാദ് അനുവദനീയമല്ല, അതുപോലെ ഇജ്മാഇലൂടെ സ്ഥിരപ്പെട്ട വിഷയത്തിലും ഇജ്തിഹാദ് അനുവദനീയമല്ല എന്ന് അബ്ദുൽ ഹമീദ് മദീനിയും (കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി) കേരള നദ്വത്തുൽ മുജാഹിദീൻ പ്രസിഡണ്ട് ഡോ. ഇ.കെ. അഹമ്മദ്കുട്ടിയും എഴുതുന്നുണ്ട്.*

ഇത് ശരിയല്ല. പുതിയ സാഹചര്യത്തെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ ഖുർആൻകൊണ്ടും സുന്നത്തുകൊണ്ടും സ്ഥിരപ്പെട്ട വിഷയത്തിലും മുൻപണ്ഡിതൻമാരിൽ ഇജ്മാഅ് ഉള്ള വിഷയത്തിലും ഇജ്തിഹാദ് വേണ്ടി വരും. ഉദാഹരണം: ധ്രുവപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ നോമ്പും നമസ്ക്കാരവും. അഞ്ച് നേരത്തെ നസ്കാരം ആ പ്രദേശത്തെ സൂര്യന്റെ അടിസ്ഥാനത്തിലോ അതേ അക്ഷാംശത്തിൽ ഭൂമധ്യരേഖ പ്രദേശത്തെ സമയത്തിന്റെ അടിസ്ഥാനത്തിലോ അതല്ല മക്കയിലെ സമയത്തിന്റെ അടിസ്ഥാനത്തിലോ എന്നും, നോമ്പ് - പെരുന്നാളുകൾ അനുഷ്ഠിക്കേണ്ടത് ഏതടിസ്ഥാനത്തിൽ എന്നും പുതിയ ഇജ്തിഹാദിന് ഇന്നും വിധേയമായിക്കൊണ്ടിരിക്കുകയാണ്. തീർപ്പായിട്ടില്ല. എന്നാൽ ഇക്കാര്യത്തിൽ ഖുർആനും സുന്നത്തും ഇജ്മാഉം ഖണ്ഡിതമാണ് താനും. ധ്രുവപ്രദേശങ്ങളിൽ മനുഷ്യപ്പാർപ്പില്ലാത്ത കാലത്ത് ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടില്ല. പക്ഷെ ഇന്ന് സാഹ

ചര്യം മാറി. ജനങ്ങൾ അവിടെ താമസമാക്കി. യാത്രകൾ ആരംഭിച്ചു. പുതിയ സാഹചര്യത്തെ നേരിടേണ്ടിവന്നപ്പോൾ ഏത് ഖണ്ഡിത നിയമത്തിലും പുതിയ നിരീക്ഷണങ്ങൾ ആവാമെന്ന് മാത്രമല്ല നിർബന്ധം കൂടിയാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

## ഖലീഫാ ഉമറിന്റെ ഇജ്തിഹാദ്

1. മുഅല്ലഫത്തുൽ ഖുലൂബിന്ന് മേലാൽ സക്കാത്തിന്റെ വിഹിതം നൽകില്ല എന്ന് ഉമർ ഉത്തരവിടുന്നു.
2. പട്ടാളക്കാർക്ക് ഗനീമത്ത് സ്വത്തിന്റെ അവകാശവും അദ്ദേഹം നിഷേധിക്കുന്നു. അവകാശികൾ അതിനെ ചോദ്യം ചെയ്തു. ഖുർആൻ കൽപ്പിച്ച, പ്രവാചകൻ നടപ്പാക്കിയ നിയമം റദ്ദ് ചെയ്യാൻ ഉമറിനെന്തവകാശം?. ഉമറിന്റെ മറുപടി ശ്രദ്ധിക്കുക: *‘ഖുർആൻ അനുശാസിക്കുന്നു എന്നതും നബി തിരുമേനി ചെയ്തിട്ടുണ്ട് എന്നതും ഇന്നലെ വരെ ലഭിച്ചുകൊണ്ടിരുന്നു എന്നതും ശരി തന്നെ. പക്ഷെ അത് ഇന്ന് അതേ പടി പ്രയോഗവൽക്കരിക്കുമ്പോൾ രാഷ്ട്രത്തിനും സമുദായത്തിനും കോട്ടമുണ്ടാകുമെങ്കിൽ സുരക്ഷ പരിഗണിച്ച് തൽക്കാലം വേണ്ടെന്ന് വെക്കാവുന്നതാണ്. മുഅല്ലഫത്തുൽ ഖുലൂബിന്ന് ഇപ്പോൾ സകാത്തിന്റെ ആവശ്യമില്ല. അവരേക്കാൾ അർഹരായവർ വേറെ കിടക്കുന്നു.*

*പട്ടാളക്കാർ മുൻകാല യുദ്ധ വിജയങ്ങളിലൂടെ സ്വത്ത് വാരിക്കൂട്ടിയിരിക്കുന്നു. തൻമൂലം അവർക്ക് യുദ്ധത്തിന് സമയവും താൽപര്യവുമില്ലാതായി. ഇനിയും അവരെ യുദ്ധങ്ങൾകൊണ്ട് സമ്പന്നരാക്കിയാൽ രാഷ്ട്ര സുരക്ഷക്ക് അത് ഭീഷണിയാകും. മേലിൽ അവർക്ക് ശമ്പളമാവാം’.*

മുഅല്ലഫത്തുൽ ഖുലൂബ് സക്കാത്തിന്റെ അവകാശികളാണെന്ന് ഖുർആൻകൊണ്ട് സ്ഥിരപ്പെട്ടതാണ്. പട്ടാളക്കാർക്ക് ഗനീമത്ത് സ്വത്തിന്റെ വിഹിതവും അതെ. ഖുർആൻ കൊണ്ടും സുന്നത്തുകൊണ്ടും സ്ഥിരപ്പെട്ട ഈ രണ്ട് വിഷയത്തിലും ഉമർ (റ) ഇജ്തിഹാദ് നടത്തിയിരിക്കുന്നു.

## 2. ന്യൂമൂണും മാസമാറ്റവും

*മദീനി തന്റെ പുസ്തകത്തിൽ മണിക്ഫാനെ രൂക്ഷമായി വിമർശിക്കുന്നു. ന്യൂമൂൺ (കറുത്തവാവ്) മാസമാറ്റത്തിന് നിദാന മാക്കുന്നു എന്നതിന്റെ പേരിലാണ് വിമർശം. ലോകത്തിന്നേ വരെ ഒരു പണ്ഡിതനും പറയാത്ത വാദമാണിത് എന്നും തള്ളപ്പെടേ ണ്ടതാണെന്നും അദ്ദേഹം എഴുതുന്നു. ഇസ്‌ലാമിൽ ന്യൂ മൂണിന്റെയല്ല മാസപ്പിറവിയുടെ അടിസ്ഥാനത്തിലാണ് ഒന്നാം തിയ്യതി പിറക്കുന്നത് എന്നും അദ്ദേഹം പറയുന്നു.*

ഗ്രന്ഥകർത്താവിനോടുള്ള എല്ലാ ബഹുമാനാദരവുകളും നിലനിർത്തിക്കൊണ്ട് പറയട്ടെ, വിഷയം ഒന്നുകിൽ അദ്ദേഹം പഠി ച്ചിട്ടില്ല. അല്ലെങ്കിൽ സോദ്ദേശ്യ പ്രേരിതമല്ല വിമർശം.

ന്യൂമൂൺ അല്ല ന്യൂമൂണിന്റെ പിറ്റേ ദിവസത്തെ ബാലചന്ദ്ര നാണ് ചന്ദ്രമാസത്തിന്റെ ഒന്നാം തിയ്യതി കുറിക്കുന്നത് എന്നാണ്, എന്ന് മാത്രമാണ് അലി മണിക്ഫാനും ഹിജ്റ കമ്മിക്കാരും പറ യുന്നത്. പക്ഷെ ഈ ഒന്നാം തിയ്യതി കണ്ടെത്താൻ വേണ്ടി ന്യൂമൂ ണിനെ പരിഗണിക്കേണ്ടി വരുന്നു എന്നുമാത്രം. അല്ലാതെ സാധ്യ മല്ല.

നമുക്ക് വിഷയം അപഗ്രഥിച്ചുനോക്കാം. ചന്ദ്രൻ വളർന്ന് വലുതായശേഷം പിന്നീട് ചെറുതായി വരും. അവസാനം ഒരുദി വസം കാണാതാകും. ആ ദിവസമാണ് അമാവാസി (ന്യൂമൂൺ). സൂര്യ ചന്ദ്രൻമാരുടെ ഒരു സംഗമമാണിത്. ഇത് സംഭവിക്കുന്നത് ഭൂമിയിലെ ഏത് പ്രദേശത്തിന്റെ നേർമുകളിൽ വെച്ചാണോ ആ പ്രദേശത്ത് അന്നേരം നട്ടുച്ചയായിരിക്കും. പിന്നീട് അല്പാൽപ്പ മായി ചന്ദ്രൻ സൂര്യനെ മറികടക്കാൻ തുടങ്ങും. പക്ഷെ 24 മണി ക്കൂറെങ്കിലും കഴിയാതെ ഭൂമിയിലൊരിടത്തും ചന്ദ്രനെ കാണാ നാവില്ല. അത്രത്തോളം നാമമാത്രമായിരിക്കും അമാവാസി ദിവസം ചന്ദ്രന്റെ പ്രകാശിതഭാഗം. പിറ്റേദിവസം പ്രഭാതത്തോടെ അൽപ്പം കൂടി വലുതായ ബാലചന്ദ്രൻ കിഴക്കൻ ചക്രവാളത്തിൽ പ്രത്യ ക്ഷപ്പെടും. പക്ഷെ അതിനെയും നമ്മുടെ കണ്ണുകൾക്ക് കാണാ നാവില്ല. കാരണം സൂര്യപ്രകാശ പ്രളയത്തോടൊപ്പമാണ് ടിയാന്റെ വരവ്. എങ്കിലും സന്ധ്യക്ക് സൂര്യസ്തമയ ശേഷം ഇരുട്ട് വ്യാപി ക്കുമ്പോൾ ചിലപ്പോൾ കാണാനാകും. ഈ ബാലചന്ദ്രൻ പ്രഭാത ത്തിൽ കിഴക്കുദിച്ചതാണ്. ഇപ്പോൾ അസ്തമിക്കുകയാണ്. ഈ

കല ഈ ദിവസത്തിന്റെ ഒന്നാം തീയതിയെ കുറിക്കുന്നു. നാളെ രണ്ടാം തീയതിയാണ്. ഓരോ കലയും ഓരോ തീയതിയെ കുറിച്ചിട്ടുകൊണ്ടാണ് കടന്നുപോകുന്നത്. ഒരു ആകാശക്കലണ്ടർ! പ്രകൃതി തയ്യാർ ചെയ്തുവെച്ച ചന്ദ്രമാസക്കലണ്ടറാണിത്.

ഇതാണ് ഇസ്‌ലാമിക കലണ്ടർ. ഇത് ദൈവീകമാണ്. ഇതിനെ അംഗീകരിക്കാത്തവൻ ദൈവത്തെ അംഗീകരിക്കുന്നില്ല.

അമാവാസി സംഭവിച്ച ദിവസം ഒന്നാം തീയതിയല്ല, ശാസ്ത്രത്തിലും ഇസ്‌ലാമിലും. അത് നടപ്പുമാസത്തിന്റെ അവസാന ദിവസമാണ്. അമാവാസി സംഭവിച്ചതിന്റെ പിറ്റേദിവസമാണ് ഒന്നാം തിയ്യതി. അന്ന് മാത്രമേ ചന്ദ്രപ്പിറ ഭൂമിക്ക് ബാധകമാകുന്നുള്ളു എന്നതാണ് കാരണം. ഒന്നാം തീയതി ദിവസാരംഭമായ രാവിലെയാണ് തുടങ്ങുന്നത്. സൂര്യനോടൊപ്പം ചന്ദ്രൻ ഉദിക്കുന്ന സമയത്ത്. ചന്ദ്രൻ അസ്തമിക്കുന്ന സമയത്തല്ല.

അലി മണിക്ഫാൻ പറയുന്നത് ഇതുതന്നെയാണ്. പക്ഷെ ഗോളശാസ്ത്ര വീക്ഷണത്തിൽ പറയുമ്പോൾ സാങ്കേതികമായി പിറവി അമാവാസിയോടൊപ്പം തന്നെ മിനിറ്റുകൾക്കകം സംഭവിക്കുന്നുണ്ടല്ലോ. അതുകൊണ്ടാണ് കറുത്തവാവിനെ New Moon പുതു ചന്ദ്രൻ എന്ന് പറയുന്നത്. യഥാർത്ഥത്തിൽ ഒരുപിറവി അവിടെ നടന്നിട്ടുണ്ട്. ഗ്രന്ഥകാരൻ വിചാരിച്ച പോലെ No Moon ലോപിച്ച് New Moon ആയതല്ല. എന്നാൽ ഒന്നാം തീയതിയായി എണ്ണപ്പെടുന്നത് അമാവാസിയുടെ പിറ്റേന്നാണ് താനും. അതുകൊണ്ടാണ് ചന്ദ്രമാസം ന്യൂമൂൺ മുതൽ ന്യൂ മൂൺ വരെയാണ് എന്ന് ശാസ്ത്രഭാഷയിൽ പറയപ്പെടുന്നത്. യഥാർത്ഥത്തിൽ ഇതൊരു പുത്തൻവാദമല്ല. കറുത്തവാവിന്റെ പിറ്റേദിവസം ഒന്നാം തീയതി എന്ന കാര്യം ശാസ്ത്രമാണ്, ഇസ്‌ലാമാണ്. പക്ഷെ, ഒന്നുണ്ട്. പിറ്റേദിവസം വൈകുന്നേരം ഒന്നാം തീയതിയുടെ ദിവസം ആരംഭിക്കുന്നു എന്ന വാദം അശാസ്ത്രീയമാണ്, അനിസ്‌ലാമികമാണ്.

സൂര്യന്ന് മുമ്പെ ഉദിച്ചിരുന്ന ചന്ദൻ സൂര്യനെ മറികടക്കുന്ന ദിവസമാണ് മാസത്തിലെ അവസാന ദിവസം. അഥവാ അമാവാസി. സൂര്യന്റെ ഉദയത്തോടൊപ്പം ചന്ദ്രനും ഉദിക്കുന്ന ദിവസമാ

ണ് മാസത്തിലെ ആദ്യ ദിവസം, അഥവാ ഒന്നാം തീയതി. രണ്ടി ന്റെയും ഉദയം പ്രഭാതത്തിൽ ഒരേ സമയം സംഭവിക്കുന്നു.

### 3. എഴുതുകയില്ല, വായിക്കുകയില്ല

**لا نكتب ولانحسب** *എന്നതിന്ന് 'നമുക്ക് എഴുത്തും കണക്കും അറിഞ്ഞുകൂട' എന്ന് അർത്ഥം പറയരുതെന്നും മറിച്ച് 'നാം എഴു തുകയില്ല, വായിക്കുകയില്ല' എന്നേ പറയാവൂ എന്നുമദ്ദേഹം തന്റെ പുസ്തകത്തിൽ കുറിക്കുന്നു. അറബിഭാഷാ വ്യാകരണപ്രകാരം അങ്ങനെ പറയാൻ പാടില്ല എന്നാണദ്ദേഹത്തിന്റെ വാദം.*

ഇങ്ങനെ വാദിക്കുന്ന യാതൊരു പണ്ഡിതനും ഇല്ല എന്ന താണു സത്യം. ഈ വാദമുന്നയിക്കുന്നതിലൂടെ ഗ്രന്ഥകാരൻ എന്താണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമല്ല.

ഇനി അങ്ങനെയാണെങ്കിൽ **كانالله غفوراً رحيماً** എന്നതിന് അല്ലാഹു ഗഫൂറും റഹീമും ആയിരുന്നു, (ഇപ്പോൾ അല്ല) എന്ന് അർത്ഥം പറയണം!

ഭാഷ എന്നത് സന്ദർഭത്തിനനുസരിച്ച് ആശയം മനസ്സിലാ ക്കാനുള്ളതാണ്. അവിടെ വ്യാകരണത്തിന് പ്രസക്തിയില്ല. ഭാഷ യാണ് ആദ്യം ഉണ്ടായത്. വ്യാകരണം പിന്നീട് ഉണ്ടാക്കിയെടു ത്തതാണ്. ഖുർആനിലും ഹദീസിലും ഇതര ഭാഷാ സാഹിത്യങ്ങ ളിൽ എന്നപോലെ വ്യാകരണത്തിന് വഴങ്ങാത്ത ധാരാളം പ്രയോ ഗങ്ങളുണ്ട്. ചന്ദ്രമാസവുമായി ബന്ധപ്പെട്ട പ്രവാചക പരാമർശ ത്തിൽ ഇവിടെ നാം **നിരക്ഷരരായതുകൊണ്ട്** എന്ന് തന്നെയാണ് സർവ്വരും അർത്ഥം കൊടുത്തത്, കൊടുക്കേണ്ടതും.

*എഴുതി കണക്കുകൂട്ടി മാസനിർണ്ണയം നടത്തുന്നത് യഹൂ ദികളുടെ സമ്പ്രദായമാണെന്നും മാസപ്പിറവി അടിസ്ഥാനത്തിലാണ് ഇസ്‌ലാമിൽ മാസാരംഭം കുറിക്കേണ്ടതെന്നും ഈ ഹദീസിൽ നിന്ന് മനസ്സിലാക്കാം. (പേജ്: 47)*

മാസപ്പിറ എപ്പോഴെന്നറിയാൻ കണക്ക്കൂട്ടിക്കൂടാ എന്നുണ്ടോ? അതിന് ഏറ്റവും കുറ്റമറ്റ രീതിയേതാണോ അത് അവലംബിക്കുകയല്ലേ വേണ്ടത്. അതാണ് ഗോളശാസ്ത്ര കണ ക്ക്. ആ കണക്ക് പ്രകാരം ന്യൂ മൂൺ സംഭവിക്കുന്നത് എന്നാ ണെന്ന് കണ്ടുപിടിക്കാം. അതിന്റെ പിറ്റേദിവസം മാസപ്പിറവി

അഥവാ ചന്ദ്രമാസം ഒന്നാം തീയതി.

യഹൂദികൾ തെറ്റായ മറ്റൊരു രീതി സ്വീകരിച്ചതുകൊണ്ടാണ് ശരിയേതെന്ന് പറയേണ്ടിവന്നത്. അവർ ഒരുമാസം 29 എങ്കിൽ അടുത്തമാസം 30 എന്ന ക്രമത്തിൽ കണക്ക് കൂട്ടി. ***'അത് പാടില്ല, മറിച്ച് 29 ഉം 30 ഉം പലരീതികളിൽ മാറിവരും. അതിനാൽ ചന്ദ്രപ്പിറ എപ്പോഴാണെന്ന് എല്ലാമാസവും കൃത്യമായി അറിഞ്ഞിട്ടുവേണം തിയ്യതി നിശ്ചയിക്കാൻ' എന്നാണ് പ്രവാചകൻ പറയുന്നത്.*** വിമർശിക്കുമ്പോഴും നീതിബോധം കൈവിടരുത്.

## 4. മാസം കണ്ടപ്പോൾ പ്രാർത്ഥിച്ചു

*ഹിലാൽ കണ്ടാൽ നബി പ്രാർത്ഥിക്കാറുണ്ടായിരുന്നു. അപ്പോൾ ഹിലാൽ കാണണം എന്ന് വന്നില്ലേ? ഇതാണ് മദീനിയുടെ ചോദ്യം.*

ആദ്യത്തെ രണ്ട് മൂന്ന് ദിവസത്തെ കലയാണ് ഹിലാൽ എന്ന് അദ്ദേഹം തന്നെ എഴുതിയിട്ടുണ്ടല്ലോ. ശരിയാണ്. ഹിലാൽ കണ്ടാൽ നബി പ്രാർത്ഥിക്കാറുണ്ടായിരുന്നു. അത് അസ്തമയ സമയത്ത് പടിഞ്ഞാറൻ ചക്രവാളത്തിൽ സൂര്യാസ്തമയശേഷം തെളിഞ്ഞുകാണുന്ന ഹിലാലായിരുന്നു എന്ന കാര്യത്തിൽ ഗ്രന്ഥകാരനെപ്പോലെ നമുക്കും സംശയമില്ല. ചന്ദ്രക്കല കണ്ണുകൾക്ക് ഗോചരമാകുമ്പോൾ പ്രാർത്ഥിക്കുന്നുവെന്നേയുള്ളൂ. ഒന്നാം തീയതിയുടെ തുടക്കത്തിലാണ് (പ്രഭാതം) പ്രാർത്ഥിച്ചത് എന്ന് ഹദീസിലില്ല. കാരണം അന്നേരത്ത് അതിനെ കാണാനാവില്ല. കണ്ടപ്പോൾ പ്രാർത്ഥിച്ചു. അത്രതന്നെ. ഹിലാൽ കാണുന്ന ആരംഭ നാളുകളിൽ നമുക്കും വേണമെങ്കിൽ പ്രാർത്ഥിക്കാം. രണ്ട് ഹദീസുകൾ മദീനി ഇവ്വിഷയകമായി ഉദ്ധരിച്ചിട്ടുണ്ട് (പേജ്: 51 കാണുക) അവയിൽ رأى എന്ന പദമാണ് പ്രയോഗിച്ചിരിക്കുന്നത്. അതിന് **കണ്ടു** എന്ന് തന്നെയാണ് അർത്ഥം പറയേണ്ടത്.

## 5. ഹിലാൽ, അഹില്ല

ഹിലാൽ എന്നാൽ ചന്ദ്രക്കല. അഹില്ല അതിന്റെ ബഹുവചനമാണ്. തർക്കമില്ല. ഒരുമാസത്തിന്ന് 28/29 ചന്ദ്രക്കലകളാണ് (അഹില്ല) ഉണ്ടാവുക. ചന്ദ്രൻ ആദ്യപാതിയിൽ ദിനേന വലുതായിക്കൊണ്ട് വരികയും രണ്ടാം പാതിൽ ദിനേന ചെറുതായി വരി

കയും ചെയ്യുന്നു. ഈ വലുപ്പ വ്യത്യാസം എന്തുകൊണ്ടാണെന്ന് ജനങ്ങൾ പ്രവാചകനോട് സംശയവും വിശദീകരണവും ചോദിച്ചപ്പോൾ അല്ലാഹു പറഞ്ഞുകൊടുത്ത മറുപടിയാണ്, അത് ഓരോ ദിവസത്തിന്റെയും തീയതിയെ കുറിക്കുവാൻ വേണ്ടിയുള്ളതാണ് എന്ന്.

***ചന്ദ്രക്കല കൊണ്ടുള്ള തീയതി നിർണ്ണയം കണക്കറിയാവുന്ന പണ്ഡിതനും അറിയാത്തവനും ഗ്രാമീണർക്കും പട്ടണക്കാർക്കും എളുപ്പമുണ്ടാക്കുന്ന കാര്യമാണ്. (തഫ്സീറുൽ മറാഗി -ശൈഖ് മുസ്തഫർ മറാഗി 2 /84)***

ശരിയാണ്. തർക്കമില്ല. അതുകൊണ്ടാണ് മണിക്ഫാനും ശാസ്ത്രജ്ഞരും പറയുന്നത്, ഓരോ ചന്ദ്രക്കലയും അതതു ദിവസത്തിന്റെ തീയതിയെക്കുറിക്കുന്നു എന്ന്. വൈകുന്നേരം തൊട്ട് ദിവസം കണക്കാക്കിയാൽ എന്നും ഒരു ദിവസം പിറകിലായിരിക്കും മാസം. കണക്കറിയാത്തവന്നും ചന്ദ്രക്കല നോക്കി തീയതി നിർണ്ണയിക്കാമെന്ന് ഈ പുസ്തകത്തിന്റെ ആദ്യഭാഗത്ത് നാം വിശദീകരിച്ചിട്ടുണ്ട്.

## 6. മാസപ്പിറവി തന്നെ അടിസ്ഥാനം

*"അപ്പോൾ സമയനിർണ്ണയത്തിന് പൊതുവായതും വ്യക്തമായതുമായ അതിർവരമ്പ് **മാസപ്പിറവി**മാത്രമാണെന്ന കാര്യം വളരെ വ്യക്തമായി"*

*"തീർച്ചയായും **മാസപ്പിറവിയുടെ** അടിസ്ഥാനത്തിലാണ് മാസവും കൊല്ലവും നിർണ്ണയിക്കേണ്ടത്. തീർച്ചയായും മാസപ്പിറവിയുടെ സ്ഥാനത്ത് നിൽക്കാൻ പറ്റുന്ന ഒരു സാധനവുമില്ല, കാരണം മാസപ്പിറവി അത്രയും വ്യക്തമാണ്. (ശൈഖുൽ ഇസ്ലാം ഫതാവാ 13/78,79)* പേജ് 102.

ലേഖകന്ന് പ്രതികൂലമാണ് ശൈഖുൽ ഇസ്ലാമിന്റെ ഫത്വ. മണിക്ക്ഫാന്നും കൂട്ടർക്കും അനുകൂലവും. **കാരണം മാസപ്പിറവിയുടെ അടിസ്ഥാനത്തിലല്ല , മറിച്ച് മാസ അസ്തമയത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് മുസ്ലിംകൾ തീയതി നിർണ്ണയിക്കുന്നത്.** പിറവി കഴിഞ്ഞ് പകൽ സമയം അവസാനിക്കാൻ നേരത്ത് മാസപ്പിറവിയല്ല, അസ്തമയമാണ്. അതിനെ നോക്കി മാസാരംഭം കുറിക്കരുത് എന്നാണ് ശൈഖുൽ ഇസ്ലാം പറയുന്നത്.

## 7. തുടർന്ന് നമസ്ക്കരിക്കരുത്, കണക്കിനെ അവലംബിക്കരുത്

*കണക്കിന്റെ അടിസ്ഥാനത്തിൽ നോമ്പും പെരുന്നാളും നിർവ്വഹിക്കുന്ന ആളെ തുടർന്ന് നമസ്ക്കരിക്കരുതെന്നും പിൻപറ്റരുതെന്നും ശരീഅത്തിൽ വഴിപിഴച്ചവനും ദീനിൽ പുതുതായി നിർമ്മിക്കുന്നവനും ബുദ്ധിയിലും ഗണിതശാസ്ത്രത്തിലും തെറ്റ് പറ്റിയവനുമാണ് എന്നും സ്ഥാപിക്കാൻ വേണ്ടി ചില ഫിഖ്ഹി ഗ്രന്ഥങ്ങൾ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. ഒപ്പം തന്നെ കണക്കിനെ അവലംബിക്കാമെന്നും പലയിടങ്ങളിലും പണ്ഡിതൻമാരെ ഉദ്ധരിച്ച് അംഗീകരിക്കുന്നുമുണ്ട്!*

ലേഖകന്ന് വേണ്ടി ഒരു വിശദീകരണം പറയാം: കണക്കിനെ അവലംബിക്കുന്നവനെ ഏതോ ഒരു പണ്ഡിതൻ വിമർശിച്ചത് പർവതീകരിക്കേണ്ട കാര്യമില്ല. അസംഖ്യം പണ്ഡിതർ കണക്കിനെ അംഗീകരിച്ചത് കാണുന്നില്ലേ. ഇനി ആ വിമർശം പോലും ഗോളശാസ്ത്ര കണക്ക് അവലംബിക്കുന്നവനെയല്ല, മറിച്ച് നേരത്തെ നാം വിവരിച്ച പോലെ ഓരോ മാസത്തിന്റെയും ദിവസങ്ങൾ മുൻകൂട്ടി കണക്കാക്കി വെച്ചതിനെ ആശ്രയിക്കുന്നവനെയാണ്.

രണ്ടാമതായി അത്തരക്കാരെ തുടർന്ന് നമസ്ക്കരിക്കരുത് എന്നും ഉദ്ധരിക്കുന്നുണ്ട്. ഇപ്പറഞ്ഞത് ശരിയാണെങ്കിൽ അത് ആരെപ്പറ്റിയായിരിക്കാമെന്ന് മുൻ വാക്യത്തിൽ നിന്ന് മനസ്സിലായിട്ടുണ്ടാകുമല്ലോ. എന്നാൽ ഗോള ശാസ്ത്രക്കണക്ക് അടിസ്ഥാനപ്പെടുത്തി നോമ്പും പെരുന്നാളും ഇതര ആരാധനകളും നടത്തുന്ന ഹിജ്റ കമ്മിറ്റിക്കാരെ തുടർന്ന് നമസ്ക്കരിക്കരുത് എന്ന ദുസ്സൂചനയാണ് മദീനി നടത്തുന്നത് എങ്കിൽ അതിനുള്ള മറുപടി പ്രവാചകൻ തന്നെ നൽകട്ടെ:

**عن انس بن مالك قال قال رسول اللّه(صلى) من صلى صلاتنا واستقبل قبلتنا و اكل ذبيحتنا فذلك المسلم. الذى له ذمة اللّه و ذمة رسوله فلا تخفروا اللّه فى ذمّته- البخارى**

‘നമ്മുടെ നമസ്കാരം നിർവഹിക്കുകയും നമ്മുടെ ഖിബ്‌ലയെ അഭിമുഖീകരിക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നവൻ മുസ്‌ലിമാണ്. അല്ലാഹുവിന്റെയും പ്രവാചകന്റെയും ബാധ്യതയിലുള്ള മുസ്‌ലിം. അല്ലാഹു അവനെ കൈവിടില്ല.’

**قال رسول اللّه (صلى) صلّوا خلف كل برٍّ و فاجر (دارقطنى)**

‘സൽകർമ്മിയാവട്ടെ ദുഷ്കർമ്മിയാവട്ടെ ആരുടെ പിന്നിലും നമസ്കരിക്കാം’

قال رسول اللّه (صلى) الصلواة واجبة عليكم مع كل مسلم
براوفاجر وان هو عمل الكبا ئر (دار قطنى)

'സൽകർമ്മിയാവട്ടെ ദുഷ്കർമ്മിയാവട്ടെ വൻപാപം ചെയ്യുന്നവനാവട്ടെ മുസ്‌ലിം ആണെങ്കിൽ അവന്റെ പിന്നിൽ നമസ്കരിച്ചോളൂ.'

قال رسول اللّه صلّوا خلف من اهل لااله الاّاللّه
من قال لااله الاّاللّه صلّوا على مات من اهل قال لااله الاّاللّه (دار قطنى)

'ലാഇലാഹ ഇല്ലല്ലാഹ് ഉച്ചരിച്ചവന്റെ പിന്നിൽ നമസ്കരിക്കാം. അവന് വേണ്ടിയും നമസ്കരിക്കാം.'

പ്രിയ പണ്ഡിതരെ, പ്രവാചകനേക്കാൾ മുന്തിയ പരിഗണന ഏതോ ഒരു ഫഖീഹിന് കൊടുക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്നതെന്താണ്?

തന്റെ കാഴ്ചപ്പാടുകളോട് വിയോജിക്കുന്ന ആളുകളെ കാഫിർ, ജൂതൻ, തുടർന്ന് നമസ്കരിക്കാൻ കൊള്ളാത്തവൻ എന്നൊക്കെ ആക്ഷേപിക്കുന്നത് ഇസ്ലാമിക സംസ്കാരമാണോ, പണ്ഡിതോചിതമാണോ എന്ന് ബഹുമാനപ്പെട്ട നേതാക്കൾ സ്വന്തത്തോട് ഫത്‌വ ചോദിക്കുന്നത് നന്നായിരിക്കും.

## ചുരുക്കം

1. സന്ധ്യക്ക് കണ്ടത് ഉദയചന്ദ്രനെയല്ല. അത് അസ്തമയ ചന്ദ്രനാണ്
2. ഓരോ കലയും അതത് ദിവസത്തെ കുറിക്കുന്നു. ഇത് ഈ ദിവസത്തിന്റെ കലയാണ്. നാളെയുടേതല്ല.
3. സൂര്യനാണ് പ്രഭാതത്തെ കൊണ്ടുവരുന്നത്, ദിവസത്തെയും. സൂര്യനില്ലെങ്കിൽ ഭൂമിയില്ല, ദിവസവുമില്ല. അല്ലാഹു ആദ്യമുണ്ടാക്കിയത് ഭൂമിയാണ്. അപ്പോൾ ഭൂമിയിൽ തീർത്തും ഇരുട്ടായിരുന്നു. പിന്നീടാണ് അവൻ ഭൂമിക്കുവേണ്ടി ആകാശത്തെ, സൂര്യനെ സംവിധാനിച്ചത്. അപ്പോഴാണ് ഭൂമിയിൽ പ്രകാശം വീണതും പകൽ ആരംഭിച്ചതും രാപ്പകലിന്റെ വ്യത്യാസങ്ങൾ അനുഭവപ്പെട്ട് തുടങ്ങിയതും. അതുകൊണ്ടാണ് ദിവസം പ്രഭാതോദയത്തോടെയാണ് തുടങ്ങുന്നത് എന്ന് പറയാൻ കാരണം.

4. പ്രകൃതി നിയമങ്ങൾ ചോദ്യം ചെയ്യപ്പെടുന്ന മതനിയമങ്ങളുണ്ടാകാവതല്ല. പ്രകൃതി നിയമങ്ങളെ നിഷേധിക്കുന്നത് ദൈവനിഷേധം തന്നെയാണ്.

**അപേക്ഷ**

മുസ്‌ലിം ഉമ്മത്തിനെ ഭിന്നിക്കാനനുവദിക്കാതെ ഒരേ ചരടിൽ കോർത്തിണക്കാനുള്ള പരിശ്രമങ്ങളിൽ പങ്കാളികളാവുകയാണ് പണ്ഡിതൻമാർ ചെയ്യേണ്ടത്. വിയോജിപ്പുണ്ടെങ്കിലും പ്രതിപക്ഷബഹുമാനം കാത്തുസൂക്ഷിക്കുക. ***'ആരോടെങ്കിലുമുള്ള വിയോജിപ്പ് അവരോട് അനീതി കാട്ടാൻ പ്രേരകമായിക്കൂടാ'*** എന്ന ദൈവകൽപ്പന മറക്കാതിരിക്കുക.

●

*ഏതു വീക്ഷണകോണിലൂടെ നോക്കിയാലും*
*മനുഷ്യ രാശിയുടെ വിമോചനത്തിന് ഏക പരിഹാരം*
*ഇസ്‌ലാമാണ് എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല.*
*അതിന്റെ വിഭവ സാധ്യതകൾ ഇനിയും അവസാനിച്ചിട്ടില്ല.*
*നമ്മുടെ ചരിത്രത്തിലൊരിക്കലും ഉണ്ടായിട്ടില്ലാത്ത*
*പരീക്ഷണമാണ് ഇസ്‌ലാം ഇന്ന് നേരിടുന്നത്.*

*- ഡോ. ഇഖ്ബാൽ*

# നിരൂപണം-2

## 'മാസപ്പിറവി നബി ചര്യയിലും ശാസ്ത്രത്തിലും'

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
പ്രസാധനം: കെ.എൻ.എം. പബ്ലിഷിംഗ് വിംഗ്

### 1. ന്യൂമൂൺ എന്നാൽ

***ന്യൂമൂൺ, പിറവി ദർശനത്തിന്റെ അതേ ദിവസമോ അതല്ലെങ്കിൽ ഒന്നോ രണ്ടോ ദിവസങ്ങൾക്ക് മുമ്പോ സംഭവിക്കുന്നതുമൂലം റമദാൻ നേരത്തെ ആരംഭിക്കുകയും പെരുന്നാൾ റമദാനിന്റെ അവസാന നാളിൽ തന്നെ ആചരിക്കേണ്ടിവരികയും ചെയ്യുന്നു. ഇത് നബി ചര്യക്ക് വിരുദ്ധമാണ്'. എന്നാണ് ഇദ്ദേഹത്തിന്റെ പക്ഷം.***

അറിയുക : ന്യൂമൂൺ ദിവസം പിറവി ദർശനം സാധ്യമേ അല്ല. ഇനി ന്യൂമൂൺ സംഭവിച്ച് ഒരു ദിവസം കഴിഞ്ഞാണ് ഒരാൾ പിറവി കണ്ടത്. മറ്റൊരാൾ രണ്ടു ദിവസം കഴിഞ്ഞും, ഇനിയുമൊരാൾ മൂന്നാം ദിവസവുമാണ് കണ്ടത് എന്ന് സങ്കൽപിക്കുക. ഓരോരുത്തർക്കും യഥാക്രമം പറയാം, ന്യൂമൂണിന്റെ ഒരു ദിവസം കഴിഞ്ഞാണ്, രണ്ട് ദിവസം കഴിഞ്ഞാണ്, മൂന്ന് ദിവസം കഴിഞ്ഞാണ് പിറവി കാണുക എന്ന്. ഇവർ നോക്കാതിരുന്നതോ കാഴചക്കുറവോ സാഹചര്യമോ ആയിരിക്കാം മൂന്നു പേർക്കും വ്യത്യസ്ത ദിവസങ്ങളിൽ പിറവി കാണാൻ കാരണമായത്. അത് ഒരു കലണ്ടർ നിർമ്മാണത്തിന്റെയോ മാസനിർണ്ണയത്തിന്റെയോ മാനദണ്ഡമാക്കാനാകുമോ? 'കാണുക' എന്ന് പറയുമ്പോൾ അതിന് കൃത്യതയില്ല. കണിശതയുമില്ല. ആര്, എവിടെ, എപ്പോൾ എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുമ്പോൾ പ്രശ്നം കൂടുതൽ

സങ്കീർണ്ണമാകും, ഗ്രന്ഥകാരന് തന്നെ 157-ാം പേജ് മുതൽ അനുഭവപ്പെട്ട പോലെ.

***ഓരോ മാസത്തിലും വ്യത്യസ്ത പ്രായത്തിലാകും ചന്ദ്രൻ ദൃശ്യമാകുക എന്നത് കൊണ്ട് ചന്ദ്രപ്പിറവി ഏതു പ്രായത്തിൽ ദൃശ്യയോഗ്യമാകുമെന്ന് കണ്ടു പിടിക്കാൻ ജ്യോതിശാസ്ത്രത്തിന് സാധ്യമല്ല എന്നും അമാവാസിക്കു ശേഷമുള്ള ബാലചന്ദ്രന്റെ ദൃശ്യസാധ്യത എപ്പോഴാണെന്ന് കണ്ടുപിടിക്കാനുള്ള നൂറ്റാണ്ടുകളായുള്ള ശ്രമങ്ങൾ പരാജയമാണെന്നും ഗ്രന്ഥകാരൻ പറയുന്നുണ്ട്.***

ശരിയാണ്. അപ്രാപ്യമായ ഒന്നിനെ കണ്ടെത്താൻ സാധ്യമല്ലല്ലോ. അല്ലാഹുവും പ്രവാചകനും അത്തരമൊരുകാര്യം നമ്മോട് കൽപിക്കുകയുമില്ല. അപ്പോൾ പ്രവാചകൻ പറഞ്ഞതിന്റെ അർത്ഥം ചന്ദ്രപ്പിറവിയെ നോക്കാനല്ല. 28 ദിവസത്തെ ചന്ദ്രക്കലകൾ (അഹില്ല) നിരീക്ഷണ-ഗവേഷണങ്ങൾ നടത്തി ഒന്നാം തിയ്യതി (അമാവാസിയുടെ പിറ്റേദിവസം) എന്നായിരിക്കുമെന്ന് കണ്ടെത്താനാണ്. ന്യൂമൂൺ സംഭവിച്ചശേഷം നിങ്ങൾ നോക്കട്ടെ, നോക്കാതിരിക്കട്ടെ, കാണട്ടെ, കാണാതിരിക്കട്ടെ, പിറ്റേദിവസത്തിന്റെ പ്രഭാതത്തോടെ പുതിയ ദിവസം ആരംഭിക്കുന്നതായി കണക്കാക്കണം. പ്രഭാതം ഒരു ദിവസത്തിന്റെ ആരംഭമാണ്.

**2. കണ്ട ദിവസം മുതൽ കണക്കാക്കുക**

***ഉംറ നിർവഹിക്കാൻ പുറപ്പെട്ടവർ ചന്ദ്രക്കലയെ നോക്കി തീയതി പറഞ്ഞപ്പോൾ അഭിപ്രായ വ്യത്യാസമുണ്ടായി. ഇബ്നു അബ്ബാസ് വിധി പറഞ്ഞു: നിങ്ങൾ അതിനെ കണ്ടതു എന്ന് മുതലാണോ അന്നു മുതൽ മാസം ആരംഭിച്ചതായി കണക്കാക്കുക. (പേജ്-81.)***

ശരിയാണ്, ഞായറാഴ്ച വെകുന്നേരം സൂര്യാസ്തമയ ശേഷം കാണുന്ന ചന്ദ്രക്കല ഞായറാഴ്ച എന്ന ദിവസത്തിന്റെ തീയതിയെ കുറിക്കുന്നു. ഞായറാഴ്ച ആരംഭിക്കുന്നത് പ്രഭാതത്തോടെയാണ് എന്ന കാര്യം മറക്കരുത്. എല്ലാ ദിവസങ്ങളും ഇങ്ങനെത്തന്നെ.

### 3. പൗർണ്ണമി ഏത് ദിവസം

***ഓരോ പ്രദേശത്തിന്നനുസരിച്ചുള്ള ഇസ്‌ലാമിക തീയതികളിലായിരിക്കും ഫുൾ മൂൺ (പൗർണ്ണമി) ഉണ്ടാവുക. (പേജ്: 86)***

ഈ പുസ്തകം ആളുകൾ വായിക്കുമെന്നും താൻ അപമാനിതനാകുമെന്നും ഗ്രന്ഥകാരനെങ്കിലും ഓർക്കേണ്ടതല്ലേ? എന്താണ് ഈ പറഞ്ഞത്? മാസം കണ്ടതിന്റെ അടിസ്ഥാനത്തിൽ കണ്ണൂരിൽ ഞായറാഴ്ചയും കാപ്പാട്ട് തിങ്കളാഴ്ചയും താനൂരിൽ ചൊവ്വാഴ്ചയുമാണ് പൗർണ്ണമി ദിനം കണക്കാക്കപ്പെടുന്നത്. ഈ മൂന്ന് പ്രദേശങ്ങളിലും ഈ മൂന്ന് ദിവസങ്ങളിലായി ചന്ദ്രൻ വ്യത്യസ്ത വലിപ്പത്തിൽ പ്രത്യക്ഷപ്പെടുമെന്നോ?! വ്യത്യസ്ത ദിവസങ്ങളിൽ വേലിയേറ്റവും പരാഗണവും പ്രകൃതി പ്രതിഭാസങ്ങളും സംഭവിക്കുമെന്നോ?! പരിതാപകരം എന്നല്ലാതെ എന്ത് പറയാൻ!?

പൗർണ്ണമി ചില മാസങ്ങളിൽ 14നും ചിലപ്പോൾ 15നും മറ്റു ചിലപ്പോൾ 16നും സംഭവിക്കും. അന്നേ ദിവസം ഭൂമിയിലും ഭൂനിവാസികളിലും സംഭവിക്കുന്ന സ്വാധീനങ്ങളെ സംബന്ധിച്ച് ഒന്നാം ഭാഗത്തിൽ പരാമർശിച്ചിട്ടുണ്ട്. 12,13 തീയതികളിൽ അതിന് സാധ്യതയില്ല. മുസ്‌ലിംകൾക്ക് 14,15,16 തീയതികളിൽ പ്രബലമായ നോമ്പുകളുണ്ട്. ഈ തീയതികൾ കണ്ടെത്തി നോമ്പെടുക്കണമെങ്കിൽ കൃത്യമായ കണക്ക് നിർബന്ധമാണ്. ഓരോ നാട്ടുകാരും ചന്ദ്രപ്പിറവിയെ നഗ്നനേത്രങ്ങൾ കൊണ്ട് കണ്ട ദിവസം വെച്ച് കണക്കു കൂട്ടിയാൽ പലയിടത്തും പലദിവസങ്ങളിലായിരിക്കും പൗർണ്ണമി കണക്കാക്കപ്പെടുക. ചന്ദ്രൻ പക്ഷെ നമ്മുടെ കാഴ്ചയെ പരിഗണിക്കാതെ സ്വന്തം വഴി നോക്കി സഞ്ചരിക്കുകയാവും. പൗർണ്ണമിക്ക് ഭൂമിയിൽ എന്തെല്ലാം ചെയ്യാനുണ്ടോ അതെല്ലാം ചന്ദ്രൻ നിശ്ചിത ദിവസം ചെയ്യും. പക്ഷെ മുസ്‌ലിംകളിൽ ചിലർക്ക് കാഴ്ചക്കണക്കു പ്രകാരം പൗർണ്ണമി ആയിട്ടുണ്ടാവില്ല, അല്ലെങ്കിൽ കഴിഞ്ഞുപോയിട്ടുണ്ടാവും. എന്തൊരു വിരോധാഭാസം! ഓരോ നാട്ടിലും ഓരോ പൗർണ്ണമി! പൗർണ്ണമി നോമ്പ് വ്യത്യസ്ത ദിവസങ്ങളിൽ! ഇതിനെ ന്യായീകരിക്കാനും ആളുകളുണ്ട്.!

പൗർണ്ണമിക്ക് ഉപവസിക്കുന്ന ഹിന്ദുക്കൾക്കും മറ്റും ഈ പ്രശ്നം ഉണ്ടാകുന്നുമില്ല! മുസ്‌ലിംകൾക്ക് വേണ്ടി പ്രത്യേക ഭൂമി, പ്രത്യേക ചന്ദ്രൻ!

## 4. കുറൈബിന്റെ കഥ

ഭൂമിയിൽ എവിടെയെങ്കിലും ചന്ദ്രപ്പിറവി ബോധ്യപ്പെട്ടാൽ ഭൂനിവാസികൾക്ക് മുഴുവൻ അത് ബാധകമാണെന്ന പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ഇതിന്റെ ഒന്നാം ഭാഗത്ത് ഉദ്ധരിക്കുകയുണ്ടായി. പ്രവാചകന്റെ പ്രസ്താവന ഭൂനിവാസികൾക്ക് മുഴുവനായിട്ടുള്ളതാണ് എന്നതിൽ തർക്കവുമില്ല. പണ്ഡിതൻമാരുടെ മേൽപറഞ്ഞ അഭിപ്രായങ്ങൾ ലോകമുസ്‌ലിംകളെ ആരാധനാ - അനുഷ്ഠാനങ്ങളിൽ ഒരുമിപ്പിച്ച് നിർത്തുന്നതിന് സഹായകമാണ്. ഭിന്നിക്കരുത് എന്ന ദൈവകൽപ്പനക്ക് അനുകൂലവുമാണ്.

എന്നാൽ ഈ ഐക്യസാധ്യതകളെ അവഗണിക്കുകയും അനൈക്യത്തിന് വഴിമരുന്നിടാൻ സഹായകമായ ഫത്‌വകളും പണ്ഡിതാഭിപ്രായങ്ങളും കുറൈബിന്റെ കഥപോലുള്ള അവ്യക്തമായ ചരിത്ര രേഖകളും തെരഞ്ഞുപിടിച്ച് പർവ്വതീകരിക്കുകയും ചെയ്യുന്നത് സോദ്ദേശ്യപ്രേരിതമാണോ എന്ന് സംശയിച്ചുപോവുകയാണ്. ഭൂമി ഉരുണ്ടതായതുകൊണ്ട് ഒരേ ദിവസം ഒറ്റക്കെട്ടായി നോമ്പും പെരുന്നാളും സാധ്യമല്ല എന്നാണ് ഇവരുടെ വാദം. ഭൂമിയെ ഉരുട്ടിയുണ്ടാക്കിയ ശേഷമാണല്ലോ മനുഷ്യനെ സൃഷ്ടിച്ച് കുടിയിരുത്തിയതും ഐക്യത്തോടെ, ഭിന്നിക്കാതെ ജീവിക്കണമെന്ന് ആവശ്യപ്പെട്ടതും. എന്ത് കൊണ്ട് നമുക്ക് ഐക്യ സഹായകമായ രേഖകൾ മാത്രം അവലംബിച്ചുകൂടാ? രണ്ട് വാദഗതിക്കാർക്കും തങ്ങളുടെ പക്കൽ ഒന്നിക്കാനും ഭിന്നിക്കാനും ആവശ്യമായ തെളിവുകൾ ഉണ്ടെങ്കിൽ തന്നെ(?) ആരുടെ പക്ഷം ചേർന്നാണ് നാം നടക്കേണ്ടത്? പുസ്തകങ്ങളെഴുതുകയും പ്രസംഗിക്കുകയും കിതാബോതുകയും പട്ടം നേടുകയും ചെയ്ത പണ്ഡിത ശിരോമണികൾക്ക് താൽപര്യം സമുദായത്തെ ഭിന്നിപ്പിച്ചു നിർത്തുന്നതിലാണെങ്കിൽ അല്ലാഹുവും പ്രവാചകനും സാമാന്യ ജനങ്ങളും ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും അതല്ല, ഐക്യമാണ് എന്ന് മനസ്സിലാക്കിക്കൊള്ളുക.

## 5. ഹിജ്റ കലണ്ടറും ഫലം ചെയ്യില്ല

ചന്ദ്രമാസക്കണക്കുപ്രകാരം ഹിജ്റ കലണ്ടറുണ്ടാക്കിയാലും ആചാരാനുഷ്ഠാനങ്ങളിൽ ലോകമുസ്‌ലിംകളെ ഒരേ ദിവസം ഒന്നിപ്പിക്കാനാവില്ല എന്നാണ് ഇന്റർ നേഷ്ണൽ ഡേറ്റ് ലൈൻ പരാ

മർശിച്ചുകൊണ്ട് ഉമർഫാറൂഖ് എഴുതുന്നത്. ആവട്ടെ. സാധിക്കില്ല എന്ന് വാദത്തിന് വേണ്ടി അംഗീകരിക്കാം. ഇപ്പോൾ ഒരു പെരുന്നാൾ മൂന്ന് ദിവസങ്ങളിലായിട്ടാണല്ലോ ഭൂമിയിൽ നടന്നു കൊണ്ടിരിക്കുന്നത്. ഗ്രന്ഥകാരന്റെ തന്നെ വാദമനുസരിച്ച് അത് രണ്ട് ദിവസമായി ചുരുങ്ങുമല്ലോ. ഇന്റർ നേഷ്ണൽ ഡേറ്റ് ലൈൻ നോട് ചേർന്ന് കിടക്കുന്ന അക്ഷാംശപ്രദേശങ്ങളിൽ മറ്റൊരു ദിവസം ആയിക്കോട്ടെ. ഭിന്നിപ്പ് മൂന്നിൽ നിന്ന് രണ്ടായി കുറയുമെന്ന നേട്ടമില്ലേ. ലോകത്ത് മൊത്തം ഇന്ന് 150 കോടി മുസ്‌ലിംകളുണ്ടെന്നാണ് പറയപ്പെടുന്നത്. ഇന്റർ നേഷ്ണൽ ഡേറ്റ് ലൈൻ നോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ നൂറ് ശതമാനം ജനങ്ങളും മുസ്‌ലിംകളായാൽ ഒരു കോടി തികയുമെന്ന് വിചാരിക്കുക. ബാക്കി പ്രദേശങ്ങളിൽ ഏതായാലും ഒറ്റ ദിവസം ആയിക്കിട്ടുമല്ലോ. 149 കോടി മുസ്‌ലിംകൾക്ക് ഐക്യപ്പെടാനാകുന്നത് വലിയകാര്യമല്ലേ.

ചില പ്രശ്നങ്ങൾ ഈ പ്രദേശങ്ങളിൽ ഇപ്പോൾ തന്നെയുണ്ട്. നമസ്കാരത്തിന്റെയും നോമ്പിന്റെയും കാര്യത്തിൽ ഇന്നും പൂർണ്ണ വിരാമമായിട്ടില്ല. പലതരം അഭിപ്രായങ്ങളും ഇജ്തിഹാദുകളും ഉണ്ട്. ഇജ്തിഹാദിന്റെ കവാടം തുറന്നുവെച്ചത് ഇത്തരം പ്രശ്നങ്ങൾക്ക് അപ്പപ്പോൾ പരിഹാരം കാണാനാണ്. യുക്തിദീക്ഷയും, പ്രവാചകന്റെ താൽപര്യം നടപ്പാക്കണമെന്ന ഉത്സാഹവുമുള്ള പണ്ഡിതന്മാർ ഉണ്ടാകുമെങ്കിൽ അത്തരം പ്രശ്നങ്ങൾക്കും പരിഹാരമാകും. 'പുലിവരുന്നേ' എന്നുപറഞ്ഞ് സമുദായത്തെ ഭയപ്പെടുത്തി ഐക്യശ്രമങ്ങളെ തകർക്കുകയും ദൈവീക ദീനിനെ പരിഹസിക്കുകയും ചെയ്യുന്നത് കരുതിയിട്ട് വേണം.

### 6. ദുർവ്യാഖ്യാനം

ഖുർആൻ ആയത്തുകൾക്കും പ്രവാചക വചനങ്ങൾക്കും വ്യത്യസ്ത വ്യാഖ്യാനങ്ങളും നിർവചനങ്ങളും കാഴ്ചപാടുകളും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ ധാരാളമായി എഴുതപ്പെട്ടത് അതുകൊണ്ടാണല്ലോ. ഹദീസുകൾക്ക് തങ്ങളുടേതായ വ്യാഖ്യാനങ്ങൾ നൽകപ്പെട്ടതുമൂലമാണ് വ്യത്യസ്ത കർമ്മസരണികളുണ്ടായത്. ഒരു വിഷയത്തിൽ ഇമാം അബൂഹനീഫക്കുള്ള അഭിപ്രായമല്ല അതേ വിഷയത്തിൽ ഇമാംശാഫി അവർകൾക്കുള്ളത്. അങ്ങനെ അസംഖ്യം മദ്ഹബുകൾ ഉടലെടുത്തു. വ്യത്യസ്ത ചിന്താസരണികളും മുസ്‌ലിം സംഘടനകളും

സംഘടനകൾക്കകത്ത് ഗ്രൂപ്പുകളും എല്ലാം രൂപപ്പെട്ടത് അങ്ങനെയാണ്.

തന്റേതല്ലാത്ത വ്യാഖ്യാനങ്ങളോ അഭിപ്രായങ്ങളോ ഏതെങ്കിലും ഒരു വിഷയത്തിൽ ആരെങ്കിലും അവതരിപ്പിക്കുമ്പോഴേക്കും അവരെ തെറിവിളിക്കുകയും ജൂതന്മാരെന്ന് ആക്ഷേപിക്കുകയും കാഫിറുകളും മുബ്തദികളുമാക്കുകയും ഹദീസിനെയും ഖുർആൻ വചനങ്ങളെയും ദുർവ്യാഖ്യാനിക്കുകയാണെന്ന് ആരോപിക്കുകയും ചെയ്യുന്നത് ഇസ്ലാമിന്റെ പ്രതിപക്ഷ ബഹുമാന സംസ്കാരത്തിന് ഒട്ടും യോജിക്കാത്തതാണ്. തന്റെ കാഴ്ചപ്പാട് അവതരിപ്പിക്കുന്നയാൾ സോദ്ദേശ്യ പ്രേരിതമായിട്ടാണ് അതു ചെയ്യുന്നതെങ്കിൽ വിശേഷിച്ചും. പ്രവാചകൻ പറഞ്ഞുവല്ലോ: ' ഉദ്ദേശ്യാധിഷ്ഠിതമാണ് പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നതും വിലയിരിത്തപ്പെടേണ്ടതും' എന്ന്. പിതാവിന്റെ കവിളത്ത് അടിച്ചത് അവിടെ ചോര കുടിക്കുന്ന കൊതുകിനെ കൊല്ലാനുദ്ദേശിച്ചായിരുന്നുവെങ്കിൽ പുണ്യകർമ്മമാണ്.

ഇന്നത്തെ മുസ്‌ലിം പണ്ഡിതരും സംഘടനാ നേതാക്കളും പൂർവ്വീകരിൽ നിന്ന് ഇനിയും പഠിക്കേണ്ടതുണ്ട്. ഫജ്ർ നമസ്കാരത്തിൽ ഖുനൂത്ത് ഓതേണ്ടതില്ല എന്ന പക്ഷക്കാരനായിരുന്നുവല്ലോ ഇമാം അബൂഹനീഫ, ഇമാം ശാഫി ആകട്ടെ ഖുനൂത്ത് ഓതണമെന്നും അഭിപ്രായപ്പെട്ടു. അബൂഹനീഫയുടെ ഖബറിടമിരിക്കുന്ന പ്രദേശത്ത് അൽപകാലം ചെലവഴിക്കേണ്ടി വന്നപ്പോൾ ഇമാം ശാഫി ഫജ്ർ നമസ്കാരത്തിൽ ഖുനൂത്ത് ഓതാൻ കൂട്ടാക്കിയില്ല. കാരണമന്വേഷിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മറുപടി ശ്രദ്ധേയമായിരുന്നു. ഖുനൂത്ത് പാടില്ല ഫജ്റിന് എന്ന് പറഞ്ഞ ഒരു പണ്ഡിതൻ അന്ത്യവിശ്രമം കൊള്ളുന്നിടത്ത് വെച്ച് ഖുനൂത്ത് ഓതുന്നത് അദ്ദേഹത്തോടുള്ള അനാദരവാകുമെന്ന് ഞാൻ ഭയപ്പെടുന്നു.

നമ്മുടെ പണ്ഡിതർക്കും സംഘടനാ നേതൃത്വങ്ങൾക്കും ഈ വിശാല മനസ്കതയും പ്രതിപക്ഷ ബഹുമാനവും ഉണ്ടാകുവാനും മുസ്‌ലിം ഉമ്മത്തിനെ ഐക്യത്തിന്റെ പാതയിൽ നയിക്കാനുമുള്ള തൗഫീഖിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

### 7. കാഴ്ചയുടെ പരിധി

കാഴ്ചക്ക് രണ്ട് പരിധികളുണ്ട്. ഒന്ന്: കാഴ്ച ഏത് സംഘടന/മദ്ഹബ് കാർക്ക് ബാധകം? രണ്ട്: ഏത് ഭൂപ്രദേശത്തുകാർക്ക് ബാധകം?

ഇതിൽ ഒന്നാം നമ്പർ സംശയത്തിന് പുസ്തകത്തിൽ വിശദീകരണം ഒന്നും കാണുന്നില്ല. അതിനാൽ ചോദിച്ചുപോവുകയാണ്.

മാസപ്പിറവി സംഭവിച്ചിരിക്കുന്നു എന്ന കാര്യം സുന്നി നേതാവ് മാത്രം പ്രഖ്യാപിച്ചാൽ സലഫികൾക്കത് അംഗീകരിക്കാനാവുമോ?

'പുത്തൻവാദി'കളുടെ പ്രഖ്യാപനം 'അഹ്‌ലുസ്സുന്നത്തു വൽജമാഅത്തു'കാർക്ക് സ്വീകരിക്കാമോ?

പുരോഗമന സുന്നികൾ പഴയ സുന്നികൾക്ക് പത്ഥ്യമാകുമോ?

തബ്ലീഗ്കാർക്കും ത്വരീഖത്തുകാർക്കും അവരുടെ അമീറുമാർ തന്നെ പ്രഖ്യാപിക്കേണ്ടതുണ്ടോ?

പ്രത്യകം പ്രത്യേകം തന്നെ കാണേണ്ടതും പ്രഖ്യാപിക്കേണ്ടതും ഉണ്ട് എന്നാണ് പത്രമാധ്യമങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്.

എന്നാൽ രണ്ടാം നമ്പർ സംശയത്തിന് ഗ്രന്ഥകാരൻ വ്യക്തമായ വിശദീകരണം നൽകുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ **'*ഓരോ ഭരണാധികാരിയും തന്റേതായി നിശ്ചയിച്ച ഭൂപ്രദേശത്തെ ബലദ് എന്ന് കണക്കാക്കുകയും ആ നാട്ടിനകത്ത് ചന്ദ്രപ്പിറവി കണ്ടാൽ അവിടത്തുകാർക്ക് മാത്രം ബാധകമാക്കുകയും ചെയ്യുക. ഭരണാധികാരിയുടെ അധികാരപരിധി കൂടുന്നതിനുസരിച്ച് ബലദിന്റെ പരിധിയും ചന്ദ്രമാസത്തീയതിയും മാറിക്കൊണ്ടിരിക്കും!. ഉദാഹരണം കാണുക: ബലദ് എന്ന ആശയം പൂർണമായും അയവുള്ളതും ഭരണ നേതൃത്വത്തിന്റെ അധികാര പരിധി അനുസരിച്ച് മാറുന്നതുമാണ്. ആയതിനാൽ കന്യാകുമാരിയിലെ പിറവി തിരുവനന്തപുരത്ത് ബാധകമല്ല. കാസർക്കോട്ടെ പിറവി തിരുവനന്തപുരത്ത് സ്വീകാര്യവുമാണ്*'**. (പേജ്: 173-183 )

ശരിയാണ്. കേരള ഹിലാൽ കമ്മിറ്റിയുടെ പരിധിയിൽ ഉദിക്കുന്ന ചന്ദ്രനെ തമിൾനാടിന് എങ്ങനെ ബാധകമാകാൻ! ചന്ദ്രനും

ചന്ദ്രന്റെ സ്രഷ്ടാവും നമ്മുടെ കമ്മിറ്റിക്കാർക്കും ഖാദിമാർക്കും കീഴ്പ്പെട്ട് ജീവിക്കുന്ന കാഴ്ച വിസ്മയം തന്നെ! അങ്ങനെയാണ് അറബിക്കടലിൽ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന മൂന്ന് ദ്വീപുകളിൽ മൂന്ന് ദിവസം പെരുന്നാളാകുന്നത്. ഓരോ ഖാദിക്കും ഓരോ ഭൂപരിധി, ജനപരിധിയും.

പിറവി ദർശനത്തിന്റെ ഭൂപരിധി എവിടെ വരെ എന്ന് സ്ഥാപിക്കാൻ ഗ്രന്ഥകാരൻ ഇരുപത്തിഏഴ് പേജുകളിൽ പെടാ പാട് പെടുന്നുണ്ട്. ന്യായീകരണത്തിന് ഒരൊറ്റ കുറൈബ് സംഭവ മല്ലാതെ യാതൊന്നും തെളിവായി ഉദ്ധരിക്കാൻ അദ്ദേഹത്തന്റെ വശമില്ല. ഖുർആൻ ആയത്തുകളോ, സ്വഹീഹായ തിരുവചന ങ്ങളോ ഖുലഫാഉകളുടെ പരാമർശങ്ങളോ അമീർ മുആവിയക്ക് മുമ്പ് നടന്ന വല്ല സംഭവങ്ങളോ മുങ്ങിത്തപ്പിയിട്ടും കിട്ടാതായതു കൊണ്ടാകുമല്ലോ കുറൈബിന്റെ പിന്നാലെ ഇരുപത്തി ഏഴ് പേജു കളിലൂടെ ഓടിയത്.

നമുക്ക് വിഷയത്തിലേക്ക് വരാം. ഇദ്ദേഹത്തിന്റെ വാദ ങ്ങൾക്ക് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ മറുപടി പറയു ന്നത് കാണുക:

*'ജംഉം ഖസ്റുമാക്കാൻ നിശ്ചയിച്ചപോലെ മാസനിർണ്ണ യത്തിന് നാം ഒരു പരിധിനിശ്ചയിച്ചു എന്ന് സങ്കൽപ്പിക്കുക. ആ പരിധിയുടെ അതിർത്തിയിൽ ഒരാൾ താമസിക്കുന്നു എന്നും സങ്കൽപ്പിക്കുക. അപ്പോൾ അവൻ നോമ്പ് നോൽക്കണം, നോമ്പ് അവസാനിപ്പിക്കണം, ബലിയറുക്കണം. അതേ സമയം മറ്റൊരു ത്തനുണ്ട് ആ അതിർത്തിക്ക് തൊട്ടടുത്ത് അവന്റെയും ഇവന്റെയും വീടുകൾ തമ്മിൽ ഒരു അമ്പെയ്താൽ എത്തുന്ന ദൂരം മാത്രമേയുള്ളൂ. അവനോ, ഇപ്പറഞ്ഞതൊന്നും ബാധക മല്ലതാനും. ഈ നടപടി മുസ്‌ലിംകളുടെ ദീനിൽപ്പെട്ടതല്ല.* (ഫ താവാ ഇബ്നുതൈമിയ 25/105)

*'ചന്ദ്രപ്പിറവി കണ്ടാൽ നോമ്പ് നോൽക്കുന്നതിന് വല്ലവനും ഒരു പിരിധി -നമസ്കാരം ഖസ്റാക്കാൻ അനുവദിച്ച ദൂരം അല്ലെ ങ്കിൽ മേഖല - നിശ്ചയിച്ചു. എങ്കിൽ അവന്റെ വാക്ക് യുക്തിക്കും ഇസ്‌ലാം മതത്തിനും വിരുദ്ധമാണ്.' (അതേ പുസ്തകം 25/111)*

കുറൈബിന്റെ കഥ സ്വീകാര്യമല്ലെന്ന് ഒരു വിഭാഗം പണ്ഡി തന്മാർ വിധി കൽപ്പിച്ചത് ഇബ്നു ഹജർ അസ്ഖലാനി 'തുഹ്ഫ'

യിൽ ഉദ്ധരിക്കുന്നുണ്ട്. (3/383) ഇമാം ഇബ്നു ഖുദാമ മുഗ്നിയിൽ പറഞ്ഞു: ***'ഒരു കുറൈബ് മാത്രം പറഞ്ഞത് ഞങ്ങൾ സ്വീകരിക്കുകയില്ല (3/81)***

***ഇങ്ങനെയാണ് നബി തങ്ങളോട് കൽപ്പിച്ചിരിക്കുന്നത് എന്ന് ഇബ്നുഅബ്ബാസ് പറഞ്ഞത് അദ്ദേഹത്തിന്റെ സ്വന്തം വ്യാഖ്യാനം മാത്രമാണ്. അല്ലാതെ ഒരു പ്രത്യേക ഹദീസിനെ ചൂണ്ടിക്കാട്ടിയതല്ല. (ഇമാം ഇബ്നു ദഖീഖുൽ ഈദ്)***

ഇബ്നു അബ്ബാസിന്റെ മഹത്വങ്ങൾ ഗ്രന്ഥകാരൻ ഉദ്ധരിച്ചതിനോട് ആർക്കും വിയോജിപ്പില്ല. ഒരിടത്തെ മാസപ്പിറവി എവിടം വരെ ബാധകമാക്കണമെന്ന കാര്യം തീരുമാനിക്കാൻ പ്രവാചകന്റെയും ഖുലഫാഉകളുടെയും കാലശേഷം മുആവിയയുടെ ഭരണകാലത്തെ ഒരൊറ്റ സംഭവം മാത്രം ആധാരമാക്കിക്കൂടാ എന്നു മാത്രമേ  നമുക്ക് വാദമുള്ളു. വിശിഷ്യാ കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങളത്രയും ഇതിന്നെതിര് നിൽക്കുന്ന സ്ഥിതിക്ക്. ഖുർആനും ഹദീസുകളുമാവട്ടെ  ബലദ് പരാമർശിക്കുന്നുമില്ല.

എന്നാൽ رأى എന്ന പദത്തിന് 'മാസനിരീക്ഷണം' എന്ന അർത്ഥത്തിൽ ഇബ്നു അബ്ബാസ് - കുറൈബ് സംഭവത്തെയും വ്യാഖ്യാനിക്കുകയാണെങ്കിൽ ബലദ്-പരിധി വാദികളുടെ ഏക പിടിവള്ളിയും നഷ്ടപ്പെടും.

പുസ്തകത്തിന്റെ 46-ാം പേജ് വരെയും ഗ്രന്ഥകാരനോടുണ്ടായിരുന്ന മതിപ്പ് പുസ്തകത്തിന്റെ അവസാന ഭാഗത്തെത്തുമ്പോഴേക്കും തകർന്നടിയുകയാണ്. അദ്ദേഹം വാരിക്കുഴിയിൽ വീണടിയുകയുമാണ്.

ഈ പുസ്തകം മാർക്കറ്റിൽ നിന്ന് പിൻവലിക്കുന്നത് ഗ്രന്ഥകാരനും പ്രസാധകരും അപമാനിതരാവാതിരിക്കാൻ സഹായകമാകും എന്ന്  ഉണർത്തികൊള്ളുന്നു.

●

# നിരൂപണം-3

## ‘മാസപ്പിറവിയും ഭിന്നതക്കുള്ള പരിഹാരവും’

ഡോ. കെ. മുഹമ്മദ് സാജിദ്

യഥാർത്ഥത്തിൽ ഈ പുസ്തകത്തിന് നിരൂപണം ആവശ്യമില്ല. കാരണം അബ്ദുൽ ഹമീദ് മദീനിയുടെ ‘ന്യൂമൂണും മാസപ്പിറവിയും’ എന്ന പുസ്തകത്തിന്റെ തനിയാവർത്തനം തന്നെയാണിത്. വ്യത്യസ്തമായി അല്പം ചില പരാമർശങ്ങൾ മാത്രമേ നിരൂപണവിധേയമാക്കേണ്ടതുള്ളൂ. അതാണ് ചുവടെ.

ഗ്രന്ഥകാരന്റെ മുഖ്യമായ ആവശ്യം അലി മണിക്ഫാനെ കാഫിറായി പ്രഖ്യാപിക്കുക എന്നതാണ്. അത് അദ്ദേഹം ഒറ്റക്ക് ചെയ്തതുകൊണ്ട് ഫലം കാണില്ല എന്നതിനാൽ മുസ്‌ലിം സംഘടനകൾ എത്രയും പെട്ടെന്ന് കുഫ്റിന്റെ ഫത്‌വ കൊടുക്കണമെന്ന് ശക്തമായി ആവശ്യപ്പെടുന്നു. അങ്ങനെയാകുമ്പോൾ പിന്നെ മുസ്‌ലിം ചെറുപ്പക്കാരും ചിന്താശീലരും മണിക്ഫാനെ കേൾക്കാനോ വായിക്കാനോ തയ്യാറാവില്ല എന്നദ്ദേഹം ആശ്വാസം കൊള്ളുന്നു. കണക്കുകൂട്ടി മാസം നിർണ്ണയിക്കാമെന്ന് വാദിക്കുന്നവർ ഖാദിയാനികളെപ്പോലെ സമുദായത്തിന്റെ പുറംപോക്കിലായിക്കിട്ടും എന്ന നേട്ടവും അദ്ദേഹം പ്രതീക്ഷിക്കുന്നു.

ഇന്ന് കേരളത്തിൽ ജീവിച്ചിരിപ്പുള്ള ഹദീസ് പണ്ഡിതരിൽ പ്രമുഖനാണ് അബ്ദുസ്സലാം സുല്ലമി. അദ്ദേഹത്തെപ്പോലും അധിക്ഷേപിക്കാൻ തന്റെ പുത്തൻ വെളിപാട് ഇദ്ദേഹത്തെ പ്രേരിപ്പിക്കുന്നുണ്ട്. തന്റെ നിലപാടുകൾ അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷ ബഹുമാനങ്ങൾ കാത്തുസൂക്ഷിക്കുക എന്നത് പ്രവാചകചര്യയാണ്. പ്രവാചകന്റെ പേരിനൊപ്പം ആദരവാക്യം പൂർണ്ണതയോടെ ഓരോ വരിയിലും എഴുതിപ്പിടിപ്പിക്കുന്ന ഈ ‘പ്രവാചകസ്നേഹി’ക്ക് മറ്റുള്ളവരെ ഇമ്മട്ടിൽ അധിക്ഷേപിക്കാനും കാഫിറാക്കാനും സാധി

ക്കുന്നതെങ്ങിനെയെന്ന് അത്ഭുതപ്പെട്ടുപോകുന്നു. ഏത് പ്രവാചകനാണ് അദ്ദേഹത്തെ ഈ സംസ്കാരം പഠിപ്പിച്ചതാവോ?

ചിരിക്കാൻ വക നൽകുന്ന പരാമർശങ്ങൾ പലതും നമുക്ക് ഈ പുസ്തകത്തിൽ വായിക്കാനുണ്ട്.

സന്ധ്യാ നേരത്തെ കാഴ്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ മാസാരംഭം കുറിക്കാവൂ എന്നും കണക്ക് കൂട്ടരുതെന്നും തീയതികൾ പല നാട്ടിലും പല ദിവസങ്ങളിലായിക്കൊള്ളട്ടെ എന്നും കണക്കിനെ ആശ്രയിക്കുന്നത് നിരോധിച്ചിരിക്കുന്നുവെന്നും വാദിക്കുന്ന ഗ്രന്ഥകാരൻ ഒടുവിൽ പറയുകയാണ്: *'റമദാനും പെരുന്നാളുമൊന്നും തെറ്റുവാൻ പാടില്ല. ഒന്നാം തീയതി തെറ്റിയാൽ ദുൽഹജ്ജ് 9, മുഹർറം 9, 10 എല്ലാം തെറ്റും എന്നതു കാരണം പ്രതിഫലം നഷ്ടപ്പെടുന്നു. മാത്രമല്ല പെരുന്നാളിന്ന് നോമ്പനുഷ്ഠിക്കൽ ഹറാമാണെന്ന് ബുഖാരി, മുസ്‌ലിം ഗ്രന്ഥങ്ങളിലുണ്ടല്ലോ. (പേജ് 101, 102).*

*റമദാൻ ഒന്നും പെരുന്നാളും തീയതി തെറ്റരുത്. മുസ്‌ലിംകൾ ലാഘവത്തോടെ കാണരുത്. അല്ലെങ്കിൽ അല്ലാഹു എന്തിന് പെരുന്നാളിന്റെ ദിവസം നോമ്പ് ഹറാം എന്ന് പറഞ്ഞു? (പേജ് 103)*

ഇതുതന്നെയാണ് സഹോദരാ അലി മണിക്ഫാനും ഹിജ്റ കമ്മറ്റിക്കാരും തലക്ക് വെളിവുള്ളവരും കൈവശമിരിക്കുന്ന ഈ പുസ്തകവും വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതുതന്നെയാണ് ഗ്രന്ഥകാരന്റെയും അഭിപ്രായമെങ്കിൽ പിന്നെ എവിടെയാണ് തർക്കം?

തുടർന്ന് എഴുതുന്നത് കൂടി വായിക്കുക:

*"ഇന്ത്യ മുഴുവൻ ഒരു 'മത്‌ലഅ്' ആണ്. ഇന്ത്യയിൽ എവിടെ ക്കണ്ടാലും നോമ്പ് നിർബന്ധമായി. ചന്ദ്രനെ അതാത് പ്രദേശങ്ങളിൽ കണ്ടില്ല എന്ന് പറഞ്ഞ് ആദ്യത്തെ നോമ്പ് പാഴാക്കുന്നത് ശിക്ഷാർഹമാണ്. റമദാൻ 29ന് കണ്ടാൽ അടുത്ത ദിവസം പെരുന്നാൾ നിർബന്ധമായി, നോമ്പ് ഹറാമും. ഇത് പരീക്ഷിക്കാൻ മാസം കാണാൻ സാധ്യതയുള്ള ദിവസം (റമദാൻ അല്ലാത്ത മാസങ്ങളിൽ) തിരുവനന്തപുരം മുതൽ കാസർക്കോടുവരെ ഇസ്‌ലാമിക പ്രവർത്തകർ ഹിലാൽ കാണാൻ പോകണം. എല്ലാവരുടെയും കൈയിൽ മൊബൈൽ ഫോണുണ്ടാകണം. കണ്ടവർ*

***ഫോണിലൂടെ വിവരം കൈമാറുക. അപ്പോൾ തിരുവനന്തപുരത്ത് കാണുന്ന ദിവസം തന്നെ കോഴിക്കോട്ടും കാസർക്കോട്ടും കാണാമെന്ന് നമുക്ക് ബോദ്ധ്യപ്പെടും" (പേജ് 105).***

മൂന്ന് സംശയങ്ങൾ ചോദിച്ചോട്ടെ:

1. ഇത് കാണാൻ പോകുന്നവരുടെ മഗ്‌രിബ് നമസ്കാരം എല്ലാ മാസവും എവിടെ, എപ്പോൾ, എങ്ങനെ എന്നൊന്നും വിശദീകരിച്ചു കണ്ടില്ലല്ലോ. അതിന്നുള്ള ആയത്തുകളോ ഹദീസുകളോ ഉണ്ടെങ്കിൽ അതുകൂടി ഉദ്ധരിക്കേണ്ടതായിരുന്നു.
2. ഇന്ത്യ മുഴുവൻ ഒരു മത്‌ലഅ് ആയതുകൊണ്ട് ഇന്ത്യയിൽ എവിടെക്കണ്ടാലും നോമ്പ് നിർബന്ധമായി എന്ന് പറഞ്ഞുവല്ലോ.

   ഇന്ത്യ മുഴുവൻ ഒരു മത്‌ലഅ് എന്ന് പറയാൻ സാധിച്ചത് കണക്ക് കൊണ്ടാണല്ലോ. ചന്ദ്രമാസം കണക്ക് കൂട്ടാൻ പാടില്ലെന്ന് നബി പറഞ്ഞിരിക്കുന്നു എന്ന് വാദിക്കുന്ന ഗ്രന്ഥകാരൻ കണക്ക് കൂട്ടി മത്‌ലഅ് കണ്ടുപിടിക്കുന്നത് ശരിയാണോ?
3. ഇനി മത്‌ലഅ് എന്ന പ്രയോഗം ഖുർആനിലോ ഹദീസുകളിലോ ഗ്രന്ഥകാരന്റെ ആധികാരിക രേഖയായ കുറൈബിന്റെ കഥയിൽ പോലുമോ ഇല്ലാത്ത സ്ഥിതിക്ക് ഇതൊരു ദുർവ്യാഖ്യാനമല്ലെ? 'ദുർവ്യാഖ്യാനം' നടത്തിയതുകൊണ്ടാണല്ലോ അലി മണിക്ഫാനെതിരിൽ കുഫ്‌റിന്റെ ഫത്‌വ ഗ്രന്ഥകാരൻ പുറപ്പെടുവിച്ചത്?

അല്ലാഹു ലോകജനതക്ക് വേണ്ടി ഒരു ചന്ദ്രനെ നിശ്ചയിച്ചു. ആ ചന്ദ്രൻ ലോകർക്കെല്ലാം ഒരേ ദിവസം ഒരേ തീയതി കാണിക്കുകയും ചെയ്യുന്നു. പക്ഷെ ഗ്രന്ഥകാരന്റെ അല്ലാഹുവിന് ഇന്ത്യക്കാരെ മാത്രം മതി!

***'കണക്കുകൂട്ടൽ ഇസ്‌ലാം നിരോധിച്ചതാണ് മുസ്‌ലിംകളെ ഐക്യപ്പെടുത്താം എന്ന അജ്ഞതയാണ് അനൈക്യമുണ്ടാക്കുന്നത്. അതിന് ശ്രമിച്ചവരൊക്കെ പരാജയപ്പെട്ടിരിക്കുന്നു' (പേജ് 109).***

ശരിയാണ്. അല്ലാഹുവും പരാജയപ്പെട്ടിരിക്കുന്നു! ***'നിങ്ങൾ ദൈവപാശത്തെ മുറുകെപിടിച്ച് ഭിന്നിക്കാതെ ഐക്യപ്പെട്ട് നിൽക്കണം, അല്ലെങ്കിൽ നിങ്ങളുടെ കാറ്റ് പോകും'.***

എന്നെല്ലാമുള്ള അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കാൻ കൂട്ടാക്കാത്ത ഇത്തരം ആളുകൾ അല്ലാഹുവിനെ പരാജയപ്പെടുത്താൻ പണിയെടുത്തുകൊണ്ടിരിക്കുകയാണ് എന്ന കാര്യത്തിൽ സംശയമില്ല. പിന്നെ അല്ലാഹു പരാജയപ്പെടാതിരിക്കുമോ?!

നമുക്ക് പ്രാർത്ഥിക്കാം: അല്ലാഹുവേ, ഇവരോട് പൊറുക്കേണമേ.

●

*സൂഫിയുടെ ത്വരീഖത്തിൽ അവസ്ഥകളുടെ ലഹരി*
*മൗലവിയുടെ ശരീഅത്തിൽ ഭാഷണത്തിൻ ലഹരി*
*സിരകളിൽ കർമ്മത്തിൻ ലഹരിയുള്ളൊരു*
*പോരാളിയെ മാത്രം കണ്ടില്ല ഞാനെവിടെയും!*

*– ഡോ. ഇഖ്ബാൽ*

# ഭിന്നിപ്പ് ശിർക്കാണ്

منيبين اليه واتّقوه واقيموا الصلواة ولا تكونوا من المشركين -
من الذين فرّقوا دينهم وكانو شيعا كلّ خرب بما لديهم فرحون ٣٠/٣١،٣٢

*നിങ്ങൾ അല്ലാഹുവിലേക്ക് മാത്രം കേന്ദ്രീകരിക്കുക. അവനെ ഭയപ്പെട്ട് ജീവിക്കുക. നമസ്കാരം നിർവ്വഹിക്കുക. നിങ്ങൾ മുശ്രിക്കുകളാവരുത്. തങ്ങളുടെ ദീനിനെ വെട്ടിനുറുക്കുന്ന മുശ്രിക്കുകൾ. എന്നിട്ട് പല സംഘങ്ങളായി പിരിയുന്ന മുശ്രിക്കുകൾ. അനന്തരം ഓരോ ഗ്രൂപ്പുകളും തങ്ങളുടെ പക്ഷം ന്യായീകരിച്ച് സംതൃപ്തിയടയുന്ന മുശ്രിക്കുകൾ.*

ഭിന്നിപ്പ് ശിർക്കാണ് എന്നാണ് അല്ലാഹു ഇവിടെ പറയുന്നത്. കാരണം ഭിന്നിക്കാൻ കാരണം നേതാക്കളുടെയും പണ്ഡിതരുടെയും ആത്മപൂജയായിരിക്കും. അല്ലാഹുവിന്റെ താൽപര്യത്തിന് പകരം സ്വന്തത്തെ പൂജിക്കുന്ന അഹങ്കാരം, നേതൃമോഹം, സാമ്പത്തിക പൂജ. അല്ലാഹുവിനെ വിട്ടൊഴിഞ്ഞ് സ്വന്തമായി ഗ്രൂപ്പുകളും പാർട്ടികളും സംഘടനകളുമുണ്ടാക്കി പ്രതിഷ്ഠിച്ച് പൂജിച്ചുകൊണ്ടിരിക്കുകയാണല്ലോ ഇവിടെ മുസ്ലിംകൾ ചെയ്യുന്നതിപ്പോൾ.

انّ الذين فرّقوا دينهم وكانوا شيعا لست منهم فى شيئٍ انّما اامرهم الى الله ثم ينبئهم
بما كانوا يفعلون ٦/١٥٩

*തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പല കക്ഷികളും ഗ്രൂപ്പുകളിമാക്കിത്തീർക്കുകയും ചെയ്തവരുണ്ടല്ലോ, അവർ ചെയ്തുകൊണ്ടിരിക്കുന്നതിന് പ്രവാചകരേ, താങ്കൾ ഉത്തരവാദിയാകുന്നില്ല. അവരുടെ കാര്യം അല്ലാഹുവിന് വിട്ടേക്കൂ. തങ്ങളുടെ ചെയ്തികളുടെ ഫലം പിന്നീടവർ അറിയാനിരിക്കുന്നു.*

പശുക്കുട്ടിയെ ആരാധിക്കുന്നതിൽ നിന്നും ഹാറൂൻ നബി സ്വന്തം സമുദായത്തെ തടയാൻ സാവകാശമെടുത്തതിന്റെ കാരണം അതായിരുന്നു. പശുപൂജ ശിർക്കാണ്. ഭിന്നിപ്പും ശിർക്കാണ്. പശുപൂജയെക്കാൾ ഭയാനകമാണ് ഭിന്നിപ്പെന്നാണ് ഇവിടെ നാം മനസ്സിലാക്കേണ്ടത്. വലിയ ശിർക്ക് സംഭവിച്ചുപോവുമല്ലോ എന്ന് ഭയന്നുകൊണ്ട് അദ്ദേഹം തൽക്കാലം അടങ്ങി നിന്നതാണ്. മൂസാ നബി തിരിച്ചുവന്ന ശേഷം സമർത്ഥമായി ഇസ്രാഈല്യർ ഭിന്നിക്കാതെ പശുപൂജയിൽ നിന്നും അവരെ രക്ഷിച്ചെടുക്കുകയും ചെയ്തു.

നമ്മളാവട്ടെ മുസ്‌ലിം സമുദായത്തെ സാധ്യമാകുന്നതിന്റെ പരമാവധി ഭിന്നിപ്പിച്ചു നിർത്തുകയാണ്. തങ്ങൾ ചെയ്യുന്നത് ശിർക്കാണെന്ന് അവർ അറിയണം. ശിർക്ക് ഒഴികെ മറ്റെല്ലാം അല്ലാഹു പൊറുത്തേക്കാം.

*'ശിർക്ക് അല്ലാഹു പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കും. ശിർക്ക് ചെയ്യുന്നവൻ ഗുരുതരമായ കുറ്റമാണ് ചെയ്യുന്നത്. അവർ ബഹുദൂരം പിഴച്ചുപോയിരിക്കുന്നു.' 4/48,116*

انّا خلقنكم من ذكرٍ وانثى وجعلنكم شعوباًوقبائل لتعارفوا انّ اكرمكم
يا ايّهاالناس
عنداللّه أتقكم اناللّه عليم خبير ٤٩/١٣

*'ജനങ്ങളേ, നിങ്ങളെ നാം ആൺ-പെൺ സംയോജനത്തിലൂടെയാണ് സൃഷ്ടിച്ചിരിക്കുന്നത്. അനന്തരം സമുദായങ്ങളും ഗോത്രങ്ങളും സംഘങ്ങളും ഗ്രൂപ്പുകളുമായി വിഭജിച്ചതു നാം തന്നെയാണ്. നിങ്ങൾക്ക് പ്രത്യേകം ഐഡന്റിറ്റിയുണ്ടാവാനും തിരിച്ചറിയാനുള്ള സൗകര്യത്തിനും പ്രവർത്തനസൗകര്യത്തിനും വേണ്ടിയാണത്. ഈ വർഗ്ഗീകരണമല്ല, മറിച്ച് ദൈവഭയമാണ് ശ്രേഷ്ഠതയുടെ മാനദണ്ഡം - ഉള്ളറിയുന്നവൻ അല്ലാഹുവാണ്.'*

നാം ഏത് സംഘടനയിൽ പ്രവർത്തിക്കുന്നു എന്നതോ ഏത് ഗ്രൂപ്പിന്റെ ആളാണ് എന്നതോ തറവാടിന്റെയും കുടുംബത്തിന്റെയും മഹത്വമോ അല്ല അല്ലാഹുവിന്റെ പൊരുത്തത്തിന്ന് മാനദണ്ഡം. പക്ഷെ അല്ലാഹുവിന്റെ പൊരുത്തത്തേക്കാൾ സംഘടനയുടെയും നേതാക്കളുടെയും പൊരുത്തമാണ് അണികളിൽ അടിച്ചേൽപ്പിക്കപ്പെട്ടുക്കൊണ്ടിരിക്കുന്നത്. നമ്മുടെ സംഘത്തിലാ

വുക എന്നതാണ് അല്ലാഹുവിന്റെ ഇഷ്ടത്തിലാവുക എന്നതിനേക്കാൾ നമുക്ക് പ്രധാനം!

**ولو شاء ربّك لجعل الناس امة واحدة ولا يزالون مختلفين١١/١١٨**

***വേണമെങ്കിൽ അല്ലാഹു ജനങ്ങളെ ഒറ്റക്കെട്ടാക്കി നിർത്തുമായിരുന്നു. പക്ഷെ വിഭിന്നവും വ്യത്യസ്തവുമായ പ്രകൃതത്തോടെയാണ് അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.***

ഈ പരമാർത്ഥം അംഗീകരിക്കാമെങ്കിൽ തങ്ങളുടെതല്ലാത്ത കാഴ്ചപ്പാട് വെച്ചുപുലർത്തുന്നവരോട് വിരോധവും വിദ്വേഷവും ഊരുവിലക്കും അവസാനിപ്പിക്കേണ്ടി വരും. ഭിന്നാഭിപ്രായങ്ങൾ നിലനിർത്തിയും അംഗീകരിച്ചും കൊണ്ടുതന്നെ ഒരു കുടക്കീഴിൽ സമുദായത്തെ ഒന്നിപ്പിച്ചു നിർത്തേണ്ടതുണ്ട്.

**സമസ്തയിലെ പിളർപ്പ്**

1985 ലെ ഷാബാനു കേസ് വിധിയുടെ പശ്ചാതലത്തിൽ അഖിലേന്ത്യാ മുസ്‌ലിം പേഴ്സണൽ ബോർഡിന്റെ നേതാക്കൾ കേരളം സന്ദർശിച്ചു. അവരെ സ്വീകരിക്കുകയും കോഴിക്കോട് മുതലക്കുളം മൈതാനിയിൽ വിശദീകരണ യോഗം നടത്തുകയും ചെയ്തത് മുജാഹിദ്-ജമാഅത്ത്-സമസ്ത നേതാക്കൾ ഒരുമിച്ചായിരുന്നു. സമുദായത്തിന്റെ പൊതു പ്രശ്നം എന്ന നിലക്ക് ശ്ലാഘനീയമായ ഒത്തുചേരൽ! എന്നാൽ ജമാഅത്ത് - മുജാഹിദ് നേതാക്കൾക്കൊപ്പം വേദി പങ്കിട്ട നേതൃത്വത്തിന്നെതിരിൽ ചില നേതാക്കളും ഒരു സംഘം ആളുകളും രംഗത്തുവന്നു.

ഈ പിളർപ്പ് അല്ലാഹുവിന്റെ താൽപര്യപ്രകാരമായിരുന്നോ, പ്രവാചകപ്രേമം കൊണ്ടായിരുന്നോ, സമുദായ സ്നേഹം കൊണ്ടായിരുന്നോ? അതല്ല മുകളിൽ പറഞ്ഞ മറ്റു വല്ല താൽപര്യവുമായിരുന്നോ എന്ന് ആലോചിച്ചുനോക്കൂ.

ഫിഖ്ഹീ പ്രശ്നങ്ങളിൽ ഈ രണ്ട് കൂട്ടർക്കും യാതൊരു വ്യത്യാസവുമില്ല. എന്നിട്ടും പള്ളികൾ രണ്ടാക്കുന്നു. മദ്രസകൾ പിളർക്കുന്നു. സംഘർഷങ്ങളും സംഘട്ടനങ്ങളും നടത്തുന്നു. ദീനിയായ എന്ത് അഭിപ്രായ വ്യാത്യാസത്തിന്റെ പേരിലാണ് തങ്ങൾ ഇത് ചെയ്യുന്നത് എന്ന് ഈ സാധുക്കൾ ആലേചിക്കുന്നില്ലല്ലോ. ആർക്കോ വേണ്ടിയല്ല അല്ലാഹുവിന് വേണ്ടിയായിരിക്കണം മുസ്‌ലിമിന്റെ ജീവിതം എന്ന് നാം മറക്കരുത്.

## മുജാഹിദ് പിളർപ്പ്

ഇപ്പോഴിതാ, സലഫികൾ എന്ന പേരിലറിയപ്പെടുന്ന മുജാഹിദുകൾ പിളർന്നുകൊണ്ടിരിക്കുന്നു. പുറത്താക്കൽ തുടരുകയുമാണ്. അവിടംകൊണ്ടും അവസാനിക്കുന്നില്ല. തെറി വിളികളും ആരോപണ പ്രത്യാരോപണങ്ങളും കൊണ്ട് പൊതുജനത്തിനവകാശപ്പെട്ട തെരുവോരങ്ങൾ മലിനവും മലീസവുമാക്കി മാറ്റിയിരിക്കുന്നു. പിളർപ്പിന്ന് ന്യായം കണ്ടെത്താൻ ഖുർആനും സുന്നത്തും പരതിക്കൊണ്ടിരിക്കുകയാണവർ.

പള്ളികളും മദ്രസകളും സാംസ്കാരിക കേന്ദ്രങ്ങളും പത്രമാധ്യമസ്ഥാപനങ്ങളും ഹജ്ജ്, ഉംറ ഗ്രൂപ്പുകളും സമ്മേളനങ്ങളും വാശിമൂത്ത് വിഭജിക്കപ്പെടുകയോ സമാന്തരമായി സ്ഥാപിക്കപ്പെട്ട് കൊണ്ടിരിക്കുകയോ ആണ്.

മുജാഹിദിലെ പിളർപ്പ് സമസ്തയുടേതിന് തുല്യം തന്നെ. ഇബാദത്തിന്റെ വ്യാഖ്യാന പ്രശ്നമോ, തൗഹീദിൽ മായം കലർന്നതോ ശിർക്ക് ബിദ്അത്തുകളോട് രാജിയാവലോ അല്ല മുജാഹിദ് വിഭാഗത്തിന്റെ ഉൾപ്പിരിവുകൾക്ക് അടിസ്ഥാനമായി വർത്തിച്ചത്. എല്ലാം സ്വാർത്ഥ താൽപര്യങ്ങൾ മാത്രം.

ഒരു ശിശുവിന്റെ അവകാശത്തർക്കവുമായി രണ്ട് സ്ത്രീകൾ സുലൈമാൻ നബിയുടെ കൊട്ടാരത്തിലെത്തി. വിചാരണയിൽ പക്ഷെ സുലൈമാൻ നബി പരാജയപ്പെട്ടു. രണ്ടുപേരും തങ്ങളുടെ അവകാശ വാദങ്ങളിൽ നിന്ന് കടുകിട പിന്മാറുന്നില്ല. അവസാനം സുലൈമാൻ നബി പതിനെട്ടാമടവ് പ്രയോഗിക്കാൻ തീരുമാനിച്ചു. കിങ്കരന്മാരെ വിളിച്ചുവരുത്തി. ശിശുവിനെ നെടുകെ പിളർത്തി രണ്ടുപേർക്കും വീതിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. ഒന്നാം നമ്പർകാരി അങ്ങനെയാവട്ടെ എന്ന് പ്രതികരിച്ചു. പക്ഷെ രണ്ടാം നമ്പർകാരി അത് ചെയ്യരുതെന്നും ഒന്നാം നമ്പർ കാരിക്ക് കുഞ്ഞിനെ കൊടുത്തേക്കൂ എന്നും കരഞ്ഞു പറയാൻ തുടങ്ങി. ചക്രവർത്തിക്ക് യഥാർത്ഥ അമ്മയെ മനസ്സിലായി. പെറ്റമ്മക്ക് കുഞ്ഞിനെ തിരിച്ചുകിട്ടി.

മുസ്‌ലിംകളുടെ അരുമ സന്താനമാണല്ലോ ദീനുൽ ഇസ്‌ലാം. ഈ ദീൻ വെട്ടിമുറിക്കപ്പെടാൻ പോകയാണെന്നറിയുമ്പോൾ ഞാൻ കാരണം, നമ്മൾ കാരണം, ഈ അരുമ സന്താനം അറുകൊല ചെയ്യപ്പെട്ടുകൂടാ എന്നും കുഞ്ഞിനെ മറുവിഭാഗം എടുത്തുകൊള്ളട്ടെ, അവർ വളർത്തി കൊള്ളട്ടെ, നമുക്ക് മാറി

നിന്ന് സായൂജ്യമടയാമെന്നും നമ്മുടെ നേതാക്കളും പണ്ഡിത ശിരോമണികളും എന്തുകൊണ്ട് വിചാരിക്കുന്നില്ല? ഇവർക്ക് അല്ലാഹു അല്ല, പ്രവാചകനല്ല, ദീനല്ല വലുത്; സ്വാർത്ഥ മോഹങ്ങളും സ്ഥാനമാനങ്ങളുമാണ്. ഒരുപെറ്റമ്മക്കുള്ള വൈകാരികതയേക്കാളധികമാണ് അല്ലാഹുവിന് നമ്മോടുള്ളത്. ആ സ്നേഹത്തിന്റെ ചെറിയൊരംശമെങ്കിലും ഈ ദീനിനുവേണ്ടി അല്ലാഹുവിന് തിരിച്ചുകൊടുക്കേണ്ടതല്ലേ? അല്ലാഹുവിന്ന് പകരം സ്വന്തം താൽപര്യങ്ങളെ ദൈവമാക്കി പ്രതിഷ്ഠിക്കുന്നവർക്ക് പക്ഷേ അത് സാധ്യമല്ല. അല്ലാഹു പറയുന്നത് കാണുക.

*'സ്വാർത്ഥ താൽപര്യങ്ങളെ ദൈവമാക്കിപ്പൂജിക്കുന്നവരെ കണ്ടറിയുക. അവരുടെ കാര്യത്തിൽ താങ്കൾ വക്കാലത്തെടുക്കേണ്ടതില്ല. അവരിൽ ഭൂരിഭാഗവും കേൾക്കാനോ ഗ്രഹിക്കാനോ തയ്യാറല്ല. അവർ കന്നാലികളെപ്പോലെയാണ്- അല്ല, അവയെക്കാൾ മോശമാണ്.' (വി.ഖുർആൻ. 25/43,44)*

ഇത്തരം ആളുകൾക്ക് വേണ്ടി ഇഹലോകത്തും പരലോകത്തും ശുപാർശ ചെയ്യാനും വാദിക്കാനും പ്രവാചകൻ അല്ലാഹുവിനെ സമീപിച്ചിട്ട് കാര്യമില്ല എന്ന താക്കീതല്ലേ ഇത്?

*'അല്ലാഹു ദാവൂദ് നബിയോട് പറഞ്ഞു: ഏ ദാവൂദ്, താങ്കളെ നാം ഭൂമിയിൽ ഒരു പ്രതിനിധിയാക്കിയിരിക്കുന്നു. അതിനാൽ ജനങ്ങൾക്കിടയിൽ ന്യായപ്രകാരം വിധി കൽപ്പിക്കുക. തന്നിഷ്ടത്തെ താങ്കൾ പിൻതുടർന്ന് പോവരുത്. കാരണം അത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് താങ്കളെ തെറ്റിച്ചു കളയും. (തന്നിഷ്ടത്തെ പിൻതുടർന്ന്) ദൈവീക മാർഗ്ഗത്തിൽ നിന്ന് തെറ്റിപ്പോകുന്നവർക്ക് തന്നെയാണ് കഠിന ശിക്ഷയുള്ളത്. കണക്ക് നോക്കുന്ന ദിവസത്തെ അവർ മറന്നുകളഞ്ഞതിന്റെ ഫലമത്രെ അത്'. (വി.ഖുർആൻ, 38/26)*

●

# വിശ്വാസികൾ ഒറ്റ ശരീരം

**واعتصموابحبلﷲ جميعا ولا تـفرّقوا.............٣/١٠٣**

***'ഭിന്നിക്കാതെ ഒറ്റക്കെട്ടായി ദൈവികപാശത്തെ മുറുകെ പിടിക്കുക.'*** എന്നാണ് അല്ലാഹുവിന്റെ കൽപന. പ്രവാചകന്റെ വിശദീകരണവും കാണുക.

**(صـ) مثل المؤمنين في توادّهم وتراحمهم وتعاطفهم مثل الجسد اذا اشتكى قال رسولﷲ**

**منه عضو تداعى له سائر الـجـسد بالسّهر والحـمّى - متفق عـليه**

***'സത്യവിശ്വാസികൾ പരസ്പര സ്നേഹത്തിലും കാരുണ്യത്തിലും അനുകമ്പയിലും ഒരു ശരീരംപോലെയാണ്. അതിൽ ഒരവയവത്തിന് രോഗം ബാധിച്ചാൽ മറ്റ് അവയവങ്ങളെല്ലാം അതിനോട് പങ്കുചേരും-ഉറക്കമിളച്ചുകൊണ്ടും പനിച്ചുകൊണ്ടും.'***

മേൽ പറഞ്ഞ സ്വഭാവഗുണം നമ്മുടെ നേതാക്കളും പണ്ഡിതരും താന്താങ്ങളുടെ അധീനതയിലുള്ള അനുയായികളെ പഠിപ്പിക്കാറുണ്ടോ? ആരാധനാ കർമ്മങ്ങളിൽ തങ്ങളുടേതല്ലാത്ത അഭിപ്രായങ്ങൾ കൊണ്ടു നടക്കുന്നവർ ഒരേ അല്ലാഹുവിലും ഒരേ പ്രവാചകനിലും വിശ്വസിക്കുകയും ഒരേ ഖുർആനും ഒരേ ഖിബ്‌ലയും അംഗീകരിക്കുകയും നമസ്കാരം നിർവ്വഹിക്കുകയും ചെയ്യുന്നുവെങ്കിൽ പോലും അവരെ തുടരാൻ പാടില്ല, സലാം പറയാൻ പാടില്ല, വിവാഹാടിയന്തിരങ്ങളിൽ സംബന്ധിക്കരുത്, അവരുടെ പള്ളികളിൽ കയററുത്, അവരുടെ സമ്മേളനങ്ങളിൽ പങ്കെടുക്കരുത്, അവരുടെ പ്രസംഗങ്ങൾ ശ്രവിക്കരുത്, അവർക്ക് വീട് വെക്കുകയോ മക്കളെ കെട്ടിച്ചയക്കുകയോ ചികിത്സിക്കുകയോ മറ്റേതെങ്കിലും നിലക്ക് സഹായിക്കുകയോ ചെയ്യേണ്ടതായ ഒരാവശ്യംവന്നാൽ പോലും അതിന് മുഖം കൊടുക്കരുത് എന്നെല്ലാമാണ് പഠിപ്പിക്കപ്പെടുന്നത്!

ഈ ലേഖകൻ അദ്ധ്യാപകനായിരിക്കെ സ്വന്തം വിദ്യാർത്ഥി

കൾ ഉച്ചക്ക് നമസ്കാരത്തിന്ന് പള്ളിയിലെത്തുമ്പോൾ സ്വഭാവം മാറും. ഈയുള്ളവനാണ് ഇമാമത്ത് എങ്കിൽ പിള്ളേർ പിന്നിൽ തുടരുകയില്ല. അവർ ഒറ്റക്ക് വേറെയായി നമസ്കരിക്കും. മറ്റു ചില അദ്ധ്യാപകർക്കും ഇത്തരം അനുഭവങ്ങളുണ്ടായിട്ടുണ്ട്. നിഷ്കളങ്കരായ ശിഷ്യരോട് ക്ലാസിൽ ചെന്ന ശേഷം എന്തുകൊണ്ട് അങ്ങനെ ചെയ്തു എന്ന് ചോദിച്ചാൽ ഉത്തരം കൃത്യമായിരുന്നു. ഉസ്താദ് മദ്രസയിൽ നിന്ന് പറഞ്ഞതാണ്, പുത്തൻവാദികളെ പിൻതുടർന്ന് നമസ്ക്കരിക്കാൻ പാടില്ല എന്ന്. ഞങ്ങൾക്ക് സാറി നോട് വെറുപ്പുണ്ടായിട്ടല്ല. ഇസ്‌ലാമിൽ നിന്ന് പുറത്തുപോകുമല്ലോ എന്ന പേടികൊണ്ടാണ്.

എന്നാൽ നബി (സ) പഠിപ്പിക്കുന്നത് കാണുക:

عن انس بن مالك قال قال رسول اللّه(صلى) من صلى صلاتنا واستقبل قبلتنا
و اكل ذبيحتنا فذلك المسلم. الذى له ذمة اللّه و ذمة رسوله فلا تخفروا اللّه فى ذمّته- البخارى

'നമ്മുടെ നമസ്കാരം നിർവഹിക്കുകയും നമ്മുടെ ഖിബ്‌ലയെ അഭിമുഖീകരിക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യു ന്നവൻ മുസ്‌ലിമാണ്. അല്ലാഹുവിന്റെയും പ്രവാചകന്റെയും ബാധ്യതയിലുള്ള മുസ്‌ലിം. അല്ലാഹു അവനെ കൈവിടില്ല.'

قال رسول اللّه (صلى) صلّوا خلف كل برّ و فاجر (دارقطنى)

'സൽകർമ്മിയാവട്ടെ ദുഷ്കർമ്മിയാവട്ടെ ആരുടെ പിന്നിലും നമ സ്കരിക്കാം'

قال رسول اللّه (صلى) الصلواة واجبة عليكم مع كل
مسلم براوفاجر وان هو عمل الكبا ئر (دار قطنى)

'സൽകർമ്മിയാവട്ടെ ദുഷ്കർമമിയാവട്ടെ വൻപാപം ചെയ്യുന്നവ നാവട്ടെ മുസ്‌ലിം ആണെങ്കിൽ അവന്റെ പിന്നിൽ നമസ്കരിച്ചോ ളൂ.'

قال رسول اللّه صلّوا خلف من اهل لااله الاّاللّه من قال لااله الاّاللّه صلّوا على
مات من اهل قال لااله الاّاللّه (دار قطنى)

'ലാഇലാഹ ഇല്ലല്ലാഹ് ഉച്ചരിച്ചവന്റെ പിന്നിൽ നമസ്കരി ക്കാം. അവന് വേണ്ടിയും നമസ്കരിക്കാം.'

മലപ്പുറം ജില്ലയിലെ കോട്ടക്കൽ ഒരു സ്വകാര്യ ആശുപത്രി കോമ്പൗണ്ടിലുള്ള മസ്ജിദിൽ ഇങ്ങനെ എഴുതിവെച്ചിരിക്കുന്നു:

'ഇവിടെ നമസ്കാരാനന്തരം കൂട്ട പ്രാർത്ഥനയും സുബ്ഹിൽ ഖുനൂത്തും പാടില്ല'

ആളുകൾ നമസ്കരിക്കാതിരിക്കുന്നതിൽ പള്ളിക്കമ്മിറ്റിക്കാർക്ക് പ്രശ്നമില്ല. നമസ്ക്കരിക്കാൻ വരുന്നവരോടാണ് വിരോധം! നബി (സ) ഖുനൂത്ത് ഓതിയിട്ടില്ലെന്നും കൂട്ടു പ്രാർത്ഥന നടത്തിയിട്ടില്ലെന്നും സമ്മതിച്ചാൽ തന്നെ ഇങ്ങനെ എഴുതുന്നത് മാന്യമാണോ? ഭൂമുഖത്ത് ഇവ രണ്ടും നിർവ്വഹിക്കുന്ന അസംഖ്യം മുസ്‌ലിംകളുണ്ട്. അതുവഴി ഒരാൾ ഇസ്‌ലാമിൽ നിന്ന് പുറത്താവില്ല, പള്ളികമ്മിറ്റിക്കാർ കാഫിറാകുന്നുമില്ല. ഒരു ആശുപത്രിയിൽ വരുന്ന മുസ്‌ലിംകളെല്ലാം ഫിഖ്ഹീ പ്രശ്നത്തിൽ ഒരേ കാഴ്ചപ്പാടുള്ളവരായിക്കൊള്ളണമെന്നില്ലല്ലോ. വിശേഷിച്ചും കേരളത്തിൽ ഭൂരിപക്ഷം മുസ്‌ലിംകൾ കൂട്ടു പ്രാർത്ഥന നടത്തുന്നവരും ഖുനൂത്ത് ഓതുന്നവരുമാണെന്നിരിക്കെ. ഇത്രത്തോളം പ്രതിപക്ഷ വിരോധം പുലർത്താൻ അണികളെ പഠിപ്പിച്ചുവിടുന്ന നേതാക്കൾ എങ്ങനെയാണ് പ്രവാചകന്റെ അനന്തരവൻമാരാവുക!

## പണ്ഡിതർ പ്രവാചകരുടെ അനന്തിരവർ

انّ النبي صـلـم قال: انّ العلماء ورثة الا انبياء وانّ الانبياء لم يؤرث
ديناراً او درهماً انَما ورثوا العلم فمن اخذه اخذ بحظٍ وافر
(ابو داوود، ترمذی، ابن ماجه)

***പ്രവാചകൻ പ്രസ്താവിച്ചു: പണ്ഡിതൻമാർ പ്രവാചകൻമാരുടെ അനന്തരവൻമാരാണ്. പ്രവാചകൻമാരാവട്ടെ സമ്പത്ത് അനന്തരമെടുക്കുന്നവരുമല്ല. വിജ്ഞാനമാണ് അവരുടെ അനന്തര സ്വത്ത്. അത് വശപ്പെടുത്തിയവർ സൗഭാഗ്യവാൻമാർ.***

പ്രവാചകരുടെ അനന്തരവർ എന്ന സ്ഥാനം ഇന്നത്തെ പണ്ഡിതൻമാർക്ക് നഷ്ടപ്പെടാൻ കാരണമെന്താണ്? പണ്ഡിതൻ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അല്ലാഹുവിനെ ഭയപ്പെട്ടും പ്രവാചകനെ സ്നേഹിച്ചും ജീവിക്കുന്ന പണ്ഡിതർ എന്നാണ്. അപ്പോൾ അവർ ഒരുകാര്യം വിധിക്കുമ്പോൾ, കൽപ്പിക്കുമ്പോൾ അല്ലാഹുവിന്റെയും പ്രവാചകന്റെയും തൃപ്തിക്കുവിധേയമായി മാത്രമേ അക്കാര്യം ചെയ്യുകയുള്ളു എന്ന് ഉറപ്പാണ്. കാരണം അവർ അനന്തരമെടുക്കുന്നത് സത്യവിജ്ഞാനമാണ്. സമ്പത്തോ, സ്ഥാനമാനങ്ങളോ നേതൃമോഹങ്ങളോ അല്ല. സ്വാർത്ഥ താൽപര്യങ്ങൾക്കോ സംഘടനാ സങ്കുചിതത്വങ്ങൾക്കോ അവർ വഴി

പ്പെടില്ല. പ്രവാചകരുടെ അതേ സംസ്കാരം കാത്തുസൂക്ഷിക്കുന്ന വരായിരിക്കും. മറിച്ച് ചെയ്യുന്നവരെ'പണ്ഡിതർ' എന്ന ഗണത്തിൽ പെടുത്താനാവില്ല. ഇത്രയും ഉന്നതമായ സ്ഥാനം ലഭിച്ച പണ്ഡി തർ തങ്ങളിലർപ്പിതമായ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വ ഹിക്കുന്നുണ്ട് എങ്കിൽ അവരെ അനുസരിക്കാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്. മറിച്ചാണെങ്കിൽ അവരെ അനുസരിക്കാതെ മാറി നിന്നുകൊണ്ട് തന്റെ കടമ - അല്ലാഹുവിനോടും പ്രവാചകനോ ടുമുള്ള കടമ- നിർവ്വഹിക്കണമെന്നാണല്ലോ തിരുവചനങ്ങളിലൂടെ വ്യക്തമാകുന്നത്.

കേരള മുസ്‌ലിംകൾക്ക് അസംഖ്യം സംഘടനകളുണ്ട്. ഈ സംഘടനകളുടെ തലപ്പത്തിരിക്കുന്നവരിൽ മിക്കവരും ഇസ്‌ലാ മിക വിഷയങ്ങളിൽ പാണ്ഡിത്യം നേടിയവരുമാണ്. അതായത് പണ്ഡിതരായ നേതാക്കളെയാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. അൽഹം ദുലില്ലാഹ്. പക്ഷെ ഈ നേതാക്കൾ 'പ്രവാചകൻമാരുടെ പിൻമു റക്കാർ' എന്ന സ്ഥാനം കത്തുസൂക്ഷിക്കുന്നുണ്ടോ എന്ന ഒരു ആലോചനക്ക് ഇവിടെ പ്രസക്തിയുണ്ട്.

●

*ഇയ്യാംപാറ്റക്കൊരു വിളക്കുണ്ട്, പൂങ്കുയിലിന്നൊരു പൂവുണ്ട്*
*സിദ്ദീഖിന്നൊരു മുത്തു റസൂലുണ്ട്*

*- ഡോ. ഇഖ്ബാൽ*

# എന്തിനാണ് പള്ളി ?

والذين اتخذوا مسجدًا ضرارًا و كفرًا وتفريقا بين المؤمنين وارصادًا لمن حارب اللّٰه
ورسوله من قبل و ليحلفنّ ان اردنا الاّ الحسنى واللّٰه يشهد انّهم لكاذبون .٩/١٠٧

*'വിശ്വാസികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ വേണ്ടി ദുഷ്ട മനസ്സും സത്യനിഷേധവും കൈമുതലാക്കി പള്ളിയുണ്ടാക്കിയ കപട വിശ്വാസികൾ, അല്ലാഹുവിനോടും പ്രവാചകനോടും യുദ്ധ പ്രഖ്യാപനം നടത്തുന്നവർക്ക് താവളമൊരുക്കുകയാണവർ. തങ്ങൾക്ക് ദുരുദ്ദേശ്യമൊന്നുമില്ല എന്നവർ പറയും. അവരുടെ വാക്കുകൾ നുണയാണ് എന്നതിന് അല്ലാഹു സാക്ഷി.'* (വി.ഖുർആൻ, 9/107)

മദീനയിൽ ഖുബായിലെ പള്ളിക്കുസമീപം കപട വിശ്വാസികൾ ഉണ്ടാക്കിയ പള്ളിയെപ്പറ്റിയാണ് പരാമർശമെങ്കിലും ആ പള്ളിയെ അല്ലാഹു വിമർശിക്കാനുണ്ടായ കാരണം ശ്രദ്ധേയമാണ്. വിശ്വാസികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ വേണ്ടി, എന്നാണ് പറയുന്നത്. നമ്മുടെ നാട്ടിലെ പള്ളി നിർമ്മാണത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലേക്ക് കണ്ണോടിച്ചാൽ കാണാം, അല്ലാഹു പറഞ്ഞത് തന്നെയാണ് ഇവിടെയും കാര്യമെന്ന്. ഇന്ന് കേരളത്തിൽ ഓരോ ഗ്രൂപ്പുകളും നിലവിലെ പള്ളിക്കരികിൽ പുതിയ പള്ളിയുണ്ടാക്കിക്കൊണ്ടിരിക്കുന്നതിന്ന് എന്ത് ന്യായീകരണം നിരത്തിയാലും മുസ്ലിംകൾ അതുവഴി ഭിന്നിക്കാൻ നിർബന്ധിതരായിത്തീരുന്നു എന്ന കാര്യത്തിൽ സംശയമേതുമില്ല.

ഒരു സുന്നിപ്പള്ളിക്കടുത്ത് മുജാഹിദ്-ജമാഅത്തുകാർ വേറെ പള്ളി ഉണ്ടാക്കുന്നതിന് അല്ലെങ്കിൽ തിരിച്ച് മറുവിഭാഗം പള്ളി ഉണ്ടാക്കുന്നതിന്ന് എന്തെങ്കിലും ഒരു ന്യായീകരണം ഇവിടെ വെച്ച് നമുക്ക് പറയാൻ കഴിഞ്ഞേക്കാം. പക്ഷെ അല്ലാഹുവിന്റെ മുമ്പിൽ ആ ന്യായീകരണവും വിലപ്പോവില്ല. കാരണം ഖുത്തുബ മലയാളത്തിലോ അറബിയിലോ, കൂട്ടുപ്രാർത്ഥന വേണമോ

വേണ്ടയോ, ഖുനൂത്ത് പാടുണ്ടോ പാടില്ലേ, സ്ത്രീകൾ പള്ളിയിൽ പോകേണ്ടതുണ്ടോ എന്നീ വിഷയങ്ങൾ ഒന്നും തന്നെ പള്ളിയുണ്ടാക്കി സമുദായത്തെ പിളർക്കാൻ മാത്രമുള്ള ഗൗരവപ്രശ്നങ്ങളല്ല. വ്യത്യസ്ത വീക്ഷണങ്ങൾ പുലർത്തിക്കൊണ്ട് തന്നെ ഓരോ മഹല്ലിലും ഒറ്റക്കെട്ടായി നിൽക്കാൻ എന്ത് ത്യാഗം സഹിച്ചും മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. അതുവഴി സമുദായത്തിന്റെ കെട്ടുറപ്പും ഒരുമയും പ്രകടിപ്പിക്കപ്പെടും. മറിച്ചാവുമ്പോൾ ഭിന്നിപ്പും ശൈഥില്യവും പരസ്യപ്പെടും. ശത്രുക്കൾ സന്തോഷിക്കും.

എന്നാൽ മുജാഹിദുകൾ തന്നെ അല്ലെങ്കിൽ സുന്നികൾ തന്നെ തൊട്ടടുത്ത് രണ്ട് പള്ളികൾ ഉണ്ടാക്കുന്നതും മുജാഹിദ് പള്ളിക്കടുത്ത് ജമാഅത്തുകാരും തിരിച്ചും ഉണ്ടാക്കുന്നതും എന്തിന്റെ പേരിലാണെന്ന് മനുഷ്യൻമാരുടെ മുമ്പിൽ പോലും ന്യായീകരിക്കാൻ കഴിയില്ല.

ഇനി പള്ളിയുണ്ടാക്കി എന്ന് തന്നെയിരിക്കട്ടെ. എല്ലാ പള്ളികളിൽ നിന്നും ഉച്ചഭാഷിണികളിലൂടെ 'ബാങ്ക് വിളിമത്സരം' നടത്തുന്നതിന്റെ താൽപര്യമെന്താണ്? ഒരു പള്ളിയിലെ ബാങ്ക് മതിയാവുകയില്ലേ അത് കേൾക്കുന്ന മുഴുവൻ ആളുകൾക്കും? അഞ്ച് നേരവും മാലോകരോട് ഞങ്ങൾ ഭിന്നിച്ചിരിക്കുന്നു എന്ന് വിളിച്ചറിയിക്കേണ്ട കാര്യമെന്ത്? അല്ലാഹുവിനെ സന്തോഷിപ്പിക്കുവാനാണോ അതല്ല സംഘടനകളെയും അണികളെയും സന്തോഷിപ്പിക്കാനാണോ ഇത്? നമ്മുടെ പള്ളിയിൽ ബാങ്ക് വേണ്ട. അല്ലെങ്കിൽ ലൗഡ് സ്പീക്കർ വേണ്ട എന്ന്പോലും തീരുമാനിക്കാനുള്ള വിശാലമനസ്കത ഈ സംഘടനകൾ കാണിക്കുന്നില്ല.! ഇതിനർത്ഥം ഇവർ അല്ലാഹുവിന്ന് പകരം പുതിയ പ്രതിഷ്ഠകൾ വെച്ച് പൂജിച്ചുകൊണ്ടിരിക്കുകയാണ് എന്നല്ലേ? വിഗ്രഹ ധ്വംസനം സാധ്യമല്ലെങ്കിൽ ഇബ്രാഹീമിന്റെ മക്കളാവാൻ നമുക്കെങ്ങനെ സാധിക്കും.?

മേലുദ്ധരിച്ച ആയത്തിന്റെ അർത്ഥം ഇവിടെ ഒരിക്കൽകൂടി വായിച്ചുനോക്കൂ.

'വിശ്വാസികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ വേണ്ടി ദുഷ്ട മനസ്സും സത്യനിഷേധവും കൈമുതലാക്കി പള്ളിയുണ്ടാക്കിയ കപട വിശ്വാസികൾ, അല്ലാഹുവിനോടും പ്രവാചകനോടും യുദ്ധ

പ്രഖ്യാപനം നടത്തുന്നവർക്ക് താവളമൊരുക്കുകയാണവർ. തങ്ങൾക്ക് ദുരുദ്ദേശ്യമൊന്നുമില്ല എന്നവർ പറയും. അവരുടെ വാക്കുകൾ നുണയാണ് എന്നതിന് അല്ലാഹു സാക്ഷി.'

വാശിമൂത്തപ്പോൾ ലാഹോർ തെരുവിൽ നേരം പുലർന്നപ്പോഴേക്കും ഒരുകൂട്ടർ മസ്ജിദിന്നടുത്ത് മറ്റൊരു മസ്ജിദുണ്ടാക്കി. പക്ഷെ, നമസ്ക്കരിക്കാൻ മാത്രം ആരും വന്നില്ല. ഇത് കണ്ടപ്പോൾ ഇഖ്ബാൽ പാടി:

'ഈമാനിന്റെ ചൂടുകയറിയവർ ഒറ്റ രാത്രികൊണ്ടൊരു മസ്ജിദുണ്ടാക്കി! വാശിമൂത്ത ദുഷ്ടൻമാർ. അതെ, നമസ്കാരക്കാരാകാൻ (മുസ്‌ലിംകളാകാൻ) മാത്രം അവർക്ക് സാധിച്ചിട്ടില്ല.'

ശരിയാണ്, നമസ്ക്കരിക്കാനല്ലല്ലോ, സംഘടനകളെന്ന കുലദൈവങ്ങളെ കുടിയിരുത്താൻ വേണ്ടിയാണല്ലോ പള്ളികൾ!

ഈ സംഘടനകൾ ഒറ്റക്കെട്ടായി ചന്ദ്രനെ 'കണ്ടു' തീരുമാനിച്ചിട്ടും ഓരോ കുഗ്രാമത്തിലും ഓരോ വിഭാഗത്തിന്നും പ്രത്യേകം പ്രത്യേകം ഈദ്ഗാഹുകൾ സംഘടിപ്പിക്കുന്നതിലെ ഐക്യമെന്താണ്? കോഴിക്കോട് ടൗണിൽ ഈ സംഘടനകൾ ഒരേ ദിവസം വ്യത്യസ്ത ഈദുഗാഹുകളുണ്ടാക്കി മത്സരിക്കുകയായിരുന്നു. ഒരു ജില്ലാ കലക്ടർ ഭീഷണി മുഴക്കിയപ്പോൾ മാത്രമാണ് ഇവൻമാർക്ക് ഐക്യബോധം നാമ്പിട്ടത്. അതോടെ ഇവരുടെ ആവേശം കുറഞ്ഞുപോയി. ജമാഅത്തും മുജാഹിദും ഒരുമിച്ച് ഒരു പന്തലിൽ ഈദാഘോഷിക്കുമ്പോൾ പൂർവ്വോപരി സന്തോഷിക്കുകയും ആവേശഭരിതരാവുകുയും ചെയ്യേണ്ടവർ നിഷ്ക്രിയരാകുന്നതാണ് പിന്നീട് കണ്ടത്. മനസ്സറിഞ്ഞ മുസ്‌ലിം ഐക്യമാണ് അല്ലാഹു കാംക്ഷിക്കുന്നത്. അല്ലാഹുവിനെ ഭയപ്പെട്ടതുകൊണ്ടുള്ള ഐക്യമായിരുന്നില്ല അത്. അധികാര ദണ്ഡുപയോഗിച്ചുള്ള ഐക്യപ്പെടലായിരുന്നു. അതിന് മഹ്ശറിൽ വിലയില്ല. ........... **انما الاعمال بالنيات**

**സംഘടനാ നേതാക്കളോട്:**

മുസ്‌ലിം ജനസാമാന്യം നിങ്ങളുടെ ഈ സമുദായ വിഭജനത്തിൽ അസംതൃപ്തരാണ്. അവർക്ക് നിങ്ങളേക്കാൾ അല്ലാഹുവിനെ ഭയമുണ്ട്. പ്രവാചകനോട് സ്നേഹമുണ്ട്. കൈകെട്ടിലോ

ഖുനൂത്തിലോ പള്ളിയുണ്ടാക്കി വേർപിരിയുന്നതിലോ ജിന്നിലോ ശൈത്താനിലോ താൽപര്യമില്ല. മുസ്‌ലിംകൾ ഒറ്റക്കെട്ടായി ഒരേ പ്ലാറ്റ്ഫോമിൽ അണിനിരന്ന് കാണാൻ അവർ അതിയായി ആഗ്ര ഹിക്കുന്നുണ്ട്. ജനങ്ങളുടെ പൊതു കാഴ്ചപ്പാടിനെ മാനിക്കണ മെന്നും അതുതന്നെയായിരിക്കും അല്ലാഹുവിന്റെയും കാഴ്ചപ്പാ ടെന്നും അറിയാമല്ലോ. നിങ്ങളുടെ ഈ വാശിയും സങ്കുചിത ങ്ങളും സ്വാർത്ഥ താൽപര്യങ്ങളും നമ്മുടേതുപോലെയുള്ള ഒരു നാട്ടിൽ ഈ സമുദായത്തെ കൂടുതൽ ദുരിതത്തിലകപ്പെടുത്തുക യായിരിക്കും ചെയ്യുക. അതിന്റെ എമ്പാടും ഉദാഹരണങ്ങൾ നാം കാണുന്നുണ്ട്. അസംഖ്യം മുസ്‌ലിംകൾ അന്യായമായി ജയിലക ങ്ങളിൽ അനന്തമായി പീഢിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോഴും അവർക്ക്‌വേണ്ടി ഒറ്റക്കെട്ടായി ശബ്ദമുയർത്താൻ പോലും നമുക്ക് സാധിക്കുന്നില്ല. അപ്പോൾ അല്ലാഹുവിന്റെ മുമ്പിൽ പറയാൻ എന്തു മറുപടിയാണ് നിങ്ങൾ കണ്ടുവെച്ചിരിക്കുന്നത്.? നിങ്ങളും നിങ്ങ ളുടെ കൂടെ നിന്ന് നേട്ടം കൊയ്യുന്ന ചിലയാളുകളും മാത്രമാണ് ഇത്തരം ഭിന്നിപ്പുകളിൽ അഭിരമിക്കുന്നത്. ചില നിഷ്കളങ്കരും അതിൽ പെട്ടുപോയിട്ടുണ്ട്. ആളുകൾക്ക് ഏതെങ്കിലും ഒരു കള്ളി യിൽ ഒരിടത്ത് നിൽക്കാതിരിക്കാനാവില്ലല്ലോ. അതുകൊ ണ്ട്മാത്രമാണ് കുറേപേരെ നിങ്ങളോടൊപ്പം കാണുന്നത്.

ആകയാൽ അല്ലാഹുവിനെയും പ്രവാചകനെയും ഈ സമു ദായത്തെയും ഓർത്ത് പൊതുപ്രശ്നങ്ങളിൽ ഒന്നിച്ചു നിൽക്കാ നുള്ള സന്മനസ്സെങ്കിലും നിങ്ങൾക്കുണ്ടാകണമെന്ന് അഭ്യർത്ഥി ക്കുന്നു.

●

*നാവുകൊണ്ട് ലാഇലാഹ മൊഴിഞ്ഞെട്ടെന്തു കാര്യം*
*കണ്ണും കരളും മുസ്‌ലിമല്ലെങ്കിൽ പിന്നെ സർവം ശൂന്യം*
*- ഡോ. ഇഖ്ബാൽ*

# എന്തിനാണ് സമ്മേളനങ്ങൾ?

എല്ലാ സംഘടനകളും സ്വന്തമായി സമ്മേളനങ്ങൾ നടത്തുകയാണ്. സമ്മേളനങ്ങൾ കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് പ്രസ്തുത സംഘത്തിന്റെ സന്ദേശങ്ങൾ ജനങ്ങളിലേക്കെത്തിക്കുകയും അതുവഴി ആളുകളെ തങ്ങൾ ശരിയെന്ന് മനസ്സിലാക്കിയ വഴിയിലേക്ക് ആകർഷിക്കുകയുമാണല്ലോ. എന്നാൽ മുസ്ലിം സംഘടകൾ നടത്തുന്ന സമ്മേളനങ്ങളുടെ യഥാർത്ഥ നിയ്യത്ത് ഇതുതന്നെയാണോ?

ആണ് എങ്കിൽ എന്തുകൊണ്ട് ഇതര മുസ്ലിം സംഘടനകളുടെ നേതാക്കളെ തങ്ങളുടെ സ്റ്റേജിലേക്ക് ക്ഷണിക്കുന്നില്ല. തങ്ങൾക്ക് പറയാനുള്ളത് അവരെ കേൾപ്പിക്കുന്നില്ല?. അണികൾക്കെങ്കിലും ഇതര പാർട്ടികളുടെ സമ്മേളനങ്ങൾ ശ്രവിക്കാനവസരം കൊടുക്കുന്നില്ല? ഒരുകൂട്ടർ ഒരു തീയതിക്ക് സമ്മേളനം നടത്തുമെന്നറിഞ്ഞാൽ അതേ തിയതിക്ക് മറ്റൊരിടത്ത് മറ്റൊരു കൂട്ടർ സമ്മേളനം നടത്തുന്നതെന്തിനാണ്? മറുപക്ഷത്തിന് പറയാനുള്ളത് സ്വന്തം അണികൾ കേൾക്കരുതെന്നും തങ്ങൾ പറയുന്നത് മാത്രമേ കേൾക്കാവൂ എന്നും വാശിപിടിക്കുന്നതെന്തിനാണ്? ഇനി ആരെങ്കിലും പാർട്ടി താൽപര്യം മറികടന്ന് മറു ഭാഗത്തിന്റെ സമ്മേളനത്തിൽ പങ്കെടുത്താൽ അയാൾ ഊരുവിലക്കിന് വിധേയനാവുകയും 'മുനാഫിഖ്' എന്ന് മുദ്ര കുത്തപ്പെടുകയും ചെയ്യുന്നതെന്തുകൊണ്ട്? ഇതാണോ ദീൻ? മുസ്ലിം ഉമ്മത്ത് അല്ലാഹുവിന്റെ അടിമത്തത്തിൽ നിന്ന് സംഘടനകളുടെ അടിമത്തത്തിലേക്ക് വലിച്ചിഴക്കപ്പെടുകയാണോ?

മുസ്ലിം സംഘടകളുടെ സമ്മേളനങ്ങളിൽ മറ്റു മുസ്ലിം സംഘടനകളുടെ ആളുകൾ തടയപ്പെടുകയാണെങ്കിൽ പിന്നെ സമ്മേളനത്തിന്റെ ആവശ്യകതയെന്ത്? കേട്ടവരെ തന്നെ കേൾക്കാൻ, കണ്ടവരെത്തന്നെ കാണാൻ കോടികൾ മുടക്കി മനുഷ്യ വിഭവശേഷിയത്രയും ചെലവഴിച്ച് സമ്മേളന മാമാങ്കങ്ങൾ

നടത്തേണ്ടതുണ്ടോ? ഒരു സമ്മേളനം കഴിയുന്നതോടെ നാം എന്ത് നേടി എന്ന് വിശകലനം ചെയ്യാറുണ്ടോ? ധാരാളം ആളുകൾ വന്നു, മീഡിയകളിൽ നല്ല കവറേജു കിട്ടി, ഇന്നയിന്നയാളുകളുടെ പ്രസംഗങ്ങൾ ഉഗ്രനായി, (മറുകക്ഷിയെ തെറിവിളിച്ചതാവും)! നല്ല പന്തലായിരുന്നു ഗേറ്റിന്റെ, ഡിസൈൻ നന്നായി, ട്രാഫിക് ജാം ഭയങ്കരമായിരുന്നു തുടങ്ങിയ ആത്മപ്രശംസാ വർത്തമാനങ്ങൾ അല്ലാതെ ആർക്ക് എന്ത് നേട്ടമുണ്ടായി? അപരിചിതർക്ക് ദീനിനെ പരിചയപ്പെടുത്താനായോ, പുതുതായി വല്ലതും നേടിയോ, കൊടുത്തോ, എന്നിത്യാദി ചർച്ചകളോ ചിന്തകളോ ഏതെങ്കിലും സംഘടനകൾ നടത്തുന്നുണ്ടോ? കോടികൾ ധൂർത്തടിച്ചു എന്നല്ലാതെ മറ്റെന്ത് മറുപടിയാണ് ഇവർക്കുള്ളത്. ഈ സമ്മേളനത്തിൽ ചെയ്ത പണികളെല്ലാം ഓരോ യൂനിറ്റിലും യോഗം കൂടി പണച്ചിലവില്ലാതെ ചെയ്യാവുന്നതായിരുന്നു. പിന്നെ എന്തിന് ഇത്രയും ധനവും മനുഷ്യശേഷിയും തുലച്ചു? നാളേക്ക് മറുപടി വേണ്ടിവരുമല്ലോ.

സമ്മേളനങ്ങൾക്ക് ചിലവായ പണം എത്രപേർക്ക് വീടുണ്ടാക്കാമായിരുന്നു, എത്ര അഭയാർത്ഥികളെ കുടിയിരുത്താമായിരുന്നു, എത്ര പെൺകുട്ടികളെ സഹായിക്കാമായിരുന്നു, എത്രയാളുകളെ ചികിത്സിക്കാമായിരുന്നു. ഇതെല്ലാം ഞങ്ങൾ ചെയ്യുന്നുണ്ടല്ലോ എന്നത് മറുപടിയല്ല. ധൂർത്ത് അനുവദിക്കപ്പെടാവതല്ല.

തബ്‌ലീഗ് ജമാഅത്തുകാർ മഹാസമ്മേളനങ്ങൾ നടത്താറുണ്ട്. ഇതര സംഘടനാ പ്രവർത്തകരെ ക്ഷണിക്കാറുണ്ട്. നോട്ടീസ്, പോസ്റ്റർ, ബാനർ, കമാനങ്ങൾ തുടങ്ങി യാതൊരു പണച്ചിലവുള്ള പബ്ലിസിറ്റികളും അവർ നൽകാറില്ല. ലക്ഷക്കണക്കിനാളുകളെ പങ്കെടുപ്പിച്ച് സമ്മേളനം നടത്താൻ ഇങ്ങനെയും സാധിക്കുമല്ലോ. എന്തുകൊണ്ട് ഈ മാതൃക മുൻപറഞ്ഞ സംഘടനകൾക്കും ആയിക്കൂടാ?

**സമ്മേളന അജണ്ട**

മുസ്‌ലിം സമുദായത്തിൽ സമ്പന്നതയുടെ ഉപലബ്ധിയായി കടന്നുവന്നിട്ടുള്ള ആർഭാട വീടുനിർമ്മാണം, റിയൽ എസ്റ്റേറ്റ് എന്ന പലിശക്കച്ചവടം, വിവാഹ - ആഭരണ - വസ്ത്ര - വാഹന ധൂർത്തുകൾ തുടങ്ങിയവക്കെതിരിൽ കർശനമായ താക്കീതുകളോ സർക്കുലറുകളോ ശിക്ഷാ നടപടികളോ നടപ്പാക്കാനുള്ള അജണ്ടകളില്ല. അതിനുള്ള ആർജ്ജവം സംഘടനകൾക്കില്ലാതെ

പോകുന്നതെന്തുകൊണ്ടാണ്?

തിങ്കൾ, വ്യാഴം, പൗർണമി നാളുകളിൽ പ്രബലമായ സുന്നത്ത് നോമ്പുകളുണ്ടയിട്ടും അവ കൽപ്പിക്കപ്പെടാത്തതെന്തുകൊണ്ടാണ്? കൈകെട്ടിലെ സൂക്ഷ്മത, താടി നീട്ടി സുന്നത്തെടുക്കൽ, ഉടു വസ്ത്രം ഞെരിയാണിക്ക് മേൽ കയറ്റൽ നബിയുടെ പേരിൽ സ്വലാത്ത് തുടങ്ങിയ വിഷയങ്ങളിൽ കർക്കശ്യം പുലർത്തുന്ന ആളുകളും സംഘടനകളും മേൽപറഞ്ഞ നോമ്പിനെ അവഗണിക്കുന്നതിലെ യുക്തി ശാസ്ത്രമെന്താണ്? നേതാക്കൾ തന്നെ സുന്നത്ത് നിരാസത്തിന്റെയും ശിർക്ക് ബിദ്അത്തുകളുടെയും അടിമകളായിരിക്കുകയാണ്. പുതിയ സാഹചര്യങ്ങളിൽ പുതിയ ഫത്‌വകളും ഇജ്തിഹാദുകളും ധീരമായ കാൽവെപ്പുകളും നടത്തുന്നതിന് പകരം സ്വന്തം സഹോദരന്മാരെ പ്രതിസ്ഥാനത്ത് നിർത്തി അധിക്ഷേപിക്കുകയാണ് നമ്മുടെ ഇഷ്ടപ്പെട്ട അജണ്ട!

●

*എന്റെ സമുദായം പിശാചിനെ ആരാധിക്കുന്നതിൽ ഞാൻ ഭയപ്പെടുന്നില്ല. മറിച്ച് അവനെ അനുസരിച്ച് തമ്മിൽ തല്ലി രക്തം ചിന്തി ഛിഹ്നഭിന്നമാകുന്നതാണ് ഞാൻ ഭയപ്പെടുന്നത്.*

*– മുഹമ്മദ് നബി*

# അനുയായികൾ എന്ത് ചെയ്യണം?

അല്ലാഹുവിന്റെയും പ്രവാചകന്റെയും താൽപര്യത്തിനെതിരിൽ പ്രവർത്തിക്കണമെന്ന് സംഘടന ആവശ്യപ്പെടുമ്പോൾ ഒരു വിശ്വാസി എന്ത് ചെയ്യണം? ഒരുഭാഗത്ത് സംഘടനയും മറുഭാഗത്ത് അല്ലാഹുവും പ്രവാചകനും നിലയുറപ്പിക്കുമ്പോൾ എവിടെ നിൽക്കണമെന്നാണ് ചോദ്യം. താൻ ജീവന് തുല്യം സ്നേഹിക്കുന്ന തന്റെ പ്രിയപ്പെട്ട സംഘടന, അത് മാത്രമാണ് ശരി, മറ്റേതു സംഘടനയേക്കാളും എന്ന് വിചാരിക്കുന്ന മുസ്ലിം സഹോദരൻ ഈ നിർണ്ണായക ഘട്ടത്തിൽ സംഘടനയുടെ താൽപര്യങ്ങൾ അഗണ്യകോടിയിൽ തള്ളുകയും അല്ലാഹുവിന്റെയും പ്രവാചകന്റെയും പക്ഷം ചേർന്ന് നിൽക്കുകയും ചെയ്യണമെന്ന കാര്യത്തിൽ വല്ലവർക്കും സംശയമുണ്ടെങ്കിൽ അവർ ശിക്ഷ കാത്തിരുന്നു കൊള്ളുക.

ആഗോള ഹിജ്റ കലണ്ടർ വിഷയത്തിൽ ഹിജറ കമ്മിറ്റിയുടെ കാഴ്ചപ്പാടാണ് ഈ പുസ്തകം. ഇക്കാര്യം അംഗീകരിക്കണമെന്നും സമുദായത്തെ ഒറ്റച്ചരടിൽ കോർത്തിണക്കാൻ ഈ ദൈവിക ഗോള ശാസ്ത്ര നിയമം അംഗീകരിക്കുകയാണ് വേണ്ടതെന്നും അല്ലാഹുവും പ്രവാചകനും മുസ്ലിം ഐക്യമാണ് ആഗ്രഹിക്കുന്നത് എന്നും പറയുമ്പോൾ മറ്റെല്ലാ വിഷയങ്ങളിലുമെന്ന പോലെ ഇവിടെയും കേൾക്കേണ്ടി വരുന്ന മറുപടി ഇതാണ്: നിങ്ങൾ പറയുന്നതെല്ലാം ശരി തന്നെ. പക്ഷെ നമുക്ക് നമ്മുടെ സംഘടന പറയാതെ ഒന്നും ചെയ്യാനാവില്ല.

സുബ്ഹാനല്ലാഹ്! എങ്കിൽ അല്ലാഹു പറയുന്നത് കേൾക്കുക:

'അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ പിന്നെ സത്യവിശ്വാസിയായ പുരുഷനാവട്ടെ, സ്ത്രീയാവട്ടെ, തങ്ങളുടെ കാര്യത്തിൽ സ്വതന്ത്രമായ

അഭിപ്രായം ഉണ്ടാകാവാതല്ല. അല്ലാഹുവിനെയും പ്രവാചക നെയും ധിക്കരിച്ച് സ്വന്തം അഭിപ്രായം നടപ്പാക്കിയാൽ അവൻ തികച്ചും വഴിപിഴച്ചുപോയിരിക്കുന്നു എന്ന കാര്യത്തിൽ സംശയ മില്ല'. (വി.ഖുർആൻ, 33/36)

ഉമർ ഖലീഫയായിരിക്കെ ഒരു സംഭവമുണ്ടായി. പെൺകു ട്ടികളുടെ പിതാക്കൾ ഉയർന്ന മഹർ ആവശ്യപ്പെടാൻ തുടങ്ങിയ തോടെ ചെറുപ്പക്കാർക്ക് വിവാഹം ദുഷ്കരമായി. പ്രശ്നപരിഹാ രാർത്ഥം ഉമർ മഹ്റിന്ന് പരിധി നിശ്ചയിച്ചു ഉത്തരവിറക്കി. എന്നാൽ ഒരു സാധാരണ സ്ത്രീ ഉമറിന്റെ ഉത്തരവിനെ ചോദ്യം ചെയ്തു. 'അല്ലാഹു പറയുന്നത്, നിങ്ങൾ ഒരു സ്വർണ്ണക്കൂമ്പാരം തന്നെ മഹറായി കൊടുത്താലും തിരിച്ചു വാങ്ങരുത് എന്നാണല്ലോ. അപ്പോൾ എത്ര വലിയ സംഖ്യ മഹ്റായി ചോദിക്കാനും സ്ത്രീ കൾക്ക് അവകാശമുണ്ടെന്ന് വന്നുവല്ലോ. അതിനാൽ മഹ്റിന്ന് പരിധി നിശ്ചയിക്കുന്നത് ഖുർആൻ വിരുദ്ധമാണ്'. ഉമർ ഉടൻ തന്നെ തെറ്റ് സമ്മതിക്കുകയും ഉത്തരവ് പിൻവലിക്കുകയും ചെയ്തു.

മറ്റൊരിക്കൽ നൈറ്റ് പട്രോളിംഗിനിടയിൽ ഉമർ ഒരു അട ച്ചിട്ട വീട്ടിൽ സംശയം തോന്നി ഗേറ്റ് ചാടിക്കടന്നു ജനൽപാളിയി ലൂടെ ഒളിഞ്ഞുനോക്കി. അവിടെ ഒരാൾ ഒളിച്ചിരുന്ന് മദ്യപിക്കുക യായിരുന്നു. ഉമർ അദ്ദേഹത്തെ അറസ്റ്റ് ചെയ്തു കൊണ്ടു പോകാ നൊരുങ്ങുമ്പോൾ പ്രതി ഉമറിനെ ചോദ്യം ചെയ്തു. 'ഞാൻ മദ്യ പിക്കുക എന്ന ഒരു തെറ്റ് മാത്രമേ ചെയ്തിട്ടുള്ളു. പക്ഷെ താങ്കൾ മൂന്ന് തെറ്റുകൾ ഒരുമിച്ച് ചെയ്തിരിക്കുന്നു. ഒന്ന്: വീട്ടിലേക്ക് ഒളി ഞ്ഞുനോക്കി. രണ്ട്: സമ്മതമില്ലാതെ കോമ്പൗണ്ടിൽ പ്രവേശിച്ചു. മൂന്ന്: വീട്ടുകാരോട് സലാം പറഞ്ഞില്ല. അല്ലാഹു നിരോധിച്ചതാണീ മൂന്നും.' ഉമർ ഉടൻ പ്രതിയെ വിട്ടയക്കുകയായിരുന്നു.

പ്രവാചകൻ പറഞ്ഞുവല്ലോ, നിങ്ങൾ ദരിദ്രരായിപ്പോകുന്ന തിലല്ല, ധനികരായിപ്പോകുന്നതിലാണ് എനിക്ക് ഭയം എന്ന്. ഇവിടെ ഈ സമുദായപ്പിളർപ്പുകളുടെ പിന്നിലെല്ലാം സമ്പത്തും അതുവ ഴി ആഗ്രഹിക്കപ്പെടുന്ന അധികാര മോഹങ്ങളും മാത്രമാണ് ഇന്ധ നമായി പ്രവർത്തിക്കുന്നത് എന്ന കാര്യത്തിൽ യാതൊരു സംശ യവുമില്ല. എല്ലാവരും ഇടയൻമാരാണ്. താൻ ആരെയാണ് നയി ച്ചുകൊണ്ടിരിക്കുന്നത്, അവരെപ്പറ്റി ചോദ്യം ചെയ്യപ്പെടും എന്നാണ് തിരുവചനം. അനുയായികളും ഇടയന്മാരാണ്. അവർ നയിക്കേ

ണ്ടത് ഭരണകർത്താക്കളെയാണ്, പണ്ഡിതൻമാരെയാണ്. ഇസ്‌ലാമിക ചരിത്രം അത് നമ്മെ പഠിപ്പിക്കുന്നുണ്ട്. ഭരണാധികാരികളും പണ്ഡിതരും തെറ്റായ വഴിയിലൂടെ സഞ്ചരിക്കാൻ തുടങ്ങിയപ്പോൾ അവരെ നേർവഴിക്ക് തിരിച്ചുവിട്ടത് വിശ്വാസികളുടെ സമൂഹമായിരുന്നു. അതാണ് മേൽ ചരിത്രത്തിൽ നാം കണ്ടത്. ഖലീഫ ഉമറുബ്നുൽഖത്താബ് പ്രജകളോട് ആവശ്യപ്പെട്ടതും അതായിരുന്നു.

**ഇതാണ് ജിഹാദ്**

ഒറ്റക്കെട്ടായി ജീവിച്ചുപോന്ന സുന്നി സമുദായത്തെ ഉലമാക്കളും ഉമറാക്കളും സ്വാർത്ഥ താൽപര്യത്തിന്റെ പേരിൽ രണ്ടായി പകുത്തെടുത്തു. ഈ ദൈവ ധിക്കാരം ബോധ്യപ്പെടുമ്പോൾ നാം, സമുദായം, മുസ്‌ലിം ഉമ്മത്ത് എന്താണ് ചെയ്യേണ്ടിയിരുന്നത്? ഉമറുബ്നുൽ ഖത്താബിനെ തിരുത്തിയ പ്രജകളെപോലെ ഇവരെ തിരുത്താനും നേർവഴിക്ക് നയിക്കാനും തയ്യാറാകാതെ ഇവരുടെ പിന്നിൽ അണിനിരന്ന് അധർമ്മത്തിന് പിന്തുണയേകി ജയ് വിളിക്കുന്നവർക്ക് നാളെ മഹ്ശറിൽ എന്തു മറുപടി പറയേണ്ടിവരും എന്ന ചിന്തയില്ലേ? അവിടെ വിചാരണ നടത്തുന്നത് അല്ലാഹുവായിരിക്കും എന്ന കാര്യം മറന്നു കളയാനാകുമോ?

സുന്നികൾ പിളർന്നപ്പോൾ പൊട്ടിച്ചിരിച്ചവർ ഇവിടെയുണ്ടായിരുന്നു. സമുദായം പിളരുന്നത് കാണുമ്പോൾ സന്തോഷിക്കുന്നവന്റെ ഈമാൻ സംശയാസ്പദമാണ്. തന്റെ അഭിപ്രായത്തോട് വിയോജിക്കുന്നവരാണ് മറുഭാഗത്തെ സംഘത്തിലുള്ളതെങ്കിലും അവരുടെ തകർച്ചയിൽ നമുക്ക് സന്തോഷിച്ചുകൂടാത്തതാണ്. കാരണം നമ്മുടെ നമസ്കാരം നിർവ്വഹിക്കുകയും, നമ്മുടെ ഖിബ്‌ലയെ അംഗീകരിക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നവൻ മുസ്‌ലിമാണെന്നും അവന്റെ പിന്നിൽ നമസ്ക്കരിക്കാമെന്നുമാണ് ഇസ്‌ലാം.

അതേസമയം ദീനിന്റെ താൽപര്യത്തിന്നെതിരായി പ്രവർത്തിക്കുന്ന നേതാക്കളുടെയും അധികാരികളുടെയും മുമ്പിൽ ചെന്ന് അരുത് എന്ന് പറയുന്നതാണ് ഏറ്റവും വലിയ ജിഹാദ് എന്നാണ് പ്രവാചകൻ പഠിപ്പിന്നത്. 'മുജാഹിദ്' എന്ന് അറിയപ്പെടുന്ന ആളുകൾക്ക് പോലും തങ്ങളുടെ അധികാരികളായ നേതാക്കളോട് 'അരുത്' എന്ന് പറയാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ എന്ത് ജിഹാദാണ് അവരിൽ നിന്ന് പ്രതീക്ഷിക്കേണ്ടത്?

ഈ നേതാക്കളെയാണ്, പണ്ഡിതരെയാണ്, ചന്ദ്രമാസ കലണ്ടറിന്റെ കാര്യത്തിലും സമുദായം പിൻപറ്റുന്നത് എങ്കിൽ സൂക്ഷിച്ചുകൊള്ളുക. കൊടൂരമായ അനുഭവമായിരിക്കും മഹ്ശറിൽ നേരിടേണ്ടി വരിക. അല്ലാഹു നിശ്ചയിച്ചുതന്നെ വക്രതയില്ലാത്ത മാസ നിർണ്ണയ സംവിധാനത്തെ അംഗീകരിക്കാൻ കൂട്ടാക്കാതിരിക്കുകയും പ്രകൃതി നിയമങ്ങളെ വെല്ലുവിളിക്കുകയും ചെയ്യുന്ന നേതൃത്വങ്ങളെ അനുസരിക്കാൻ വിശ്വാസികൾക്ക് ബാധ്യതയില്ല.

ആളുകൾ പറയുകയാണ്: 'നമുക്ക് എന്ത് പ്രശ്നം. ഉത്തരം പറയേണ്ടത് ഉലമാക്കളും ഉമറാക്കളും ആയിരിക്കുമല്ലോ. ഞങ്ങളെ ഇവരാണ് നയിച്ചത് ഞങ്ങൾക്കൊന്നും അറിയില്ലായിരുന്നു. അതിനാൽ അവരോട് തന്നെ ചോദിച്ചുനോക്കൂ എന്ന് അല്ലാഹുവിനോട് പറഞ്ഞ് നമുക്ക് രക്ഷപ്പെടാം. ഇങ്ങനെയൊരു സമാധാനം സാധാരണക്കാരായ മുസ്‌ലിംകൾക്കുണ്ട്. എന്നാൽ അതിന് അല്ലാഹു വ്യക്തമായ മറുപടി നൽകുന്നുണ്ട്.

## നേതാക്കളെ അനുസരിച്ചവരുടെ ഗതി

'അവരുടെ മുഖങ്ങൾ നരകത്തിൽ കുത്തി മറിക്കപ്പെടുമ്പോൾ അവർ പറയും: എന്തൊരു നാശമായിപ്പോയി. നാം അല്ലാഹുവിനെയും പ്രവാചകനെയും അനുസരിച്ചിരുന്നെങ്കിൽ! തുടർന്നു പറയും: നാഥാ, ഞങ്ങൾ ഞങ്ങളുടെ നേതാക്കളെയും പ്രമുഖൻമാരെയും അനുസരിച്ചു. അവർ ഞങ്ങളെ വഴി തെറ്റിച്ചു. നാഥാ, അവർക്ക് നീ രണ്ടിരട്ടി ശിക്ഷ നൽകേണമേ. വൻ ശാപം ഏൽപ്പിക്കുകയും വേണമേ.' (വി.ഖുർആൻ 33/6668)

'അല്ലാഹു അല്ലാത്തവരെ അവന്ന് സമൻമാരാക്കുന്ന ചിലരുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നപോലെ ഇവർ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവിനോട് ഈടുറ്റ സ്നേഹബന്ധം പുലർത്തുന്നവരത്രെ. അല്ലാഹുവിന്റെ അപാര ശക്തിയും അവന്റെ കഠോര ശിക്ഷയുടെ രീതിയും നേരിൽ കാണാനിരിക്കുന്ന നാളിനെപ്പറ്റി അവർ മുൻകൂട്ടി മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു! നേതാക്കൾ അനുയായികളെ വിട്ടൊഴിഞ്ഞ് മാറുകയും ശിക്ഷ നേരിട്ട് അനുഭവിക്കുകയും ഇരുവിഭാഗവും തമ്മിലുള്ള ബന്ധങ്ങൾ അറ്റുപോവു

കയും ചെയ്യുന്ന നാളാണത്. അനുയായികൾ അന്നു പറയും: 'ഇഹലോകത്തേക്ക് ഒരു തിരിച്ചുപോക്കിന്നവസരം കിട്ടിയിരുന്നെ ങ്കിൽ ഇവർ ഞങ്ങളെ ഇവിടന്ന് കൈയൊഴിഞ്ഞപോലെ അവി ടന്ന് ഞങ്ങൾക്കും ചെയ്യാമായിരുന്നു.' പക്ഷെ നരകാഗ്നിയിൽ നിന്ന് ഇനിയവർക്ക് പുറത്ത് കടക്കാനാവില്ല. തങ്ങൾ ചെയ്തുകൂ ട്ടിയതെല്ലാം അവർക്ക് തിരിച്ചടിയാവുന്നത് അല്ലാഹു കാണിച്ചു കൊടുക്കും.' (അൽബഖറ: 165,166,167)

'നരകത്തിൽ വെച്ച് അവർ പരസ്പരം ശണ്ഠ കൂടുന്ന സന്ദർഭം ഒന്നോർത്തുനോക്കൂ. അനുയായികൾ നേതാക്കളോട് ചോദിക്കുകയാണ്: അല്ല ഞങ്ങൾ നിങ്ങളുടെ അനുയായികളാ യിരുന്നല്ലോ. ഇപ്പോൾ ഇവിടെ ഈ നരകശിക്ഷയിൽ നിന്ന് ഒരി ളവു നേടിത്തരാനാകുമോ? നേതാക്കൾ പറയും, എല്ലാവരും ഇതിൽ പെട്ടതുതന്നെ. അല്ലാഹു അടിമകൾക്കിടയിൽ നീതി പൂർവ്വ കമായി തീരുമാനമെടുത്തുകഴിഞ്ഞു'. (വി.ഖുർആൻ, 40/47,48)

'അനുയായികൾ പറയുന്നു: നാഥാ! ഞങ്ങളെ ദുർമാർഗ്ഗ ത്തിൽ പെടുത്തിയ ആ മനുഷ്യരെയും ജിന്നുകളെയും ഒന്നു കാണിച്ചു തരൂ. ഞങ്ങളവരെ കാലിന്നടിയിൽ ചവിട്ടിത്താഴ്ത്തട്ടെ. അങ്ങനെ അവർ കൂടുതൽ നിന്ദ്യരും നീചരുമാവട്ടെ' (വി.ഖുർ ആൻ, 41/29)

നേതാക്കളെ അന്ധമായി അനുസരിച്ചവർ നരകത്തിൽ വെച്ച് നേതാക്കളോട് പറയും: ലോകനാഥന്റെ സ്ഥാനത്ത് നിങ്ങളെ പ്രതിഷ്ഠിച്ചത് അബദ്ധമായിപ്പോയല്ലോ. നിങ്ങളാണ് ഞങ്ങളെ പിഴ പ്പിച്ചത്. സഹായത്തിനോ ശുപാർശക്കോ ഇവിടെ ആരുമില്ലല്ലോ. ഒരു തിരിച്ചുപോക്ക് ഭൂമിയിലേക്ക് സാധിക്കുമായിരുന്നുവെങ്കിൽ അല്ലാഹുവിന്ന് മാത്രം വഴിപ്പെട്ട്, ആരാധനയർപ്പിച്ച് യഥാർത്ഥ വിശ്വാസികളാകാമായിരുന്നു. (വി. ഖുർആൻ, 26/92-102)

●

# സമുദായം ആരെ അനുസരിക്കണം?

يا ايـها الذين أُمنوا اطيعواللّٰه واطيعوا الرسول واولى الامر منكم
فان تنزا عتـم فى شيئ فردّوه الـىاللّٰه والرسول ان كنتمتؤمنون
باالله واليوم الاخـرذالك خير واحسـن تاويلا ٩ ٥ / ٤

***വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ, ദൂതനെയും അനുസരിക്കുവിൻ, നിങ്ങളുടെ കൈകാര്യക്കാരെയും അനുസരിക്കുവീൻ. ഏതെങ്കിലും കാര്യത്തിൽ നിങ്ങൾ തമ്മിൽ തർക്കമുണ്ടായാൽ അതിനെ അല്ലാഹുവിലേക്കും ദൂതനിലേക്കും മടക്കുവിൻ. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും യഥാർത്ഥത്തിൽ വിശ്വസിക്കുന്നെങ്കിൽ അതാണ് ഏറ്റവും ശരിയായ മാർഗ്ഗം. അനന്തരഫലം പരിഗണിക്കുമ്പോഴും അതുതന്നെയാണ് ഏറ്റവും നല്ലത്. (വി.ഖുർആൻ 4/59)***

അല്ലാഹുവിനെയും പ്രവാചകനെയും നിരുപാധികം അനുസരിക്കണമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ നേതാക്കളുടെ കാര്യമോ?

പ്രവാചകൻ പറഞ്ഞു: ***നിങ്ങൾ അനുസരിക്കണം- മുന്തിരിക്കുല പോലെ തലയുള്ള ഒരു നീഗ്രോ അടിമയാണ് നിങ്ങളുടെ നേതാവായിവരുന്നതെങ്കിലും ശരി*** (ബുഖാരി, മുസ്ലിം)

പക്ഷെ അയാൾ അല്ലാഹുവിന്നും പ്രവാചകന്നും വിരുദ്ധമായിട്ടാണ് കൽപ്പിക്കുന്നത് എങ്കിലോ?

പ്രവാചകൻ പറഞ്ഞു: لا طاعـة لمخـلوق فى معـصـيـة الـخالق

***സ്രഷ്ടാവിനോട് അനുസരണക്കേട് കാണിച്ചുകൊണ്ട് യാതൊരു സൃഷ്ടിക്കും അനുസരണം പാടുള്ളതല്ല.***

السمع والطاعـة عـلىالمرء المسلم فى ما احب وكره مالم يؤمربمعصيـة فاذا
امربمعـصـية فلا سمع ولا طاعـة (بـخـارى، مسلم-كتاب الا حكام ٦٦١١)

***നേതാക്കളുടെ വാക്ക് കേൾക്കലും അനുസരിക്കലും, അത് തനിക്ക് ഇഷ്ടകരമായാലും അനിഷ്ടകരമായാലും, മുസൽമാന്***

*നിർബന്ധമാകുന്നു. സൃഷ്ടാവിനോട് അനുസരണക്കേട് (മഅ്സിയ്യത്ത്) ആജ്ഞാപിക്കപ്പെടാത്തിടത്തോളം. അഥവാ മഅ്സിയ്യത്ത കൊണ്ട് ആജ്ഞാപിക്കപ്പെടുന്ന പക്ഷം പിന്നെ കേൾക്കലും അനുസരിക്കലും പാടുള്ളതല്ല.*

لا طاعة فى معصية انّما الطاعة فى المعروف (بخارى، مسلم)

*അല്ലാഹുവിനോടും പ്രവാചകനോടും അനുസരണക്കേട് കാണിച്ചുകൊണ്ട് യാതൊരാൾക്കും അനുസരണമില്ല തന്നെ അനുസരണം സൽകാര്യത്തിൽ മാത്രമാണ്.*

ഖലീഫയായി സത്യപ്രതിജ്ഞ ചെയ്ത ശേഷം ഉമർ ജനങ്ങളെ അഭിമുഖീകരിച്ചു: ഇന്നുമുതൽ ഞാൻ നിങ്ങളുടെ നേതാവാണ്. നേതാവിനെ അനുസരിക്കൽ നിങ്ങൾക്ക് നിർബന്ധ ബാധ്യതയാണ്. പക്ഷെ, എവിടം വരെ എന്നറിയാമോ? ഞാൻ ഖുർആനിന്നും സുന്നത്തിന്നുമനുസരിച്ച് വിധിക്കുവോളം കാലം മാത്രമേ എന്നെ അനുസരിക്കേണ്ട ബാധ്യത നിങ്ങൾക്കുള്ളൂ. അവക്ക് വിരുദ്ധമായി ഞാൻ കൽപ്പിക്കുമ്പോൾ നിങ്ങൾ എന്നെ വാളുകൊണ്ട് ശരിയാക്കുക. അല്ലെങ്കിൽ ചെവിപിടിച്ചു പുറത്തിടുക.

عن ام سلمه عن النبيّ ص انّه قال يكون عليكم امراء تعرفون وتنكرون
فمن انكر فقد برء ومن كره فقد سلم ولكن من رضي وتابع فقالوا :
افلاتقاتلهم؟ قال لا ما صلوا : (مسلم)

*തിരുമേനി അരുൾ ചെയ്തു: നിങ്ങൾക്ക് ചില നേതാക്കളുണ്ടാകും. അവരുടെ കാര്യങ്ങളിൽ ചിലത് നിങ്ങൾ നന്മയായി കാണും. ചിലത് തിന്മയായും. എന്നാൽ അവരുടെ തിന്മകളിൽ അതൃപ്തി പ്രകടിപ്പിക്കുന്നവർ കടമ നിർവ്വഹിച്ചു അവയെ വെറുക്കുന്നവരും രക്ഷ പ്രാപിച്ചു. പക്ഷെ ആർ അവയെ തൃപ്തിപ്പെടുകയും പിൻപറ്റുകയും ചെയ്യുന്നുവോ അവർ ശിക്ഷിക്കപ്പെടും. സഹാബികൾ ചോദിച്ചു: അങ്ങനെയുള്ള നേതാക്കളുടെ കാലം വരുമ്പോൾ ഞങ്ങൾ അവരോട് യുദ്ധം ചെയ്യട്ടെയോ? നബി ഉത്തരം അരുളി: പാടില്ല, അവർ നമസ്കരിക്കുന്ന കാലത്തോളം.*

●

# അല്ലാഹു എവിടെ ?

ഖലീഫ ഉമർ പ്രജാ ക്ഷേമമന്വേഷിച്ച് ഊരുചുറ്റുക പതിവായിരുന്നു. ഒരിക്കലദ്ദേഹം വിജനമായ മലഞ്ചെരുവിൽ അസംഖ്യം ആടുകളെ മേയ്ച്ചു നടക്കുന്ന ഒരു ഇടയനെ കണ്ടു. പ്രഛന്നവേഷത്തിൽ ഉമർ ഇടയനോട് കുശലാന്വേഷണങ്ങൾ നടത്തി. നഗരത്തിലെ ധനികനായ യജമാനന്റെ അടിമയാണവൻ. ഉമർ ചോദിച്ചു: ഇവറ്റകളിൽ ഒന്നിനെ എനിക്ക് തരാമോ?

'പറ്റില്ല, ഇവ എന്റേതല്ല, യജമാനന്റേതാണല്ലോ. - ഇടയൻ

'അതിന് സൂത്രമുണ്ട്: ഒന്നിനെ ചെന്നായ പിടിച്ചു എന്ന് പറയാം. തന്നെയുമല്ല ഇതൊന്നും കാണാൻ യജമാനൻ നമ്മുടെ കൂടെയില്ലല്ലോ' - ഉമറിന്റെ പ്രതികരണം.

'അപ്പോൾ പിന്നെ അല്ലാഹു എവിടെ?' ഇടയന്റെ മറുചോദ്യം.

ഖലീഫ ഇടയനെ നെഞ്ചോട് ചേർത്ത് പിടിച്ചു. കണ്ണുകൾ ഈറ നണിഞ്ഞു. അല്ലാഹുവേ നീ സാക്ഷി. എന്റെ അധികാര പരിധിക്കകത്ത് വിജനമായ മരുഭൂമിയിൽ ആരോരും കാണാത്ത ഒരു കീട സമാന ഇടയന്റെ അകത്തളത്തിൽ സ്വന്തം യജമാനനേക്കാൾ നീയാണ് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്. നാളെ മഹ്ശറിൽ നിന്റെ മുമ്പിൽ എന്ത് മറുപടി പറയേണ്ടി വരുമെന്ന വിചാരവും വികാരവുമാണ് അവനിൽ കത്തിനിൽക്കുന്നത്. നീ ഇവന് തക്കതായ പ്രതിഫലം നൽകി അനുഗ്രഹിച്ചാലും.

സഹോദരന്മാരെ, ഇടയൻ സ്വന്തം യജമാനനേക്കാൾ അല്ലാഹുവിനെ ഭയപ്പെടുന്നു. നമ്മൾ അല്ലാഹുവിനേക്കാൾ സ്വന്തം യജമാനൻമാരെ ഭയപ്പെടുകയും അനുസരിക്കുകയും ചെയ്യുന്നു. അവർ പിളരാൻ പറയുമ്പോൾ പിളർന്നു കൊടുക്കുന്നു. അവർ പള്ളിയുണ്ടാക്കാൻ പറയുമ്പോൾ പള്ളിയുണ്ടാക്കുന്നു. അടിക്കാൻ പറയുമ്പോൾ അടിക്കുന്നു. ആരോപണ പ്രത്യാരോപണ

ങ്ങളും അധിക്ഷേപങ്ങളും നടത്താനവശ്യപ്പെടുമ്പോൾ അതിനായി പ്രത്യേകം ആളുകളെ സ്പെഷ്യലൈസ് ചെയ്ത് ഇറക്കുമതി ചെയ്യുകയും അങ്ങാടികൾ മലീമസമാക്കുകയും ചെയ്യുന്നു. പൂരത്തെറികളുടെ അനൗൺസ്മെന്റുകളും ക്ലിപ്പിങ്ങുകളും. 'തെറിയാൽ തെറിവിളിക്കുന്നവൻ കപട വിശ്വാസിയാണ്. കപട വിശ്വാസി നരകത്തിന്റെ അടിത്തട്ടിലാണ്.' എന്ന് പ്രവാചകൻ. പക്ഷെ പ്രവാചകനെന്തറിയാം തൗഹീദിന്റെ ശക്തി! ഇക്കാലത്ത് നേതാക്കൾ പറയും പ്രകാരമാണ് യാഥാർത്ഥ തൗഹീദും സുന്നത്ത് ജമാഅത്തും. ആട്ടിടയന്റെ അതേ ചോദ്യം ചോദിച്ചുപോവുകയാണ്. പിന്നെ അല്ലാഹുവിന്റെ പ്രസക്തിയെവിടെ കൂട്ടരേ?

നമ്മുടെ നാട്ടിൽ ഒരു സുന്നി സംഘടനക്ക് ഒരു പ്രശ്നമുണ്ടായി എന്നിരിക്കട്ടെ, അപ്പോൾ അവർക്ക് വേണ്ടിവാദിക്കാനും അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും സഹായിക്കാനും മറ്റു മുസ്‌ലിം സംഘടനകൾ രംഗത്തുവാരത്തതെന്തേ? ജമാഅത്തുകാരുടെ പ്രശ്നത്തിൽ മുജാഹിദുകളോ തിരിച്ചോ മുജാഹിദ്-ജമാഅത്തുകാരുടെ പ്രശ്നത്തിൽ സുന്നികളോ മറിച്ചോ സഹോദര സംഘടനകൾ എന്ന നിലക്ക് ഇടപെടാത്തതെന്തേ? ഒരു മുസ്‌ലിം സംഘടനക്കുവേണ്ടി മറ്റു മതസ്ഥരും സംഘടനകളും ഇടപെടുമെങ്കിലും ഇതര മുസ്‌ലിം സംഘടനകൾ മൗനികളായി കാണപ്പെടുന്നതുകൊണ്ടാണ്? ഒരു മുസ്‌ലിം സഹോദരൻ അന്യായമായി പീഢിപ്പിക്കപ്പെടുമ്പോൾ അയാൾ ഏത് സംഘടനയുടെ ആളാണ് എന്ന് നോക്കിയ ശേഷമായിരിക്കണം അയാൾക്കുവേണ്ടി രംഗത്തിറങ്ങേണ്ടത് എന്ന ദുഷ്ടവും ക്രൂരവുമായ മനസ്സുകളെ വളർത്തിയെടുക്കാൻ സംഘടനകളെ പഠിപ്പിച്ചത് ഏത് ഖുർആനാണ്, ഏത് പ്രവാചകനാണ്?

സുന്നി നേതാവ് തന്റെ മക്കളുടെ വിവാഹത്തിന് ജമാഅത്ത്-മുജാഹിദ് നേതാക്കളെ ക്ഷണിക്കുമോ? മുജാഹിദ്-ജമാഅത്ത് നേതാക്കൾ സുന്നി നേതാക്കളെ ക്ഷണിക്കുമോ? ഒരുമിച്ച് വേദി പങ്കിടുമോ? (വേദി പങ്കിട്ടതിന്റെ പേരിലല്ലേ പിളർന്നത്!) എന്നാൽ പകരം അന്യ മതസ്ഥരെയും അന്യ രാഷ്ട്രീയ വീക്ഷണക്കാരെയും ക്ഷണിക്കുകയും ചെയ്യും. ഒരു രാഷ്ട്രീയക്കാരൻ, അവന്ന് അല്ലാഹുവോ പ്രവാചകനോ മരണാന്തര ജീവിതമോ, രക്ഷാ ശിക്ഷകളോ ചോദ്യം ചെയ്യപ്പെടലോ ഒന്നുമില്ല. തികച്ചും ഭൗതികതയി

ലൂന്നിയ കാഴ്ചപ്പാട്. എങ്കിലും താൻ കഠിനമായി വിമർശിക്കുന്ന എതിർപാർട്ടിക്കാരന്റെ വിവാഹത്തിന് ക്ഷണിക്കും, പങ്കെടുക്കും, ഒരുമിച്ച് വേദി പങ്കിടും, ചിരിക്കും, കളിക്കും, സല്ലപിക്കും, മാനുഷിക മര്യാദകളെല്ലാം പാലിക്കും-തങ്ങളുടെ കാഴ്ചപ്പാടുകൾ അടിയറ വെക്കാതെ തന്നെ. ഖേദകരമെന്ന് പറയട്ടെ, ഇസ്‌ലാമിന്റെ ആളുകൾക്ക് ഇതൊന്നും - സഹജീവി സ്നേഹം പോലും - പാടില്ലത്രെ! ആരാണിവരുടെ ദൈവം? ഏതാണിവരുടെ പ്രവാചകൻ?

വിഷം ചീറ്റുന്ന, വിദ്വേഷം ആണിയിട്ടുറപ്പിക്കുന്ന ഇത്തരം പാഠാവലികളാണ് ഇവരുടെ കൈവശമുള്ളത്. അത് മനസ്സിലാക്കാനും ദൈവപ്രീതിയോർത്ത് അതിനെതിരിൽ ആഞ്ഞടിക്കാനും ഓരോ സത്യ വിശ്വാസിയും ബാധ്യസ്ഥനാണ്. പ്രവാചകൻ പറഞ്ഞുവല്ലോ, 'ഒരു അധർമ്മം കണ്ടാൽ കൈകൊണ്ട്, സാധ്യമല്ലെങ്കിൽ നാവുകൊണ്ട്, അതിനും സാധ്യമല്ലെങ്കിൽ മനസ്സുകൊണ്ട് തിരുത്തുക'. അതാണ് ജിഹാദ്. അതാണ് സുന്നത്ത് ജമാഅത്ത്. അതാണ് ഇഖാമത്തുദ്ദീൻ. അപ്പോൾ ഇവർ നേർവഴിക്ക് വരും. പരലോകത്ത് അനുയായികളും നേതാക്കളും രക്ഷപ്പെടുകയും ചെയ്യും.

ഒരു സംഭവം കേൾക്കുക:

2014 ജനുവരി മുതൽ മാധ്യമം ദിനപ്പത്രം അതിന്റെ ഫോണ്ടിലും ശൈലിയിലും ലോഗോയിലും കാര്യമായ മാറ്റങ്ങൾ വരുത്തി. അതാ വരുന്നു വിമർശനങ്ങൾ. ഫോൺ വിളികളുടെ പൊടിപൂരം. എഡിറ്റർക്കും മാനേജ്മെന്റിനും മുമ്പിൽ കത്തുകളുടെ കൂമ്പാരം. എസ്.എം.എസ്, സോഷ്യൽ മീഡിയകളിലൂടെ വിമർശം. കേരളമാസകലമുള്ള ജമാഅത്ത് യൂണിറ്റുകളിൽ നിന്ന് പുതിയ നടപടി പിൻവലിക്കണമെന്ന ആവശ്യം. അവസാനം സ്ഥാപന ഉടമകൾ മുട്ടുമടക്കി. വായനക്കാരുടെ, അണികളുടെ, വികാരം മാനിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി.

അധികാരികളും പണ്ഡിതരും നേതൃത്വങ്ങളും തെറ്റായ വഴിക്ക് നീങ്ങുമ്പോൾ അവരെ നേർവഴിക്ക് തിരിച്ചുവിടാനുള്ള ബാധ്യത അനുയായികൾക്കുണ്ടെന്നാണ് പ്രവാചക വചനം. വേണമെങ്കിൽ അത് ഇന്നും സാധിക്കുമെന്നാണ് മാധ്യമം വായനക്കാർ തെളിയിച്ചിരിക്കുന്നത്.

തികച്ചും ഭൗതികവും അതി നിസ്സാരവുമായ ഒരു പൈങ്കിളി പ്രശ്നത്തിൽ നേതൃത്വത്തെ വരച്ച വരയിൽ നിർത്താൻ അനുയായികൾ കാണിച്ച ആർജ്ജവം എന്തുകൊണ്ട് അല്ലാഹുവിന്റെ കാര്യത്തിൽ, നാളെ മഹ്ശറിൽ ഉത്തരം മുട്ടാൻ സാധ്യതയുള്ള അതി പ്രധാന വിഷയങ്ങളിൽ വിവിധ മുസ്‌ലിം സംഘടകളിൽ പ്രവർത്തിക്കുന്നവർ കാണിക്കുന്നില്ല?

മുസ്‌ലിംകൾ പരസ്പരം സലാം പറയാൻ പാടില്ല, കെട്ടുവാഴ്ചകൾ പാടില്ല, തുടർന്ന് നമസ്ക്കരിക്കാൻ പാടില്ല, തൗഹീദിന്റെ പേരിൽ ഒറ്റക്കെട്ടായി നിന്നവരാണെങ്കിലും അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ വേർപിരിയേണ്ടി വന്നാൽ തെറി വിളിക്കുകയും ഭിന്നിപ്പ് കോൺക്രീറ്റ് ചെയ്യപ്പെടുകയും വേണം, മുസ്‌ലിംകളെ ആഘോഷ ആരാധനകളിൽ ഏകോപിപ്പിക്കാനുതകുന്ന ചന്ദ്രമാസ കലണ്ടർ അംഗീകരിക്കാതെ ഭിന്നിക്കാനുതകുന്ന മാസം കാണൽ പ്രഖ്യാപനങ്ങൾ നമുക്ക് സ്വന്തമായി നടത്തണം. എന്നിങ്ങനെയുള്ള ദൈവവിരുദ്ധ-മനുഷ്യ വിരുദ്ധ നടപടികളുമായി നോതൃത്വങ്ങൾ മുന്നോട്ടുവരുമ്പോൾ മാധ്യമം പത്രത്തിന്റെ കാര്യത്തിൽ ചെയ്തപോലെ സംഘടനാ പ്രവർത്തകർക്ക് സോഷ്യൽ മീഡിയകളും മറ്റു മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തി അവരെ നേർവഴിക്ക് നടത്തിക്കൂടേ?

നമുക്ക് വേറെ പള്ളി വേണ്ടെന്നും സമ്മേളനത്തിൽ മറുപക്ഷങ്ങളെയും ക്ഷണിക്കാമെന്നും മറ്റവരെയും മുസ്‌ലിംകളെന്ന് മനസ്സിലാക്കി സലാം പറയുകയും തുടർന്ന് നമസ്ക്കരിക്കുകയും സഹകരിക്കുകയും ആവാമെന്നും അണികൾ നേതാക്കളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അപ്പോഴാണ് വിശ്വാസികൾ പ്രവാചകൻ പറഞ്ഞ കടമ നിർവ്വഹിക്കുന്നത്.

***''ആർ അല്ലാഹുവിന്ന് വേണ്ടി സ്നേഹിക്കുകയും അല്ലാഹുവിന്ന് വേണ്ടി വെറുക്കുകയും അല്ലാഹുവിന്ന് വേണ്ടി കോപിക്കുകയും ചെയ്യുന്നുവോ അവനാണ് വിശ്വാസി".*** - നബിവചനം

عن ابن عمر ان رسول الله ص قال المسلم اخوا المسلم لا يظلمه ولا يخذله
ولا يحفره كل المسلم علي المسلم حرام دمه وماله وعرضه (بخاري، مسلم)

***തിരുമേനി പ്രസ്താവിക്കുന്നു: മുസ്‌ലിംകൾ പരസ്പരം സഹോദരങ്ങളാണ്. അവർ അന്യോന്യം അക്രമിക്കുകയോ അവ***

***ഗണിക്കുകയോ അപമാനിക്കുകയോ ഇല്ല. അവരുടെ രക്തവും ധനവും അഭിമാനവും പരസ്പരം ആദരിക്കപ്പെടേണ്ടതാണ്.***

സമുദായംഗങ്ങൾക്ക് പിൻബലവും മുൻബലവും കൊടുക്കേണ്ടത് സംഘടനകളും നേതൃത്വങ്ങളുമാണ്. പുതിയ തലമുറക്ക് പ്രതീക്ഷയും മനോധൈര്യവും നൽകപ്പെടേണ്ടതുമുണ്ട്. പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിത്തരാനും അടഞ്ഞ വഴികൾ തുറന്നു തരാനും എനിക്ക്, ഞങ്ങൾക്ക് ശക്തരായ നേതൃത്വങ്ങളും സംഘടനകളുമുണ്ട് എന്ന ബോധം അവരുടെ മനസ്സുകളിൽ അങ്കുരിക്കപ്പെടേണ്ടതുണ്ട്. ഇന്ന് ഇത് സാധിക്കുന്നുണ്ടോ? ഓരോരുത്തരും പുതു തലമുറയെ കഷ്ണങ്ങളാക്കി ഓരോ ജില്ലയിൽ കൊണ്ടുപോയി പ്രൊഫഷണൽ സമ്മിറ്റുകൾ നടത്തിയാൽ ഇതുണ്ടാകുമോ? ഇളം മനസ്സുകളിൽ വിരോധവും വിദ്വേഷവും ശൈഥില്യത്തിന്റെ സന്ദേശങ്ങളുമല്ലേ ഇത്തരം വിദ്യാർത്ഥി സമ്മിറ്റുകളിലൂടെ ലക്ഷ്യമിടുന്നതും നേടുന്നതും! ഭാവി തലമുറയിലും ഇവർ ശിഥിലീകരണത്തിന്റെ വിത്തിറക്കുകയാണ് അല്ലാഹുവേ, ഇവർ എന്താണ് ചെയ്യുന്നത് എന്ന് ഇവർക്കുതന്നെ അറിഞ്ഞുകൂടാ. ഇവരെ നേർവഴിക്ക് നയിക്കാനും സമുദായത്തിന്ന് ഒത്തൊരുമിച്ച് നിൽക്കാനും നീ കനിയുമാറാകേണമേ.

ربنا تقبل منا انك انت السميع العليم واتب علينا انك انت التوّاب الرحيم
واغفر لنا انك الغفور الرحيم

●

# എന്തുകൊണ്ട് പീഢനം?



മുസ്‌ലിം സമുദായത്തിന്റെ ശൈഥില്യത്തിൽ സങ്കടപ്പെടുകയും അവരനുഭവിക്കുന്ന പീഢനങ്ങളിൽ പ്രയാസപ്പെടുകയും ചെയ്യുന്ന ഇതിവൃത്തമാണ് ഇസ്‌ലാമിക ദാർശനിക കവിയായ അല്ലാമാ ഡോ. മുഹമ്മദ് ഇഖ്ബാലിന്റെ *ശിക്‌വ, ജവാബെ ശിക്‌വ* എന്നീ ഉറുദു കവിതകളിലുള്ളത്. സമുദായ ദുര്യോഗത്തിന്റെ കാരണങ്ങളും പരിഹാരങ്ങളും അദ്ദേഹം പറഞ്ഞുതരുന്നുമുണ്ട്. ഈ പുസ്തകത്തിലേക്ക് പ്രസ്തുത കവിതകൾ അനുയോജ്യമാണെന്ന് തോന്നി. അവയുടെ സംക്ഷിപ്ത ആശയ വിവർത്തനമാണ് ചുവടെ.

## ആവലാതി അല്ലാഹുവിനോട്

പീഢനം നിർദ്ദയമേറ്റുവാങ്ങിയെൻ സമുദായം
പിന്നെ, ഞാനെന്തിനു മൂകനായിരിക്കണം?
വിലാപക്കെട്ടഴിക്കാൻ ഞാനെങ്ങു പോകണം?
നിന്റെ തിരുമുമ്പിലല്ലേ എനിക്കെന്നും ശരണം?

നിന്റെ നാമമുയർത്തുവോർ ഞങ്ങളല്ലേ?
നിൻ ദൂതനെ സ്നേഹിക്കുവോർ ഞങ്ങളല്ലേ?
നിൻ ഗ്രന്ഥം മാറോടണക്കുവോർ ഞങ്ങളല്ലേ?
നിൻ കഅ്ബാലയം വലം വെക്കുവോർ ഞങ്ങളല്ലേ?

ഞങ്ങളില്ലെങ്കിൽ നീയെവിടെ, നിൻ പ്രവാചകനും
നിൻ ഖുർആനും നിന്റെ കഅ്ബാലയവുമെവിടെ?

കൺ കുളിർക്കെ കാണും ദൈവങ്ങളെ വിട്ട്
കാണാത്ത നിന്നെ ഞങ്ങൾ പുണർന്നില്ലേ?
നിനക്കായ് ഞങ്ങൾ വാളെടുത്തു
നിനക്കായ് ഞങ്ങൾ നാടെടുത്തു

പോർക്കളങ്ങൾ ഞങ്ങൾ മലർവാടിയാക്കി
കുടൽമാലകൾ ഞങ്ങൾ പൂമാലയാക്കി
മനസ്സിൽ തൗഹീദ് കുടിയിരുത്തി
വാൾത്തലപ്പിൻ ചുവട്ടിലും തൗഹീദുയർത്തി

ഖൈബർ കോട്ടയും മതിലും പിളർത്തി
കൈസർ കൊട്ടാരവും ഞങ്ങൾ തുരത്തി
ഇറാനിലഗ്നികുണ്ഡം വെള്ളം തളിച്ച്
ഏകദൈവത്തിൻ വിത്തതിൽ മുളപ്പിച്ചു

ആരുടെ കണ്ഠങ്ങളിൽ തക്ബീർ ഉയർന്നു
ആരുടെ മുമ്പിൽ ബിംബങ്ങളുതിർന്നു വീണു?
'*ഹുവല്ലാഹു അഹദെ*'ന്ന മുദ്രാവാക്യം
ബഹുദൈവപൂജകർക്കത് മരണവാക്യം

തൗഹീദുമായി ഞങ്ങളൊരുപാടലഞ്ഞു
രാപ്പകൽ മരുവും മലയും കടന്നു.

ആഴിതന്നാഴങ്ങൾ നീന്തിക്കരേറി
കുതിരപ്പുറത്തും കടൽ കീറിമുറിച്ചു.
മനുഷ്യ ജന്മങ്ങളെ മോചിതരാക്കി
നിന്നോടുമാത്രം കടപ്പാടു തീർത്തു.

ഇനിയെന്തുവേണം പറയൂ നാഥാ
അത്രമേൽ കഠിനർ, ഞങ്ങളോ നീയോ നാഥാ ?

ജനകോടികൾ പലതുമുണ്ടിവിടെ
നിന്നെയറിയാത്തവരുമുണ്ടിവിടെ,
നിന്നെയും നിന്നിലർപ്പിത കൂട്ടരെയും
നാട്ടക്കുറിയാക്കുന്നവരുമുണ്ടിവിടെ

ചൊല്ലിടാം ഞാനിതാ കഷ്ടം തന്നെ
കടാക്ഷമൊക്കെയും നിന്റേതവർക്കുതന്നെ
കീടമീ മുസൽമാൻ തൻ മുതുകിൽത്തന്നെ
ഇടിത്തീവീഴ്‌വതും വിസ്മയം തന്നെ!

ബിംബാലയങ്ങളന്യോന്യമോതീടുന്നു
കഅബാലയ കാവലാൾ മാഞ്ഞീടുന്നൂ
കുഫ്‌റിന്നട്ടഹാസങ്ങൾ കേൾക്കുമ്പോഴും
തൗഹീദിൻ കാര്യം നിനക്കോർമ്മയില്ലേ?

അന്യർക്കു നീ ഹൂറും ഖുസൂറും നൽകി
മുസൽമാന്ന് ഹൂറിൻ വാഗ്ദാനവും
ഞങ്ങളിമ്മട്ടിലപമാനിതരാവതെന്തേ
ശാപമധിക്ഷേപം നെഞ്ചേറ്റിയതിന്നോ?

അന്യരാൽ ലോകത്തെ നീ ധന്യമാക്കുകിൽ
പാരിലീ സമുദായം നിശ്ശബ്ദമായിടും
കടിഞ്ഞാണപ്പാടെ ഇതരരെയേൽപിച്ചാൽ
ആക്ഷേപിച്ചീടല്ലെ തൗഹീദസ്തമിച്ചാൽ.

കൈവെടിഞ്ഞീല, നിന്നെ, മുത്തുനബിയേയും
ബിംബം നിർമ്മിച്ചില്ല, ധ്വംസനവും വെടിഞ്ഞീല
തക്ബീറിൻ കനലിലൂതിക്കാച്ചി ഞങ്ങൾ
ബിലാലിൻ നെഞ്ചകമാവാഹിച്ചില്ലേ?

എന്നിട്ടുമെന്തേ തിരസ്കരിപ്പൂ ഞങ്ങളെ
ഏവരോടും പ്രേമം നടിക്കുന്നൊരുത്തിയെപ്പോൽ

മൃത്യുവരിച്ചവരെങ്കിലും നോവുന്നു നാഥാ
ഇത്തിരി ആശ്വാസത്തിനായ് കേഴുന്നു നാഥാ
സോളമൻ തോളിലേറ്റൂ എറുമ്പിൻ കൂട്ടമെ
നിന്റെ സ്നേഹം തെല്ലൊരൽപം വിലകുറച്ചിട്ടേകൂ നാഥാ

പൂങ്കുയിൽ ഞാൻ തനിച്ചായീ പൂങ്കാവനത്തിൽ
കരളിൻ വിലാപം കേൾപ്പാനാരുണ്ടീ വനത്തിൽ
മടുത്തുപോയ് ജീവിതം മരണവും തഥാ.
വേദന തിന്ന് കരൾ രക്തം കുടിക്കുന്നു ഞാനിതാ.

ഈ മണിനാദമെന്നുമൊരുണർത്തുപാട്ടായ്
നോവേറും നെഞ്ചകങ്ങൾക്കാശ്വാസമേകൂ നാഥാ

## അല്ലാഹുവിന്റെ മറുപടി

ആകാശലോകത്താകമാനമെൻ രോദനം മുഴങ്ങി
ആരാണിതെന്നറിയാതെ ദേവലോകം കുഴങ്ങി
അല്ലാഹുവിൻ തിരു മുന്നിലും ചോദ്യമെത്തി
ആദരവില്ലാത്തൊരുവൻ വന്നതാരെന്നറിഞ്ഞു?

മാലാഖമാരന്യോന്യമൽഭുതം കൂറി.
റിസ്‌വാനുടൻ വന്നതാ കാര്യം മൊഴിഞ്ഞു
സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കപ്പെട്ടവൻ
ആദമിൻ സന്തതിയെന്ന മർത്ത്യൻ.

അല്ലാഹുവിൻ തിരുമുന്നിലെത്തിയെന്നാവലാതി
അർശിന്നുടയവൻ പരിഗണിച്ചെൻ പരാതി

ഔദാര്യവാൻ ഞാൻ പക്ഷെ ചോദ്യമില്ല
വഴികാട്ടിടാം ഞാൻ പക്ഷെ പഥികരില്ല
യോഗ്യരുണ്ടെങ്കിൽ തരാം സന്ദേഹമില്ല
തേടുന്നവർക്കേകാം പുത്തനാം ലോകം.

ദൈവനിരാസത്താൽ ദുർബലർ നിങ്ങൾ
പ്രവാചകൻ തൻ മാനം കെടുത്തുന്നൂ നിങ്ങൾ

വിഗ്രഹഭഞ്ജകരല്ല, ശില്പികളാണു നിങ്ങൾ
ഇബ്റാഹീമിൻ മക്കളെങ്കിലും ആസറാണ് നിങ്ങൾ

ദൈവത്തിൻ കാമുകർ മൺമറഞ്ഞു
അന്നു ഞാനവരോടൊപ്പമെന്നും കഴിഞ്ഞു.

നവ്യാനുരാഗ ബന്ധനത്തിലാണു നിങ്ങൾ
പ്രവാചക സ്വപ്നലോകം ഭഞ്ജിച്ചു നിങ്ങൾ
നിദ്രയാണ് നിങ്ങൾക്ക് പത്ഥ്യം സുബ്ഹിനേക്കാൾ
ഭാരമാണ് നിങ്ങൾക്കുപവാസ മാസമതിനേക്കാൾ

സംഘബലം വിശ്വാസി തന്നീമാൻ,
തമ്മിലൈക്യമില്ലെങ്കിൽ താരസമൂഹമില്ല.

കലാമേന്മയുമറിവും സ്വന്തമാക്കീല നിങ്ങൾ
പൂർവ്വീക ഖബറിടം വിറ്റു തിന്നുവോർ നിങ്ങൾ
ഖബറിടങ്ങൾ വിറ്റുകാശാക്കുവോർ പിന്നെ
വിഗ്രഹങ്ങളും വിറ്റു കാശാക്കാതിരിക്കുമോ?

ഭൂമിയിൽ നിന്നധർമ്മത്തെയടർത്തിയതാര്?
മാനവർ തന്നടിമച്ചങ്ങല പൊട്ടിച്ചെറിഞ്ഞതാര്?
എന്റെ കഅബയിൽ ചുംബനങ്ങളർപ്പിച്ചതും
ഖുർആനെ സാദരം മാറോടണച്ചതും
നിങ്ങളല്ല, പൂർവ്വീകർ എന്നതത്രെ സത്യം,
നിങ്ങളോ, വെറും നോക്കുകുത്തികൾ മാത്രം!

ഹൂറിന്നനുരാഗത്തെ തേടിയോ നിങ്ങൾ?
അവർ ചെയ്കയാൽ ഹൂറും ഖുസൂറും നേടി.
തൂർ സീനായിലുണ്ടെൻ പ്രകാശമിന്നും
മൂസ തൻ പിൻമുറക്കാരെങ്ങുമേയില്ല.

അല്ലാഹുവെ, നബിയെ, ഖുർആനെ, കഅ്ബയെ
സമുദായത്തെയാകെയും നിങ്ങൾ പങ്കുവെച്ചു
ഭിന്നിപ്പിന്നാക്കം കൂട്ടുവാനായ്
വിഷംചീറ്റും സംഘങ്ങൾ മുളപ്പിച്ചു നിങ്ങൾ

ദൂതന്റെ ചര്യയും നിങ്ങൾ വെടിഞ്ഞു
സലഫുകളിൽ നിന്നും ബഹുദൂരമകന്നു
മുഹമ്മദിന്നാത്മാവ് സിരയിലൊഴുകാതെ
ഈമാനിന്നൂഷ്മളതയെവിടെയൊഴുകാൻ?

പള്ളിയിൽ നിരന്നിരിക്കാനും ഉപവാസിയാകാനും
നിന്നെ വാഴ്ത്താനും പർദയണിയാനും ദരിദ്രർ
നേതാക്കളത്രയും പണത്തിൻ ലഹരിയിൽ
ദീനിന്റെ ജീവനെ കാക്കുവാൻ പാവങ്ങൾ

മതപ്രഭാഷകരെന്നാൽ മാതൃകാപുരുഷരല്ല
വാക്കും പ്രവൃത്തിയും പരസ്പരം ബന്ധമേയില്ല.
ബാങ്കൊലികളെമ്പാടും ബിലാലിൻ ധ്വനിയില്ല
പള്ളികൾ നിറഞ്ഞിരിക്കുന്നു ശ്മശാന മൂകത.

സത്യമുസൽമാനെ തേടി നാമെമ്പാടും
നസ്രാണി വേഷം ഹൈന്ദവ സംസ്കൃതി.
സുന്നി, സലഫി, സയ്യിദുമഫ്ഗാനിയും
പലതുണ്ടെമ്പാടും, ചൊല്ലു മുസൽമാനെവിടെ?

പണ്ടത്തെ മുസൽമാൻ അധർമ്മത്തിൽ കോടാലി
ആത്മ ധൈര്യമവർക്കടർക്കളത്തിലായുധവും
ദൈവത്തിൽ ചകിതരാണവർ നിങ്ങളോ മരണത്തിലും
പിതൃസ്വത്തിന്നർഹരാവാൻ അനന്തരമെന്ത് നിങ്ങളിൽ?
മുസ്ലിംകളാകിൽ നിങ്ങളിൽ ഹൈദറും ഉസ്മാനുമെവിടെ?
ഇസ്ലാമുമായി നിങ്ങൾക്കാത്മബന്ധമെവിടെ?
അവരത്രയും ഇസ്ലാമിനാലാഭിജാതരാവുകിൽ
നിങ്ങൾ ഖുർആൻ വെടിഞ്ഞിട്ടപമാനിതരുമായി

നിങ്ങളന്യോന്യം കുറ്റപ്പെടുത്തും അവരോ മൂടിവെക്കും
തമ്മിൽ ചാവുന്നു നിങ്ങൾ, അവർ കെട്ടിപ്പുണരുന്നു.
അവർ പണിയെടുക്കുകിൽ, നിങ്ങൾ കലഹിച്ചീടുന്നു.
അവരുപേക്ഷിച്ച ദൈവങ്ങളെ കുടിയിരുത്തീ നിങ്ങൾ

ആകയാലിബ്റാഹീമിന്നീമാൻ മുളപ്പിച്ചെടുക്കാം വേഗം
അഗ്നി കുണ്ഠത്തിലും നമുക്കാ മലർവാടി തീർക്കാം

മുസൽമാൻ, നീയാണ് പ്രതീക്ഷ, വളർച്ചയും നിന്നിൽ
നീയാണ് യൂസുഫ്, ഈ ലോകം നിന്നധികാര സീമ
ദൈവിക നൗകതൻ കപ്പിത്താനല്ലോ നീ
കൂരിരുട്ടിൽ തിരിതെളിക്കും താരമല്ലോ നീ.

വേദനിക്കും പീഢനങ്ങൾ നിന്നെ തളർത്താവതല്ല
നിന്റെയീമാൻ മാറ്റുരക്കും കാര്യമല്ലാതൊന്നുമല്ല
ശത്രുവിന്നായുധം കണ്ടമ്പരക്കേണ്ടതില്ല,
സത്യപ്രകാശം ഊതിക്കെടുത്താനവർക്കാവതില്ല.

എങ്ങുപോയെങ്ങുപോയ് നീ മുസൽമാൻ, സഹോദരാ
നിന്നെയാണീ ലോകമിന്നും കാതോർത്തിരിക്കുന്നു.
വിശ്രമിക്കാൻ നേരമില്ല, നിനക്ക് മാറി നിൽക്കാനും
തൗഹീദിൻ ദീപം കൊളുത്താൻ നീയല്ലാതാരുമില്ല.

പൂവിൻ പരിമളമായ് പാരിൽ പരിലസിക്കൂ
മറഞ്ഞിരിക്കും മണൽത്തരികളെ മരുഭൂവാക്കൂ
കടലോളങ്ങളിൽ ആർത്തലയും തിരമാല തീർക്കൂ
മാലോകർക്ക് മുഹമ്മദിൻ വിലാസം കൊടുക്കൂ.

മുഹമ്മദെന്ന നാമത്തിന്നഭാവത്തിലീ വാടി
പൂവില്ല, കോകിലവും ഹർഷങ്ങളൊട്ടുമില്ല.
തൗഹീദിൻ വേദികളില്ല, നീയുമില്ല കാരണം
ആകാശ ഭൂമികൾക്കസ്തിത്വ നാമം മുഹമ്മദ്

'*നിന്റെ നാമ സ്മരണയെ നാമുന്നതമാക്കി*'യെന്ന സൂക്തം
മാനവർക്കാകമാനം മാനമായ് നീ കാട്ടിക്കൊടുക്കൂ
കാട്ടിലും മേട്ടിലും കാറ്റിലും കോളിലും ചീനതൻ നാട്ടിലും
മൊറോക്കോയിലങ്ങേത്തലക്കലും മുഹമ്മദിൻ പേരെടുക്കൂ

മുഹമ്മദിനോടൊന്നിച്ച് നീയുണ്ടാവുകിൽ പിന്നെ
നിന്നോടൊപ്പമെന്നും ഞാനുമുണ്ടായീടും സുനിശ്ചിതം
നിന്നെ മഥിക്കും വേദനകൾക്കന്നേയന്ത്യം തീർപ്പു ഞാൻ
ഈ ലോകം നിൻ ചൊൽപ്പടിയിൽ വന്നിരിക്കും ചൊല്ലാം ഞാൻ